# ചാവറ ശ്രുതികൾ

## പ്രബോധനങ്ങളും ദർശനങ്ങളും

Dharmaram Publications
No. 458

# ചാവറ ശ്രുതികൾ
## പ്രബോധനങ്ങളും ദർശനങ്ങളും

സി. സോഫി റോസ് സി.എം.സി.

2020
ചാവറ സെൻട്രൽ സെക്രട്ടറിയേററ്
കൊച്ചി 680 030

*Chavara Sruthikal: Prabodhanagalum Darsanangalum* (Malayalam)

Sophy Rose CMC
Email: meenathekonilcmc@gmail.com

© 2020: Saint Chavara's 150th Death Anniversary Edition
Chavara Central Secretariat, Kochi

Cover: Smriti, Thrissur
Layout: Chavara Central Secretariat, Kochi
Printing: Viani Printers, Kochi

ISBN: 978-81-944061-4-3
Price: Rs. 100

**Chavara Central Secretariat**
CMI Prior General's House
Chavara Hills, Kakkanad
Post Box 3105, Kochi 682 030 Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/

&

**Dharmaram Publications**
Dharmaram College, Bangalore 560029, India
Tel: +91-8041116137; 6111
Email: dpinformation@yahoo.com; dpoffice3@gmail.com
Web: www.dharmarampublications.com

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | 7 |
| മുഖവുര | 11 |
| ചാവറ കുര്യാക്കോസ് ഏലിയാസ്: ജീവിതരേഖ | 13 |
| 1. ചാവറ കുര്യാക്കോസ് ഏലിയാസ്: ജീവിതവും ദർശനവും | 19 |
| 2. നിത്യതയുടെ തീരത്തേയ്ക്ക്... ഒരു നേർസാക്ഷ്യം | 25 |
| 3. നവോത്ഥാന നായകൻ | 31 |
| 4. ചാവരുൾ: പ്രസക്തിയും പ്രാധാന്യവും | 37 |
| 5. കൂനമ്മാവിന്റെ പുണ്യാത്മാവ് | 47 |
| 6. കേരളസഭാദീപം | 55 |
| 7. ജ്ഞാനവെളിവ് പകർന്ന താപസശ്രേഷ്ഠൻ | 65 |
| 8. സൗഹൃദത്തിലെ കതിരും പതിരും | 75 |
| 9. കർത്തൃദിനാഘോഷം ചാവറദർശനത്തിൽ | 85 |
| 10. സ്ത്രീ ദർശനം: ചാവറദൃഷ്ടിയിൽ | 93 |
| 11. സ്ത്രീശാക്തീകരണവും സമുദ്ധാരണവും | 105 |
| 12. പ്രഥമ ഉപവിശാലയും വി. ചാവറപിതാവും | 111 |
| 13. നിത്യായുസ്സ് പ്രാപിക്കാൻ | 117 |
| 14. പുത്തനാണ്ടു പിറക്കുന്നു... | 135 |
| സഹായകഗ്രന്ഥങ്ങൾ | 140 |

# അവതാരിക

നൂറ്റാണ്ടുകളായി ലോകത്തിൽ കോടിക്കണക്കിനു മനുഷ്യർ ജനിക്കുകയും മരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരിൽ വളരെ കുറച്ചുപേർ മാത്രമാണ് മരണശേഷം ചരിത്രത്തിൽ അനുസ്മരിക്കപ്പെടുന്നത്. ഈ അനുസ്മരണം സമ്മിശ്ര വികാരമുൾക്കൊള്ളുന്നതാണ്. ചിലർ നന്മയുടെ പ്രതീകങ്ങളായി അനുസ്മരിക്കപ്പെടുമ്പോൾ വേറെ ചിലർ തിന്മയുടെ പ്രതീകങ്ങളായിട്ടാണ് ഓർമ്മിക്കപ്പെടുന്നത്. നന്മയുടെ ആൾരൂപങ്ങളായി മനുഷ്യമനസ്സുകളിൽ ഇടംനേടാൻ കഴിയത്തക്കവിധം ജീവിതം നയിച്ച മഹത്തുക്കളാണ് എക്കാലവും ലോകത്തെ, മാനവസമൂഹത്തെ കെട്ടിപ്പടുത്തിട്ടുള്ളത്. അപ്രകാരമുള്ളവർ മനുഷ്യദൃഷ്ടിയിൽ മാത്രമല്ല, ദൈവദൃഷ്ടിയിലും സംപ്രീതരാണ്. ഇപ്രകാരം ദൈവസന്നിധിയിലും മനുഷ്യഹൃദയങ്ങളിലും അനുസ്മരിക്കപ്പെടുന്ന, ജീവിച്ചിരുന്നപ്പോൾ എന്നതിനേക്കാൾ അധികം ആളുകളാലും ദേശങ്ങളാലും മരിച്ചിട്ട് ഒന്നര നൂറ്റാണ്ടായിട്ടും ഇന്നും അറിയപ്പെടുകയും പ്രകീർത്തി ക്കപ്പെടുകയും ചെയ്യുന്ന നന്മയുടെ ആൾരൂപമാണ് 1871 ജനുവരി 3-ാം തീയതി പരലോകപ്രാപ്തനായ പുണ്യചരിതൻ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ, കുട്ടനാട്ടിലെ കൈനകരി എന്ന കുഗ്രാമത്തിലെ ചാവറക്കുടുംബത്തിൽ സാധാരണക്കാരിൽ സാധാരണക്കാരനായി ജനിച്ചുവളർന്ന കുര്യാക്കോസ് എന്ന പൈതൽ കൗമാരപ്രായത്തിൽതന്നെ ദൈവത്തിന്റെ വിളിക്ക് ചെവികൊടുത്ത് പൗരോഹിത്യത്തിനായി പരിശീലനമാരംഭിച്ചു. എന്നാൽ അദ്ദേഹത്തെ തഴുകിയെത്തിയത് ദൈവത്തിന്റെ തലോടുന്ന കരങ്ങളായിരുന്നില്ല; പിന്നെയോ സഹനത്തിന്റെ മുള്ളുകളായിരുന്നു. തന്റെ അപ്പനും അമ്മയും ഏകസഹോദരനും അകാലമൃത്യുവിനിരകളായപ്പോൾ കുടുംബത്തിന്റെ ഏകപിൻതുടർച്ചാവകാശിയായിതീർന്ന തന്നെ ദൈവവിളിയിൽനിന്നും പിൻതിരിപ്പിക്കാൻ സ്വന്തക്കാർ കിണഞ്ഞു പരിശ്രമിച്ചെങ്കിലും “ദൈവമാണ് എന്റെ ഓഹരിയും പാനപാത്രവും” എന്ന് ആ സഹനവേളയിലും വിശ്വാസപൂർവ്വം

ഏറ്റുപറഞ്ഞ് ദൈവവിളിയിൽ ഉറച്ചുനില്ക്കാൻ അദ്ദേഹം തീരുമാനമെടുത്തത് സഭയ്ക്കും സമുദായത്തിനും അനുഗ്രഹകാരണമായി. ഒരു കുടുംബത്തെ പണിതുയർത്താനല്ല ഒരു സഭയെ, നാടിനെ പണിതുയർത്താൻ വേണ്ടി ആ ത്യാഗജീവിതത്തെ ദൈവം എടുത്തുപയോഗിച്ചു. നിലത്തുവീണഴിഞ്ഞ് നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണി പോലെയും, സ്വയം കത്തിയെരിഞ്ഞ് അനേകർക്കു പ്രകാശമരുളുന്ന ദീപം പോലെയും ആയിത്തീരാൻ 1829 നവംബർ 29ന് വൈദികപട്ടം നല്കി ദൈവം തന്റെ ദാസനെ ദൈവജനത്തിനുവേണ്ടി അഭിഷേചിച്ചുയർത്തി. ആറര പതിറ്റാണ്ടുകൊണ്ട് ഈ വിശുദ്ധൻ ദൈവപിതാവിന്റെ കരംപിടിച്ച് ക്രിസ്തുവിന്റെ പുരോഹിതനും സന്യാസ സമൂഹങ്ങളുടെ സ്ഥാപകനും പിതാവും ദൈവജനത്തിന്റെ വഴികാട്ടിയും കുടുംബങ്ങളുടെ മാർഗ്ഗദർശിയും സ്ത്രീകളുടെ സമുദ്ധാരകനും സമുദായത്തിന്റെ നവോത്ഥാനനായകനും നാടിന്റെ സമഗ്രവിമോചകനും കേരളസഭയുടെ ദീപവും ഭാരതസഭയുടെ അഭിമാനവും തിരുസ്സഭയിലെ പുണ്യതാരകവുമായി മാറിയത് വിസ്മയത്തോടെ മാത്രമേ നോക്കിക്കാണാനാവൂ. താമര വളരുന്നതു ചെളിക്കുണ്ടിലാണെങ്കിലും മനോഹരമായ താമരപൂവ് എപ്പോഴും വെള്ളത്തിനുമുകളിൽ സൂര്യനെനോക്കി വിടർന്നുപരിലസിക്കുന്നതുപോലെ താൻ ജീവിച്ച കാലഘട്ടത്തിലെ മത, സാമൂഹിക, സാംസ്കാരിക പരാധീനതകളുടേയും പരിമിതികളുടേയും വൈകല്യങ്ങളുടേയും നടുവിലും തന്റെ അപ്പനായ ദൈവത്തിൽ ദൃഷ്ടികളുറപ്പിച്ച് അവിടുത്തെ പരിപാലനയിൽ ആശ്രയിച്ച് സ്നേഹ അപ്പന്റെ മക്കളായ മനുഷ്യരുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി, സഭയുടേയും സമൂദായത്തിന്റേയും നാടിന്റേയും നന്മയ്ക്കുവേണ്ടി, വിശ്വാസസംരക്ഷണത്തിനുവേണ്ടി, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നൂതനങ്ങളായ പല പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തന്റെ പ്രസംഗത്താലും കത്തുകളാലും രചനകളാലും പ്രബോധനങ്ങളാലും വിദ്യാദാനസംരംഭത്താലും പ്രസ്സിന്റേയും ഉപവിശാലയുടെയും സ്ഥാപനത്താലും, എല്ലാറ്റിലുമുപരി, ദൈവവചനപ്രഘോഷണത്താലും ദിവ്യകാരുണ്യകേന്ദ്രിത പ്രാർത്ഥനയാലും ജ്ഞാനകുരുടത്വം മാറ്റി വിശുദ്ധിയുടെ മുളപൊട്ടി വളരാനും വളർത്താനും ദൈവജനത്തെ സ്നേഹിച്ചു ശുശ്രൂഷിച്ച ജ്ഞാനഭക്തികർമ്മയോഗിയാണ് വിശുദ്ധ ചാവറയച്ചൻ.

ചാവറപിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ ശതോത്തര സുവർണ്ണ ജൂബിലിവർഷത്തിലേയ്ക്കു പ്രവേശിക്കുന്ന ഈ വേളയിൽ പിതാവിന്റെ ജീവിതത്തിൽനിന്നും രചനകളിൽ നിന്നും ചൈതന്യമുൾക്കൊണ്ട് സി. സോഫി റോസ് എഴുതിയിരിക്കുന്ന ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. കുട്ടികൾക്കും, യുവജനങ്ങൾക്കും, സ്ത്രീകൾക്കും, മാതാപിതാക്കൾക്കും മാത്രമല്ല, ജീവിതത്തിന്റെ ഏതു തുറയിലും തലത്തിലും അവസ്ഥയിലും പെട്ടവർക്ക് പ്രചോദനമേകുന്ന, മാർഗ്ഗദർശകമാകുന്ന ചാവറപിതാവിന്റെ ദർശനങ്ങളേയും പ്രബോധനങ്ങളേയും സരളമായ ഭാഷയിൽ, എന്നാൽ ആധികാരികമായി അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം പിതാവിന്റെ ജീവിതസരണിയിലൂടെ നടക്കാനും ചൈതന്യവല്ക്കരിക്കപ്പെടാനും എല്ലാവർക്കും ഏറെ സഹായകമാണ്.

ചാവറപിതാവിനെ അടുത്തറിയാനും പുണ്യപിതാവിന്റെ പ്രബോധനങ്ങളെയും ആത്മീയാനുഭവങ്ങളേയും സ്വാംശീകരിക്കാനും അതു മറ്റുള്ളവരിലേയ്ക്കു പകരുവാനും ആത്മാർത്ഥതയോടും പ്രതിബദ്ധതയോടെയും പരിശ്രമിക്കുന്ന, ഒരു ജീവിതനിയോഗമായി, തപസ്യയായി അതിനെ കരുതി രാപകൽ അദ്ധ്വാനിക്കുന്ന, സി.സോഫിയെ അഭിനന്ദിക്കുന്നതോടൊപ്പം *ചാവറ ശ്രുതികൾ: പ്രബോധനങ്ങളും ദർശനങ്ങളും* എന്ന ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേരുകയും അനുവാചകസമക്ഷം സന്തോഷത്തോടെ ഈ ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്യുന്നു.

3 ജനുവരി 2020
ചാവറപ്പിതാവിന്റെ 150-ാം
സ്വർഗ്ഗപ്രവേശന വാർഷികം

സി. സിബി സി.എം.സി.
സുപ്പീരിയർ ജനറൽ

# മുഖവുര

സഭയും സന്യാസവും താറടിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അതിനു കാരണങ്ങൾ പലതും പലർക്കും പറയാനുണ്ടാകും. അത് എന്തുതന്നെയായാലും സഭയുടേയും സന്യാസത്തിന്റേയും അന്തഃസത്ത ലോകത്തിന്റെ ദൃഷ്ടിയിൽ എന്നും ഒരു ചോദ്യചിഹ്നമാണ്. കാരണം അത് 'സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' എന്നു പറഞ്ഞ ക്രിസ്തുവിനെ, ഒരു പടികൂടി കടന്ന് സ്നേഹിതർക്കുവേണ്ടി മാത്രമല്ല, തന്നെ ഒറ്റിക്കൊടുത്തവനും ദ്രോഹിച്ചവനും ക്രൂശിച്ചവനുംവേണ്ടിപ്പോലും ജീവൻചൊരിഞ്ഞുകൊണ്ട് യഥാർത്ഥ സ്നേഹം എന്താണെന്നു വെളിപ്പെടുത്തിയ ക്രിസ്തുവിനെ, അനുധാവനം ചെയ്യുന്ന ജീവിതമാണ്. അവിടുന്നാണ് ശത്രുക്കളോടു ക്ഷമിച്ചും അവർക്കുവേണ്ടി പ്രാർത്ഥിച്ചും അവരുടെമേൽ അനുഗ്രഹം ചൊരിഞ്ഞും സ്വജീവൻ ത്യജിച്ചും ദൈവീകസ്നേഹത്തിന്റെ യഥാർത്ഥരൂപമെന്തെന്നും മാനവൻ പിന്തുടരേണ്ട സ്നേഹത്തിന്റെ മാതൃക എന്തെന്നും കാണിച്ചുതന്നത്. ലൗകികമനുഷ്യർക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഈ ക്രിസ്തുപാത പിൻതുടർന്ന് ജാതിമതഭേദമെന്യേ, ശത്രുമിത്രഭേദമെന്യേ എല്ലാവരേയും സ്നേഹിച്ചു ശുശ്രൂഷിക്കുവാൻ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളെ സ്വമനസ്സാ സ്വീകരിച്ച് സമർപ്പണപൂർവ്വം ജീവിതം വ്യയംചെയ്യുവാൻ, വ്രതബദ്ധജീവിതം നയിക്കാൻ സ്വയംതയ്യാറാകുന്നവരാണ് സന്യാസികൾ.

മാർത്തോമാശ്ലീഹായിൽ നിന്നു ക്രിസ്തീയവിശ്വാസം സ്വീകരിക്കാൻ ആദ്യനൂററാണ്ടിൽത്തന്നെ ഭാഗ്യം ലഭിച്ചെങ്കിലും 19 നൂറ്റാണ്ടുകാലം സന്യാസജീവിതസരണി പിൻതുടരാൻ സാദ്ധ്യതകൾ ഇല്ലാതിരുന്ന കേരളസഭയിൽ സന്യാസജീവിതത്തിനു ഊടും പാവും നല്കി ആദ്യത്തെ നിയാമനുസൃതസന്യാസിയായി തീർന്ന സന്യാസശ്രേഷ്ഠനാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. പാശ്ചാത്യസഭയിൽ വി. ബനഡിക്റ്റിനെ സന്യാസികളുടെ പിതാവായി വിളിക്കുന്നെങ്കിൽ ഇന്ത്യയിലെ സന്യാസികളുടെ പിതാവായി എന്നും

വിളിക്കപ്പെടാൻ യോഗ്യനായ സന്യാസവര്യനാണ് സന്യാസജീവിതമെന്ന വിശുദ്ധവഴിതെളിച്ച് ആ വഴിനടന്ന "ഇന്ത്യൻ ബെനഡിക്റ്റ്" ആയ ചാവറപിതാവ്. വിശുദ്ധമായ ആ ജീവിതം ഇഹലോകത്തിൽനിന്ന് പരലോകത്തിലേയ്ക്കു കടന്നുപോയതിന്റെ 150-ാം വർഷത്തിലേയ്ക്ക് 2020 ജനുവരി 3ന് സഭ കടക്കുകയാണ്. സ്വജീവിതംകൊണ്ട് കാലദേശാദികളെ ഉല്ലംഘിച്ച, സഭയേയും സമൂഹത്തേയും നവീകരിച്ച, ജാതിമതഭേദമെന്യേ എല്ലാവർക്കും നന്മ ചെയ്തു കടന്നുപോയ ആ ജീവിതം ഭുമിയിൽ വർഷിച്ച അനുഗ്രഹങ്ങളെ അനുസ്മരിക്കുന്ന ഈ വേളയിൽ ആ ജീവിതത്തിലൂടെ വർഷിക്കപ്പെട്ട നന്മകളും ആ വിശുദ്ധജീവിതത്തിൽനിന്നും സ്വാംശീകരിച്ചെടുത്ത ചില പ്രബോധനങ്ങളും ദർശനങ്ങളുമാണ് ഈ ഗ്രന്ഥത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്.

പല അവസരങ്ങളിലായി പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും പങ്കുവെച്ച ചാവറപിതാവിന്റെ ജീവിതത്തിലേയും കൃതികളിലേയും ദർശനധാരകളും പ്രബോധനങ്ങളുമാണ് ഇതിലെ ഓരോ ലേഖനവും. തലമുറകൾക്ക് ആ പുണ്യദേഹത്തെ അടുത്തറിയാനും, ഓർമിക്കാനും ആ ദിവ്യമായ ചൈതന്യം സ്വാംശീകരിക്കാനും പ്രചോദനം ഉൾക്കൊള്ളാനുമായിട്ടാണ് അവ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നത്. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവിച്ച് ഇന്നലകളെ ധന്യമാക്കിയ, ഇന്നിനെ ചൈതന്യവല്ക്കരിച്ചുകൊണ്ടിരിക്കുന്ന, നാളെയെ പ്രചോദിപ്പിക്കാൻ കഴിവുറ്റവനായ ആ പുണ്യതേജസ്സിന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുന്നതോടൊപ്പം പുണ്യപിതാവിന്റെ ചരമത്തിന്റെ ശതോത്തരസുവർണ്ണജൂബിലിവർഷം തിരുസഭയ്ക്കും, സന്യാസിനീസന്യാസികൾക്കും മാത്രമല്ല, ജാതിമതഭേദമെന്യേ എല്ലാവർക്കും അനുഗ്രഹത്തിന്റെ ഒരു വർഷമായി തീരട്ടെയെന്നു പ്രാർത്ഥിക്കുകയുമാണ്.

ഈ പുസ്തകത്തിന് സമുചിതമായ ഒരു അവതാരിക നല്കിയ സ്നേഹ ബ. സുപ്പീരിയർ ജനറൽ മദർ സിബി സി.എം.സി. യ്ക്കും പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിനും അതിനു നേതൃത്വം വഹിക്കുന്ന ബ. സാജു ചക്കാലയ്ക്കൽ സി.എം.ഐ. അച്ചനും ഹൃദയപൂർവ്വകമായ നന്ദി.

3 ജനുവരി 2020 സി. സോഫി റോസ് സി.എം.സി.

# ചാവറ കുര്യാക്കോസ് ഏലിയാസ്: ജീവിതരേഖ

മാർത്തോമ്മാശ്ലീഹായിൽ നിന്നു സത്യവിശ്വാസം സ്വീകരിച്ച മലയാളം ഇതുവരെ മച്ചിയായിരിക്കയും അതിൽപിന്നെ സത്യവേദം കൈക്കൊണ്ട പല പല നാടുകളിലും ദ്വീപുകളിലും പലപുണ്യവാളന്മാരും ഉണ്ടായിരിക്കുകയും ചെയ്യുന്നു എന്നു കണ്ടെത്തുകയും പേരുവിളിക്കപ്പെട്ട വിശുദ്ധരില്ലാതെ സഭ മച്ചിയായിരിക്കുന്നതിൽ ദുഖിക്കയും ചെയ്ത പുണ്യാത്മാവാണ് ചാവറപിതാവ്. സ്വജീവിതത്താലും കർമ്മത്താലും വിശുദ്ധിയാലും ആ കുറവിനെ പരിഹരിച്ച് സഭയെ വിശുദ്ധരാൽ പുഷ്പിണിയാക്കിത്തീർത്ത ആ വിശുദ്ധജീവിതത്തിന്റെ ഏടുകൾ:

| | | |
|---|---|---|
| 1805 ഫെബ്രുവരി 10 | : | ആലപ്പുഴയിലെ കൈനകരിയിൽ ജനനം. മാതാപിതാക്കൾ: കുര്യാക്കോസ് ചാവറ, ചോതിരകുന്നേൽ മറിയം. മൂന്നു സഹോദരിമാർ, ഒരു സഹോദരൻ |
| 1810 | : | കളരി വിദ്യാഭ്യാസം |
| 1816 | : | 11-ാം വയസ്സിൽ പള്ളിപ്പുറം സെമിനാരി മല്പാൻ ബ.പാലയ്ക്കൽ തോമാ മല്പാനെ കണ്ടുമുട്ടുന്നു |
| 1818 | : | പള്ളിപ്പുറം സെമിനാരി പ്രവേശനം. ബ. പാലയ്ക്കലച്ചന്റെ കീഴിൽ പരിശീലനം ആസ്തപ്പാടുപട്ടം വികാരി അപ്പസ്തോലിക്കാ പത്രോസേ ദെ അൽക്കാന്ത്രാ മെത്രാനിൽനിന്ന് സ്വീകരിച്ചു. “കർത്താവാണ് എന്റെ അവകാശവും പാനപാത്രവും” എന്ന് തദവസരത്തിൽ ഉച്ചരിച്ച് അതിൻവണ്ണം ജീവിതം തുടർന്നു. സെമിനാരിയിൽ ആയിരിക്കുമ്പോൾതന്നെ മാതാപിതാക്കളും ഏകജേഷ്ഠനും മരിച്ചു. |

| | | |
|---|---|---|
| 1829 നവംബർ 29 | : | അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദൈവാലായത്തിൽ വെച്ച് മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് പൗരോഹിത്യസ്വീകരണം |
| 1831 മെയ് 11 | : | ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്ന്യാസസമൂഹസ്ഥാപനം (സി.എം.ഐ.) |
| 1833 | : | സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്ത് സ്ഥാപിച്ചു നടത്താൻ നേതൃത്വം കൊടുക്കുന്നു. |
| 1833 | : | കുരിശിന്റെ വഴി എന്ന ഭക്താഭ്യാസം കേരളസഭയിൽ നടപ്പിലാക്കി. |
| 1841 ജനുവരി 16 | : | ഗുരുവും സന്ന്യാസസഭാസ്ഥാപകരിൽ ഒരുവനുമായ ബ. പാലയ്ക്കൽ തോമാമല്പാന്റെ മരണം |
| 1844 ഫെബ്രുവരി 14 | : | വരാപ്പുഴ വികാരി അപ്പസ്തോലിക്കാ പെ. ബ. ഫ്രാൻസിസ് സേവ്യർ, ചാവറയച്ചനെ സുറിയാനിക്കാരുടെ ഔദ്യോഗികമല്പാനായി നിയമിക്കുന്നു. |
| 1846 ജനുവരി 8 | : | സന്ന്യാസസഭാസ്ഥാപകരിൽ ഒരുവനായ ബ. പോരൂക്കര തോമാമല്പാന്റെ മരണം |
| 1846 | : | കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ സംസ്കൃതസ്കൂൾ മാന്നാനത്തുസ്ഥാപിച്ചു; വർണ്ണാവർണ്ണവിവേചനം കൂടാതെ ഏവർക്കും പ്രവേശനം. |
| 1846 | : | സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു. |
| 1853 | : | കേരളകത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്ത് ആരംഭിക്കുന്നു. |

| | | |
|---|---|---|
| 1855 ഡിസംബർ 8 | : | കാനോനികമായ സന്ന്യാസ വ്രതസമർപ്പണം; ഭാരതത്തിലെ കത്തോലിക്കരിൽനിന്നുള്ള ആദ്യത്തെ നിയമാനുസൃത സന്യാസി, സന്യാസശ്രേഷ്ഠൻ. |
| 1855–56 | : | ഇന്ത്യൻ ഭാഷാനാടകവഴിയിലെ ആദ്യ രചനയായി പത്ത് ഇടയനാടകങ്ങൾ എഴുതി; സെമിനാരികളിൽ രംഗാവിഷ്ക്കാരം നടത്തി. |
| 1861 ജൂൺ 8 | : | വരാപ്പുഴ അതിരൂപതയിൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാൾ ആയി പെ. ബ. ബർണ്ണർദീനോസ് ബച്ചിനെല്ലി മെത്രാനാൽ നിയമിതനായി. റോക്കോസ് ശീശ്മയിൽ നിന്നും കേരളസഭയെ രക്ഷിക്കുന്നതിനു നേതൃത്വം നൽകി. |
| 1862–69 | : | കേരള സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമത്തെ നവീകരിച്ചു. |
| 1862 | : | മലയാളത്തിലെ ആദ്യഖണ്ഡകാവ്യം *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു. |
| 1864 | : | കത്തോലിക്ക പ്രൈമറി സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു. സ്കൂളുകളിൽ ഉച്ചക്കഞ്ഞി സമ്പ്രദായം ആരംഭിച്ചു. |
| 1864 | : | *പള്ളിയ്ക്കു ഒരു പള്ളിക്കൂടം* എന്ന നിയമം വികാരി ജനറാൾ എന്ന നിലയിൽ ശാഠ്യപൂർവ്വം നടപ്പിലാക്കി. പൊതുവിദ്യാഭാസത്തിലൂടെ പൊതുസമൂഹസൃഷ്ടിക്കു നിദാനമായി. |
| 1864 | : | പരി.മാതാവിനോടുള്ള ഭക്തിപ്രചരണ ഭാഗമായി മേയ്മാസവണക്ക ആരംഭിച്ചു. |
| 1866 | : | 40 മണി ആരാധന ആദ്യമായി കേരളത്തിൽ നടപ്പാക്കി (കൂനമ്മാവിൽ). |

1866 ഫെബ്രുവരി 13 : കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീ സമൂഹം *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* (TOCD) എന്ന പേരിൽ ഇറ്റാലിയൻ മിഷനറി ഫാ. ലെയോപ്പോൾഡ് മിഷനറിയോടു ചേർന്നു കൂനമ്മാവിൽ സ്ഥാപിച്ചു. നാലംഗങ്ങളുമായിട്ടായിരുന്നു തുടക്കം. ഈ സഭ പിന്നീട് 1890-ൽ റീത്തടിസ്ഥാനത്തിൽ ഔദ്യോഗികമായി രണ്ടായി. സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ ഇന്ന് അവ അറിയപ്പെടുകയും പ്രവർത്തനം തുടരുകയും ചെയ്യുന്നു.

1868 ജനുവരി 2 : പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ആദ്യത്തെ ബോർഡിംഗ് ഹൗസ് (എദുക്കുംന്താത്ത്) കൂനമ്മാവിൽ ലെയോപ്പോൾഡ് മിഷനറിയോടു ചേർന്നു ആരംഭിച്ചു. ക്രിസ്തീയരൂപീകരണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇവ നല്കി.

1868 ഫെബ്രുവരി 13 : കത്തോലിക്കാകുടുംബങ്ങൾക്കുള്ള *കുടുംബചട്ടം (ഒരു നല്ല അപ്പന്റെ ചാവരുൾ)* എഴുതി കൈനകരി ഇടവകക്കാർക്ക് കൊടുത്തു.

1869 : അനാഥർക്കും രോഗികൾക്കും വൃദ്ധർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. നന്മരണസഖ്യം ആരംഭിച്ചു.

1869 : 19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനരൈക്യ പ്രസ്ഥാനത്തിനു പ്രേരണനൽകി.

1871 ജനുവരി 3 : കൂനമ്മാവ് സെന്റ് ഫിലോമിന ആശ്രമത്തിൽവെച്ച് മരണം, ജനുവരി 4-ന് സംസ്ക്കാരം.

| | | |
|---|---|---|
| 1871 ജനുവരി 4 | : | ആദ്യജീവചരിത്രം ആത്മപിതാവായ ലെയോപ്പോൾദ് ബക്കാറോ ഒ.സി.ഡി. കൂനമ്മാവ് സെന്റ് ഫിലോമിന ആശ്രമത്തിൽ വെച്ച് സ്വന്തം ഡയറിയിൽ എഴുതി. |
| 1889 മെയ് 24 | : | പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവ് ദേവാലയത്തിൽ നിന്നെടുത്ത് മാന്നാനം ആശ്രമ ദേവാലയത്തിൽ സ്ഥാപിച്ചു. |
| 1936 | : | അൽഫോൻസാമ്മയ്ക്കു നല്കിയ അത്ഭുത ദർശനവും രോഗശാന്തിയും. |
| 1936 | : | സി.എം.ഐ. പൊതുസംഘം നാമകരണത്തെ സംബന്ധിച്ച ചർച്ച നടത്തി |
| 1955 | : | 12-ാം പീയൂസ് പാപ്പാ നാമകരണനടപടികൾ ആരംഭിക്കാൻ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ടിനെ ചുമതലപ്പെടുത്തുന്നു |
| 1978 | : | *പൊസ്സിസിയോ* റോമിൽ സമർപ്പിക്കുന്നു. |
| 1984 ഏപ്രിൽ 7 | : | ജോൺപോൾ രണ്ടാമൻ പാപ്പ റോമിൽ വച്ചു ധന്യനായി പ്രഖ്യാപിച്ചു. |
| 1986 ഫെബ്രുവരി 8 | : | ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ചു വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണംചെയ്യപ്പെട്ട ആദ്യഭാരതീയനായി. |
| 1987 ഡിസംബർ 20 | : | ബഹുമാനാർത്ഥം കേന്ദ്രഗവർമ്മെന്റ് തപാൽ സ്റ്റാമ്പു പുറത്തിറക്കി. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തിരുവനന്തപുരത്തു വച്ചു സ്റ്റാമ്പ് റിലീസ് ചെയ്തു. |
| 2006 മേയ് 4 | : | സാഹിത്യസംഭാവനകളെ ആദരിച്ച് ഛായാചിത്രം കേരളസാഹിത്യഅക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു. |

| | | |
|---|---|---|
| 2014 ഏപ്രിൽ 3 | : | വിശുദ്ധപദപ്രഖ്യാപനത്തിനുള്ള അത്ഭുത സ്ഥിരീകരണം, ഫ്രാൻസിസ് മാർപാപ്പായുടെ ഒപ്പുവെയ്ക്കൽ |
| 2014 ഒക്ടോബർ 19 | : | കേരളസാഹിത്യ അക്കാദമി *ഇടയനാടകങ്ങൾ* പ്രസിദ്ധീകരിച്ചു; ഇന്ത്യൻ നാടകവഴിയിലെ ആദ്യനാടകങ്ങൾ; കേരളസംസ്ഥാന വിദ്യാഭ്യാസ സാങ്കേതികവകുപ്പ്, *നവകേരളശില്പികൾ* എന്ന പരമ്പരയിൽ, ചാവറയച്ചനെ നവോത്ഥാന നായകനായി ചിത്രീകരിച്ചിരിക്കുന്ന ഡോക്കുമെന്ററി ഫിലം, കേരളത്തിലെ വിദ്യാർത്ഥികൾക്കായി പ്രകാശനം ചെയ്തു. |
| 2014 നവംബർ 23 | : | വിശുദ്ധപദപ്രഖ്യാപനം വത്തിക്കാനിൽ |
| 2014 നവംബർ 29 | : | വിശുദ്ധപദപ്രഖ്യാപനാഘോഷം ഭാരതസഭയിൽ (കാക്കനാട് രാജഗിരിയിൽ) |

## ചാവറപിതാവിന്റെ കൃതികൾ

സമ്പൂർണ്ണ കൃതികൾ നാല് വാല്യങ്ങൾ

(*സി.എം.ഐ. പ്രസിദ്ധീകരണം*)

| | | |
|---|---|---|
| വാല്യം 1 | : | നാളാഗമങ്ങൾ |
| വാല്യം 2: | : | സാഹിത്യകൃതികൾ (ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുവാനുള്ള പാന) |
| വാല്യം 3 | : | ധ്യാനസല്ലാപങ്ങൾ |
| വാല്യം 4 | : | കത്തുകൾ<br>ഒരു നല്ല അപ്പന്റെ ചാവരുൾ |

ഇടയനാടകങ്ങൾ : (*കേരളസാഹിത്യഅക്കാദമി പ്രസിദ്ധീകരണം*)

# 1

# കുര്യാക്കോസ് ഏലിയാസ് ചാവറ: ജീവിതവും ദർശനവും

സുകൃതദീപ്തവും മനുഷ്യോപകാരപ്രദവുമായ ജീവിതത്താൽ ഒരു കാലഘട്ടത്തേയും നാടിനേയും പ്രകാശമാനമാക്കിയ കേരളസഭാ ദീപമാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. 1805 ഫെബ്രുവരി 10-ന് കൈനകരിയിൽ ജനിച്ച് ആശാൻ കളരിയിൽ പ്രാഥമികവിദ്യാഭ്യാസം നടത്തി കുടുംബത്തിലും ദൈവാലയത്തിലും നിന്നു ലഭിച്ച ആത്മീയശിക്ഷണത്താലും കൃപാവരത്താലും പരിപോഷിതനായി 11-ാം വയസ്സുമുതൽ പൗരോഹിത്യശുശ്രൂഷയ്ക്കായി പരിശീലിപ്പിക്കപ്പെട്ട് 1829 നവംബർ 29-ന് കർത്താവിന്റെ അഭിഷ്ക്തനായിതീർന്ന ഈ ദൈവശുശ്രൂഷി, ലോകരക്ഷകനായ ക്രിസ്തുവിന്റെ ജീവിതപാതപിൻതുടർന്ന് കാനോനികവ്രതവാഗ്ദാനംചെയ്ത് ക്രൈസ്തവസന്ന്യാസം ജീവിച്ച ആദ്യഭാരതീയനാണ്. മാനവമക്കളുടെ ആത്മീകവും ഭൗതികവുമായ ഉന്നമനവും തന്റെ കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയും ലക്ഷ്യമാക്കി പൗരോഹിത്യ-സന്ന്യാസസമർപ്പണത്തിന്റെ പാതയിലൂടെ തികച്ചും ദൈവോന്മുഖവും പരോന്മുഖവുമായി സഞ്ചരിച്ച ആ ധന്യജീവിതം 1871 ജനുവരി 3-ന് ഭൗമികഗേഹം വെടിഞ്ഞ് സ്വർഗ്ഗീയഗേഹത്തിലേയ്ക്ക് പറന്നുയർന്നു.

വിശുദ്ധ ചാവറപിതാവിന്റെ ജീവിതദർശനത്തിന്റെ അടിസ്ഥാനം അദ്ദേഹത്തിന്റെ ദൈവദർശനം തന്നെയാണ്. തന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ പിതാവായി, സ്വന്തം 'അപ്പനായി' ദർശിച്ച അദ്ദേഹം, തന്നെതന്നെ ദൈവത്തിന്റെ പുത്രനും സഹജരെ ദൈവത്തിന്റെ മക്കളും സ്വന്തം കൂടെപ്പിറപ്പുകളുമായിട്ടാണ് ദർശിച്ചത്. സുവിശേഷത്തിലെ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവരാജ്യത്തിന്റെ അന്തസാരമായ ഈ വിശ്വദർശനമാണ് വി.ചാവറയച്ചന്റെ ജീവിതത്തിൽ ചൂഴ്ന്നു നിന്നതും അദ്ദേഹത്തെ നയിച്ചതും നിയന്ത്രിച്ചതും. "എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ എനിക്കങ്ങയെ വിളി

ക്കാനാവില്ല"[1] എന്നു ഉദ്ഘോഷണം ചെയ്യുന്ന ദൈവത്തിന്റെ ഈ വത്സ ലപുത്രൻ "കാരുണ്യനാഥനാം ദൈവകുമാരന്റെ ആരുണ്യശോഭയെ കാണാകേണം"[2] എന്ന മന്ത്രധ്വനി ഉയർത്തി ദൈവത്തെ ദർശിക്കാനും "കർത്താവേ അങ്ങിൽ ഞാൻ ഒന്നാകുംവരെ എന്നിൽനിന്നകലല്ലേ" എന്ന പ്രാർത്ഥനയോടെ ദൈവൈക്യത്തിനായും അഭിലഷിച്ചു. മാത്രമല്ല, "സ്വന്തമായ ഒരു മനസ്സ് എനിക്കുണ്ടോ? എന്നോടു കല്പിക്കുംവിധം ചെയ്യുവാൻ ഞാൻ ആസ്തമായിരിക്കുന്നു"[3] എന്നു പറഞ്ഞുകൊണ്ട് ദൈവഹിതത്തിനും അധികാരികളുടെ ഹിതത്തിനും പരിപൂർണ്ണമായി കീഴ്‌വഴങ്ങി ഒരു വിശുദ്ധജീവിതം നയിച്ചു. "ദൈവ തിരുമനസ്സ് നടക്കും, നടത്തും."[4] ഇത് അദ്ദേഹത്തിന്റെ വിശ്വാസമായിരുന്നു; തീരുമാനമായിരുന്നു.

തിരുസ്സഭയോടും സഭാധികാരത്തോടുമുള്ള സ്നേഹവും വിശ്വസ്തയുമാണ് ചാവറയച്ചന്റെ ജീവിതത്തിലെ സവിശേഷമായ മറ്റൊരു കാര്യം. മിശിഹായുടെ മണവാട്ടിയായ സഭയോടും അവിടുത്തെ വികാരിയായ പരിശുദ്ധ മാർപാപ്പായോടുമുള്ള അദ്ദേഹത്തിന്റെ അനുസരണവും വിശ്വസ്തതയും വെളിവാക്കപ്പെട്ട വേളയായിരുന്നു കേരളസഭയെ പിടിച്ചുലച്ച റോക്കോസ്ശീശ്മ. പരിശുദ്ധസിംഹാസനത്തോടുള്ള കൂട്ടായ്മയിലും ഐക്യത്തിലും അനുസരണത്തിലും നിലനില്ക്കുന്നതിനും ദൈവജനത്തെ നിലനിർത്തുന്നതിനുമുള്ള ഉറച്ച തീരുമാനവും "മെത്രാൻപട്ടം കിട്ടണമെന്നാഗ്രഹം ഇല്ല. രക്ഷപെടണം എന്നുമാത്രം"[5] എന്ന ദൃഢനിശ്ചയത്തോടെ സ്ഥാപിതതാല്പരര്യങ്ങളെ ഉപേക്ഷിച്ച് നിയമാനുസൃതഅധികാരത്തോടു വിധേയത്വം പുലർത്തുന്ന വിനീതമനസ്സിന്റെ ഭാവവും നിയമാനുസൃതമല്ലാത്ത അധികാരിയുടെ പിന്നാലെ പോകുന്ന വ്യക്തികൾക്കു ഭവിക്കാവുന്ന ആത്മനാശം സംബന്ധിച്ച ഉൽക്കണ്ഠയും കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ രക്ഷയ്ക്കായി അദ്ധ്വാനിക്കാനുള്ള സന്നദ്ധതയും അദ്ദേഹത്തിൽ ദൃശ്യമായിരുന്നു.

19-ാം നൂറ്റാണ്ടിലെ ജാതിമത വ്യവസ്ഥിതിയും, വാർത്താവിനിമയ മാധ്യമങ്ങളുടേയും വിദ്യാഭ്യാസത്തിന്റെയും അഭാവവും, ആത്മീയ-ബൗദ്ധീക-സാമൂഹികതലങ്ങളിലുള്ള പരിധികളും അപര്യാപ്തതകളും, സാംസ്കാരികവളർച്ചയിലുള്ള പിന്നോക്കവും കേരളജനതയിൽ ഉളവാക്കിയ പരിമിതികളും പരാധീനതകളും പരിഹരിക്കുവാൻ, പരലോകജീവിതം ലക്ഷ്യംവെച്ച് പരനും അപരനും

വേണ്ടി, നാടിനും സഭയ്ക്കും വേണ്ടി ജീവിതം വ്യയം ചെയ്ത ഒരു ഉത്തമപൗരനും സമർപ്പിതപുരോഹിതനുമായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഹൃദയം എത്തിപ്പിടിക്കാത്ത മേഖലകളോ, കണ്ണുകൾ കാണാത്ത ആവശ്യങ്ങളോ, കൈവെയ്ക്കാത്ത തലങ്ങളോ ഇല്ല. സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളെ ഉന്മൂലനം ചെയ്യാനും മനുഷ്യരെ ജാതിമതവിവേചനകൂടാതെ സമന്മാരും ബഹുമാന്യരുമായി കാണാനും ആവശ്യമായ ജ്ഞാനം പകരേണ്ടത് ഏറ്റവും അത്യാവശ്യമായി അദ്ദേഹത്തിനു തോന്നി. സമത്വസുന്ദരമായ ഒരു മാനവസംസ്കാരത്തിന് അടിത്തറയിടുവാൻ ഒരു പ്രവാചകന്റെ ദീർഘദൃഷ്ടിയോടും, ധീരതയോടുംകൂടെ അതിനായി അദ്ദേഹം ചെയ്ത ഏറ്റവും വിപ്ലവാത്മകമായ കാര്യമാണ് സവർണ്ണരുടെ കുത്തകയായിരുന്ന സംസ്കൃതവിദ്യാഭ്യാസത്തിന്റെ വാതിൽ അവർണ്ണർക്കുകൂടി തുറന്നു നല്കിക്കൊണ്ട് കേരളത്തിൽ ആദ്യമായി പൊതുവിദ്യാഭ്യാസത്തിന് ആംഭം കുറിച്ചത്. 1846-ൽ മാന്നാനത്ത് ആരംഭിച്ച സംസ്കൃതസ്കൂൾ ഉച്ചനീചോച്ഛാടനത്തിന്റെ വിപ്ലവകരമായ കാഹളമുയർത്തലായിരുന്നു.

സവർണ്ണരും അവർണ്ണരും തമ്മിൽ മാത്രമല്ല, സമൂഹത്തിൽ പുരുഷനെപ്പോലെതന്നെ സ്ത്രീയ്ക്കും പഠിക്കാനും വിദ്യ അഭ്യസിക്കാനും, ഉദ്യോഗം വഹിക്കാനും, സമ്പാദിക്കാനും അവകാശമുണ്ടെന്നും അതിന് അവർക്കും വിദ്യാഭ്യാസം നല്കി പ്രബുദ്ധരാക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം ഉദ്ബോധനം ചെയ്തു. വൈധവ്യം ശാപമായി കരുതിയിരുന്ന ഒരു കാലഘട്ടത്തിൽ കന്യകകളോടൊപ്പം വിധവകളെയും ചേർത്തുകൊണ്ട് പുരുഷന്മാർക്കെന്നതുപോലെ സ്ത്രീകൾക്കും കേരളത്തിൽ ആദ്യമായി ഒരു സമർപ്പിതസമൂഹത്തിന് അദ്ദേഹം രൂപവും ഭാവവും നല്കി; സ്ത്രീശാക്തീകരണത്തിനായി ആദ്ധ്യാത്മികപരിശീലനത്തോടൊപ്പം ജ്ഞാനസമ്പാദനത്തിനും തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനും അവസരം സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് സ്ത്രീകളെ ആനീതരാക്കാനും അങ്ങനെ സമർപ്പിതരായ സ്ത്രീകളിലൂടെ സമൂഹത്തിലെ സ്ത്രീകളെ മാത്രമല്ല കുടുംബങ്ങളെയും നവീകരിക്കാനും ശക്തിപ്പെടുത്തുവാനും സ്വയം പര്യാപ്തതയിലെത്തിക്കാനും ക്രാന്തദർശിയായ അദ്ദേഹത്തിനു കഴിഞ്ഞു. സാക്ഷരതയിൽ മുന്നിട്ടുനില്ക്കുന്ന

സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. 'കുരുടനെ കുരുടൻ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും. ജ്ഞാനമില്ലാത്തവൻ കുരുടനാകുന്നു. പഠനം എന്ന വെളിവ് കൂടാതെ ജ്ഞാനകുരുടത്വം മാറുന്നില്ല. ജ്ഞാനകുരുടത്വം മാറാതെ വിശുദ്ധിയുടെ മുള പൊട്ടുകയില്ല.'[6] ഇതായിരുന്നു ചാവറയച്ചന്റെ ദർശനം. ആത്മീയവും ഭൗതികവുമായ വിദ്യാഭ്യാസത്തിലൂടെ വ്യക്തികളെയും കുടുംബങ്ങളേയും സമുദായത്തേയും എന്നല്ല രാജ്യത്തെത്തന്നെ പുരോഗതിയിലേയ്ക്കും ഔന്നത്യത്തിലേയ്ക്കും നയിക്കുവാൻ അദ്ദേഹം സമാരംഭം കുറിച്ചതും അനുഗാമികളായ സ്ത്രീ-പുരുഷസമർപ്പിതരിലൂടെയും ക്രൈസ്തസമൂഹത്തിലൂടെയും ഇന്നും തുടരുന്നതുമായ പൊതുവിദ്യാഭ്യാസധാരയ്ക്ക് സാധിച്ചു എന്നത് അത്ര നിസ്സാരകാര്യമല്ല. പ്രത്യേകിച്ചും പള്ളിയോടുചേർന്ന് പള്ളിക്കൂടവും ഉണ്ടാകണമെന്നും സ്കൂളിൽ പോകുന്നതിന് വസ്ത്രം, ഭക്ഷണം, തുടങ്ങിയവയുടെ അഭാവം ജാതിമതഭേദമെന്യേ സമൂഹത്തിന്റെ താഴെക്കിടയിൽപ്പെട്ടവർക്ക് തടസ്സമായിതീരരുതെന്നും കരുതി അതിനാവശ്യമായവ ജനപങ്കാളിത്തത്തോടെ വിതരണംചെയ്യാൻ (ഉദാ. ഉച്ചക്കഞ്ഞി) തക്കപദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു. പിന്നീട് കേരളസർക്കാരിനുതന്നെ പിൻതുടരാവുന്ന ഒരു മാതൃകയായി അത് തീർന്നു എന്നത് കാലം തെളിയിച്ച വസ്തുതയാണ്.

അക്ഷരാഭ്യാസത്തോടൊപ്പം വായിക്കാനും പഠിക്കാനും ഗ്രന്ഥങ്ങൾ സംലഭ്യമാക്കാനും ആ ക്രാന്തദർശി യത്നിച്ചു. അതിനുള്ള മാർഗ്ഗമായി കേരളകത്തോലിക്കാസഭയിൽ അച്ചടിരംഗത്തു കാലുറപ്പിക്കാനും, ചരിത്രപരവും, ആദ്ധ്യാത്മികവും, സാഹിത്യപരവുമായ ഗ്രന്ഥങ്ങൾ രചിക്കാനും അങ്ങനെ വൈജ്ഞാനികരംഗത്തു വിസ്മയകരമായവളർച്ചയ്ക്ക് കാരണഭൂതനാകാനും അദ്ദേഹത്തിനു കഴിഞ്ഞു. സ്വന്തം ഇടവകയായ കൈനകരികയിലെ കുടുംബങ്ങൾക്കുവേണ്ടി അദ്ദേഹം സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുത്ത കുംബചട്ടം (ഒരു നല്ല അപ്പന്റെ ചാവരുൾ) കുടുംബജീവിതക്കാർക്കൊരു മാർഗ്ഗരേഖയാണ്. സഭയുടെ ചരിത്രത്തിൽത്തന്നെ വളരെ അപൂർവ്വമായേ ഇത്തരം മാർഗ്ഗരേഖകൾ നല്കപ്പെട്ടിട്ടുള്ളു. അത് മുഖ്യമായും രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷവുമാണ്.

ചാവറയച്ചന്റെ ജീവിതദർശനം പ്രായോഗികമായി ഫലംചൂടി നില്ക്കുന്ന മേഖലയാണ് സാമൂഹികനവോത്ഥാനത്തിനുവേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങൾ. സമൂഹം ഭ്രഷ്ട് കല്പിച്ച് പുറംതള്ളിയ പുലയർ, ദളിതർ തുടങ്ങിയ അധഃകൃതരെ മാത്രമല്ല, ഭിക്ഷക്കാരായി വരുന്നവരെപ്പോലും ദൈവമക്കളായി കാണാനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ കൊണ്ടുവരുവാനും അദ്ദേഹം യത്നിച്ചു. 'ഭിക്ഷക്കാർ വെറും കൈയ്യോടെ നിന്റെ വീട്ടിൽനിന്ന് പോകാൻ ഇടവരരുതെന്ന്' കുടുംബങ്ങൾക്ക് അദ്ദേഹം എഴുതിയ ചാവരുളിൽ പ്രസ്താവിക്കുന്നുണ്ട്. "അന്യന് ഉപകാരം ചെയ്യാത്തദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല"[7] എന്ന അദ്ദേഹത്തിന്റെ വാക്കുകൾ എന്നും പ്രസക്തമെന്നു മാത്രമല്ല, ഒരുവന്റെ ജീവിതത്തിന്റെ പൂർണ്ണത അടങ്ങിയിരിക്കുന്നത് നിസ്വാർത്ഥനും, തനിക്കുള്ളവ മറ്റുള്ളവരുമായി പങ്കുവെച്ച് അവരെ സമ്പന്നരാക്കുന്നതിലുമാണ് എന്ന സത്യദർശനമാണ് അതുവഴി വ്യക്തമാക്കപ്പെട്ടത്. ആരുപോരുമില്ലാത്ത വൃദ്ധർക്കും രോഗികൾക്കും മരണാസന്നർക്കും വേണ്ടി കേരളത്തിൽ ആദ്യമായി ഒരു ഉപവിശാല സ്ഥാപിച്ചുകൊണ്ട് അഗതികളുടേയും ആലംബഹീനരുടേയും സംരക്ഷകനായി അദ്ദേഹം മാറി. എന്നു മാത്രമല്ല, അന്നുവരെ കേരളജനതയ്ക്ക് അപരിചിതമായിരുന്ന സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കർമ്മവേദി അതുവഴി തുറക്കുകയും ചെയ്തു.

പ്രശസ്ത വാഗ്മിയായ സുകുമാർ അഴീക്കോടിന്റെ വാക്കുകളിൽ ഞാനിത് ഉപസംഹരിക്കുകയാണ്: "19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ കേരളത്തിൽ ഇന്ന് അനുസ്മരിക്കപ്പെടുന്ന വ്യക്തികൾ ഉണ്ടെങ്കിൽ 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടുകൂടെയും സൃഷ്ടിച്ചവരാണ് അവരെന്ന് നാം ഓർക്കണം. ചാവറയച്ചൻ അത്തരം അപൂർവ്വ യുഗകർത്താക്കളിൽ ഒരാളാണ്... 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടും ഈ 21-ാം നൂറ്റാണ്ടും അദ്ദേഹത്തെ ശ്രദ്ധയോടെ നിരീക്ഷിക്കുന്നു പ്രതീക്ഷിക്കുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ മഹിമ തെളിയിക്കുകയാണ്."[8] ഈ മഹത്വത്തിനു നിദാനം അദ്ദേഹം ചെയ്ത സാമൂഹികപ്രവർത്തനങ്ങളല്ല, പ്രത്യുത, മാമ്മോദീസായിൽ സ്വീകരിച്ചതും മരണംവരെ നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ചതുമായ ദൈവകൃപയുടെ, വിശുദ്ധിയുടെ പൊൻപ്ര

ഭയാണ്. നീതിമാന്റെ സ്മരണ ദൈവസന്നിധിയിലും മനുഷ്യദൃഷ്ടിയിലും എന്നും നിലനില്ക്കുന്നു. അത്തരമൊരു സ്മര്യപുരുഷനാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

**പരാമർശസൂചിക**


1. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം 3, ധ്യാനസല്ലാപങ്ങൾ,* (കൊച്ചി: 1981), പേജ് 17–18.
2. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം 2 സാഹിത്യകൃതികൾ, ആത്മാനുതാപം,* (കൊച്ചി: 1981), മൂന്നാം പാദം, 1.
3. *കൂനമ്മാവ്മഠം നാളാഗമം, വാല്യം 2* (മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ: 1988), പേജ് 12.
4. *ധ്യാനസല്ലാപങ്ങൾ*, പേജ് 13.
5. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 1 നാളാഗമങ്ങൾ* (കൊച്ചി: 1985), പേജ് 191.
6. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ* (കൊച്ചി: 1982), 9/2.
7. കത്തുകൾ, 9/6. ചാവരുൾ, 14.
8. സുകുമാർ അഴീക്കോട്, "കാലാതീതമായ മഹാജ്യോതിസ്സിലേയ്ക്ക്" ജോൺ പോൾ (എഡി.), *സുകൃതം സ്മര* (ബേസ്റൗമ പ്രസിദ്ധീകരണം, കൊച്ചി: 2012), പേജ് 20.

# 2

# നിത്യതയുടെ തീരത്തേയ്ക്ക്: ഒരു നേർസാക്ഷ്യം

ചരിത്രം ഇന്നലെകളുടെ വെറും ഒരു അനുസ്മരണമല്ല; അത് ഇന്നിനേയും നാളെയേയും പ്രചോദിപ്പിക്കുന്ന സാക്ഷ്യമാണ്. ഈ സാക്ഷ്യം നല്കുന്നത് അത് അനുഭവിച്ചറിഞ്ഞവരും ദൃക്സാക്ഷികളുമാകമ്പോൾ ചരിത്രത്തിന് ആധികാരികത വർദ്ധിക്കുന്നു. ഇപ്രകാരമൊരു സാക്ഷ്യം നല്കിയ, മഹത്തായ ചരിത്രരചന നടത്തിയ ഒരു സ്ത്രീയുണ്ട് അല്ല ഒരു കന്യാസ്ത്രീയുണ്ട്: കേരളത്തിലെ ആദ്യ സന്ന്യാസിനീസമൂഹത്തിന്റെ, ആദ്യഭവനത്തിന്റെ നാളാഗമം കുറിച്ചുവെച്ച സിസ്റ്റർ അന്ന. ചരിത്രരചനയുടെ ബാലപാഠങ്ങളിലേയ്ക്ക് സിസ്റ്റർ അന്നയെ കൈപിടിച്ചു നയിച്ചതോ കേരളത്തിലെ ആദ്യനിയമാനുസൃതസന്ന്യാസിയും കാലത്തേയും ദേശത്തേയും ഉല്ലംഘിക്കുന്ന സന്ന്യാസം എന്ന മഹനീയ പ്രസ്ഥാനത്തിന്, പ്രത്യേകമായി, മാർത്തോമ്മാശ്ലീഹായിൽനിന്നും സത്യവേദം കൈക്കൊണ്ടിട്ടു 19നൂറ്റാണ്ടായിട്ടും കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെ നിലകൊണ്ട കേരളസഭയിൽ പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും സന്യാസം ജീവിക്കാൻ മാർഗ്ഗമുണ്ടാക്കണമെന്ന് അഭിലഷിച്ച് കൂനമ്മാവിൽ കന്യാസ്ത്രീമഠത്തിന് ആരംഭം കുറിച്ചവനുമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ! മഠസ്ഥാപനത്തിന്റെ ആദ്യദിനത്തിൽ (1866 ഫെബ്രുവരി 13) സ്ഥാപകപിതാവായ ചാവറയച്ചനും, ഇറ്റാലിയൻ കർമ്മലീത്താമിഷനറിയും നവസന്യാസഗുരുവും പ്രൊവിൻഷ്യൽ ഡലഗേറ്റുമായ ലെയോപ്പോൾദച്ചനും കൂടി പലകാര്യങ്ങളും ആദ്യഅംഗങ്ങളെ പഠിപ്പിച്ചു. തത്സംബന്ധമായി മാന്നാനം കൊവേന്തയുടെ നാളാഗമത്തിൽ ചാവറയച്ചൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ശ്രേഷ്ഠത്തിയമ്മയുടെ (വിധവയായ വാകയിൽ ഏലീശ്വാമ്മ) മകൾ സഹോദരി അന്ന ശേഷം ഒക്കെയിലും കുറെ ബുദ്ധിയും വിവേകവും ധൈര്യവും ഉള്ളതാകെയും ഇതൊക്കെയും വേഗത്തിൽ പഠിക്കുന്നു"[1] ചാവറയച്ചൻ സഹോദരി

അന്നയെ പഠിപ്പിച്ച ഒരു പ്രത്യേക കാര്യം നാളാഗമം എഴുതേണ്ടത് എങ്ങനെയെന്നതാണ്. കൂനമ്മാവുമഠ നാളാഗമത്തിന്റെ ആദ്യ 16 പേജുകളും 17-ാമത്തെ പേജിലെ ആദ്യവാക്കുകളും സ്വന്തകൈപ്പടയിൽ എഴുതിയശേഷം തുടർന്നെഴുതാൻ സിസ്റ്റർ അന്നയെ നിയോഗിച്ച അദ്ദേഹം പിന്നീട് കന്യാസ്ത്രീകൾക്കെഴുതുന്ന കത്തിൽ ഇപ്രകാരം അനുസ്മരിപ്പിക്കുന്നു: "വർത്തമാനങ്ങൾ ഒക്കെയും എഴുതുവാൻ സഹോദരി അന്നായെ ഉണർത്തണം. ഇപ്പോൾ മടികൊണ്ടു മുടക്കാതെ സാരമില്ലെന്നുതോന്നുന്നതും എഴുതിയിരുന്നാൽ രണ്ടുകാലം കഴിയുമ്പോൾ നിങ്ങൾക്കുതന്നെഎത്രയോ സന്തോഷം തോന്നും."[2] ഇപ്രകാരം വളരെ ദീർഘവീക്ഷണത്തോടെ ചാവറയച്ചൻ പരിശീലിപ്പിച്ച്, പ്രേരിപ്പിച്ച് സസൂക്ഷ്മം എഴുതിപ്പിച്ച ചരിത്രരേഖയാണ് ഏതദ്ദേശീയ സന്ന്യാസിനീപ്രസ്ഥാനത്തിന്റെ സ്പന്ദനങ്ങൾ തുടിക്കുന്ന കൂനമ്മാവു മഠത്തിന്റെ നാളാഗമങ്ങൾ. എഴുത്തുകാരിയായ സിസ്റ്റർ അന്ന താൻ ആരാൽ നയിക്കപ്പെടുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്തുവോ ആ പുണ്യപിതാവിനെക്കുറിച്ച്, പ്രത്യേകിച്ചും, അദ്ദേഹത്തിന്റെ അന്ത്യദിനങ്ങളെയും മരണത്തേയും അതുളവാക്കിയ വികാരവിചാരങ്ങളേയുംകുറിച്ച്, എഴുതിയിരിക്കുന്ന കാര്യങ്ങൾ ആ ധന്യാത്മാവിന്റെ ജീവിതത്തിന്റെ ഒരു നേർചിത്രം വരയ്ക്കുന്നതാണ്. വെറും 21 വയസ്സു പ്രായമുള്ള നിഷ്കളങ്കയായ ഒരു കന്യകയുടെ ഹൃദയത്തിൽ നിന്ന് ഒഴുകിയിറങ്ങിയ നിഷ്കപടമായ വാക്കുകളാണവ. സാമാന്യം ദീർഘമായ വിവരണത്തിലെ *പ്രിയോരച്ചന്റെ മരണത്തിനടുത്ത മൂന്നു ദിവസങ്ങളിലെ ദീനത്തിന്റേയും വിശുദ്ധ കൂദാശകളെ കൈക്കൊണ്ട് മരണം പ്രാപിച്ച വിവരവും*[3] എന്ന തലക്കെട്ടോടുകൂടി എഴുതിയതിലെ ഏതാനും ഭാഗങ്ങൾ മാത്രമാണ് ഇവിടെ ഉദ്ധരിക്കുന്നത്.

"ഈ മലയാളത്തിൽ കർമ്മലീത്താസഭയുടെ ഒന്നാമത്തെ ആശ്രമം സ്ഥാപിച്ച് ക്രമചട്ടങ്ങളെ നടത്തി ഈ സഭയെ പരപ്പിക്കുന്നതിനു പ്രധാനകാരണക്കാരനും ആദ്യം സന്ന്യാസിയായി കൂടിയ ആളും ഈ സഭാസന്ന്യാസികളെ തക്ക പുണ്യത്തോടുകൂടെ നടത്തുന്നതിനും പ്രത്യേകം കന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിനും ... ഈ മലയാളത്തിലുള്ള കൊവേന്തകളൊക്കെയുടെ ആദ്യപ്രിയോരുമായ പെ. ബ. കുരിയാക്കോസ് ഏലിയാ എന്ന നമ്മുടെ എത്രയും സ്നേഹമുള്ള പിതാവിന്റെ പരിശുദ്ധ പുണ്യജീവിതത്തിനു അറുതിവെച്ച ഒരു

ദീനം ആരംഭിച്ചു. ... ദൈവം ഈ പുണ്യദേഹത്തെ അങ്ങേപ്പക്കൽ വിളിപ്പാൻ തിരുമനസ്സായതിനാൽ 1870-ാം കാലം ഡിസംബർമാസം 30-നു ദീനം നന്നാ കൂടിയപ്രകാരം കണ്ടതിനാൽ ജെരാർദ്ദമൂപ്പച്ചൻ (ലെയോപ്പോൾദച്ചന്റെ സഹോദരൻ) "പ്രിയോരച്ചാ എന്തു വേണം ഈശൊമിശിഹായെ വേണമല്ലേ?" "അതെ ഈശൊമിശിഹായെയും ശു. പള്ളിയുടെ കൂദാശകളെയും വേണം" എന്നുത്തരിച്ചു. അപ്പൊൾ തുടങ്ങി ദീനങ്ങളൊക്കെയും കടുത്ത് വളരെ വിമ്മിഷ്ടമാകയും ചെയ്തു. പിറ്റേദിവസം കാലത്ത് ജെരാർദ് മൂപ്പച്ചൻ പ്രിയോരച്ചന്റെ പക്കൽ ചെന്ന് ഞാൻ മഠത്തിൽ കുർബാന ചൊല്ലുവാൻ പോകുന്നു കന്യാസ്ത്രീകളോടും എന്തെങ്കിലും പറയുവാനുണ്ടോ എന്നു ചോദിച്ചു. അപ്പോൾ 'പുത്തനാണ്ടു പിറക്കുന്നു എന്നും പുണ്യങ്ങളൊക്കെയും പുത്തനാക്കണമെന്നും കർത്താവിന്റെ പുത്തൻ പിറവിയോടുകൂടെ അവരുടെ ജീവിതത്തേയും പുത്തനാക്കണമെന്നും ഞാൻ അവർക്ക് വാഴ്വ് കൊടുത്തിരിക്കുന്നു' എന്നും പറയണമെന്നു പറഞ്ഞു.

കഴിഞ്ഞ രാത്രി അതായത്, ജനുവരി 1ന് ഞായറാഴ്ച ശു. കൂദാശകളെ കൊടുപ്പാൻ അപേക്ഷിച്ചു. അപ്പൊൾ ജെരാർദ്ദ മൂപ്പച്ചൻ ചോദിച്ചു. "ഒപ്രുശുമായും ദോഷപൊറുതികളും ഏത് ക്രമത്തിൽ വെണമെന്നാണ് ആഗ്രഹം." എന്നാൽ ഇത് നമ്മുടെ പി. ലെയൊപ്പോൾദ് മൂപ്പച്ചൻ കൊടുക്കണമെന്ന ആഗ്രഹമായിരുന്നു. എങ്കിലും "ശേഷം പേരുടെ മനസ്സുപോലെ. എന്നാൽ എന്റെ സ്വന്തം പേച്ചിൽ ആയിരുന്നാൽ എനിക്കും കൂടെ ഇതിന്റെ ഉത്തരിപ്പുമൊഴികളെ ചൊല്ലാമായിരുന്നല്ലോ. എങ്കിലും കല്പിക്കും വണ്ണം ഇനിക്കു മതി" എന്നു ഉത്തരിച്ചു. ആദ്യം ജെരാർദ്ദ മൂപ്പച്ചൻ കൂദാശകളെ കൊടുപ്പാൻ തുടങ്ങി. ... ജെരാർദ് മൂപ്പച്ചൻ ഞങ്ങളൊടു പറഞ്ഞതായത് ശു. കുർബാന കൊടുത്തപ്പൊൾ ആദേഹത്തിന്റെ മുഖത്തു ഒന്നു സൂക്ഷിച്ചു നോക്കുവാൻ ഇനിക്കു തോന്നിയതിനാൽ ഞാൻ നല്ല വണ്ണം നൊക്കി. അപ്പോൾ മുൻകണ്ടിട്ടില്ലാത്തവണ്ണമുള്ള ഒരു പ്രകാശവും സന്തോഷഭാവവും ഞാൻ കണ്ടു.

പിറ്റേദിവസം തിങ്കളാഴ്ച രാത്രി ലെലിയായും അത്താഴവും കഴിഞ്ഞശേഷം എ. പെ. ബ. നമ്മുടെ പി. മൂപ്പച്ചനും പെ. ബ. പീലിപ്പോസ് മൂപ്പച്ചനും കൂടെ ഇവിടെ വന്നു പറഞ്ഞതായത് ... ഇന്നലെ രാത്രി വേണ്ടുന്ന ദോഷപൊറുതികളൊക്കെയും കൊടുത്തു. ശു.

കൂദാശ കൈകൊള്ളുന്നതിന്നു മുമ്പിൽ ഈശോമിശിഹായുടെ പങ്കപ്പാടിനെകുറിച്ചും ദൈവമാതാവിന്റെ സ്തുതിയെക്കുറിച്ചും ഒരു പ്രസംഗം പറഞ്ഞു. അയാളുടെ വചനങ്ങളെ കേട്ടാൽ അതിശയം തോന്നും. ... ഒരുവട്ടം ഞാൻ പ്രിയൊരച്ചന്റെ പക്കൽ അടുത്തു നിന്നുകൊണ്ടു ചോദിച്ചു. അച്ചാ ഇപ്പോൾ എങ്ങനെ സന്തോഷമുണ്ടോ ഹൃദയസമാധാനമുണ്ടോ. അപ്പോൾ രണ്ടു കൈയും കൂട്ടിക്കൊണ്ട് ഉത്തരിച്ചു. 'അച്ചാ, ഇപ്പോൾ നല്ല സമാധാനവും സന്തോഷവുമുണ്ട്'. ഇതിന്റെ ശേഷം എന്നോട് ചോദിച്ചു 'അച്ചാ ഞാൻ കഴിഞ്ഞ ഞായറാഴ്ച കുർബാന കണ്ടില്ലല്ലോ.' 'കുർബാന കാണാൻ മനസ്സു കേടായിട്ടല്ലല്ലോ. ചൊല്ലുവിളി വേണ്ടാ എന്നു കല്പിച്ചിട്ടല്ലേ. അതിനെക്കുറിച്ച വിഷാദിക്കുന്നതെന്തിനാ.' ഇതുകേട്ടപ്പോൾ അതെ, ചൊല്ലുവിളിയെക്കുറിച്ചു തന്നെയാകുന്നു. ഇനിക്കു ഇതുമതി എന്നു പറഞ്ഞ് അടങ്ങുകയും ചെയ്തു. ആ പ്രിയ കൂടപ്പിറപ്പുകളേ, ഈ നമ്മുടെ പിതാവ് ജീവിതകാലത്തിൽ കുറവില്ലാത്ത ചൊല്ലുവിളിയോടുകൂടെ നടന്നതിനാൽ ആയതിന്റെ ഓർമ്മ തന്റെ മരണനേരത്തിൽ കൂടെയും ആശ്വാസവും സന്തോഷവും വരുത്തി എന്ന് നാം കേട്ടുവല്ലോ. എന്നാൽ ഈ വണ്ണമുള്ള ഭാഗ്യവും സന്തോഷവും നമുക്കു വേണമെന്ന ആഗ്രഹമുണ്ടായിരുന്നാൽ ഇപ്പോൾ കണ്ണറിയാത്ത ചൊല്ലുവിളിക്കാർ നാം ആകുവാൻ പ്രയാസപ്പെടുക.

പിറ്റേദിവസമായ ജനുവരിമാസം 3 ന് ചൊവ്വാഴ്ച കാലത്ത് ബ. വികാരിയച്ചൻ കുർബാന ചൊല്ലുന്നതിനു വന്നു. ... ആ ദേഹം കുർബാനയ്ക്കു കേറി. എന്നാൽ വിശുദ്ധ കുർബാന ഉയർത്തുന്നതിനു സമയമായപ്പോൾ കൂനമ്മാവുകൊവേന്തയിൽ നമ്മുടെ പി.മൂപ്പച്ചൻ പ്രിയോരച്ചനുവേണ്ടി കുർബാനചൊല്ലി ഉപകാരസ്മരണ ചെയ്യുന്ന സമയത്തിൽ 1871 ജനുവരിമാസം 3ന് ചൊവ്വാഴ്ച കാലത്ത് ഏഴര മണിക്ക് ചെയ്ത വേലകൾക്കും ബുദ്ധിമുട്ടിന്നും തക്ക മോക്ഷ സമാധാനം കൊടുപ്പാൻ സർവേശ്വരൻ തിരുമനസ്സായതിനാൽ കൂനമ്മാവ് ആശ്രമത്തിൽവെച്ച് തന്റെ ജ്ഞാനമക്കളുടെ കൈകളിൽ സമാധാനത്തിൽ മരണം പ്രാപിച്ച് ദൈവതൃക്കയ്യിൽ ആത്മാവിനെ കയ്യാളിക്കുകയും ചെയ്തു.

മരിച്ച ഉടൻ ക്രമപ്രകാരം കൂനമ്മാവു കൊവേന്തയിൽ മരിച്ചവരുടെ മണികൊട്ടി. ഇതു കേട്ടപ്പൊൾ എല്ലാവർക്കും സഹിക്കരുതാത്ത സങ്കടവും ദുഃഖവുമായതിനാൽ കുർബാന കണ്ടിരുന്ന കപ്പേളയിൽ

കരച്ചിലും സങ്കടവുമല്ലാതെ കേൾപ്പാനില്ലാഞ്ഞു. അതെന്ത്യെ ഈ നമ്മുടെ പിതാവ് ഈ കേരള രാജ്യത്തിലുള്ള ക്രിസ്ത്യാനികളൊക്കയ്ക്കും എത്രയും നല്ല ദീപവും കണ്ണാടിയും ആയിരുന്നതു കൂടാതെ ശു. പള്ളിയുടെ വിശ്വാസത്തെയും വർദ്ധിപ്പിനെയും കുറിച്ചു ശുഷ്കാന്തിയാൽ ഈ തിരുസഭയെ താങ്ങുവാൻ തക്ക തൂണു പോലെ ആയിരുന്നതിനെക്കൊണ്ടും എന്നാൽ പ്രത്യേകമായി കന്ന്യാസ്ത്രീമഠങ്ങളുടെ പുണ്യസാംഗൊപാംഗത്തിന്മേലും വർദ്ധനമേലും മഹാതാത്പര്യക്കാരനും ആയിരുന്നതു  കാരണത്താൽ ഞങ്ങളുടെ ഈ മഠം സ്ഥാപിക്കുന്നതിനും പുണ്യവഴിയിൽ ഞങ്ങളെ നടത്തുന്നതിനും ചെയ്തതും ചെയ്തു വരുന്നതുമായ നന്മ ഉപകാരങ്ങളൊക്കെയും ഇന്നു ഞങ്ങൾക്കു പൊയ്പോയതിനാലത്രേ. എന്നാൽ ഈ മഹാക്ലേശത്തിന്നു അടക്കമുണ്ടായത് എങ്ങനെയെന്നാൽ ഏതേതു ദുഃഖാനർത്ഥങ്ങൾ നേരിട്ടാലും എല്ലാം നമ്മുടെ ഗുണത്തിന്മേൽ എത്രയും താല്പര്യമുള്ള ദൈവതിരുമനസ്സിൽ നിന്നത്രെ വരുന്നത്. എന്നുതന്നെയല്ല നമ്മുടെ ഈ നല്ല പിതാവ് ഇഹലോകത്തിൽ വച്ച് ദൈവസ്തുതിക്കായിട്ടു ചെയ്ത വേലകൾക്കും ബുദ്ധിമുട്ടുകൾക്കും പ്രതിസമ്മാനം കൈകൊള്ളുന്നതിനായി ഈ അലസിഭാഗത്തിൽനിന്നു പുറപ്പെട്ട് ആനന്ദഭാഗ്യം അനുഭവിക്കുന്നതാകയാൽ ഈ ദേഹത്തിന്റെ മരണത്തെകുറിച്ച ദുഃഖിപ്പാനല്ല പിന്നെയോ സന്തോഷിപ്പാനത്രെ ന്യായമെന്നു വിചാരിച്ചും അച്ചൻ ജീവിച്ചിരുന്നപ്പോൾ നമുക്കു ചെയ്ത ഉപകാരങ്ങളെക്കൈക്കായിൽ ഇപ്പൊൾ ആകാശമോക്ഷത്തിൽ ഇരുന്ന നമ്മെ സഹായിക്കുന്നതിന്നും നമുക്കു വെണ്ടിയ ഉപകാരങ്ങളെ ചെയ്യുന്നതിനും ഏറ്റം ജാഗ്രതയുള്ള മദ്ധ്യസ്ഥനും മോക്ഷവാസിയുമായി തീർന്നിരിക്കകൊണ്ട് ഏവർക്കുമുണ്ടായ ക്ലെശം നീങ്ങി സന്തൊഷമാകയും ചെയ്തു."[4]

ചാവറയച്ചനുമായി ഏറ്റവും അടുത്തിടപെട്ട അദ്ദേഹത്തിന്റെ ആത്മപിതാവുകൂടിയായ ലെയോപ്പോൾദച്ചന്റേയും സഹോദരൻ ജെരാർദച്ചന്റേയും അനുഭവങ്ങളുടെ തീവ്രതയും സാക്ഷ്യവുമുൾപ്പെടെ സിസ്റ്റർ അന്ന നല്കുന്ന ഈ വിവരണം, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയുടേയും കേരളസഭയ്ക്കും ഇവിടുത്തെ സ്ത്രീ-പുരുഷ ഏതദ്ദേശീയ സന്ന്യാസസമൂഹങ്ങൾക്കും അവയുടെ സ്ഥാപനത്തിലും വളർത്തലിലും അദ്ദേഹം  വഹിച്ചനായകത്വത്തിനും ചെയ്ത അദ്ധ്വാനങ്ങൾക്കും പ്രത്യേകിച്ച് കന്യാസ്ത്രീമഠസ്ഥാപന

ത്തിലും കന്യാസ്ത്രീകളുടെ കാര്യത്തിലും അദ്ദേഹം പ്രകടിപ്പിച്ച സവിശേഷമായ സ്നേഹത്തിന്റേയും ശ്രദ്ധയുടേയും നേർ സാക്ഷ്യമാണ്, പ്രഘോഷണമാണ്. ആദ്യനാല് അംഗങ്ങളിൽ ഒരുവളായ സിസ്റ്റർ അന്നയുടേതാണ് ഈ സാക്ഷ്യമെന്നത് ഈ വാക്കുകളുടെ ആധികാരികത വർദ്ധിപ്പിക്കുന്നു. കാലത്തിനുതേയ്ച്ചുമായ്ക്കാനാവാത്ത ഈ സത്യത്തിനു നേരേ മിഴിതുറക്കാനും ഒരു കാലഘട്ടത്തിൽ കേരളസഭാദീപമായി, സഭയെ പ്രതിബിംബിച്ച കണ്ണാടിയായി വർത്തിച്ച ആ പുണ്യചരിതന്റെ മാതൃക ഉൾക്കൊള്ളാനും കേരളസഭയിലെ എന്നല്ല, ആഗോളസഭയിലെ തന്നെ ക്രൈസ്തവമക്കൾക്കിടയാകട്ടെ!

**പരാമർശസൂചിക**


1. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 1, നാളാഗമങ്ങൾ* (1985 രണ്ടാം പതിപ്പ്), പേജ് 127.
2. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ* VII/1.
3. *കൂനമ്മാവ് മഠം നാളാഗമം, വാല്യം 2,* പേജ് 17.
4. *കൂനമ്മാവ് മഠം നാളാഗമം, വാല്യം 2,* പേജ് 17–22.

# 3

# നവോത്ഥാന നായകൻ

വിശുദ്ധ ബൈബിളിലെ *സഭാപ്രസംഗകൻ* എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം നാം വായിക്കുന്നു: "എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻകീഴുള്ള സമസ്തകാര്യത്തിനും ഒരവസരമുണ്ട്" (സഭാപ്രസംഗകൻ 3:1) ഈ തിരുവചനങ്ങൾ അന്വർത്ഥമാകുമാറ് കേരളസമൂഹം വിസ്മരിച്ചുപോയ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന മഹത്വ്യക്തിയെ ലോകസമക്ഷം അറിയിക്കുവാൻ ദൈവം നിശ്ചയിച്ച സമയം സമാഗതമായി. കേരളത്തിലെ പൊതുസമൂഹം, പ്രത്യേകിച്ച്, അക്രൈസ്തവരായ സഹോദരങ്ങൾ അദ്ദേഹത്തെ എങ്ങനെ കാണുന്നു, പ്രകീർത്തിക്കുന്നു എന്നു മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

പ്രശസ്തചരിത്രകാരനും സാഹിത്യനിരൂപകനുമായ എം.കെ. സാനുവിന്റെ വാക്കുകളിൽ: "പുണ്യകർമ്മങ്ങൾ കൊണ്ട് ജീവിതം അർത്ഥപൂർണ്ണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായി തീരുന്നു. വാസ്തവത്തിൽ അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണശേഷമാണ്. ഈ പൊതുനിയമത്തിന് ഉത്തമദൃഷ്ടാന്തമെന്ന നിലയിലാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഇന്നും ജനങ്ങളുടെ ആരാധനാപാത്രമായി ശോഭിക്കുന്നത്. ... പുരോഹിതവൃത്തിയിലൂടെ സമുദായശുശ്രൂഷ ആരംഭിച്ച അദ്ദേഹം അതു പര്യവസാനിപ്പിക്കുന്നത് അതിശയകരമായ പല തുടക്കങ്ങൾക്കും കാരണഭൂതനായിട്ടാണ്. അടുത്തിടപഴകുന്നവർക്കും അടുത്തറിയാൻ ആഗ്രഹിക്കുന്നവർക്കും ആരാധനാമനോഭാവത്തോടെയല്ലാതെ ആ പുണ്യപുരുഷനെ നോക്കുക സാധ്യമല്ല. അത്രമാത്രം വിശുദ്ധമായ നിഷ്ഠകളോടെയാണ് തന്റെ പെരുമാറ്റങ്ങളും പ്രവർത്തികളും അദ്ദേഹം നിയന്ത്രിച്ചു പോന്നത്. ആ നിയന്ത്രണത്തിനു പിന്നിൽ സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവുമുണ്ടായിരുന്നു."[1]

ചാവറപിതാവിൽ നിറഞ്ഞുനിന്ന സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവും എന്തായിരുന്നുവെന്ന് എം. കെ. സാനു കൃത്യമായി പറയുന്നില്ല. എന്നാൽ ആ ജീവിതവും ലിഖിതങ്ങളും അവലോകനം ചെയ്യുന്നവർക്ക് അത് സുതരാം വ്യക്തമാകും. ആ വിശ്വാസവും ദർശനവും ഇതായിരുന്നു: ദൈവം തന്റെ പിതാവും എല്ലാമനുഷ്യരും അവിടുത്തെ മക്കളും അതിനാൽ തന്റെ സഹോദരരും കൂടെപ്പിറപ്പുകളുമാണ്. ദൈവത്തെ *ആബാ* പിതാവേ എന്നു വിളിച്ച ദൈവപുത്രനെപ്പോലെ ചാവറയച്ചനും വിളിച്ചു: എന്റെ അപ്പാ ഈ പേരു കൊണ്ടല്ലാതെ എനിക്ക് അങ്ങയെ വിളിക്കാനാവുന്നില്ല.[2] ഈ വിശ്വദർശനം അദ്ദേഹത്തിന്റെ ആത്മീയതയുടെ കേന്ദ്രമായിരുന്നു. മറ്റൊരു ദർശനം കൂടെ അദ്ദേഹത്തെ നയിച്ചിരുന്നു. 'എല്ലാ മനുഷ്യരും പാപത്തിനുവിധേയരാണെന്നും ഈശോമിശിഹായുടെ കുരിശിലെ രക്തംവഴിയാണ് എല്ലാവരും രക്ഷിക്കപ്പെട്ടിരിക്കുന്നതെന്നും. അതിനാൽ സകലരുടേയും രക്ഷകൻ ഈശോമിശിഹായാണ്. മിശിഹാ ചോരചിന്തി രക്ഷിച്ച ഒരു ആത്മാവുപോലും നശിച്ചു പോകരുത്.' ദൈവമക്കളായ എല്ലാ മനുഷ്യരേയും ദൈവത്തിൽ ചേർത്തു നിർത്തി ഭൂമിയിൽ ദൈവരാജ്യം സംസ്ഥാപിക്കണമെന്നുള്ള ഈ ദർശനമാണ് ജാതിമതഭേദമെന്യേ എല്ലാവരേയും സ്നേഹിച്ചു ശുശ്രൂഷിക്കുവാൻ ചാവറയച്ചനെ പ്രേരിപ്പിച്ചത്. അദ്ദേഹം സമാരംഭിച്ച ആദ്ധ്യാത്മിക, സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ ജീവകാരുണ്യപ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ നില്ക്കുന്ന വിശ്വാസവും ദർശനവും ഈ സാർവ്വത്രികസ്നേഹമാണ്, വിശ്വസാഹോദര്യത്തിന്റെ ചൈതന്യമാണ്. സ്വഹൃദയത്തിൽ ദൈവത്തിന്റെ മനസ്സ് ഏറ്റു വാങ്ങി വിശ്വത്തോളം അതിനെ വികസിപ്പിച്ച് സകലരേയും സ്വഹൃദയത്തിൽ ഉൾക്കൊണ്ട ഒരു സമ്പൂർണ്ണമനുഷ്യനായിരുന്നു വി.ചാവറയച്ചൻ.

"കാലത്തിനുമുമ്പേ ജനിച്ച മഹാപ്രതിഭാശാലിയായ ഒരു സാമൂഹ്യനേതാവായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. 19-ാം നൂറ്റാണ്ട് മാനവസമൂഹത്തിനു സമ്മാനിച്ച ദീർഘദർശിയായ പുണ്യതേജസ്. കേരളചരിത്രകാരന്മാർ നീതികാണിക്കാത്ത സാമൂഹ്യപരിഷ്കർത്താവ്"[3] എന്നാണ് എം. ശ്രീധരമേനോൻ പ്രസ്താവിക്കുന്നത്. അദ്ദേഹം വീണ്ടും പറയുന്നു: ആധുനിക കേരളചരിത്ര

ത്തിലെ നവോത്ഥാനകാലഘട്ടമാണ് 19-ാം നൂറ്റാണ്ട്. ഈ നൂറ്റാണ്ടിലെ നവോത്ഥാനനായകന്മാരുടെ കൂട്ടത്തിൽ ചരിത്രകാരന്മാർ പ്രധാനമായും സ്ഥാനം കൊടുത്തത് വൈകുണ്ഠസ്വാമികൾ (1809-1851), ചട്ടമ്പിസ്വാമികൾ (1853-1924), ശ്രീനാരായണഗുരു (1856-1928), അയ്യങ്കാളി (1866-1941) എന്നിവർക്കും മുസ്ലീം സഹോദരരുടെ ഇടയിൽനിന്ന് അബ്ദുൾ ഖാദർ മൗലവിയ്ക്കും (1873-1932) ആണ്. കേരളത്തിന്റെ നവോത്ഥാനചരിത്രം ചില ഹൈന്ദവസംഘടനകളിലും പരിഷ്ക്കർത്താക്കളിലും ഒതുങ്ങി. എന്നാൽ ക്രൈസ്തവസമുദായികപരിഷ്കർത്താക്കളെ കേരളചരിത്രകാരന്മാർ പൊതുവേ അവഗണിച്ചു. ഈ അബദ്ധംമൂലം കേരളചരിത്രത്തിൽ അർഹമായ സ്ഥാനം കിട്ടാതെ പോയ നവോത്ഥാനനായകനാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.[4]

ചാവറയച്ചൻ ജീവിച്ചിരുന്ന 19-ാം നൂറ്റാണ്ട് പൊതുവേ പറഞ്ഞാൽ പരാധീനതകളുടെയും കുറവുകളുടേയും ഒരു കാലഘട്ടമായിരുന്നു. മനുഷ്യനെ മനുഷ്യനായി കാണാൻ, സഹോദരരായി കാണാൻ കഴിയാത്ത ഉച്ചനീചത്വങ്ങൾ, സമുദായങ്ങൾ തമ്മിലുള്ള ഭിന്നത, ദാരിദ്ര്യവും സാമ്പത്തികപരാധീനതകളും, സവർണ്ണ-അവർണ്ണ ജാതി വ്യവസ്ഥസൃഷ്ടിച്ച സാമൂഹ്യ അനാചാരങ്ങൾ, ന്യായമായ വേതനമില്ലാത്ത അവസ്ഥ. സർക്കാർവക പൊതു വിദ്യാലയങ്ങളിൽപോലും അവർണ്ണർക്ക് പ്രവേശനം ലഭിക്കാതിരുന്ന സ്ഥിതി. എല്ലാ മതസ്ഥരുടേയും ഇടയിൽ സ്ത്രീകൾ അവഗണിക്കപ്പെട്ടിരുന്നു. അവർക്ക് സമൂഹത്തിൽ ഒരു നിലയും വിലയും ഉണ്ടായിരുന്നില്ല. ഇപ്രകാരം ഭിന്നതയും വിഭാഗീയതയും വർണ്ണാവർണ്ണ വിവേചനങ്ങളും നാനാവിധമായ പരാധീനതകളും നിലനിന്നിരുന്ന കേരളനാടിന്റെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിലാണ് ചാവറയച്ചന്റെ സംഭാവനകളെ നോക്കിക്കാണേണ്ടത്.

മേല്പറഞ്ഞതുപോലെ ദൈവം തന്റെ പിതാവാണെന്നും എല്ലാവരും അവിടുത്തെ മക്കളാമെന്നുമുള്ള വിശ്വാസവും ദർശനവും നാടിന്റെ ഉണർന്നെഴുന്നേല്പിനും മനുഷ്യന്റെ നന്മയ്ക്കും ഉയർച്ചയ്ക്കും പൊതുസമൂഹസൃഷ്ടിക്കുംവേണ്ടിയുള്ള പദ്ധതികൾ ആരായാൻ ചാവറയച്ചനെ പ്രേരിപ്പിച്ചു. തന്റെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ നീണ്ടമണിക്കൂറുകൾ

നിലകൊണ്ട അദ്ദേഹത്തിന് ദൈവം തന്റെ നിഗൂഢവഴികൾ വെളിപ്പെടുത്തി... അജ്ഞതയുടെ അന്ധകാരം മാറാതെ, ജ്ഞാനവെളിച്ചം കൂടാതെ വിമോചനം ഉണ്ടാകില്ല. ഈ ഉൾക്കാഴ്ച മനുഷ്യന്റെ ജ്ഞാനകുരുടത്വം മാറ്റാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അതിന് ചാവറയച്ചൻ ചെയ്ത സർവ്വോൽകൃഷ്ടമായ കാര്യം എല്ലാവർക്കും വിദ്യാഭ്യാസം നല്കുകയാണ്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ: "പട്ടക്കാരു ജനങ്ങളേയും കാരണവന്മാരു മക്കളേയും പഠിപ്പിക്കുക കടമയായിരിക്കുന്നു." [5] ഇതിന് ആദ്യം ചെയ്തത് ജ്ഞാനവെളിച്ചമുള്ള പട്ടക്കാരുടെ നേതൃത്വനിരയെ സൃഷ്ടിക്കലായിരുന്നു. 1833-ലെ പൊതുസെമിനാരിസ്ഥാപനത്തിന്റെ പ്രസക്തി അതാണ്. തുടർന്ന് 1846-ൽ മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ആദ്യത്തെ കത്തോലിക്കാ സ്കൂൾ-സംസ്കൃതസ്കൂൾ ആരംഭിച്ചു. ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനം അനുവദിച്ച സ്കൂൾ. തൃശൂരിൽനിന്നുള്ള ഒരു വാര്യരാണ് അദ്ധ്യാപകനായി വന്നത്. നൂറ്റാണ്ടുകൾ നിലവിലിരുന്ന ജാതിവ്യവസ്ഥയ്ക്കു കോടാലിവെച്ച തുടക്കം. ഉച്ചനീചോച്ചാടനത്തിന്റെ വിപ്ലവകാഹളം മുഴക്കിയ വേളയായിരുന്നു അത്. പിന്നീട് 1864-ൽ മാതൃഭാഷയിലുള്ള സെന്റ് എഫ്രേം കത്തോലിക്കാ പ്രൈമറി സ്കൂൾ മാന്നാനത്തു ആരംഭിച്ചു. 'വിദ്യാഭ്യാസത്തിലൂടെയുള്ള വിമോചനവും സാമൂഹികമാറ്റവും' അതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1864-ൽ *'പള്ളിയ്ക്കു ഒരു പള്ളിക്കൂടം'* എന്ന നിയമം വികാരി ജനറാൾ എന്ന നിലയിൽ ശാഠ്യപൂർവ്വം നടപ്പിലാക്കിയതോടെയാണ് വിദ്യാഭ്യാസം സാധാരണക്കാർക്കും സമീപസ്ഥവും സംലഭ്യവുമായി തീർന്നത്. സർക്കാർ സ്കൂളുകളിൽപോലും ദളിതർക്കും അവർണർക്കും പ്രവേശനമില്ലാതിരുന്ന കാലത്ത് ജാതിമതഭേദമന്യേ എല്ലാ കുട്ടികൾക്കും പള്ളിക്കൂടങ്ങളിൽ പ്രവേശനം നല്കി എന്നത് പ്രത്യേകം സ്മരണാർഹമാണ്. ദളിത് കുട്ടികളെ സ്കൂളിലെത്തിക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തു. പഠനം മുടക്കാതിരിക്കാൻ പാഠപ്പുസ്തകം, വസ്ത്രം, ഉച്ചക്കഞ്ഞി എന്നിവ സൗജന്യമായി നല്കി. സർക്കാർസ്കൂളുകളിൽ പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന് ശിപാർശചെയ്തുകൊണ്ട് ദിവാനായിരുന്ന സി. പി. രാമസ്വാമിഅയ്യർ 1936 നവംബർ 26-ന് മഹാരാജാവിന് സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവസ്ഥാപന

ങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടികാണിക്കുന്നുണ്ട്. 1940-കളിൽ തിരുവതംകൂറിൽ ഈ സാമൂഹ്യപരിപാടി ആരംഭിച്ചതിനു പ്രചോദനം ചാവറയച്ചന്റെ ഈ നടപടിയാണ്.[6]

വൈധവ്യം ശാപമായി കരുതിയിരുന്ന, സതി സമ്പ്രദായം നില വിലിരുന്ന ഒരു നാട്ടിൽ രണ്ട് വിധവകളേയും രണ്ട് കന്യകളേയും ഉൾപ്പെടുത്തി 1866 ഫെബ്രുവരി 13-ന് കേരളത്തിലെ പ്രഥമ ഏതദ്ദേ ശീയ സന്ന്യാസിനീസമൂഹം കൂനമ്മാവിൽ സ്ഥാപിച്ചു. സമർപ്പിത രായ സ്ത്രീകളിലൂടെ സ്ത്രീകളുടെ സമഗ്രവികസനവും സമുദ്ധാര ണവും അദ്ദേഹം ലക്ഷ്യം വെച്ചു. 1868 ജനുവരി 2-ന് പെൺകുട്ടി കൾക്കു താമസിച്ചു പഠിക്കുവാനുള്ള ആദ്യത്തെ ബോർഡിംഗും (എദുക്കുംന്താത്ത്) കൂനമ്മാവിൽ ആരംഭിച്ചു. എഴുത്ത്, വായന, ഭാഷ, കണക്ക് തയ്യൽപ്പണി, റേന്തപ്പണി, പൂക്കളുണ്ടാക്കുക, കൊന്ത കെട്ട്, പാചകം തുടങ്ങിയവ പഠിപ്പിച്ചിരുന്നു. തൊഴിലധിഷ്ഠിത വിദ്യാ ഭ്യാസത്തിന്റെ പ്രാരംഭമായിരുന്നു അത്.

വിദ്യാഭ്യാസത്തോടൊപ്പം അച്ചടിയും പുസ്കങ്ങളുടെ പ്രസിദ്ധീ കരണവും കൂടിയായപ്പോൾ വൈജ്ഞാനികരംഗത്ത് ഒരു തരംഗം സൃഷ്ടിക്കാൻ ഇടയായി. അതോടൊപ്പം സ്വന്തമായ ചരിത്ര, സാഹിത്യ ആദ്ധ്യാത്മികമായ രചനകളും സമൂഹത്തിന്റെ വിവിധമേ ഖലകളിലുള്ള വർക്കുള്ള ആധികാരികമായ എഴുത്തുകളും കൂടി ആയപ്പോൾ ആ മഹത്ചരിതന്റെ സംഭാവന ഉന്നതിയിലായി. മലയാ ളത്തിലെ ആദ്യനാടകകൃത്തായും (1857-79 കാലഘട്ടത്തിലെഴുതിയ *എക്ലോഗുകൾ*) ഖണ്ഡകാവ്യരചയിതാവായും (*അനസ്താസ്യാ യുടെ രക്തസാക്ഷ്യം*) മലയാളത്തിലെ ആദ്യജീവചരിത്രകാരനുമാ യും (ഒരു മലയാളി മറ്റൊരു മലയാളിയെക്കുറിച്ചെഴുതിയ ആദ്യ ജീവചരിത്രം ചാവറയച്ചൻ പാലയ്ക്കൽ തോമാമല്പാനെക്കുറിച്ചെ ഴുതിയതാണ്)[7] സാഹിത്യകാരന്മാർ അദ്ദേഹത്തെ അംഗീകരിക്കു ന്നു. ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഉപവിശാലയും, കുടുംബ ങ്ങൾക്കൊരു മാർഗ്ഗരേഖയായി സ്വന്തകൈപ്പടയിൽ എഴുതി നല്കിയ കുടുംബചട്ടവും (*ഒരു നല്ല അപ്പന്റെ ചാവരുൾ*) എല്ലാംകൂടി കണ ക്കിലെടുത്താൽ കേരള സഭയും സമൂഹവും ജന്മം കൊടുത്ത സാമുദായിക സാംസ്കാരിക സാമൂഹിക നായന്മാരിൽ അഗ്രഗണ്യ നാണ് ചാവറയച്ചൻ എന്ന് നിസ്സംശയം പറയാം.

പ്രശസ്ത സാഹിത്യകാരനും വാഗ്മിയുമായ സുകുമാർ അഴീക്കോടിന്റെ വാക്കുകളിൽ ഇത് ഉപസംഹരിക്കുകയാണ്: 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ ഒരാൾ 20-ാം നൂറ്റാണ്ടിൽ ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നെങ്കിൽ ആ വ്യക്തി 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടും സൃഷ്ടിച്ച ഒരാളായിരിക്കും അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. ചാവറയച്ചൻ അത്തരം ഒരു അപൂർവ്വയുഗസ്രഷ്ടാവായിരുന്നു. 19-ാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയസമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന ചാവറയച്ചൻ 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് സൂര്യതേജസായി ചൂടും വെളിച്ചവും പകരുന്നു. ഇത് തുടർന്നുകൊണ്ടേയിരിക്കും.[8]

## പരാമർശസൂചിക


1. എം. കെ. സാനു, "കേരളനവോത്ഥാനത്തിലെ ശുക്രനക്ഷത്രം," *ചാവറയച്ചൻ,* Chavara Birth Bicentenary Special 2004, A Deepika Publication, page 25.
2. ചാവറയച്ചൻ, ധ്യാനസല്ലാപങ്ങൾ, പേജ് 17-18.
3. എം. ശ്രീധരമേനോൻ, "കാലത്തിനുമുമ്പേ നടന്ന നവോത്ഥാന നായകൻ," *ചാവറയച്ചൻ*, പേജ് 16.
4. എം. ശ്രീധരമേനോൻ, "കാലത്തിനുമുമ്പേ നടന്ന നവോത്ഥാന നായകൻ," *ചാവറയച്ചൻ*, പേജ് 17.
5. ചാവറയച്ചന്റെ *കത്തുകൾ,* IX/2.
6. എം. ശ്രീധരമേനോൻ, "കാലത്തിനുമുമ്പേ നടന്ന നവോത്ഥാന നായകൻ," *ചാവറയച്ചൻ*, പേജ് 19.
7. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്, *നാളാഗമങ്ങൾ* (1985 രണ്ടാം പതിപ്പ്), പേജ് 58-74.
8. സുകുമാർ അഴീക്കോട്, "കാലാതീതമായ മഹാജ്യോതിസ്സിലേയ്ക്ക്" *സുകൃതം സ്മര* (ബേസ്റൗമ പ്രസിദ്ധീകരണം, കൊച്ചി: 2012), പേജ് 21.

# 4

# ചാവരുൾ: പ്രസക്തിയും പ്രാധാന്യവും

കത്തോലിക്കാസഭയിൽ നവീകരണത്തിന്റെ മണിനാദവുമായി സമാരംഭിച്ച അഭിനവ പന്തക്കുസ്താ എന്നു വിളിക്കപ്പെടുന്ന 2-ാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപിതലക്ഷ്യം സഭയുടെ നവീകരണമായിരുന്നു. സഭ നവീകരിക്കപ്പെടണമെങ്കിൽ അത് ആദ്യം നടക്കേണ്ടത് സഭയുടെതന്നെ ചെറുപതിപ്പായ ഗാർഹികസഭ[1] എന്ന് കൗൺസിൽ വിളിച്ച കുടുംബത്തിലാണ്. കുടുംബമെന്നത് സഭയുടെ മാത്രമല്ല, സമൂഹത്തിന്റെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനഘടകമാണ്. ഏതൊരു മനുഷ്യനും ലോകത്തിലേക്ക് കടന്നുവരുന്നത് കുടുംബത്തിലൂടെയാണ്. കുടുംബത്തിൽ നിന്ന് മാറിനിന്നുകൊണ്ട് മനുഷ്യനെക്കുറിച്ചോ, സഭയെക്കുറിച്ചോ, രാഷ്ട്രത്തെക്കുറിച്ചോ ചിന്തിക്കുവാനാവില്ല.

നവീകരിക്കപ്പെടാൻ ഏറ്റവും ആവശ്യവ്യവസ്ഥയായി കൗൺസിൽ പഠിപ്പിച്ചത് ഉറവിടങ്ങളിലേക്ക് തിരിയാനാണ്. സഭയെ സംബന്ധിച്ച് അതിന്റെ ആദ്ധ്യാത്മിക ഉറവിടം വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവുമാണ്. വ്യക്തികളും കുടുംബവും ദൈവവചനത്തിലും കൂദാശകളിലും സഭാപിതാക്കൻമാരുടെ പ്രബോധനങ്ങളിലും അധിഷ്ഠിതമായ ഒരു ജീവിതം നയിച്ചാലേ സഭ യഥാർത്ഥത്തിൽ നവീകരിക്കപ്പെടുകയുള്ളു. കൗൺസിൽ വ്യത്യസ്ത വിഷയങ്ങളെ കേന്ദ്രീകരിച്ച് നാലു പ്രമാണരേഖകളും ഒൻപത് ഡിക്രികളും മൂന്നു പ്രഖ്യാപനങ്ങളും പുറപ്പെടുവിച്ചു. എന്നാൽ ആത്യന്തികമായി പറഞ്ഞാൽ കുടുംബമെന്ന ഗാർഹികസഭയെ ഉന്നംവെച്ചും അതിലൂടെ സാർവ്വത്രികസഭയെയും മാനവസമൂഹത്തെയും മുന്നിൽ കണ്ടുകൊണ്ടുമുള്ള പ്രബോധനങ്ങളായിരുന്നു അവയെല്ലാം. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് മാർ പോൾ ആറാമൻ, മാർ ജോൺ പോൾ രണ്ടാമൻ, മാർ ബനഡിക്റ്റ് 16-ാമൻ, മാർ ഫ്രാൻസിസ്

എന്നീ പാപ്പാമാർ അല്മായരുടെ, കുടുംബങ്ങളുടെ നവീകരണത്തിനും വിശുദ്ധിക്കുമായി പല പ്രബോധനങ്ങൾ ഈ ആധുനിക കാലത്തു നല്കി. അവയിൽ പ്രാധാന്യമർഹിക്കുന്നതാണ് *ഹുമാനേ വീത്തേ, കുടുംബങ്ങൾക്കൊരെഴുത്ത്, കുടുംബം ഒരു കൂട്ടായ്മ, ആനന്ദത്തിന്റെ സാക്ഷികൾ* തുടങ്ങിയവ. ഇവയിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. കുടുംബങ്ങൾ എങ്ങനെയായിരിക്കണമെന്നും ഒരു നല്ല ക്രിസ്ത്യാനി കുടുംബം എപ്രകാരമാണ് രൂപപ്പെടുത്തേണ്ടതെന്നും ആധുനിക പാപ്പാമാർ ഇപ്പോൾ നല്കുന്ന ഉദ്ബോധനങ്ങളിൽ പലതും ഒന്നരനൂറ്റാണ്ടുമുമ്പ് ചാവറപ്പിതാവ് തന്റെ ചാവരുളിലൂടെ പറഞ്ഞുതന്നിരുന്നു എന്ന വസ്തുതയാണ്. കത്തോലിക്കാസഭയിലെ ഏതെങ്കിലും ഒരുവ്യക്തി ഇത്ര സമ്യക്കായി, ലളിതമായി, ദൈവവചനത്തിന്റെയും സഭയുടെ അടിസ്ഥാനപഠനങ്ങളുടെയും വെളിച്ചത്തിൽ കുടുംബത്തെക്കുറിച്ച്, ക്രൈസ്തവജീവിതത്തെക്കുറിച്ച് അതെഴുതിയ 19-ാം നൂറ്റാണ്ടുമുതൽ ഇന്ന് ഈ 21-ാം നൂറ്റാണ്ടിലും പ്രസക്തമായ ഒരു പ്രബോധനം നല്കിയിട്ടുള്ളതായി തോന്നുന്നില്ല. ദൈവവചനത്തിൽ അധിഷ്ഠിതമായ ഈ ചെറുകൃതിയിൽ ഇന്നലകളിലെ അനുഭവവും ഇന്നിന്റെ പ്രായോഗികതയും നാളെയെ സംബന്ധിക്കുന്ന ദീർഘവീക്ഷണവും ഉൾച്ചേർന്നിട്ടുണ്ട്. ഒരു ആദ്ധ്യാത്മികാചാര്യന്റെ ഉൾക്കാഴ്ചയും, അദ്ധ്യാപകന്റെ പാടവവും മനഃശാസ്ത്രജ്ഞന്റെ സമീപനവും, പിതാവിന്റെ കരുതലും, ന്യായാധിപന്റെ നീതിനിഷ്ഠയും, അമ്മയുടെ വാത്സല്യവും, തത്വജ്ഞാനിയുടെ ദർശനവും, പ്രവാചകന്റെ ദീർഘവീക്ഷണവും ഇതിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

ചാവറപ്പിതാവിന്റെ കുടുംബദർശനത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നത് അദ്ദേഹത്തിന്റെ ത്രിത്വകുടുംബദർശനമാണ്. മൂവരെങ്കിലും ഒന്നായിരിക്കുന്ന, പരസ്പരം ആത്മദാനം ചെയ്തും സ്വീകരിച്ചും ആദരിച്ചും സ്നേഹത്തിന്റെ കൂട്ടായ്മയിലായിരിക്കുന്ന പരി. ത്രിത്വം. ഈസ്വർഗ്ഗീയകുടുംബത്തിന്റെ പ്രതിച്ഛായയാണ് അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട തിരുക്കുടുംബത്തിൽ അദ്ദേഹം ദർശിച്ചത്. ഭൂമിയിലെ സകല കുടുംബങ്ങൾക്കും മാതൃകയും മാർഗ്ഗദർശിയും ഈ കുടുംബംതന്നെ. സ്നേഹത്തിന്റെ, വിനയത്തിന്റെ, വിധേയപ്പെടലിന്റെ, പങ്കുവയ്ക്കലിന്റെ, അദ്ധ്വാനത്തിന്റെ, പരസ്പരബഹുമാനത്തിന്റെ, ആദരവിന്റെ, ദൈവഹിതമന്വേഷിക്കലിന്റെ, അതു നിവർത്തി

യാക്കലിന്റെ, സഹനത്തിലും ആനന്ദം കണ്ടെത്തുന്നതിന്റെയെല്ലാം ഉദാത്ത മാതൃക! ഈ തിരുക്കുടുംബത്തോടൊത്തു ജീവിച്ച് ജീവിതം ധന്യമാക്കിയതിന്റെ പ്രതിഫലനം ചാവരുളിന്റെ ഏടുകളിലുണ്ട്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ഈ കുടുംബങ്ങളുടെ മാതൃകയിൽ മനുഷ്യകുലമാകുന്ന കുടുംബം, സഭയാകുന്ന കുടുംബം, സന്ന്യാസസമൂഹമാകുന്ന കുടുംബം, വീടാകുന്ന കുടുംബം ജീവിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ ഇവയുടെയെല്ലാം അടിസ്ഥാനഘടകം ഒരു ഭവനമാകയാൽ ഭവനാംഗങ്ങൾ ഒരുമിച്ചുള്ള ജീവിതത്തിനുള്ള രൂപരേഖയാണ് ചാവറയച്ചൻ ചാവരുളിൽ നല്കുന്നത്.

ചാവരുൾ ആകെക്കൂടി നോക്കിയാൽ മനസ്സിലാകുന്ന കാര്യം ദൈവം തന്റെ ജനത്തിന്റെ ഐശ്വര്യപൂർണ്ണമായ ഭാവിക്കും, ദൈവത്തിന്റെ ജീവനിലും സ്നേഹത്തിലുമുള്ള നിലനില്പിനുമായി മോശ വഴി നല്കിയ ദൈവകല്പനകളുടെ ഒരു ആഖ്യാനമാണിതെന്നാണ്. 'നിങ്ങൾ എന്റെ വാക്കുകേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ എല്ലാം ജനങ്ങളിലുംവെച്ച് നിങ്ങൾ എനിക്ക് പ്രിയപ്പെട്ട ജനമായിരിക്കും' (പുറപ്പാട് 19:5) എന്ന് മോശവഴി ദൈവം ജനത്തോട് പ്രഖ്യാപിച്ചു. ദൈവം ഇസ്രായേലിനു കൊടുത്ത പ്രമാണങ്ങൾ എല്ലാകാലത്തും ജനം അനുവർത്തിക്കേണ്ട ധാർമ്മികമായ ഒരു നിയമസംഹിതയായിരുന്നു. ഇതിൽ സ്രഷ്ടാവായ ദൈവത്തോട് മനുഷ്യൻ പുലർത്തേണ്ട ധർമ്മം ഉണ്ട്; സ്വന്തം മാതാപിതാക്കളോട്, കുടുംബാംഗങ്ങളോട്, അയൽക്കാരനോട്, സുഹൃത്തുക്കളോട്, തന്നോടുതന്നെ പുലർത്തേണ്ട നീതിയുടെ പാഠങ്ങളുണ്ട്. ഇപ്രകാരമുള്ള ദൈവപ്രമാണങ്ങളെ പ്രായോഗികജീവിതത്തിൽ അനുവർത്തിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കുകയാണ് ചാവരുളിലൂടെ ചാവറയച്ചൻ. തേനും പാലും ഒഴുകുന്ന കാനാൻദേശത്ത് എന്നും വസിക്കാൻ ദൈവത്തിന്റെ പ്രമാണം ഇസ്രായേൽ ജനത്തിന് നല്കിയ മോശയെപ്പോലെ, ആകാശമോക്ഷമായ സ്വർഗ്ഗത്തിൽ മനുഷ്യൻ എന്നും വസിക്കാനും അതിന്റെ മുന്നനുഭവം ഈ ഭൂമിയിൽ അനുഭവിക്കുവാനും ആകാശമോക്ഷത്തിന്റെ സദൃശ്യമായി കുടുംബത്തെ എങ്ങനെ കരുപ്പിടുപ്പിക്കണമെന്ന് ആധുനിക ദൈവജനത്തിന് കാണിച്ചുകൊടുത്ത ആധുനികമോശയാണ് ചാവറപ്പിതാവ്.

ദൈവകല്പനകളിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തെക്കുറിച്ചും പിന്നീടുള്ള ഏഴെണ്ണം മനുഷ്യരുമായുള്ള ബന്ധത്തെക്കുറിച്ചും ഉള്ള

വയാണല്ലോ. 'നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു ഞാന ല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്ന്' കല്പിക്കുന്ന ദൈവം, ജീവിതത്തിൽ മനുഷ്യൻ ദൈവത്തിനു കൊടുക്കേണ്ട പ്രഥമ സ്ഥാനത്തെക്കുറിച്ചാണ് പ്രഖ്യാപിക്കുന്നത്. ദൈവമല്ലാത്ത മറ്റെല്ലാം വിഗ്രഹങ്ങളാണ്. ദൈവപ്രമാണത്തിന്റെ സാരാംശം ഇപ്രകാരം ചാവ റപ്പിതാവ് എഴുതി: 'ഒരു കുടുംബത്തിന്റെ സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്വിൻ ഫലം അനുഭവിക്കും.'[2] നവമായ ഒരു കുടുംബം സ്ഥാപിക്കുന്ന 'വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടത് ക്രമവും ദൈവപേടിയുമുള്ള കുടുംബങ്ങളുമായിട്ടായിരിക്കണമെന്ന്'[3] അദ്ദേഹം ഉദ്ബോധിപ്പിക്കുമ്പോൾ 'കുടുംബത്തിന് ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളിൽ നിന്നല്ല എന്നും ദൈവപേടിയുള്ളവരിൽ നിന്നാണെന്നും'[4] അദ്ദേഹം ഉദാഹ രണസഹിതം സമർത്ഥിക്കുന്നു. ദൈവത്തിന്, ജീവിതത്തിൽ, കുടും ബത്തിൽ പ്രഥമസ്ഥാനം കൊടുക്കുന്നിടത്താണ് സന്തോഷവും സൗഭാഗ്യവും സമാധാനവും കൈവരുന്നത്. അവയാണ് ആകാശ മോക്ഷത്തിന്റെ സദൃശ്യമായി കുടുംബത്തെ തീർക്കുന്നതും. ദൈവത്തെ മാറ്റി നിർത്തി ഭൂമിയിൽ സ്വർഗ്ഗം പണിയാൻ, പണത്തിനും പ്രതാപത്തിനും സ്ഥാനമാനങ്ങൾക്കും, സൗന്ദര്യത്തിനും, ഉയർന്ന ജോലിക്കും മറ്റും സാധ്യതകൾ നോക്കി തട്ടിക്കൂട്ടുന്ന വിവാഹങ്ങളും കുടുംബബന്ധങ്ങളും പൊട്ടിത്തകരുന്ന കാഴ്ച അനുദിനമെന്നോണം വർദ്ധിച്ചുവരുന്നത് നമുക്കു കണ്ടില്ലെന്നു നടിക്കാനാവുമോ? ചാവ റയച്ചന്റെ വാക്കുകളുടെ ഉൾപ്പൊരുളും പ്രസക്തിയും ഇത്തരം പ്രതി സന്ധികളുടെ മുമ്പിൽനിന്നു അവയെ നോക്കിക്കാണുമ്പോഴാണ് വ്യക്തമാകുന്നത്.

ധനസമ്പാദനം, പഠനം, ജോലി എന്നിവയുടെ വ്യഗ്രതകൾക്കിട യിൽ ഞായറാഴ്ച ആചരണം അന്യം നിന്നു പോകുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ ചാവറപ്പിതാവ് എഴുതുന്നു: "ഞായ റാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലാ യതുകഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു."[5] "... കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടുമാത്രം മതിയാകാതെ ദിവസത്തിന്റെ വലി യപങ്കും പ്രസംഗം കേൾക്ക, നല്ലപുസ്തകങ്ങൾ വായിക്ക മുത

ലായ സൽക്കർമ്മങ്ങളിലും രോഗികളെക്കണ്ട് അവർക്കു ശുശ്രൂഷ ചെയ്യുന്നതിലും ചെലവഴിക്കുക."[6] വിശുദ്ധ ചാവറപ്പിതാവ് ഏകദേശം ഒന്നര നൂറ്റാണ്ടുമുമ്പ് എഴുതിവച്ച ഈ സദുപദേശത്തിന്റെ ആധുനിക ആവിഷ്കാരമല്ലേ *കർത്താവിന്റെ ദിവസം* എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ നമ്മെ പഠിപ്പിക്കുന്നത്? പരിശുദ്ധ പിതാവ് എഴുതുന്നു: "ഞായറാഴ്ച സന്തോഷത്തിന്റെ ദിവസമാണെങ്കിൽ തനിച്ചു സന്തോഷിക്കുവാൻ കഴിയുകയില്ലെന്ന് ക്രിസ്ത്യാനികൾ തങ്ങളുടെ യഥാർത്ഥ പെരുമാറ്റം വഴി പ്രഖ്യാപിക്കണം. തങ്ങളുടെ സഹായം ആവശ്യമുള്ളവരുണ്ടോയെന്ന് അവർ ചുറ്റും നോക്കണം. അവരുടെ അയൽപക്കത്തോ അവർ അറിയുന്നവരുടെയിടയിലോ രോഗികളോ കുട്ടികളോ വൃദ്ധരോ പരദേശികളോ ഉണ്ടായിരിക്കും. അവർ തീവ്രമായ ഏകാന്തതയും ആവശ്യങ്ങളും ദുരിതങ്ങളും അനുഭവിക്കുന്നവരായിരിക്കും... ഒറ്റക്കു കഴിയുന്നവരെ ഭക്ഷണത്തിനു ക്ഷണിക്കുക, രോഗികളെ സന്ദർശിക്കുക... എന്നിവ അൾത്താരയിൽ നിന്നും സ്വീകരിച്ച ക്രിസ്തുവിന്റെ സ്നേഹത്തെ തീർച്ചയായും ജനങ്ങളുടെ ജീവിതത്തിലേക്ക് എത്തിക്കാനുള്ള വഴികളാണ്."[7] ഞായറാഴ്ചയെ, ആദ്ധ്യാത്മികമായ ഉന്നമനത്തിനു ഉതകുന്നവിധം വിശുദ്ധ കുർബാനയിലുള്ള സജീവപങ്കാളിത്വത്തിലും ദൈവവചനവായന, പഠനം ഇത്യാദികൾക്കായ് മാത്രം മാറ്റിവെച്ചാൽ പോരാ. പിന്നെയോ സാഹോദര്യത്തിന്റെ അനുഭവം മറ്റുള്ളവർക്കു ലഭിക്കത്തക്കവിധം പങ്കുവയ്ക്കലിന്റെയും, ശുശ്രൂഷയുടേയും ഒന്നായി മാറ്റണമെന്നുമാണല്ലോ ഒന്നര നൂറ്റാണ്ടുമുമ്പ് ചാവറയച്ചനും ഏതാനും വർഷങ്ങൾക്കുമുമ്പ് (1998-ൽ) ജോൺ പോൾ മാർപ്പാപ്പായും പറഞ്ഞുവച്ചത്!

കുടുംബാംഗങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട പരസ്പരസ്നേഹത്തിന്റേയും, ക്ഷമയുടേയും, വിട്ടുവീഴ്ചയുടേയും ആവശ്യകത വ്യക്തമാക്കുന്ന ചാവറയച്ചൻ ഈ ഭൂമിയിലെ ക്ലേശപൂർണ്ണമായ ജീവിതത്തിൽ ആശ്വാസകേന്ദ്രമായി മാറേണ്ട ഇടമാണ് ഭവനമെന്നും അവിടെ ഭിന്നത വിതയ്ക്കുന്നവർ പിശാചിന്റെ കൈകളിലെ ഉപകരണമാണെന്നും പ്രസ്താവിക്കുന്നു. ഒരു സ്നേഹസമൂഹമായി മാറുമ്പോഴേ കുടുംബജീവിതം സ്വർഗ്ഗസമാനമാവുകയുള്ളു. ഇതിന് സഹായിക്കുന്നവയാണ് ദൈവപ്രമാണങ്ങളിലെ മറ്റ് ഏഴു പ്രമാണങ്ങളും.

മനുഷ്യരോടു ബന്ധപ്പെട്ട ഏഴു പ്രമാണങ്ങളെ സംബന്ധിച്ചു ചാവറപ്പിതാവു പറയുന്ന കാര്യങ്ങളിൽ സർവ്വോത്കൃഷ്ടമാണ് മാതാപിതാക്കന്മാരെ ബഹുമാനിക്കുക എന്ന 4-ാം പ്രമാണത്തെക്കുറിച്ചു പ്രസ്താവിക്കുന്നവ. വിശുദ്ധ ഗ്രന്ഥത്തിൽത്തന്നെ ഇത് വാഗ്ദാനത്തോടുകൂടിയ പ്രമാണമാണ്. മാതാപിതാക്കന്മാരെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുമ്പോൾ തന്നെ മക്കളെ അവരുടെ ന്യായമായ കാര്യങ്ങളിൽ മാതാപിതാക്കൾ ആദരിക്കേണ്ടതും പറയുവാൻ ചാവറയച്ചൻ മടിക്കുന്നില്ല. അതിനുള്ള ഉദാഹരണമാണ് അവർക്ക് തങ്ങളുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകാനുള്ള അദ്ദേഹത്തിന്റെ നിഷ്ക്കർഷ. മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണമെങ്കിൽ അതിന് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടികാണിക്കുന്നത് മാതാപിതാക്കന്മാർ പരസ്പരമുള്ള ബഹുമാനമാണ്. "കാരണവന്മാർ തമ്മിൽതമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല"[8] എന്ന അദ്ദേഹത്തിന്റെ വാക്കുകൾ മാതാപിതാക്കൾക്കുമുൻപിൽ എക്കാലവും ഒരു വെല്ലുവിളിതന്നെയാണ്.

മാതാപിതാക്കളോടുള്ള ബഹുമാനത്തിന്റേയും ജീവനോടുള്ള ആദരവിന്റേയും ഭാഗമാണ് വാർദ്ധ്യക്യത്തിലും രോഗാവസ്ഥയിലുമുള്ളവരുടെ ശുശ്രൂഷ. സ്വന്തം അമ്മയെ പരിചരിക്കാൻ ആവശ്യമായ സാമ്പത്തികഭദ്രതയ്ക്കായി സ്വയം കള്ളനെന്നു ഭാവിച്ച് ജീവൻത്യജിക്കാൻ തയ്യാറാകുന്ന പുത്രന്റെകഥ ആധുനികലോകത്തിനുമുമ്പിൽ വെല്ലുവിളിതന്നെയാണ്. "മക്കൾ സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിട്ടുള്ള നിക്ഷേപമാകുന്നു"[9] എന്ന് ചാവറയച്ചൻ എഴുതുമ്പോൾ മക്കളുടെ എണ്ണം കുറച്ച് സ്വന്തസുഖം തേടുന്ന, സാമ്പത്തികഭദ്രത ഉറപ്പാക്കുന്ന മാതാപിതാക്കൾക്കും വെല്ലുവിളിയാണ്. ഏകദേശം ഒന്നര നൂറ്റാണ്ടു മുൻപ് ചാവറയച്ചൻ പറഞ്ഞ അതേ വാക്കുകൾ ആവർത്തിച്ചുകൊണ്ട് പരി. പിതാവ് ജോൺ പോൾ എഴുതി: "കുടുംബത്തിൽ ജനിച്ചുവളരുന്ന ഓരോ കുട്ടിയും ഒരു ഭാവി നിക്ഷേപമാണ്."[10] മക്കളുടെ സംഖ്യ തീർത്തും കുറഞ്ഞുപോകാതെയിരിക്കാനും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായി ലോകത്തെ യൗവനയുക്തമായി കാക്കാനുമുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. മക്കളുടെ വളർത്ത

ലിനെയും ശിക്ഷണത്തെയും സംബന്ധിച്ച് ചാവറയച്ചൻ നല്കുന്ന നിർദ്ദേശങ്ങൾ ആധുനികമനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വില യിരുത്തിയാൽ അദ്ദേഹം എത്രയോ ഉൾക്കാഴ്ചയുള്ളവനായിരുന്നു എന്ന് വ്യക്തമാകും. 'മക്കളോടുള്ള അധിക കടുപ്പവും അധിക അനു ഗ്രഹവും രണ്ടും തിന്മയാകുന്നു'[11] എന്നു പറയുന്ന അദ്ദേഹം, ശിക്ഷണം നൽകേണ്ട വിധമെന്തെന്നും മാതാപിതാക്കന്മാരിൽ നിന്ന് ഇന്നവർ സ്വീകരിക്കുന്ന ശിക്ഷണരീതിയാണ് ഭാവിയിൽ അവർ മുതിർന്നവരാകുമ്പോൾ ആവർത്തിക്കുവാൻ പോകുന്നതെന്നുമുള്ള കാഴ്ചപ്പാടിന്റെയും പ്രബോധനത്തിന്റേയും ആഴം സാമാന്യ ബുദ്ധി ക്കതീതമാണ്.

പെൺകുട്ടികളെ അലങ്കരിച്ചു പ്രദർശന വസ്തുക്കളാക്കുന്നതും, വസ്ത്രധാരണത്തിൽ ശ്രദ്ധിക്കാതെ പോകുമ്പോൾ കുഞ്ഞുങ്ങളിൽ വന്നുഭവിക്കാവുന്ന തിന്മയുടെ ചാച്ചിലുകളും,[12] മാലാഖമാരായിക്കുന്ന കുഞ്ഞുങ്ങൾ അന്യഗൃഹത്തിലും, മാതാപിതാക്കന്മാരുടെ കൺവെ ട്ടത്തിനു പുറത്തും പിശാചുക്കളുടെ കയ്യിലെ ഉപകരണമായി മാറു ന്നതെങ്ങനെയെന്നും മറ്റും അദ്ദേഹം പ്രസ്താവിക്കുമ്പോൾ മക്ക ളുടെ വളർത്തലിൽ ഉണ്ടാകേണ്ട ജാഗ്രത അദ്ദേഹം വ്യക്തമാക്കുക യാണ്.[13] ആധുനിക കാലത്ത് നാം കേൾക്കുന്നതും വായിക്കുന്നതും കാണുന്നതുമായ ലൈംഗികവൈകൃതങ്ങളും, അരാജകത്വവും ചാവ റയച്ചൻ മുൻകൂട്ടി കണ്ടിരുന്നോ എന്ന് തോന്നിപ്പോകും അദ്ദേഹ ത്തിന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം വായിച്ചാൽ. ദൈവാനുഗ്രഹം നിറഞ്ഞ ആ മനുഷ്യൻ ദൈവപ്രേരിതമായി രചിച്ച വാക്കുകളാക യാലാവും ഇന്നലെയെന്നപോലെ ഇന്നും അദ്ദേഹത്തിന്റെ വാക്കു കൾ പ്രസക്തമാകുന്നത്. ഇന്ന് എന്നല്ല മനുഷ്യരാശി നിലനിൽക്കു ന്നിടത്തോളം കാലം അതു പ്രസക്തമാവുകയും ചെയ്യും.

സഹജരോടുള്ള കടമകളിലും, സത്യവും സ്നേഹവും മാനദ ണ്ഡമാക്കി നീതി നടപ്പിലാക്കുന്നതിലും വേലക്കാർക്കു ന്യായമായ കൂലികൊടുക്കുന്നതിലും പാവപ്പെട്ടവരോടും അനാഥരോടും വിധ വകളോടും പരിഗണന കാണിക്കുന്നതിലും അദ്ദേഹം നൽകുന്ന ഉൾക്കാഴ്ചകൾ[14] ഏതുകാലത്തും സ്ഥലത്തും പ്രസക്തമാണെന്ന തിൽ രണ്ടുപക്ഷമില്ല.

ഒരു സമൂഹജീവിയെന്നനിലയിൽ കുടുംബത്തിൽ മാത്രമല്ല സമു ദായത്തിന്റെയും രാഷ്ട്രത്തിന്റെയും ഉൽക്കർഷത്തിനുവേണ്ടി യത്നി

ക്കുന്നതിനാവശ്യമായ അദ്ധ്വാനശീലം,[15] വിദ്യ അഭ്യസിക്കൽ,[16] സജ്ജനസംസർഗ്ഗം,[17] സഹജീവകളോടുള്ള കാരുണ്യം, ഔദാര്യം, നീതി നിഷേധിക്കപ്പെട്ടവരോടും, നിരാലംബരോടും പുലർത്തേണ്ട പരിഗണന,[18] സഹവർത്തിത്വം, ധൂർത്ത്, ലുബ്ധ് എന്നീ തിന്മകളിൽ നിന്നുള്ള മോചനം,[19] ചെയ്യാൻ പറ്റുന്ന നന്മ ആർക്കും നിഷേധിക്കാതിരിക്കാനുള്ള നിഷ്ഠ,[20] എന്നു തുടങ്ങി അനേകം മാനുഷികവും ധാർമ്മികവും, ആത്മീയവും സാംസ്കാരികവുമായിട്ടുള്ള പല മൂല്യങ്ങളും ജീവിതത്തിൽ അനുവർത്തിക്കുവാൻതക്ക പ്രബോധനങ്ങളും ദർശനങ്ങളും ഉൾക്കാഴ്ചകളും നല്കുന്ന ഒരു അമൂല്യ ജ്ഞാന ശേഖരമാണ് നല്ല അപ്പന്റെ ചാവരുൾ. ദൈവീകകല്പനകൾക്ക് ചാവറപ്പിതാവിന്റെ സ്ഥലകാലാവശ്യങ്ങൾക്കനുസരിച്ചുള്ള ഒരു പ്രായോഗിക വ്യാഖ്യാനമായ ഈ കൃതി, ഒരു കുടുംബത്തെ, പ്രത്യേകിച്ചും, ഒരു ക്രിസ്ത്യാനി കുടുംബത്തെ എങ്ങനെ ഭൂമിയിലെ സ്വർഗ്ഗമാക്കാമെന്ന് ലളിതസുന്ദരമായി വരച്ചുകാണിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ നിവേശിതത്വവും കൂദാശകളുടെ കൃപാവരശക്തിയും, സദുപദേശത്തിന്റെ സൽഫലങ്ങളും, ലളിതസുന്ദരമായ പ്രതിപാദനത്തിന്റെ ആകർഷണീയതയും അനുഭവിച്ചറിയുവാൻ പ്രാപ്തമാകുന്ന ഈ ചെറുഗ്രന്ഥം - ഒരു നല്ല അപ്പന്റെ ചാവരുൾ - കുടുംബജീവിതക്കാർക്ക് ഒരു മാർഗ്ഗദർശി തന്നെയാണ്.

ഭൗതീകതയുടെയും ഉപഭോഗ സംസ്കാരത്തിന്റെയും ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെയും, പ്രത്യേകിച്ച്, ഇ-മീഡിയായുടെയും മാസ്മരികതയിൽപ്പെട്ട് ചിറകുകരിഞ്ഞ ഈയാംപാറ്റകൾ പോലെ ജനം, പ്രത്യേകിച്ച്, യുവജനങ്ങൾ നിരാശയിലേക്കും അർത്ഥശൂന്യതയിലേക്കും നീങ്ങുമ്പോൾ, പ്രത്യാശയിലേക്ക് നയിക്കാൻ, പ്രചോദിപ്പിക്കാൻ, ചിന്തിക്കാൻ, പ്രയോഗിക്കാൻ ഉതകുന്ന ഈ ജ്ഞാനസൂക്ത സമാഹാരം കുടുംബങ്ങൾക്കെന്നും ഒരുത്തമ വഴികാട്ടിയാണ്. ഈ ചെറുഗ്രന്ഥത്തിലൂടെ ചാവറയച്ചൻ ഇന്നും സംസാരിക്കുന്നു. മനുഷ്യനും കുടുംബവും ഉള്ളിടത്തോളം കാലം അദ്ദേഹം ഒരു നല്ല അപ്പനെപ്പോലെ ചാവരുളിലൂടെ സംസാരിച്ചുകൊണ്ടേയിരിക്കും. ഇപ്രകാരം കുടുംബജീവിതക്കാർക്കൊരു വഴികാട്ടിയായി, ഗുരുവരനായി, പിതാവായി, മദ്ധ്യസ്ഥനായി ചാവറപ്പിതാവിനെ പരിചിതനാക്കാനുള്ള മാധ്യമങ്ങളായി വർത്തിക്കാനുള്ള നിയോഗം ഏറ്റു വാങ്ങിയവരാണ് കേരളക്രൈസ്തവമക്കൾ. സഭ

യുടെ പ്രേഷിതരംഗങ്ങളിൽ, പ്രത്യേകിച്ച്, അജപാലനശുശ്രൂഷയിലെ വചനവ്യാഖ്യാനവേളകളിൽ, മതാദ്ധ്യാപനക്ലാസ്സുകളിൽ, സംഘടനാ പ്രവർത്തനവേദികളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ കുട്ടികൾക്കിടയിൽ, അദ്ധ്യാപക-അനദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർക്കിടയിൽ, മറ്റു സാമൂഹികമേഖലാപ്രവർത്തനങ്ങളിൽ, നമ്മുടെതന്നെ കുടുംബങ്ങളിൽ, ബന്ധുമിത്രാദികളുടെ ഇടയിൽ തീക്ഷണതയോടെ അതു നിറവേറ്റിയാൽ കുടുംബങ്ങൾക്കൊരു മധ്യസ്ഥനെ ലഭിക്കും. 'ചാവറപ്പിതാവ് കുടുംബങ്ങളുടെ മധ്യസ്ഥൻ' എന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന, ലോകം ആ പ്രഖ്യാപനം ഏറ്റുവാങ്ങുന്ന അനുഗൃഹീത ദിനം അതിവേഗം ആസന്നമാകട്ടെ.

**പരാമർശസൂചിക**


1. തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖ, നമ്പർ 11.
2. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 18.
3. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 8.
4. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 8.
5. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 3.
6. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 22.
7. ജോൺ പോൾ 2, കർത്താവിന്റെ ദിവസം, നമ്പർ 72.
8. കത്തുകൾ, IX/6ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 9.
9. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 1.
10. ജോൺ പോൾ 2, കുടുംബങ്ങൾക്കൊരെഴുത്ത് (വത്തിക്കാൻ: 1994), നമ്പർ 16.
11. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 9.
12. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 12.
13. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 5, 7.
14. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 18.
15. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 11, 12.
16. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 6.
17. കത്തുകൾ, IX/6 ചാവരുൾ, 'മക്കളുടെ വളർത്തൽ," നമ്പർ 16.
18. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 13.
19. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 15.
20. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 14.

# 5

# കൂനമ്മാവിന്റെ പുണ്യാത്മാവ്

ചരിത്രപ്രസിദ്ധമായ വരാപ്പുഴ അതിരൂപതയുടെ അഭിമാനവും അല ങ്കാരവുമാണ് കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവക. ഈ ഇടവകയിലാണ് ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയസന്യാസിനീ സമൂഹം സ്ഥാപിതമായത്. കർമ്മലീത്താമൂന്നാം സഭയുടെ നിയമം അനുഷ്ഠിക്കുന്ന ഒരു സമൂഹമായി 1866 ഫെബ്രുവരി 13ന് ഈ സമൂഹം സ്ഥാപിക്കപ്പെട്ടത് അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബർണ്ണദിൻ ബച്ചിനെല്ലി മെത്രാന്റെ നൈയാമികാനുവാദത്തോടെയാണ്. വിശുദ്ധ അമ്മത്രേസ്യാ പുണ്യവതി യുടെ നാമത്തിൽ സ്ഥാപിതമായ ആദ്യകന്യകാമഠത്തിന്റെ സ്ഥാപകനും പിതാവുമായ വിശുദ്ധ ചാവറപിതാവ് പരലോകപ്രാപ്തനായിട്ട് 2021 ജനുവരി 3ന് 150 വർഷം തികയുകയാണ്. ചരമത്തിന്റെ ശതോത്തരസുവർണ്ണജൂ ബിലിയിലേയ്ക്കു പ്രവേശിക്കുന്ന ഭാരതത്തിലെ ആദ്യനിയമാനുസൃ തസന്യാസിയായ ചാവറപിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ കേരളത്തിലെ സമർപ്പിതരുടെ മുഴുവൻ ആദരാഞ്ജലികൾ! കേരളസഭയുടെ ചരിത്രത്തിന്റെ ഭാഗമായി തീർന്ന ഈ പുണ്യസമർപ്പിതനെ അനുസ്മരിക്കുന്ന ഈ വേളയിൽ സ്ത്രീകളുടെ സമർപ്പണജീവിതത്തിന്റെവേദിയായിത്തീർന്ന കൂനമ്മാവിനെ ക്കുറിച്ചും അവിടെ ഒരു കന്യകാമഠം ഉയർത്തിയവരെക്കുറിച്ചും ചരിത്രത്തിൽനിന്നു വായിച്ചറിയുക അഭികാമ്യമാണ്.

തിരുസഭയ്ക്ക് അനേകം സന്യാസ ദൈവവിളികൾ പ്രദാനം ചെയ്ത ദൈവവിളികളുടെ ഈറ്റില്ലമായ കേരളസഭയിലെ സ്ത്രീകൾ ക്കായുള്ള ആദ്യസന്യാസിനീഭവനം സ്ഥാപിതമായത് കൂനമ്മാവ് ഇടവകയിലാണല്ലോ. ഫിലോമിനാസ് ഇടവകയുടെ 150-ാം വാർഷി കാഘോഷത്തോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സ്മരണികയുടെ *അവ താരിക*യിൽ ഈ ഇടവകയുടെ പ്രശസ്തി ഉയർത്തിയ വ്യക്തികളെ ക്കുറിച്ച് ദിവംഗതനായ കൊർണേലീയൂസ് ഇലഞ്ഞിക്കൽ മെതാ

പ്പോലീത്താ പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "ഭാരതത്തിലെ മഹാമിഷനറി എന്നറിയപ്പെടുന്ന ഡോ. ബർണ്ണദിൻ, അവിസ്മരണീയനായ ലെയോപ്പോൾദ് മിഷനറി, കേരളസഭയിലെ ആദ്യത്തെ വാഴ്ത്തപ്പെട്ടവൻ എന്ന പദവി അലങ്കരിക്കുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവർ കൂനമ്മാവിനെ നിസ്തുലസേവനംകൊണ്ട് അനുഗ്രഹിച്ചവരിൽ ചിലർമാത്രമാണ്. പുണ്യശ്ലോകനായ ബഹു. ജോർജ്ജ് വാകയിലച്ചൻ, അഭിവന്ദ്യസഹായമെത്രാൻ ആന്റണി തണ്ണിക്കോട്ട്, സംസ്ഥാനധനകാര്യമന്ത്രിസ്ഥാനം അലങ്കരിച്ചിരുന്ന കെ. ടി. ജോർജ്ജ്, വാകയിൽ അലക്സാണ്ടർ മാസ്റ്റർ എന്നിവർ കൂനമ്മാവ് ഇടവകയ്ക്ക് എന്നും അഭിമാനിക്കാവുന്ന വ്യക്തികളാണ്."[1] അവതാരകൻ കൂനമ്മാവ് ഇടവക ഹൃദയത്തിൽ താലോലിക്കുന്ന പലരുടേയും പേരുകൾ എടുത്തു പറഞ്ഞുവെങ്കിലും സ്മരണികയുടെ ആദ്യപേജിൽ ഇടവകമദ്ധ്യസ്ഥയായ വിശുദ്ധ ഫിലോമിനായുടെ ചിത്രവും പേരും കഴിഞ്ഞാൽ രണ്ടാം പേജിൽ കൊടുത്തിരിക്കുന്ന നാമവും ചിത്രവും ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേതാണ്. ഏലിയാസച്ചന്റെ ചിത്രത്തിനു മുകളിൽ കൊടുത്തിരിക്കുന്ന തലക്കെട്ടാണ് ഈ ലേഖനത്തിന്റെ ശീർഷകമായി നല്കിയിരിക്കുന്ന "കൂനമ്മാവിന്റെ പുണ്യാത്മാവ്." ഈ തലക്കെട്ടിനെ സാധൂകരിക്കുന്നതാണ് ഈ സ്മരണികയിലെ ലേഖനങ്ങളിലുള്ള പല പ്രതിപാദനങ്ങളും. ലോകചരിത്രത്തിൽ കൂനമ്മാവിന്റെ യശസ്സുയർത്തിയ ഈ പുണ്യാത്മാവിനെക്കുറിച്ച്, അദ്ദേഹം കൂനമ്മാവ് ഇടവകയ്ക്കു നല്കിയ നിസ്തുലസേവനത്തെക്കുറിച്ച് വരാപ്പുഴ അതിരൂപതയിലേയും, കൂനമ്മാവ് ഇടവകയിലേയും ചരിത്രകാരന്മാരും നിരീക്ഷകരും ഒട്ടനവധി കാര്യങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ശതോത്തരസുവർണ്ണജൂബിലി ആഘോഷിക്കുന്ന ഇടവകദൈവാലയത്തെ കേന്ദ്രമാക്കിയുള്ള സ്മരണികയാണെങ്കിലും ദൈവാലയം സ്ഥിതിചെയ്യുന്ന കൂനമ്മാവ് എന്ന നാടിന് വിശുദ്ധിയുടെ പരിമളം നല്കി ലോകാതിർത്തിവരെ അതിന്റെ നാമം പ്രകീർത്തിതനാക്കിയ ചാവറ കുര്യാക്കോസ് എന്ന സന്യാസവര്യൻ കൂനമ്മാവിന് ആരായിരുന്നു, എന്തായിരുന്നു എന്നതിന്റെ ചരിത്രസാക്ഷ്യങ്ങളും അനുഭവസാക്ഷ്യങ്ങളും പ്രസ്തുത സ്മരണികയിൽ ഉടനീളം പ്രകാശിതമാകുന്നുണ്ട്. മറ്റൊരു വ്യക്തിയെക്കുറിച്ചും, വ്യക്തിയുടെ വാക്കുകളും (ചാവറയച്ചന്റെ കൃതികളിൽ നിന്നുള്ള, പ്രത്യേകിച്ച്, *ആത്മാനുതാപം, ഒരു*

*നല്ല അപ്പന്റെ ചാവരുൾ* എന്നിവയിൽനിന്നുള്ള ഉദ്ധരണികൾ കോള ങ്ങളിൽ ധാരാളമായികൊടുത്തിരിക്കുന്നു) ഇത്രയധികമായി സ്മര ണികയിൽ നല്കിയിട്ടില്ല. ഒരു ചരിത്രസംഭവം നടന്ന ഭൂമികയിൽനി ന്നുതന്നെയുള്ളവരും ലത്തീൻ സഭാംഗങ്ങളും നിഷ്പക്ഷമതിക ളുമായ ലേഖകരുടെ തൂലികയിലൂടെ ആവിഷ്ക്കരിക്കപ്പെട്ടതും അവർ പ്രതിനിധാനം ചെയ്യുന്ന നാടും സമുദായവും വിശ്വസിച്ചുപോന്നതും ഒരു നൂറ്റാണ്ടിലധികം കാലമായി നിലനിന്നുപോന്നതുമായ ഒരു സത്യത്തെ - പ്രഥമ തദ്ദേശീയ സന്യാസിനീസഭയുടെസ്ഥാപനം - പൊതുജനസമക്ഷം അവരുടെതന്നെ വാക്കുകളിലൂടെ അനാവരണം ചെയ്യുകയാണിവിടെ.

"കൂനമ്മാവുംകർമ്മലീത്താമിഷനറിമാരും" എന്ന ശീർഷകത്തിൽ ജോൺ ഫ്രാൻസിസ് ഒ.സി.ഡി. പുണ്യാത്മാവായ ചാവറയച്ചന് കൂനമ്മാവുമായുള്ള ബന്ധത്തെക്കുറിച്ച് കാര്യമാത്രപ്രസക്തമായ ഒരു വിവരണം നല്കുന്നുണ്ട്. അതിപ്രകാരമാണ്: ലത്തീൻ റീത്തിൽപ്പെ ട്ടവർക്കുവേണ്ടി ഒരു സന്യാസാശ്രമം തുടങ്ങണമെന്നായിരുന്നു ബർണ്ണഡീന്റെ ഉദ്ദേശമെങ്കിലും അതിനായി സന്യാസസഭയിൽ ചേർന്നവർ അനാരോഗ്യംനിമിത്തം സെമിനാരിയിലേയ്ക്ക് മടങ്ങി പ്പോവുകയാണുണ്ടായത്. ആശ്രമവും കെട്ടിടവും ഒഴിഞ്ഞുകിടക്ക രുതെന്നു തീരുമാനിച്ച് ബെർണ്ണദീൻ മെത്രാപ്പോലീത്താ 1857-ൽ സു റിയാനിസഭ പ്രിയോറായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസ ച്ചൻ കൂനമ്മാവിലേയ്ക്ക് നിയോഗിക്കപ്പെട്ടു. പിന്നീട് അവരോടുകൂടി ലത്തീൻ റീത്തിൽപെട്ടവരും സന്യാസികളായി ചേർന്നിരുന്നു. 1864 ജനുവരി മുതല്ക്കാണ് ചാവറയച്ചൻ കൂനമ്മാവ് ആശ്രമത്തിൽ താമ സമാക്കിയത്. അദ്ദേഹത്തിന്റെ അവസാനത്തെ ഏഴുവർഷങ്ങൾ കൂന മ്മാവിലാണ് ചിലവഴിച്ചത്. ആ പുണ്യപുരുഷൻ ലോകത്തോട് യാത്ര പറഞ്ഞതായ മുറി അദ്ദേഹത്തിന്റെ ശാശ്വതസ്മാരകമായി ഇന്നും നിലകൊള്ളുന്നു... വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ ച്ചന്റെ പ്രവർത്തനങ്ങളുടെ ചുവടുപിടിച്ച് വളർന്നു വന്നിട്ടുള്ള ധാരാളം സ്ഥാപനങ്ങൾ കൂനമ്മാവിലുണ്ട്. ആദ്ധ്യാത്മികരംഗത്തും, സാമൂഹ്യരംഗത്തും, സാംസ്കാരികരംഗത്തും ഇന്ന് നാം കാണുന്ന പലതും ചാവറയച്ചന്റെ ശ്രമഫലമായി സമാരംഭിക്കപ്പെട്ടിട്ടുള്ളവയാ ണ്. ധ്യാനപ്രസംഗങ്ങളും ഇന്ന് കേരളത്തിലുടനീളം നടത്തിവരുന്ന പല ഭക്തകർമ്മങ്ങളും ചാവറയച്ചന്റെ ശ്രമഫലമായി തുടങ്ങിയതാ

ണ്. കേരളത്തിൽ ഇദംപ്രഥമമായി നാല്പതുമണി ആരാധന 1866 ഫെബ്രുവരി 15-ാം തീയതി വ്യാഴാഴ്ച അദ്ദേഹം ആരംഭിച്ചു. പുരുഷന്മാർക്കുള്ളതുപോലെതന്നെ ഒരു സന്യാസാശ്രമം സ്ത്രീകൾക്കും വേണമെന്നുള്ള ലെയോപ്പോൾദ് മിഷനറിയുടേയും ചാവറയച്ചന്റേയും ആഗ്രഹസാക്ഷാത്കാരമാണ് വി.ത്രേസ്യായുടെ കന്യകാമഠം. ആദ്ധ്യാത്മികോപദേഷ്ടാവ് എന്ന നിലയിലും പുതിയ മഠം നിർമ്മിക്കുന്നതിനും പ്രശസ്തമായ സേവനം ചാവറയച്ചൻ അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം കൂനമ്മാവിൽവെച്ച് 1871 ജനുവരി 3-ാം തീയതി ചരമമടഞ്ഞു. മൃതദേഹം കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ പ്രധാനഅൾത്താരയുടെ മുൻവശം വലതുഭാഗത്തായി അടക്കം ചെയ്തു.[2] ഈ ലേഖനത്തിൽത്തന്നെ മറ്റൊരിടത്തായി അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു: “ഈ സഭയുടെ സ്ഥാപകന്മാർ ലെയോപ്പോൾദ് മിഷനറിയും, വാഴ്ത്തപ്പെട്ട കുര്യാക്കോസ് അച്ചനുമാണെന്നത് ശ്രദ്ധേയമാണ്.”[3]

ചാവറയച്ചന്റെ കൂനമ്മാവിലെ ജീവിതത്തിനിടയിൽ ആത്മീയവും ഭൗതികവുമായ സത്ഫലങ്ങൾ ഉളവാക്കുന്ന അനേകം പ്രവർത്തനങ്ങൾക്കു ആരംഭം കുറിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവയിൽവെച്ച് ഏറെ ദൂരെവ്യാപകമായ ഫലം ഉളവാക്കിയ കാര്യം കേരളസഭയിൽ ആദ്യമായി സ്ത്രീകൾക്കായുള്ള ഒരു സന്ന്യാസിനീസമൂഹം അദ്ദേഹം സ്ഥാപിച്ചു എന്നതാണ്. “ഏറിയനാൾ മുൻപിനാലെ സത്യവേദം നടന്നു വരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യ കണ്ടു പഠിത്തവും കൂടാതെയും ആൺ വർഗ്ഗക്കാർക്ക് പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്നല്ലാതെ സ്ത്രീ വർഗ്ഗത്തിന് വിവാഹം കൈകൊണ്ട് സംസാരികൾ ആക എന്നല്ലാതെ കന്നിത്വം കാത്തിരിപ്പാൻ മനസ്സുള്ളവരുണ്ടായാലും അയതിന് ഒരു പോംവഴിയും നൃവാഹം കൂടാതെ ഈ ദുഃഖത്തിൽത്തന്നെ ദീർഘകാലമായി നടന്നു വരികയിൽ...”[4] എന്ന ആമുഖത്തോടെയാണ് അദ്ദേഹം ആദ്യമഠമായ കൂനമ്മാവിന്റെ നാളാഗമം എഴുതിതുടങ്ങുന്നത്. അതിൽനിന്നു വ്യക്തമാകുന്നതുപോലെ മരണത്തോളം കന്നിത്വം കാത്തുജീവിക്കാൻ മനസ്സുകാണിച്ച വാകയിൽ വിധവയായ ഏലീശ്വാ, മകൾ അന്ന, വൈപ്പിശ്ശേരി ത്രേസ്യാ, പുത്തനങ്ങാടി വിധവയായ ഏലീശ്വാ (ക്ലാര) എന്നി

വർക്ക് അതിനുള്ള പോംവഴി ലെയോപ്പോൾദുമൂപ്പച്ചന്റെ സഹകരണത്തോടുകൂടെ അദ്ദേഹം ഉണ്ടാക്കിക്കൊടുത്തു; അവരെ ഒരു പിതാവിനേയും മാതാവിനേയും പോലെ ആത്മീയമായും ഭൗതികമായും പരിശീലിപ്പിച്ചു വളർത്തി. എന്നു മാത്രമല്ല, കൂടുതൽ കൂടുതൽ മഠങ്ങളും എദുക്കുന്താത്തുകളും ഉണ്ടാകണമെന്ന് ആഗ്രഹിച്ച അദ്ദേഹം തന്റെ സഭാംഗങ്ങൾക്കെഴുതിയ *മരണപത്രിക*യിൽ ഇപ്രകാരം രേഖപ്പെടുത്തി സഹസന്യാസികളായ വൈദികരെ ഉത്തരവാദിത്വം ഭരമേല്പിച്ചു: "... മാന്നാനത്തിൽനിന്നു തെക്കോട്ടും കിഴക്കുംപടിഞ്ഞാറുമായി ഈ രണ്ടു ഗൊവേന്തകളും ചില മഠങ്ങളും ആവശ്യമാകയാൽ ആയതു നിറവേറ്റുവാൻ ഇവരിൽ ഒരാൾ (ലെയോപ്പോൾദച്ചൻ/ജരാർദ്മൂപ്പച്ചൻ) മാന്നാനത്തു നൊവിസ്യാത്ത് ആക്കിയാൽ എത്രയും ക്ഷണത്തിൽ ഈ കൊവേന്തകളും മഠങ്ങളും നടക്കുകയും ചെയ്യും. ഇത് തത്തംപള്ളിയിൽ ഒന്ന്, മാവേലിക്കര ഒന്ന്. അതിനു തെക്കായി കിഴക്കും പടിഞ്ഞാറും ഓരോന്നുണ്ടായാൽ ഈ രണ്ട് വരാപ്പുഴ, കൊല്ലം എന്ന വികാരി അപ്പസ്തോലിക്കായിലുള്ള വിശ്വാസികളുടെ ആത്മനടത്തിപ്പിന് എത്രയും നല്ലതും ആവശ്യവും മുത്തോലിയെന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും എദുക്കുന്താത്തുകളും ആവശ്യം തന്നെ. ഇതിനൊക്കെയ്ക്കും നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാഹവും മതിയായിരിക്കുകയും ചെയ്യും."[5] ഇപ്രകാരം കേരളത്തിലെ സ്ത്രീജനങ്ങളുടെ പുനരുദ്ധാരണത്തിനായി സമർപ്പിതരായ സ്ത്രീകളെ ഒരുക്കിയെടുത്തതിൽ മുഖ്യപങ്കുവഹിച്ചതിനാലാകാം കൂനമ്മാവിൽ ആരംഭിച്ച വനിതാ കോൺഫ്രൻസ് പ്രസ്ഥാനത്തിന് *വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് വനിതാ കോൺഫറൻസ്* എന്ന നാമം പ്രസ്തുത ഇടവകക്കാർ നല്കിയത്.[6]

ചാവറയച്ചന്റെ കന്യാസ്ത്രീമഠസ്ഥാപനമെന്ന സംഭാവനയെ സാക്ഷ്യപ്പെടുത്തുന്ന വാക്കുകൾ പല ചരിത്രകാരന്മാരും പ്രസ്താവിക്കുന്നതായി ഈ *സ്മരണിക*യിൽ തന്നെ കാണാനാവും. ഉദാഹരണമായി "കൂനമ്മാവും കേരളക്രൈസ്തവസഭയും" എന്ന ശീർഷകത്തിൽ പി. എം. ജൂസെ എഴുതിയ ചരിത്രലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ഫാദർ ബർണ്ണദിൻ വരാപ്പുഴ അതിരൂപതയുടെ മേത്രാപ്പോലീത്തായായപ്പോൾ മാന്നാനത്തു സ്ഥാപിതമായ ഏതദ്ദേശീയ സന്യാസാശ്രമംപോലെ 1859-ൽ കൂനമ്മാവിൽ മറ്റൊരു സന്യാസാ

ശ്രമം സ്ഥാപിച്ചു. അതിന്റെ പ്രഥമപ്രിയോരായിരുന്നു ചാവറകുര്യാക്കോസച്ചൻ. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി കൂനമ്മാവിൽ മുളയെടുത്തതാണ് കേരളത്തിലെ കർമ്മലീത്താ സന്യാസിനീസഭ. ഇതിലെ സ്ഥാപകാംഗങ്ങൾ അതേ ഇടവകക്കാരും ലത്തീൻ സമുദായത്തിൽപ്പെട്ടവരുമായ വാകയിൽ എലിസബത്തും തെരേസയുമായിരുന്നു (അന്നയുടെ പേര് ഇവിടെ വിട്ടുപോയതായി കാണുന്നു). പിന്നീട് സുറിയാനിക്കാരിയായ ക്ലാരയും അവരോടുകൂടി ചേർന്നു. ഈ രണ്ടു സഭകളിലും റീത്തുവ്യത്യാസം കൂടാതെ അംഗങ്ങളെ ചേർത്തുകൊണ്ടിരുന്നു. കാരണം വിനാശകരമായ മാത്സര്യത്തിൽ കഴിയുന്ന സുറിയാനി ലത്തീൻ റീത്തുകളെ ക്രിസ്തുവിന്റെ ഐക്യത്തിലും സാഹോദര്യത്തിലും നിലനിർത്തുവാനായിരുന്നു ചാവറയച്ചന്റെ ശ്രമം. അങ്ങനെ കൂനമ്മാവ് കേരളക്രൈസ്തവസഭയുടെ ഒരു ശക്തികേന്ദ്രമായി വളർന്നു. അതിനു പ്രധാനകാരണം സന്യാസസഭയിലെ പണ്ഡിതവരേണ്യന്മാരായ അംഗങ്ങളായിരുന്നു. കത്തോലിക്കാവിശ്വാസത്തിനെതിരെ ഉയർന്നുവന്ന വെല്ലുവിളികളെ നേരിടാൻ അവർക്കു കഴിഞ്ഞു. അതിനു നേതൃത്വം നല്കിയത് ചാവറ കുര്യാക്കോസച്ചനല്ലാതെ മറ്റാരുമായിരുന്നില്ല."[7]

സ്മരണികയിലെ വ്യക്തിചരിത്ര രചയിതാക്കളിൽ ഒരുവനായ ബ. ജോർജ്ജ് അറയ്ക്കൽ അച്ചൻ ചാവറയച്ചനെക്കുറിച്ച് എഴുതുന്നത് മേല്പറഞ്ഞവയെയെല്ലാം അരക്കിട്ടുറപ്പിക്കുന്നവിധത്തിലാണ്. അദ്ദേഹം എഴുതുന്നു: "കൂനമ്മാവിന്റെ ആത്മീയ, സാമൂഹ്യ, സാംസ്കാരിക നവോത്ഥാനത്തിന്റെ പിന്നിൽ ഏറെക്കാലം വികാരിയായിരുന്ന ലെയോപ്പോൾദ് മിഷനറിയോടൊപ്പം ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശ്രമമറിയാത്ത പ്രവർത്തനവുണ്ട്. റീത്തുകൾക്കും വർണ്ണങ്ങൾക്കും അതീതമായി അന്ന് കൂനമ്മാവുകൊവേന്തയിൽ ലത്തീൻകാരും സുറിയാനിക്കാരും വിദേശമിഷനറിമാരും ഏകോദരസഹോദരങ്ങളെപ്പോലെ ഒരുമിച്ചു വസിച്ചു, ഒരുമിച്ചു പ്രാർത്ഥിച്ചു, ഒരുമിച്ചു പ്രവർത്തിച്ചു. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം."[8]

ഒന്നായി ആരംഭിച്ചെങ്കിലും റീത്തുകളുടെ അടിസ്ഥാനത്തിൽ രണ്ടു സമൂഹങ്ങളായി പിരിഞ്ഞ കൂനമ്മാവിലെ സന്യാസിനീസമൂഹത്തിലെ സി.ടി.സി. എന്ന് ഇന്നറിയപ്പെടുന്ന ലത്തീൻ റീത്തിൽപെട്ട സി. ലുസീന സി.ടി.സി. "കേരളത്തിലെ ഏതദ്ദേശീയ കർമ്മലീത്താസന്യാസിനീ

സഭ" എന്ന ശീർഷകത്തിൽ എഴുതിയ ചരിത്രലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: ചാവറയച്ചനും ലെയോപ്പോൾദച്ചനും വിശുദ്ധരും വിവേകമതികളും ധീരരുമായ രണ്ടു മഹാത്മാക്കളായിരുന്നു. ഇരുവരുടേയും സ്നേഹവും പരസ്പരധാരണയും സഹകരണമനസ്ഥിതിയുമെല്ലാം ദൈവമഹത്വത്തിനുവേണ്ടി വിനിയോഗിക്കുവാൻ കൂനമ്മാവ് ആശ്രമം വേദിയൊരുക്കി. അതോടെ കേരളസഭയ്ക്ക് കൈവന്ന നേട്ടങ്ങൾ അനവധിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 1866-ലെ കർമ്മലീത്താ സന്യാസിനീസഭാ സ്ഥാപനമാണ്.[9] ചാവറയച്ചനേയും ലെയോപ്പോൾദച്ചനേയും സന്യാസിനീസഭയുടെ സ്ഥാപകരായി കാണുകയും അവരുടെ നിസ്തുല സേവനങ്ങളെ അംഗീകരിച്ചേറ്റുപറയുകയും ചെയ്യുന്ന സിസ്റ്റർ ഉപസംഹാരമായി ഇപ്രകാരം എഴുതി: അങ്ങനെ നല്ല വിതക്കാരൻ സഭാസ്ഥാപകരായ പുണ്യാത്മാക്കളെ കരുവാക്കി, അവരുടെ കരങ്ങളാൽ കൂനമ്മാവിൽ വാകയിൽ കുടുംബവക കഷണ്ടിയാൻ പറമ്പിൽ പാകി മുളപ്പിച്ച ആ കടുകുമണിയുടെ ഇന്നത്തെ വളർച്ചയും ഉയർച്ചയും തീർച്ചയായും അവരെ സന്തോഷിപ്പിക്കുകയും സംതൃപ്തരാക്കുകയും ചെയ്യും."[10]

"മദർ ഏലീശ്വാ-ഒരനുസ്മരണം" എന്ന ലേഖനത്തിലൂടെ സി. റോസ് മെറ്റി സി.റ്റി.സി. എഴുതുന്നതിപ്രകാരമാണ്: "1866-ൽ ഫെബ്രുവരി 13-ാം തീയതി ഫാ. ലെയോപ്പോൾദും ചാവറ കുര്യാക്കോസച്ചനും കൂടി പ്രഥമസന്ന്യാസിനീസഭയുടെ സ്ഥാപനകർമ്മം നിർവ്വഹിക്കുകയും ആദ്യമഠാധിപയായി ഏലീശ്വായെ നിയമിക്കുകയും ചെയ്തു."[11]

ചുരുക്കത്തിൽ, കേരളസഭയിലെ ആദ്യത്തെ നിയമാനുസൃത സന്യാസിയും ആദ്യപ്രിയോരും പുരുഷന്മാർക്കായുള്ള തദ്ദേശീയ സന്യാസസമൂഹത്തിന്റെ സ്ഥാപകപിതാക്കളിലൊരാളും അതിന്റെ മുഖ്യസംഘാടകനുമായ വിശുദ്ധ ചാവറയച്ചൻ, ലെയോപ്പോൾദ് മിഷനറിയുടെ സഹകരണത്തോടെ കൂനമ്മാവിൽ ആരംഭിച്ച ഭവനമാണ് വിശുദ്ധ ത്രേസ്യായുടെ നാമത്തിലുള്ള കർമ്മലീത്താ മഠം. കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി.) എന്ന പേരിൽ ആരംഭിച്ച ഈ മഠമാണ് ഭാരതത്തിലെ ഏതദ്ദേശീയ സന്യാസിനീസമൂഹങ്ങളുടെയെല്ലാം പിള്ളത്തൊട്ടിൽ. 1887-ലെ വികാരിയാത്ത് വിഭജനത്തെ തുർന്ന് സുറിയാനി-ലത്തീൻ റീത്തുകളുടെ അടിസ്ഥാന

ത്തിൽ വിഭജിക്കപ്പെട്ട ഈ സമൂഹം ഇന്ന് സി.എം.സി.-സി.ടി.സി. എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇപ്രകാരം സുറിയാനി-ലത്തീൻ സഭകൾക്ക് കൂനമ്മാവിൽ *പുണ്യസങ്കേതം* തീർത്ത് സ്ത്രീകൾക്കായ് സന്യാസത്തിന്റെ പുണ്യവഴി കാട്ടിത്തന്ന *കൂനമ്മാവിന്റെ പുണ്യത്മാവിന്* പഞ്ചഭൂഖണ്ഡങ്ങളിലായി മിശിഹായ്ക്ക് സാക്ഷ്യം വഹിച്ച് ദൈവരാജ്യത്തിന്റെ ശുശ്രൂഷികളായി മുന്നേറുന്ന പുത്രിമാരുടെ സ്നേഹപ്രണാമം!

**പരാമർശസൂചിക**


1. കൊർണേലിയൂസ് ഇലഞ്ഞിക്കൽ, *കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവക 150-ാം വാർഷികസ്മരണിക*, അവതാരിക.
2. ജോൺ ഫ്രാൻസിസ്, കൂനമ്മാവും കർമ്മലീത്താമിഷനറിമാരും," *150-ാം വാർഷികസ്മരണിക*, പേജ് 17.
3. ജോൺ ഫ്രാൻസിസ്, കൂനമ്മാവും കർമ്മലീത്താമിഷനറിമാരും," പേജ് 16.
4. *കൂനമ്മാവ് മഠം നാളാഗമം, വാല്യം 1,* പേജ് 1.
5. *ചാവറയച്ചന്റെ കത്തുകൾ,* IV/4.
6. *150-ാം വാർഷികസ്മരണിക*, പേജ് 71.
7. പി. എം. ജൂസെ, "കൂനമ്മാവും കേരളക്രൈസ്തവസഭയും," *150-ാം വാർഷികസ്മരണിക,* പേജ് 9.
8. ജോർജ്ജ് അറയ്ക്കൽ, 150-ാം വാർഷികസ്മരണിക, പേജ് 100.
9. ലുസീന സി.ടി.സി. "കേരളത്തിലെ ഏതദ്ദേശീയ കർമ്മലീത്താസന്യാസിനീസഭ," *150-ാം വാർഷികസ്മരണിക*, പേജ് 22.
10. ലുസീന, "കേരളത്തിലെ ഏതദ്ദേശീയ കർമ്മലീത്താസന്യാസിനീസഭ," പേജ് 28.
11. റോസ് മെറ്റി, "മദർ ഏലീശ്വാ-ഒരനുസ്മരണം," *150-ാം വാർഷികസ്മരണിക,* പേജ് 106.

# 6

# കേരളസഭാദീപം

20-ാം നൂറ്റാണ്ടിനെ സഭയുടെ നൂറ്റാണ്ട് എന്നു വിശേഷിപ്പിക്കത്തക്കവിധം സഭാജീവിതത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്കു നാന്ദി കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സർവ്വപ്രധാനമായ നേട്ടമായി പ്രകീർത്തിക്കപ്പെടുന്നത് 1964 നവംബർ 21-ന് പുറപ്പെടുവിച്ച *ജനതകളുടെ പ്രകാശം* എന്ന തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയാണ്. നൂറ്റാണ്ടുകളായി സഭയിൽ നിലനിന്നിരുന്ന ഹൈരാർക്കികേന്ദ്രിതമായ സഭാവിജ്ഞാനീയ ചിന്തകളും, കത്തോലിക്കാസഭയെന്നാൽ റോമൻ സഭയാണെന്ന കാഴ്ചപ്പാടും അവയോടു ചേർന്നുപോകുന്ന മറ്റു പല ചിന്താഗതികളേയും മാറ്റി സഭയെന്നത് സഭകളുടെ കൂട്ടായ്മയാണെന്നും ഈ കൂട്ടായ്മയ്ക്കു മാതൃകയും ഉറവിടവും പരിശുദ്ധ ത്രിത്വമാണെന്നും, ഐകരൂപ്യമല്ല, വൈവിധ്യത്തിലെ ഐക്യമാണ് സഭയിലുണ്ടായിരിക്കേണ്ടതെന്നും അപ്പസ്തോലികപാരമ്പര്യമുള്ള എല്ലാ വ്യക്തിഗതസഭകൾക്കും തുല്യസ്ഥാനമാണുള്ളതെന്നും അവയെല്ലാം സഭയുടെ അവിഭജിതമായ പാരമ്പര്യത്തിന്റെ ഭാഗങ്ങളാണെന്നും തങ്ങളുടെ അപ്പസ്തോലിക പൈതൃകത്തിനനുസരിച്ച് ജീവിക്കാനും, ആരാധിക്കാനും, നയിക്കപ്പെടാനും സഭാംഗങ്ങൾക്കു അവകാശമുണ്ടെന്നും മറ്റുമുള്ള പല ഉൾക്കാഴ്ചകളും വിശുദ്ധ ഗ്രന്ഥത്തിൽനിന്നും വിശുദ്ധ പാരമ്പര്യത്തിൽ നിന്നും വീണ്ടും കണ്ടെത്താനും അത് വ്യക്തമാക്കാനും ഈ പ്രമാണരേഖയിലൂടെയും പൗരസ്ത്യകത്തോലിക്കാസഭകളെക്കുറിച്ചുള്ള ഡിക്രിയിലൂടെയും കൗൺസിലിന് സാദ്ധ്യമായി എന്നത് വലിയ നേട്ടമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ സമാരംഭിക്കുന്നതിന് ഏകദേശം ഒൻപതു പതിറ്റാണ്ടുകൾക്കു മുൻപ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വ്യക്തിയാണ് മാർ തോമാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച ഭാരതസഭയിൽനിന്നും വിശുദ്ധരുടെ പട്ടികയിലേയ്ക്ക് 2014 നവംബർ 23ന് ഔദ്യോഗികമായി ചേർക്കപ്പെട്ട രണ്ടു സീറോമ

ലബാർ സഭാമക്കളിൽ ഒരാളായ വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിൽ നിറഞ്ഞുനിന്ന സഭാസ്നേഹവും അദ്ദേഹം പുലർത്തിയ സഭാദർശനവും എന്തായിരുന്നു എന്നു നോക്കിക്കാണുമ്പോഴാണ് ആ മനസ്സിലെ വിഭാവനത്തിൽ ഉൾച്ചേർന്നിരുന്ന സഭാകരുതലുകൾ, ഒരു ദീർഘദർശനത്തിലെന്നതുപോലെ വത്തിക്കാൻ കൗൺസിലിന്റെ ദാർശനിക പരിഗണനകൾ, അദ്ദേഹം എഴുതിയ നാളാഗമങ്ങളിലും, കത്തുകളിലും അന്നേ ഉൾച്ചേർത്തിരുന്നു എന്നതു നാം ആദരവോടെയാണ് നോക്കിക്കാണുന്നത്.

ചാവറപിതാവിനെ സംബന്ധിച്ചിടത്തോളം സഭയെന്നത് അന്യമായ ഒരു യാഥാർത്ഥ്യമായിരുന്നില്ല. സഭയോടുള്ള അദ്ദേഹത്തിന്റെ ബന്ധം വൈയക്തികമായിരുന്നു. മണവാട്ടിയെന്നും, അമ്മയെന്നും സഭയെ അദ്ദേഹം അഭിസംബോധന ചെയ്തു; ദൈവത്തിന്റെ കുടുംബമായി, രക്ഷയുടെ ഭവനമായി, അജഗണമായി, മിശിഹായുടെ മൗതികശരീരമായി സഭയെ കരുതി, സ്നേഹിച്ചു, ആദരിച്ചു, ശുശ്രൂഷിച്ചു. സഭയുടെ ആവശ്യങ്ങൾ തന്റെ ആവശ്യമായി, പ്രശ്നങ്ങൾ തന്റെ പ്രശ്നങ്ങളായി, സന്തോഷങ്ങൾ തന്റെയും സന്തോഷങ്ങളായി കണ്ടു; പ്രതികരിച്ചു; പ്രത്യുത്തരിച്ചു; അഭിമാനം കൊണ്ടു. സഭയെ മാതൃസ്ഥാനത്തു കണ്ടുള്ള പുത്രനിർവ്വിശേഷമായ സ്നേഹം, സഭയുടെ ആചാരങ്ങളോടും ക്രമങ്ങളോടുമുള്ള കലർപ്പില്ലാത്ത മതിപ്പ്, സഭാനേതൃത്വത്തോടുള്ള ആദരപുർവ്വകമായ വിധേയത്വം, സഭാകാര്യങ്ങളിലുള്ള തീക്ഷ്ണത തുടങ്ങിയവയെല്ലാം അദ്ദേഹമെഴുതിയ നാളാഗമങ്ങൾ കത്തുകൾ എന്നിവയിൽ നിന്ന് കണ്ടെടുക്കുവാനാകും. വരാപ്പുഴ വികാരി അപ്പസ്തൊലിക്ക ലെയനാർദു മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകത്തോടനുബന്ധിച്ച് നടന്ന അനുഷ്ഠാനാചാരങ്ങളെ വിവരിക്കുന്ന വേളയിൽ അദ്ദേഹം എഴുതിത്തുടങ്ങുന്നത് ഇങ്ങനെയാണ്: "ആ! ഈശോമിശിഹായുടെ മണവാട്ടിയായ ശുദ്ധ. പള്ളിയുടെ തിരുക്രമങ്ങൾ എത്രയും പുകഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതും!"[1]

ചാവറപിതാവിന്റെ ചരിത്രാവബോധവും സഭാസ്നേഹവും ഏറ്റവും സുന്ദരമായി പ്രകാശിതമായി കാണുന്ന ഒരു വേളയാണ് 19-ാം നൂറ്റാണ്ടിൽ നടന്ന ഒന്നാം വത്തിക്കാൻ കൗൺസിൽ (1869-70) സമ്മേളനം. തൽസംബന്ധമായി മാന്നാനം *നാളാഗ*മത്തിൽ അദ്ദേഹം കുറിച്ചുവച്ചിരിക്കുന്ന വസ്തുതകൾ ഇന്ന് ഈ 21-ാം നൂറ്റാണ്ടിൽ

എല്ലാ ആധുനിക മാധ്യമസംവിധാനങ്ങളോടും കൂടെ ജീവിക്കുന്ന നമ്മെപ്പോലും അതിശയിപ്പിക്കും. ചരിത്രപരമായ കാര്യങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്നതുകൊണ്ടുമാത്രം അവസാനിക്കുന്നതായിരുന്നില്ല ആ സഭാസ്നേഹം. സഭയുടെ ആവശ്യങ്ങളോടു സമയോചിതമായി പ്രത്യുത്തരിക്കാനുള്ള ഉൾക്കാഴ്ചയും ഔദാര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. സൂനഹദോസിന്റെ ആവശ്യങ്ങൾക്കായി അദ്ദേഹം കൊവേന്തക്കാരുൾപ്പെടെയുള്ള സുറിയാനിക്കാരായ വൈദികരിൽ നിന്നും ജനങ്ങളിൽനിന്നുമായി 32,007/- രൂപാ ശേഖരിക്കുന്നതും അതു മാർപ്പാപ്പായ്ക്കു കൊടുത്തയക്കുന്നതും രേഖപ്പെടുത്തിയിരിക്കുന്നത്[2] വിസ്മയത്തോടെ മാത്രമേ വായിക്കാനാവൂ.

ചാവറപിതാവിന്റെ സഭാസ്നേഹത്തിന്റെ മറ്റൊരു ഭാവമാണ് സഭാനേതൃത്വത്തോടുള്ള അദ്ദേഹത്തിന്റെ വിധേയത്വവും അനുസരണയും വിശ്വസ്തതയും. റോക്കോസ് ശീശ്മയുടെ വേളയിലാണ് ഇത് ഏറ്റവും പ്രകടമായത്. സ്വന്തംസഭാപൈതൃകത്തെ അങ്ങേയറ്റം സ്നേഹിക്കുകയും സ്വജാതി മെത്രാനെ ലഭിക്കാൻ അതിയായി ആഗ്രഹിക്കുകയും അതിനായി പരിശുദ്ധ സിംഹാസനത്തോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ തന്നെ, അതിനുവേണ്ടി സഭാത്മകമല്ലാത്ത മാർഗ്ഗങ്ങൾ സ്വീകരിക്കാനോ, നീക്കങ്ങൾ നടത്താനോ, പരിശുദ്ധ സിംഹാസനം നിയമിച്ചാക്കിയ നിയമാനുസൃത അധികാരികളെ ധിക്കരിക്കാനോ അതിനെ പ്രോത്സാഹിപ്പിക്കാനോ അദ്ദേഹം മുതിർന്നില്ല. ന്യായമായ അധികാരത്തിനു വിധേയപ്പെടാൻ അദ്ദേഹം സന്നദ്ധനായി. നിയമാനുസൃത അധികാരിയല്ലാത്ത സ്വജാതി മെത്രാനോടുള്ള പ്രതിപത്തിയേക്കാൾ അന്യറീത്തുകാരനെങ്കിലും നിയമാനുസൃത അധികാരിയോടുള്ള അനുസരണവും വിശ്വസ്തതയുമാണ് അഭികാമ്യമായി അദ്ദേഹം കരുതിയത്. 'പുറം വാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണെന്നും അവൻ ആടുകളെ മോഷ്ടിക്കാനും കവർച്ചചെയ്യാനും കൊല്ലാനുമാണ് വരുന്നതെന്നും' ഉള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ അദ്ദേഹത്തിനു ബോധ്യപ്പെട്ടിരുന്നു.[3]

സഭാനേതൃത്വത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തതയും സ്നേഹവും സഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതുമായിരുന്നു. ശ്ലീഹന്മാരാകുന്ന അടിത്തറമേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത് എന്ന ആഴമായ ബോദ്ധ്യം

ചാവറപിതാവിനുണ്ടായിരുന്നു. ശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം,[4] ഏറിയനാൾ മുമ്പി നാലേ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ,[5] നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ്വനസ്രാണികൾ ആകുന്നു[6] എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ ഈ മലയാള ത്തിലെ (കേരളത്തിലെ) സഭയുടെ ശ്ലൈഹികമായ ഉത്ഭവത്തെ യും അതിലുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസബോ ദ്ധ്യത്തെയുമാണ് വ്യക്തമാക്കുന്നത്. മിശിഹായുടെ പന്ത്രണ്ട് ശ്ലീഹ ന്മാരിൽ ഒരുവനായിരുന്ന തോമ്മാശ്ലീഹായിൽനിന്നു തന്നെ വിശ്വാസം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച ഈ സഭയുടെ ശ്ലൈഹിക പൈതൃകത്തിൽ അഭിമാനിക്കുന്നതോടൊപ്പം സത്യവേദം കൈക്കൊണ്ട പല സഭാസമൂഹങ്ങൾക്കും അതിൽ പിന്നെ കൈവ രിക്കുവാൻ കഴിഞ്ഞ പല വിശിഷ്ടാനുഗ്രഹങ്ങളും - ഇവിടെ പേരു വിളിക്കപ്പെട്ട വിശുദ്ധരില്ല.[7] നല്ല പുണ്യകണ്ടുപഠിത്വത്തിന് ഇവിടെ കൊവേന്തകളും, കന്യാസ്ത്രീമഠങ്ങളും ഇല്ല,[8] ഈ സഭയ്ക്ക് സ്വന്ത മായ മെത്രാന്മാരോ ദൈവശാസ്ത്രഗ്രന്ഥങ്ങളോ മിഷണറിമാരോ ഇല്ല[9] എന്നതിലെല്ലാം അദ്ദേഹം ഏറെ വേദിച്ചിരുന്നു.

ഓരോ അപ്പസ്തോലികസഭയ്ക്കും അതിന്റെ വിശ്വാസപൈതൃ കത്തിനനുസരിച്ചു സ്വന്തഇടയന്മാരാൽ നയിക്കപ്പെടാൻ അവകാശ മുണ്ടെന്ന സത്യം അസന്നിഗ്ദ്ധമായി ചാവറപിതാവ് വ്യക്തമാക്കുന്നു ണ്ട്. സ്വന്തം വിശ്വാസപൈതൃകത്തിനനുസരിച്ച് ജീവിക്കാനും ആരാ ധിക്കാനും നയിക്കപ്പെടാനും സാധിക്കണമെങ്കിൽ ആ പൈതൃകം പേറുന്ന സ്വന്തഇടയന്മാരുണ്ടാകണം. ആ ബോധ്യത്താൽ പ്രൊപ്പ ഗാന്താ തിരുസംഘത്തിന് അദ്ദേഹം എഴുതി: "... അത്യുന്നത തിരു മേനി, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുക യാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നതു വളരെ നല്ലതാണ്. ഒന്നു ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും."[10] സ്വദേശ മെത്രാനും വിശ്വാസാചാരങ്ങളിലെ പൈതൃകപാലനവും സംബന്ധിച്ച് ഒരു നൂറ്റാണ്ടുമുമ്പ് അദ്ദേഹം മുമ്പോട്ടുവെച്ച ഈ സഭാഭരണദർശനം എത്ര ദീർഘദർശനത്തോടെയായിരുന്നുവെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾ തെളിയിച്ചു.

ചാവറപിതാവിന്റെ സഭാദർശനത്തിലേയും ജീവിതത്തിലെ തന്നെയും സർവ്വോൽകൃഷ്ടമായ പരിഗണനയായിരുന്നു സഭയുടെ

ഐക്യം. ഈ ഐക്യത്തിന് പല തലങ്ങൾ അദ്ദേഹത്തിൽ കാണാൻ കഴിയും: മാർപ്പാപ്പായോടുള്ള ഐക്യം, നിയമാനുസൃതാധികാരിക ളായ ലത്തീൻ മെത്രാന്മാരോടുള്ള ഐക്യം, അകത്തോലിക്കരായ യാക്കോബായക്കാരോടുള്ള ഐക്യം, സഭാംഗങ്ങൾ തമ്മിലുള്ള ഐക്യം. തിരുസ്സഭയുടെ ദൃശ്യതലവനായ മാർപ്പാപ്പായെ സംബ ന്ധിച്ച ചാവറപിതാവിന്റെ കാഴ്ചപ്പാട് എന്താണെന്ന് പരിശുദ്ധ പിതാ വിന് അദ്ദേഹം എഴുതിയ കത്തിലെ അഭിസംബോധനയിൽ നിന്ന് വെളിവാകുന്നു. 1861 ജൂൺ 19-ന് അദ്ദേഹമെഴുതിയ കത്ത് തുടങ്ങു ന്നത് ഇപ്രകാരമാണ്: "പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവ നും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല എന്ന് പത്രോ സിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയിരിക്കുന്നവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവ നുമായ പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേക്ക്."[11] 1870 ഏപ്രിൽ 25-ന് വീണ്ടും 9-ാം പീയൂസ് മാർപ്പാപ്പായ്ക്ക് അദ്ദേഹം എഴുതുന്നുണ്ട്. അതിലെ അഭിസംബോധന ഇപ്രകാരമാണ്: "ശ്ലൈഹികസിംഹാസ നത്തിൽ പത്രോസിന്റെ താക്കോലുകൾ പിടിച്ചിരിക്കുന്നവനും സഭ യുടെ നേരായ തലവനുമായ പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാ പ്പായ്ക്ക്."[12]

മാർപ്പാപ്പ പത്രോസിന്റെ പിൻഗാമിയാണെന്നും സഭയുടെ നേരായ തലവനാണെന്നും കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനാണെന്നും ഈ അധികാരത്തിന്മേൽ നരക ശക്തികൾ പ്രബലപ്പെടുകയില്ലെന്നുമുള്ള അദ്ദേഹത്തിന്റെ വിശ്വാസ ബോദ്ധ്യത്തിന്റെ പ്രതിഫലനമാണ് ഈ അഭിസംബോധന. ഒരു കാര്യം ഇവിടെ ശ്രദ്ധേയമാണ്: സാർവ്വത്രികസഭയിൽ മാർപ്പാപ്പായുടെ പര മാധികാരവും അപ്രമാദിത്വവും വിശ്വാസസത്യങ്ങളായി പ്രഖ്യാപി ച്ചത് 1869-70 കാലങ്ങളിൽ നടന്ന ഒന്നാം വത്തിക്കാൻ സൂനഹദോ സാണ്. സൂനഹദോസ് ഇതു പ്രഖ്യാപിക്കുന്നതിനു എട്ടു വർഷ ങ്ങൾക്കു മുമ്പാണ് ചാവറപിതാവ് പരിശുദ്ധ പിതാവിനുള്ള ആദ്യ കത്ത് മേല്പറഞ്ഞപ്രകാരം പാപ്പായുടെ പരമാധികാരത്തെ ഏറ്റുപ റഞ്ഞ് എഴുതുന്നത് എന്നകാര്യം അതിശയകരമാണ്!

ക്രൈസ്തവരുമായി മാത്രമല്ല, സ്വരാജ്യത്തിലെ ഇതരജനങ്ങ ളോടും ഭരണാധികാരികളോടും വിജാതിയരോടും ക്രൈസ്തവമാ

യ ഐക്യം പുലർത്താനും അവർക്കുവേണ്ടി ശ്ലൈഹികാശീർവ്വാദവും അനുഗ്രഹവും യാചിക്കുവാനുമുള്ള സന്മനസ്സും വിശാലതയും അദ്ദേഹം പുലർത്തുന്നുണ്ട്. അതോടൊപ്പം അവരുടെ ഹൃദയങ്ങൾ വിശ്വാസത്തിലേയ്ക്കു തിരിയുന്നതിനുള്ള ആഗ്രഹം പ്രകടമാക്കുകയും അതിനായി മാർപ്പാപ്പായുടെ പ്രാർത്ഥന യാചിക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരുടേയും രക്ഷ ആഗ്രഹിക്കുന്ന ദൈവത്തിന്റെ മനസ്സും, എല്ലാവരും മിശിഹായിലുള്ള വിശ്വാസത്തിലേയ്ക്കു കടന്നു വരാനുള്ള ആഗ്രഹവും അതിന് മിശിഹായിൽനിന്നു ലഭിച്ച പ്രേഷിതകല്പനയുടെ ചൈതന്യവും അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു എന്നാണ് ഇതെല്ലാം വെളിവാക്കുന്നത്. പരിശുദ്ധ മാർപ്പായ്ക്കുള്ള കത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിക്കാണുന്നു: "അങ്ങേ ആശീർ വ്വാദം ഞങ്ങളുടെ പള്ളികൾക്കും ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും അങ്ങ് നൽകണമേ. എന്തുകൊണ്ടെന്നാൽ അജ്ഞാനാധികാരികൾക്കു വിധേയരായിട്ടാണ് ഞങ്ങൾ ഇവിടെ ജീവിക്കുന്നത്.[13] അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും, മഹാരാജാവിനും, മന്ത്രിമാർക്കും ദൈവം അവരുടെ ഹൃദയത്തെ വിശ്വാസത്തിലേയ്ക്കു തിരിക്കുമാറ് അങ്ങയുടെ ശ്ലൈഹിക ആശീർവാദം നൽകണമെന്നു അപേക്ഷിക്കുന്നു."[14]
താൻ ജീവിക്കുന്ന സമൂഹത്തേയും അതിന്റെ ചുറ്റുപാടുകളെയും, ജാതിമതഭേദമെന്യേ അവിടെ വസിക്കുന്ന ജനങ്ങളേയും, ശ്ലൈഹികാശീർവ്വാദത്തിനു വിധേയമാക്കുന്ന ചാവറപിതാവിന്റെ സഭാദർശനം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ കാതോലികമാനം ഉൾക്കൊള്ളുന്നതാണ്. തൽസംബന്ധമായി കൗൺസിൽ തിരുസ്സഭയെക്കുറിച്ചുള്ള *ജനതകളുടെ പ്രകാശം* എന്ന പ്രമാണരേഖയിൽ ഇപ്രകാരം നിഷ്ഠപ്പെടുത്തിയിരിക്കുന്നു: "എല്ലാ മനുഷ്യരും സാർവ്വത്രിക സമാധാനത്തിന്റെ മുന്നോടിയും പ്രോത്സാഹകയുമായ ദൈവജനത്തിന്റെ കാതോലികമായ ഐക്യത്തിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ദൈവകൃപ എല്ലാവരേയും രക്ഷയിലേയ്ക്ക് ആഹ്വാനം ചെയ്യുന്നതിനാൽ കത്തോലിക്കാവിശ്വാസികളും, ക്രിസ്തുവിൽ വിശ്വസിക്കുന്നവരും മാത്രമല്ല എല്ലാമനുഷ്യരും ഓരോ രീതിയിൽ ദൈവജനത്തിലുൾപ്പെടുകയോ അതിനെ ലക്ഷീകരിക്കുകയോ ചെയ്യുന്നു."[15]

എല്ലാവരേയും ഹൃദയത്തിൽ ഉൾക്കൊള്ളുന്ന ചാവറപിതാവിന്റെ വിശാലവീക്ഷണവും സ്വരാജ്യത്തോടും അതിന്റെ നേതാക്കളോടും ജനങ്ങളോടുമുള്ള സ്നേഹവും പരിഗണനയും ഇത് പ്രകാശിതമാ

ക്കുന്നു. അതോടൊപ്പം വിജാതീയരുടേയും രാജാക്കന്മാരുടേയും മുമ്പിൽ കൂട്ടായ്മയുടെ വക്താവായി നിന്ന് കർത്താവിനു സാക്ഷ്യം വഹിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രദ്ധയും നിഷ്ഠയും സത്യവിശ്വാസത്തിലേയ്ക്ക് അവർ വന്നുകാണുവാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും പ്രാർത്ഥനയും നാമിതിൽ കാണുകയും ചെയ്യുന്നു.

സഭയിലെ ഐക്യം എന്നും ചാവറപിതാവിന്റെ പ്രഥമ പരിഗണനയായിരുന്നതോടൊപ്പം ആത്മരക്ഷയെക്കുറിച്ചുള്ള തീക്ഷ്ണതയും അദ്ദേഹത്തെ വിഴുങ്ങിയിരുന്നു. 1861-ൽ റോക്കോസിനെതിരായി സഭാംഗങ്ങൾക്കു അയച്ച സർക്കുലറിൽ എഴുതുന്നു: "ഇത് കൂടപ്പിറപ്പുകളായ നിങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും നമ്മുടെ ഏക തലവനായ ശുദ്ധ മാർപ്പാപ്പായുടെ വല്യശാപവും ഏറ്റ പുത്തനായ ഒരു ശീശ്മയിൽ ഉൾപ്പെട്ട എന്നന്നേക്കും നശിച്ചുപൊകുവാൻ യാതൊരുത്തർക്കും എങ്കിലും ഇടവന്നേക്കുമെന്നും ഭയപ്പെട്ട ആയതു വരാതിരിപ്പാൻ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും കൊണ്ടും ആണ്."[16]

സഭയെക്കുറിച്ചുള്ള ചാവറപിതാവിന്റെ ദർശനത്തിലെ വളരെ ഉദാത്തവും സഭാജീവിതത്തിൽ കാതലായ ഫലമുളവാക്കിയതുമായ ഒരു ദർശന ധാരയാണ് സഭയുടെ വിശുദ്ധിയെക്കുറിച്ചുള്ളത്. വിശുദ്ധപള്ളി എന്നാണ് അദ്ദേഹം സഭയെ അഭിസംബോധന ചെയ്യുന്നത്. സഭയിൽനിന്ന് അകന്നുപോയവരുടെ തിരിച്ചുവരവിനെ സംബന്ധിച്ചു പറയുമ്പോൾ വിശുദ്ധ പള്ളിയുടെ മടിയിലേക്കു തിരിച്ചുവരവ് എന്ന പ്രയോഗമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. മാർത്തോമ്മാശ്ലീഹായിൽനിന്ന് വിശ്വാസം സ്വീകരിച്ച തന്റെ മാതൃസഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരിദേവനം ക്രിസ്ത്യാനികൾക്കടുത്ത പുണ്യവ്യാപാരവും കണ്ടുപഠിത്വവും ഇതുവരെയും ഈ മലയാളത്തിൽ സ്ഥിരപ്പെടുവാനും ഇടയായില്ല, ശുദ്ധ മാർത്തോമ്മാശ്ലീഹായാൽസത്യവേദം കൈക്കൊണ്ട ഈ സഭയിൽ പേരു വിളിക്കപ്പെട്ട വിശുദ്ധരില്ലാതെ സഭ മച്ചിയായിരിക്കുന്നു;[17] എന്നിങ്ങനെയാണ്. "ഏറിയനാൾ മുൻപിനാലെ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യകണ്ടുപഠിത്വവും കൂടാതെയും, പട്ടക്കാർക്കുപോലും ഒരു തപസുഭവനമില്ലാത്തതിനാൽ ഏറിയ നന്മകൾക്കു വീഴ്ചവരുന്നു;"[18] "നമ്മുടെ പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്ക

ളുടെ സങ്കേതമായിരിക്കുന്നതുമായ ഈ കൊവേന്തകൾ"[19] എന്നിങ്ങനെയുള്ള പ്രസ്താവനകൾ ചേർത്തു വായിക്കുമ്പോൾ അവയിൽനിന്ന് മനസ്സിലാക്കേണ്ടതായി പലതും ഉണ്ട്: സഭ വിശുദ്ധമായിരിക്കണം; സഭയുടെ വിശുദ്ധിയുടെ പ്രകാശനമാണ് പേരു വിളിക്കപ്പെട്ട വിശുദ്ധർ; ജ്ഞാനവെളിച്ചം വിശുദ്ധിക്ക് ആവശ്യമാണ്. കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും പുണ്യസങ്കേതങ്ങളാകണം; നല്ല പുണ്യകണ്ടുപഠനത്തിന് വേദികളാകണം. ദൈവജനത്തെ വിശുദ്ധിയിൽ വളരാൻ പ്രേരിപ്പിക്കുന്ന പാഠശാലകളാകണം. എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖ പഠിപ്പിക്കുന്നു.[20] തിരുസഭയുടെ വിശുദ്ധിയുടെ പൂർണ്ണവികാസം ആയിരിക്കണം അവരുടെ (സന്യാസികളുടെ) ലക്ഷ്യം[21] എന്ന് പ്രസ്തുതരേഖ സന്ന്യാസികളോടും പ്രഖ്യാപിക്കുന്നുണ്ട്. ആ വിധത്തിൽ സഭയുടെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കാൻ പ്രത്യേകവിധം വിളിക്കപ്പെട്ടവരാണ് സന്ന്യസ്തർ എന്നകാര്യവും ഇവിടെ സൂചിതമാകുന്നു. വിശുദ്ധിയുടെ പാഠശാലകളാകണം[22] സന്ന്യാസസമൂഹങ്ങളെന്ന തിരുസഭയുടെ മനസ്സ് ഒരു നൂറ്റാണ്ടുമുമ്പേ ഏറ്റുവാങ്ങി ദർശനഗേഹവും പുണ്യസങ്കേതവും തീർത്ത ചാവറപിതാവിന്റെ ഉൾക്കാഴ്ചയും ദീർഘവീക്ഷണവും കേരളസഭയ്ക്ക് ഭാഗ്യമായി തുണച്ചു. കേരളസഭയുടെ ആത്മീയമുന്നേറ്റത്തിലും പ്രേഷിതമുന്നേറ്റത്തിലും, വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മുന്നേറ്റത്തിലും അദ്ദേഹത്തിന്റെ മക്കളായ സന്ന്യാസി സന്ന്യാസിനികളുടെ സംഭാവന എത്രമാത്രമാണെന്നതിന് ചരിത്രം സാക്ഷി. തിരുസ്സഭയുടെ ഹൃദയത്തിൽ തന്നെയാണ് സന്ന്യാസജീവിതത്തിന് സ്ഥാനം എന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകൾ[23] കാലത്തിനുമുമ്പേ അദ്ദേഹം അന്വർത്ഥമാക്കി. മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി നഷ്ടമാക്കാതെ മരിക്കാൻ ഭാഗ്യം ലഭിച്ച ചാവറപിതാവ് സഭയുടെ വിശുദ്ധിക്കും സന്ന്യാസജീവിതം ലക്ഷ്യംവയ്ക്കുന്ന വിശുദ്ധിയുടെ സാക്ഷ്യത്തിനും ഉദാത്തമാതൃകയാണ്. വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ സഭ ഒരേ സമയം പരിശുദ്ധയും സദാ ശുദ്ധീകരിക്കപ്പെടുന്നവളുമാണ്.[24] ഇങ്ങനെയുള്ള സഭയുടെ പ്രതീകവുമായിരുന്നു ചാവറപിതാവ്. മാമ്മോദീസായിൽ ലഭിച്ച ആദിമവിശുദ്ധി അദ്ദേഹത്തിൽ നിലനിന്നു. അതേ സമയം ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിൽ താൻ മഹാ പാപി

യാണ് എന്ന ബോദ്ധ്യത്തിൽ നിരന്തരം അനുതാപപൂർണ്ണമായ ഹൃദയത്തോടെ അദ്ദേഹം വ്യാപരിക്കുകയും ചെയ്തു. ഒരേസമയം വിശുദ്ധിയുടെയും ശുദ്ധീകരണത്തിന്റെയും പാത പിൻതുടർന്നു. മനുഷ്യനു സ്വതസിദ്ധമായ അശുദ്ധിയെ ദൈവത്തിനു സ്വതസിദ്ധമായ പരിശുദ്ധികൊണ്ട് പരിഹരിക്കാൻ അനുതാപത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പാതയിലൂടെ നടന്നു നീങ്ങണമെന്നാണ് അതു വഴി അദ്ദേഹം കാണിച്ചു തരുന്നത്.

നിത്യരക്ഷയെ മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതമാണ് ക്രൈസ്തവജീവിതമെന്ന ആഴമായബോദ്ധ്യം ചാവറപിതാവിനുണ്ടായിരുന്നു. ആത്മാക്കളുടെ രക്ഷ എപ്പോഴും അദ്ദേഹത്തിന്റെ പ്രഥമപരിഗണനയായിരുന്നു. *ഒരു നല്ല അപ്പന്റെ ചാവരുളിൽ* കുടുംബത്തിന്റെ ന്യായം എന്താണെന്നു പറയുമ്പോൾ അദ്ദേഹം അനുസ്മരിപ്പിക്കുന്നതുമിതാണ്: അവരവരുടെ അന്തസ്സിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നംചെയ്ത് ജീവിക്കണം. നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിച്ചാൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യസൗഭാഗ്യവും ലഭിക്കും.[25] ക്രിസ്ത്യാനികളുടെ സമൂഹത്തോട് പൊതുവായി സംസാരിക്കുമ്പോഴും ഈ ചിന്ത അവരുടെ മനസ്സുകളിൽ രൂഢമൂലമാക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. സഭയെക്കുറിച്ചുള്ള ചാവറപിതാവിന്റെ വീക്ഷണം ഉദാത്തവും വിശുദ്ധഗ്രന്ഥാധിഷ്ഠിതവും ആധികാരികവും ആണെന്നാണ് പുനർവായനകൾ വെളിവാക്കുന്നത്. ഇന്നലെകളിൽ അദ്ദേഹം പറഞ്ഞുവെച്ച മിക്ക കാര്യങ്ങളും ഇന്നത്തെ സഭയുടെ ഔദ്യോഗികപഠനങ്ങളോടും നിലപാടുകളോടും ചേർന്നു പോകുന്ന ദർശനങ്ങളാണെന്നും അവ നാളേക്കുകൂടിയുള്ള പ്രചോദനങ്ങളാണെന്നും വരുമ്പോൾ അവയുടെ ഉൾക്കാമ്പ് ഇന്നലെയും ഇന്നും നാളെയും ഒരേ ആൾതന്നെയായ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ പ്രചോദിതവും പറയപ്പെട്ടതും എഴുതപ്പെട്ടതുമാണെന്നു വ്യക്തമാകുന്നു. ആ വ്യക്തിത്വത്തിന്റെ മഹത്വവും രചനകളുടെ ഔന്നത്യവും അനന്യതയും മറ്റൊന്നല്ല. ചാവരുളിന്റെ അനുബന്ധമായി അദ്ദേഹം എഴുതി: *ഞാൻ മരിക്കും എന്നാൽ ഈ കടലാസ് മരിക്കുകയില്ല.*[26] അതേ, മരിക്കാത്ത ഓർമ്മകളായി, മറക്കാത്ത ഓർമ്മപ്പെടുത്തലുകളായി, ദീപ്തമായ സ്മരണകളുയർത്തി, ധ്യാന വിചാരങ്ങളുണർത്തി, "ശു. പള്ളിയുടെ വിശ്വാസത്തേയും വർദ്ധിപ്പിനേയും കുറിച്ചു ശുഷ്കാന്തിയാൽ ഈ തിരുസഭയെ താങ്ങുവാൻതക്ക തൂണുപോലെ ആയി

രുന്ന് കേരളരാജ്യത്തിലുള്ള ക്രിസ്ത്യാനികൾ ഒക്കെയ്ക്കും എത്രയും നല്ല ദീപവും കണ്ണാടിയുമായി"[27] ആ കേരളസഭാദീപം ഇന്നും പ്രകാശിക്കുന്നു, പ്രകാശിപ്പിക്കുന്നു. ലോകത്തിന്റെ അതിർത്തിവരെ എന്നാളും ഈ ദീപത്തിന്റെ പ്രഭ വിതറട്ടെ!

**പരാമർശസൂചിക**


1. *നാളാഗമങ്ങൾ* (1985 രണ്ടാം പതിപ്പ്) പേജ് 144.
2. *നാളാഗമങ്ങൾ,* പേജ് 151.
3. *കത്തുകൾ* IX/4.
4. *നാളാഗമങ്ങൾ,* പേജ് 172.
5. *നാളാഗമങ്ങൾ,* പേജ് 230.
6. *കത്തുകൾ* IX/2.
7. *നാളാഗമങ്ങൾ,* പേജ് 172.
8. *നാളാഗമങ്ങൾ,* പേജ് 230.
9. *കത്തുകൾ* V/17.
10. *കത്തുകൾ* II/5.
11. *കത്തുകൾ* I/1.
12. *കത്തുകൾ* I/2.
13. *കത്തുകൾ* I/1.
14. *കത്തുകൾ* I/2.
15. *ജനതകളുടെ പ്രകാശം*, നമ്പർ 13.
16. *കത്തുകൾ* IX/4.
17. *നാളാഗമങ്ങൾ,* പേജ് 172.
18. *കൂനമ്മാവ് മഠം നാളാഗമം, വാല്യം ഒന്ന്,* പേജ് 1.
19. *കത്തുകൾ* VI/1.
20. *ജനതകളുടെ പ്രകാശം*, അഞ്ചാം അദ്ധ്യായം.
21. *ജനതകളുടെ പ്രകാശം*, നമ്പർ 47.
22. *ക്രിസ്തുവിൽനിന്നു പുതുതായി തുടങ്ങുക* (വത്തിക്കാൻ: 2002) നമ്പർ 18.
23. ജോൺ പോൾ 2, *സമർപ്പിതജീവിതം* (വത്തിക്കാൻ: 1996), നമ്പർ 3.
24. *ജനതകളുടെ പ്രകാശം*, നമ്പർ 8.
25. ചാവറയച്ചൻ, *ചാവരുൾ,* നമ്പർ 1.
26. *കത്തുകൾ (മൂന്നാം പതിപ്പ്, 2011), പേജ് 149.*
27. *കൂനമ്മാവ് മഠം നാളാഗമം, വാല്യം രണ്ട്*, പേജ് 21.

# 7

# ജ്ഞാനവെളിവ് പകർന്ന താപസശ്രേഷ്ഠൻ

വിശ്വവിഖ്യാതമായ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 16 രേഖകളിൽ ഒന്നാണ് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള *ഗ്രവിസ്സിമും എജുകാസിഓനിസ്* (*Gravissimum Educationis*) എന്ന പ്രഖ്യാപനം. 1965 ഒക്ടോബർ 28-ന് പ്രസിദ്ധീകരിച്ച ഈ പ്രഖ്യാപനം കത്തോലിക്കാസഭയുടെ വിദ്യാഭ്യാസനയത്തെ സംബന്ധിച്ച മൗലികപ്രമാണരേഖയാണെന്നു പറയാം. അതിന്മുമ്പ് തത്സ്ഥാനത്തു നിന്നിരുന്നത് ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് പാപ്പായുടെ *ദിവീനി ഇല്ലിയൂസ് മജിസ്ത്രീ* (*Divini illius Magistri,* 31 December 1929) എന്ന വിശ്വലേഖനമായിരുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ച സാമാന്യം സമഗ്രമായ ഒരു കാഴ്ചപ്പാട് കൗൺസിലിന്റെ പ്രഖ്യാപനത്തിൽ നല്കിയിട്ടുണ്ട്. "മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് അവന്റെ വ്യക്തിത്വത്തിന് രൂപം കൊടുക്കുകയാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം"[1] എന്ന ഒറ്റ വാചകത്തിൽ തന്നെ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം കാണാം. ഒരു പടി കൂടികടന്ന് ക്രിസ്തീയവിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതെന്താണെന്നും ഈ പ്രഖ്യാപനം വിശദമാക്കുന്നു. അതിപ്രകാരമാണ്: "മനുഷ്യവ്യക്തിത്വത്തിന്റെ പക്വതകൈവരുത്താൻ ശ്രമിക്കുക മാത്രമല്ല ക്രിസ്തീയ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രത്യുത, മാമ്മോദീസാ സ്വീകരിച്ചവരെ സാവാധാനം രക്ഷാരഹസ്യത്തിലേയ്ക്ക് നയിക്കുക; അതോടൊപ്പം തങ്ങൾ സ്വീകരിച്ച വിശ്വാസത്തിന്റെ ദാനത്തെപ്പറ്റി അവർ അനുദിനം കൂടുതൽ ബോധവാന്മാരാകുക; പിതാവായ ദൈവത്തെ സത്യത്തിലും അരൂപിയിലും പ്രത്യേകിച്ച് ആരാധനാക്രമത്തിലധിഷ്ഠിതമായ അനുഷ്ഠാനങ്ങളിലും ആരാധിക്കാൻ (യോഹ 4:23) പഠിക്കുക; നീതിയിലും യഥാർത്ഥ പരിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ട നൂതനമനുഷ്യന്റെ മാതൃകയിൽ (എഫേ 4:22-24) തങ്ങളുടെ ജീവിതം നയിക്കാൻ പരിശീലിക്കുക; ക്രിസ്തുവിന്റെ പൂർണ്ണതയ്ക്കു യോജിച്ചവിധത്തിൽ (എഫേ 4:13) പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കുക: മൗതികശരീ

രത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നീ കാര്യങ്ങളും ക്രൈസ്തവവിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നടത്തപ്പെട്ട സൂന ഹദോസിന്റെ വിദ്യാഭ്യാസദർശനം അതിന് ഒരു നൂറ്റാണ്ടുമുമ്പ് പ്രവർത്തിപഥത്തിലാക്കാൻ വാക്കാലും രചനയാലും പ്രവർത്തി യാലും തുനിഞ്ഞിറങ്ങിയ ഒരു മാഹാത്മാവാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കേരളകത്തോലിക്കാസഭയുടെ വിദ്യാഭ്യാസരംഗത്ത് സ്വകർമ്മത്തിലൂടെയും അനന്തരഗാമികളുടെ കർമ്മങ്ങളിലൂടെയും അഗ്രഗണ്യനായി നില്ക്കുന്ന ഈ പുണ്യാത്മാവ് ജാതിമതഭേദമെന്യേ ഏവർക്കും ഇന്നും സമീപസ്ഥനും അഭിഗമ്യ നുമാകുന്ന വേദിയാണ് വിദ്യാഭ്യാസരംഗം. സവർണ്ണർക്കായുള്ള പാഠ ശാലകളും നാമമാത്രമായ ഗവണ്മെന്റ് സ്കൂളുകളും പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ ഏതാനും വിദ്യാഭ്യാസസ്ഥാപനങ്ങളുമൊഴികെ അവർണ്ണർക്കോ, കത്തോലിക്കർക്കോ ഉന്നതവിദ്യാഭ്യാസവും സർക്കാർ ഉദ്യോഗവും അന്യമായിരുന്ന കാലഘട്ടത്തിൽ ജാതിമത ഭേദമെന്യേ, കുബേരകുചേലഭേദമെന്യേ ഏവർക്കും വിദ്യാഭ്യാസം സംലഭ്യമാക്കുന്നതിന് മുൻകൈ എടുത്ത ആചാര്യനാണ് ചാവറയ ച്ചൻ. അതിനുള്ള ഏറ്റവും വ്യക്തമായ തെളിവാണ് 1846-ൽ മാന്നാ നത്ത് അദ്ദേഹം ആരംഭിച്ച സംസ്കൃതസ്കൂൾ. പിന്നീട് മാതൃഭാഷ യിലുള്ള വിദ്യാദാനത്തിനായി 1864-ൽ മാന്നാനത്ത് ആരംഭിച്ച സെന്റ് എഫ്രേം സ്കൂൾ കേരളകത്തോലിക്കാസഭയുടെ വിദ്യാലയങ്ങളു ടെയെല്ലാം പൂർവ്വസ്ഥാനത്ത് നിലകൊള്ളുന്നു. വിദ്യാഭ്യാസം മാത്ര മല്ല, വിദ്യയഭ്യസിക്കുവാൻ വരുന്നവർക്ക് ആഹാരവും വസ്ത്രവും നല്കി അവരുടെ ഭൗതികആവശ്യവും വേദകാര്യങ്ങൾ പഠിപ്പിച്ചും, കൂദാശകൾ സ്വീകരിക്കാനൊരുക്കിയും ആത്മീകാവശ്യങ്ങൾ നിറ വേറ്റിയും സമഗ്രമായ ഒരു വ്യക്തിത്വം രൂപപ്പെടുത്താൻ തുനിഞ്ഞി റങ്ങിയ മഹാത്മാവാണ് ചാവറപ്പിതാവ്. 19-ാം നൂറ്റാണ്ടിൽ (1805-1871) ജീവിച്ചുമരിച്ച ഈ ആചാര്യൻ ഒരു ജ്ഞാന-ഭക്തി-കർമ്മയോഗിയാ യിരുന്നു. എങ്കിലും ഒരു ജ്ഞാനയോഗിയെന്ന നിലയിൽ മാത്രം അദ്ദേ ഹത്തിന്റെ ജീവിതത്തിലും ദർശനങ്ങളിലും പ്രവർത്തനങ്ങളിലും മിഴിവാർന്നു നിന്നവ മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

കുട്ടനാട്ടിലെ കൈനകരി എന്ന ചെറുഗ്രാമത്തിൽ ജനിച്ചുവളർന്ന കുര്യാക്കോസിന് ചെറുപ്പത്തിൽ ലഭിച്ച വിദ്യാഭ്യാസം ഒരു ആശാൻക ളരിയിൽനിന്നുള്ള ബാലപാഠങ്ങൾ മാത്രമാണ്. വിജ്ഞാനലോകത്തി ലേയ്ക്കു പ്രവേശിക്കാനുള്ള വാതിൽ എന്ന നിലയിൽ കൃത്യമാ യും വ്യക്തമായും അക്ഷരങ്ങൾ പഠിച്ച അദ്ദേഹം കുടുംബപശ്ചാ ത്തലത്തിൽനിന്ന് സെമിനാരിയിലേയ്ക്കു ജീവിതം മാറ്റിയപ്പോൾ ക്രമേണ ആരാധനക്രമഭാഷയായ സുറിയാനിയും പഠിച്ചു. തുടർന്ന് തമിൾ, ലത്തീൻ, പോർച്ചുഗീസ് എന്നീ ഭാഷകളിലും പ്രാവീണ്യം നേടി. ഭാഷാപഠനം ചാവറയച്ചന്റെ ബുദ്ധിയെ മാത്രം വികസിപ്പിക്കുന്ന ഒന്നായിരുന്നില്ല. “ജ്ഞാനത്തിന്റെ ഉറവിടം ദൈവഭക്തിയാണ്” (പ്രഭാ 1:7) എന്ന ദൈവവചനം അന്വർത്ഥമാക്കുമാറ് അദ്ദേഹത്തിൽ രൂഢ മൂലമായിരുന്ന ദൈവഭക്തി യഥാർത്ഥ ജ്ഞാനത്തിലേയ്ക്ക് അദ്ദേ ഹത്തെ നയിച്ചു. അറിവിനോടൊപ്പം ജ്ഞാനത്തിലും വളർന്നപ്പോൾ ദൈവത്തെക്കുറിച്ച്, തന്നെക്കുറിച്ച്, താൻ ആയിരിക്കുന്ന സമൂഹ ത്തെക്കുറിച്ച്, സഭയെക്കുറിച്ച്, ചുറ്റുപാടുമുള്ള സഹമനുജരെക്കു റിച്ച് അവരുടെ ആവശ്യങ്ങളേയും പ്രശ്നങ്ങളേയും കുറിച്ച് പല കാര്യങ്ങളും അദ്ദേഹം മനസ്സിലാക്കി. അതിൽ ഏറ്റവും ഉൽകൃഷ്ട മായതും അടിസ്ഥാനപരമായതും ദൈവം തന്റെ സ്രഷ്ടാ വാണെന്നും, താനും, തന്നെപ്പോലെതന്നെ മറ്റുള്ളവരും ദൈവ ത്തിന്റെ മക്കളാണെന്നും അതിനാൽ അവർ തന്റെ സഹോദരരാ ണെന്നുമുള്ള തിരിച്ചറിവാണ്. ഈ ജ്ഞാനം അദ്ദേഹത്തിന്റെ ജീവിതത്തിന് ലംബതലത്തിലും തിരശ്ചീനതലത്തിലും ദിശാബോധം നല്കി.

ജാതിവ്യവസ്ഥിതിയും സമുദായങ്ങൾ തമ്മിലുള്ള ഭിന്നതയും, അടി ച്ചമർത്തപ്പെടുന്ന സ്ഥിതിവിശേഷങ്ങളും മനുഷ്യനെ മനുഷ്യനായി, സഹോദരീസഹോദരങ്ങളായി കാണാൻ കഴിയാത്ത ഉച്ചനീചത്വ ങ്ങളും നിലനിന്ന കാലത്താണ് ചാവറയച്ചൻ ജീവിച്ചതും പ്രവർത്തി ച്ചതും. മാത്രമല്ല, ദാരിദ്രവും സാമ്പത്തിക പരാധീനതകളും ഇവിടെ നിലവിലുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ ദൈവം തന്റെ പിതാ വാണെന്ന തിരിച്ചറിവ് അദ്ദേഹത്തിന്റെ വ്യക്തിപരവും ദൈവോന്മു ഖമായ ജീവിതത്തിൽ കൃതജ്ഞതാനിർഭരവും ഒപ്പം അനുതാപപൂർണ്ണ വുമായ മനോഭാവവും ശൈലിയു രൂപപ്പെടുത്തി. അതിന്റെ പ്രതി ഫലനങ്ങൾ അദ്ദേഹം എഴുതിയ കൃതികളിൽ, പ്രത്യേകിച്ച്, *ആത്മാ*

*നുതാപം, ധ്യാനസല്ലാപങ്ങൾ* എന്നിവയിൽ വ്യക്തമായി കാണാം. മാത്രമല്ല, തന്റെ പിതാവായ ദൈവം മറ്റുമനുഷ്യരുടേയും പിതാവാണെന്ന ബോദ്ധ്യം സഹജരെ സഹോദരരായി കാണുന്നതിനിടയാക്കി. സാഹോദര്യപരവും പരോന്മുഖമായ ജീവിതത്തിന് അത് ആക്കം കൂട്ടി. താൻ അംഗമായിരിക്കുന്ന സമുദായത്തിന്റേയും തന്റെ ചുറ്റിലുമുള്ള നാനാജാതി മതസ്ഥരായ ജനങ്ങളുടേയും പരാധീനതകളും ആവശ്യങ്ങളും നോക്കിക്കാണാൻ, അവയെ പരിഹരിക്കാൻ തനിക്കൊരു കടമയുണ്ടെന്നു ബോദ്ധ്യപ്പെടുവാനും ഈ തിരിച്ചറിയലും കണ്ടെത്തലും അദ്ദേഹത്തെ സഹായിച്ചു. അതിന് ഏറ്റവും ഉപയുക്തമായ ഒരു മാർഗ്ഗം സർവ്വർക്കും വിദ്യാഭ്യാസം നല്കുക എന്നതാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു.

വിദ്യാഭ്യാസം ചാവറ പിതാവിനെ സംബന്ധിച്ചിടത്തോളം വെറും ഒരു തൊഴിലോ ബൗദ്ധികമായ അറിവു സമ്പാദിക്കലോ ധനസമ്പാദനത്തിനുള്ള ഒരു മാർഗ്ഗമോ ആയിരുന്നില്ല. ആത്മീയമായ ഒരു വീക്ഷണം കൂടാതെ ഭൗതികമായി മാത്രം അറിവും വികസനവും ഉണ്ടായാലും മനുഷ്യജീവിതവും മനുഷ്യസമൂഹങ്ങളായ കുടുംബവും സമുദായവും സഭയും രാഷ്ട്രവും നിലനില്ക്കുകയില്ലെന്നും മനുഷ്യമനസ്സ് കാംക്ഷിക്കുന്ന സമാധാനവും സന്തോഷവും ശാശ്വതമായി കൈവരിക്കാനാവില്ലെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ഇതൊരു ഉൾക്കാഴ്ചയാണ്. ജ്ഞാനവെളിച്ചം ലഭിച്ചവർക്കു മാത്രമുള്ള സാക്ഷാൽ കാഴ്ച. വിശേഷബുദ്ധിയുള്ള സൃഷ്ടിയായി, എല്ലാസൃഷ്ടജാലങ്ങളുടേയും മകുടമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചതുതന്നെ ഇത് നേടിയെടുക്കുന്നതിനാണ്. സത്യത്തേയും ജ്ഞാനത്തേയും തേടുക എന്നത് ബുദ്ധിയ്ക്കു സ്വാഭാവികമായിട്ടുള്ള പ്രതിപത്തിയാണ്. അതുകൊണ്ടുതന്നെ അറിവുനേടാനുള്ള തൃഷ്ണ മനുഷ്യനിൽ അന്തർലീനവും അതിനോടുള്ള അഭിവാഞ്ഛ സ്വാഭാവികവുമാണ്. മനുഷ്യന്റെ അസ്തിത്വപരമായ ഈ തൃഷ്ണയെ തൃപ്തിപ്പെടുത്തിക്കൊണ്ട് അവന്റെ ബൗദ്ധികവും ദൈവോന്മുഖവുമായ അഭിനിവേശത്തെ സഫലീകരിക്കുമ്പോൾ അവൻ ജ്ഞാനിയും വിവേകിയുമാകും. ഇതിന് സഹായിക്കുന്നതാണ് വിദ്യാഭ്യാസം. ഇപ്രകാരമൊരു വിദ്യാഭ്യാസം നല്കാനാണ് അദ്ദേഹം അഭിലഷിച്ചത്. മറ്റുവാക്കിൽ, ഏതു ജാതിയിലും മതത്തിലും പെട്ടവനായിലും അവന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് വിദ്യാഭ്യാസം നല്കണ

മെന്ന് അദ്ദേഹം ഉദ്ദർശനം ചെയ്തു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ: "കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവുകൂടാതെ പരലോകത്തേയും അതിൽ കുടിയിരിക്കുന്ന തമ്പുരാനേയും അറിവാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവരു കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമില്ലാത്തവരു ജ്ഞാനകുരുടന്മാരാകുന്നു ... ഈ കുരുടത്വം കാരണത്താൽ ... ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെയായിരിക്കുന്നു. കുരുടൻ കുരുടനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു എന്നു വരുമ്പോൾ നമുക്കുള്ള കടങ്ങൾ പട്ടക്കാര് ജനങ്ങളേയും കാരണവന്മാര് മക്കളേയും പഠിപ്പിപ്പാൻ കടമായിരിയ്ക്കുന്നു."[2] 1850–ൽ ചാവറയച്ചൻ എഴുതിയ ഈ വാക്കുകളിലൂടെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസദർശനം എന്തായിരുന്നുവെന്നും വിദ്യാഭ്യാസത്തിലൂടെ സമഗ്രതയിലേയ്ക്ക് ജനത്തെ നയിക്കാൻ ഉത്തരവാദിത്വപ്പെട്ടവരാരാണെന്നും വെളിവാക്കുന്നു. അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് ദൈവികമായ പ്രകാശത്തിലേയ്ക്ക് മനുഷ്യമനസ്സുകളെ ആനയിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യം സാർത്ഥകമാകുന്നത് വിശുദ്ധമായ ഒരു ജീവിതത്തിലാണ്. ഇതിലേയ്ക്കു മക്കളെ, ജനത്തെ നയിക്കുകയാണ് മാതാപിതാക്കളുടേയും മതപുരോഹിതന്മാരുടേയും കടമ. കൂടാതെ, ആത്മീയവെളിച്ചം പകരുന്ന വിദ്യാഭ്യാസം നല്കി ആത്മീയമായ അന്ധതമാറ്റാതെ ബൗദ്ധികമായ വെളിച്ചംകൊണ്ട് സ്ഥായിയായ ഫലം ലഭിക്കുകയില്ലെന്നും അദ്ദേഹം ഗ്രഹിച്ചു. അതിനാൽ അദ്ദേഹം തന്റെ കർമ്മവീഥികളിൽ വിഭാവനം ചെയ്തതും പ്രവർത്തിപഥത്തിലാക്കാൻ യത്നിച്ചതും അക്ഷരജ്ഞാനവും വിവിധശാസ്ത്രസാങ്കേതിക വിഷയങ്ങളിലുള്ള ബൗദ്ധികമായ അറിവും നല്കി ജനത്തെ പ്രബുദ്ധരും സമ്പന്നരുമാക്കിത്തീർക്കുന്ന വിദ്യാഭ്യാസം നല്കൽ മാത്രമായിരുന്നില്ല. അതിലുപരി, ആത്മീയ വെളിച്ചം പകരുന്ന വിദ്യാഭ്യാസമായിരുന്നു. ഇപ്രകാരമൊരു വിദ്യാഭ്യാസപ്രക്രിയയ്ക്കു തുടക്കം കുറിക്കാനും അതുവഴി സഹജരെ പ്രകാശിതരും പ്രബുദ്ധരുമാക്കാനുമാണ് ജാതിമതഭേദമെന്യേഎല്ലാവർക്കുമായി സ്കൂൾ വിദ്യാഭ്യാസത്തിന് അദ്ദേഹം തുടങ്ങിയത്.

വിദ്യാഭ്യാസരംഗത്ത് ജനത്തിന് മാനവികവും ദൈവീകവുമായ ജ്ഞാനം നല്കണം. അതിന് ഭൗതികവിഷയങ്ങളിലും ആത്മീയവി

ഷയങ്ങളിലും പ്രാവീണ്യം നേടിയരും സമർപ്പണപൂർവ്വം തുനിഞ്ഞിറങ്ങാൻ പര്യാപ്തരുമായ ആളുകളുണ്ടാകണം. പ്രാരംഭമായി, മതപരമായ വിദ്യാഭ്യാസത്തിന് നികേതനങ്ങളാകുവാനും സമർപ്പിതരായ അദ്ധ്യാപകരെ രൂപപ്പെടുത്തിയെടുക്കുവാനും സെമിനാരികളും, കൊവേന്തകളും, കന്യാസ്ത്രീമഠങ്ങളും അദ്ദേഹം സ്ഥാപിച്ചു. വിദ്യാസമ്പന്നരായ പട്ടക്കാരുടേയും കന്യാസ്ത്രീകളുടേയും നേതൃത്വത്തിൽ സാധാരണക്കാരായ ആളുകളുടെ വിദ്യാഭ്യാസത്തിനായി പാഠശാലകളും എദുക്കുന്താത്തുകളും സ്ഥാപിച്ചു. സ്ഥാപനാത്മകവും വ്യവസ്ഥാപിതവുമായ വിദ്യാഭ്യാസം നല്കാൻ ഒരോ പള്ളിയോടും ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ അക്ഷീണം യത്നിച്ചതിന്റെ ദൂരെവ്യാപകമായ ഫലമാണ് ഇന്നു സാക്ഷരയിൽ മുന്നിട്ടുനില്ക്കുവാൻ കേരളത്തിനാകുന്നത്.

ചാവറയച്ചന്റെ വിദ്യാദാനവഴികൾ അതിന്റെ പൂർണ്ണതയിൽ ഗ്രഹിക്കാനാവുന്നത് വിദ്യാഭ്യാസം നല്കുവവാനുള്ള മാതാപിതാക്കന്മാരുടെ മൗലികമായ ചുമതലയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും നിർദ്ദേശങ്ങളും കൂടി വായിച്ചറിയുമ്പോഴാണ്. മുൻ ഉദ്ധരിച്ചതുപോലെ "കാരണവന്മാര് മക്കളേയും പഠിപ്പിപ്പാൻ കടമായിരിയ്ക്കുന്നു..."[3] എന്നെഴുതിയ അദ്ദേഹം, ഈ കടം നിറവേറ്റേണ്ടതെങ്ങനെയെന്ന് അക്കമിട്ട് നിരത്തുന്നത് 1868-ൽ അദ്ദേഹം സ്വന്ത കൈപ്പടയിലെഴുതി സ്വന്ത ഇടവകകാർക്കു നല്കിയ കുടുംബചട്ടത്തിലാണ്. *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ലഘുകൃതിയിൽ പറയുന്ന കാര്യങ്ങൾക്ക് ഒന്നര നൂറ്റാണ്ടായിട്ടും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, അവയിൽ പലതിനും പ്രസക്തിയേറുകയുമാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ചും ക്രിസ്തീയ വിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കന്മാർക്കുള്ള മൗലികകടമയെക്കുറിച്ചും തിരുസ്സഭ ആധുനികകാലത്തു പഠിപ്പിക്കുന്ന കാര്യങ്ങൾ മുമ്പേ തന്നെ ചാവറയച്ചൻ ഇതുവഴി പഠിപ്പിക്കുകയും അപ്രകാരം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നു. ഉദാഹരണത്തിന് ചാവരുളിൽ പറയുന്ന ചില പ്രസ്താവനകൾ ഉദ്ധരിക്കുകയാണ്: "കാരണവന്മാരെ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക. മക്കൾ, സർവ്വേശ്വരൻ തമ്പുരാന് സൂക്ഷിപ്പാനായിട്ടു നിങ്ങ

ളുടെകയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോര കൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിരികെ ഏൽപ്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾവിൻ.[4] ഉത്തരവാദിത്വപൂർണ്ണമായി മാതാപിതാക്കൾ മക്കളെ ഏതുപ്രകാരം സ്വീകരിക്കണമെന്നും കരുതണമെന്നും വളർത്തണമെന്നും ഈ വാക്കുകൾ സുതരാം വ്യക്തമാക്കുന്നു. അതിന്റെ പ്രായോഗികത യെന്ന നിലയിൽ അദ്ദേഹം വീണ്ടും പറയുന്നു:

1. തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിലയ യ്ക്കണം. ഇതുംപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.[5]

2. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തിപോലെ വാങ്ങിച്ചു ശേഖരിക്കുക.[6] കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോര കൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിരികെ ഏൽപ്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞു കൊൾവിൻ.[4] ഉത്തരവാദിത്വപൂർണ്ണമായി മാതാപിതാക്കൾ മക്കളെ ഏതുപ്രകാരം സ്വീകരിക്കണമെന്നും കരുതണമെന്നും വളർത്തണമെന്നും ഈ വാക്കുകൾ സുതരാം വ്യക്തമാക്കുന്നു. അതിന്റെ പ്രായോഗികതയെന്ന നിലയിൽ അദ്ദേഹം വീണ്ടും പറയുന്നു: “അവർക്ക് അൽപം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കയും മുത്തിക്കയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്ക. അവർ സംസാരിക്കാൻ തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാല ജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്കുക. ശരീരത്തിനടുത്ത യാവന

അവർക്ക് കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത യാവന യായ ഇവകളെയും അവർക്ക് കൊടുക്കുന്നത് എത്രയോ നല്ലതാ യിരിക്കുന്നു."[7] "വൈകിട്ട് കുരിശുമണിയടിക്കുമ്പോൾ മക്കളെല്ലാ വരും വീട്ടിലുണ്ടായിരിപ്പാനും നമസ്കാരം കഴിഞ്ഞാലുടൻ അവർ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാനും അവരെ ശീലിപ്പിക്കണം."[8]

3. പൈതൽപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽനിന്നകന്ന് കൂട്ടുകാരോടുകൂടെ പൈതങ്ങൾ പുറത്തു കളിപ്പാൻ പോകാൻ അനു വദിക്കരുത്. അവരെ സൂക്ഷിക്കാത്ത ശുശ്രൂഷക്കാരെ വിശ്വസി ക്കേണ്ടാ; മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമു ള്ളവരാകുന്നു.[9]

4. ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ടതൊ ക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ടു ദൈവമാതാവിന്റെ മേൽ ഭക്തിയായിരിപ്പാനും അവരെ പഠിപ്പിക്ക ണം.[10]

5. അമ്മ കാണിച്ചുകൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണി ക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.[11]

6. ചെറുപ്പത്തിൽ തന്നെ ലോകനടപ്പെന്നു പറഞ്ഞുകൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ട. വല്ല തെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസി ക്കുക; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠി പ്പിക്കുക.[12]

7. പന്ത്രണ്ടു വയസ്സു തികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ട താകയാൽ പൈതങ്ങളെ കാരണവന്മാർ ചാത്തം, പെരുന്നാൾ, വിരു ന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമെ വിടാതെ അവരെ വീട്ടിൽ താമസിപ്പിച്ച് അവരുടെ പ്രായത്തിനടുത്ത തൊഴി ലിൽ അവരെ അഭ്യസിപ്പിക്കണം; എന്നാൽ പെൺപൈതങ്ങളെ പെരു

ന്നാൾ ആഘോഷത്തിനും തോഴ്മയ്ക്കും മറ്റുമായി ചമയിക്കുന്നതും അയയ്ക്കുന്നതും നരകത്തിൽ നിന്നുവന്ന ഒരു സൂത്രവും ചട്ടവുമാകുന്നു.[13]

ഒരു പിതാവിന്റെ സ്നേഹത്തോടും അമ്മയുടെ കരുതലോടും അദ്ധ്യാപകന്റെ പാടവത്തോടും മനഃശാസ്ത്രജ്ഞന്റെ വൈഭവത്തോടും ധാർമ്മികപ്രബോധകന്റെ സന്മാർഗ്ഗനിഷ്ഠയോടും ഒരു ആദ്ധ്യാത്മികപിതാവിന്റെ ജ്ഞാനദൃഷ്ടിയോടുംകൂടെ മനുഷ്യന്റെ പരമാന്ത്യം മുമ്പിൽ കണ്ടുകൊണ്ടും ആദ്ധ്യാത്മികമെന്നപോലെ സാന്മാർഗ്ഗികവും ബൗദ്ധികവും മാനസികവും വൈകാരികവും ശാരീരികവുമായ എല്ലാമാനങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങളാണ് വി. ചാവറപിതാവ് നല്കിയിരിക്കുന്നത്. ഇതു തന്നെയല്ലേ ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചതും പഠിപ്പിച്ചതും? കാലത്തെ അതിജീവിക്കുന്ന കാലദേശാദികൾക്കതീതമായി പ്രവാചകൈചതന്യത്തോടെ സംസാരിച്ച ദീർഘദർശിയായ വിശുദ്ധ ചാവറപിതാവ് കൊളുത്തിയ ജ്ഞാനദീപത്തിന്റെ പ്രഭ ഈ കേരളമണ്ണിലെന്നല്ല, ലോകമെങ്ങും ഉജ്ജ്വലശോഭയോടെ പ്രസരിക്കട്ടെ!

**പരാമർശസൂചിക**


1. രണ്ടാം വത്തിക്കാൻ സൂനഹദോസ് രേഖകൾ, *വിദ്യാഭ്യാസം,* നമ്പർ 1.
2. കത്തുകൾ, IX/2.
3. കത്തുകൾ, IX/2.
4. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 1.
5. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 6.
6. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," 21.
7. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 2.
8. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 11.
9. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 5.
10. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 8.
11. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 9.
12. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 10.
13. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," 11.

# 8

# സൗഹൃദത്തിലെ കതിരും പതിരും

ആധുനികകാലത്ത് കൗമാരക്കാരുടേയും യുവജനങ്ങളുടേയും ഇട യിൽ ഏറെ പ്രത്യേകതകളോടെ ആഘോഷിക്കപ്പെടുന്ന ഒരു ദിവ സമാണ് ഫെബ്രുവരി 14 ലെ വലെന്റയിൻസ് ഡേ.[1] യുവമിഥുനങ്ങൾക്ക് തങ്ങളുടെ സൗഹൃദവും പ്രേമവും കൈമാറാൻ "ലൈസൻസ്" കിട്ടുന്ന ദിവസംപോലെ ആയിത്തീർന്നിരിക്കുന്നു ആ ദിനം. പ്രത്യേക ആശംസാകാർഡുകളും എസ്.എം.എസ്. ഉം കൈമാറപ്പെടുന്നതോ ടൊപ്പം ഐസ് ക്രീം പാർലറുകളും, ഇന്റർനെറ്റ് കഫേകളുമൊക്കെ അസാധാരണമാംവിധം തിരക്കിലാകുന്ന ഒരു ദിവസം കൂടിയാണത്. ഏറ്റവും തനതായ രീതിയിൽ തന്റെ സ്നേഹിതന് അഥവാ സ്നേഹി തയ്ക്ക് സ്നേഹം കൈമാറാനുള്ള ആലോചനയിലും വ്യഗ്രതതയി ലുമാണ് പ്രേമഭാജനങ്ങൾ. ആധുനികലോകത്തെ ഗ്രസിച്ചിരിക്കുന്ന ആനന്ദമാത്രവാദവും (*ഹെദനിസം*) അതിന്റെ പരിവൃത്തങ്ങളും ഒരു പ്രത്യേക നിറം ഈ ദിവസത്തിനു നല്കിയിരിക്കുന്നു. അത്യാധുനി കസാമൂഹികസമ്പർക്കമാധ്യമങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കു കയും ചെയ്യുന്നു. യുവഹൃദയങ്ങളുടെ അപക്വമായ കാമ-പ്രേമവി കാരങ്ങളെ മുതലെടുത്ത് ഈ ദിനാചരണംവഴി ലാഭം കൊയ്യുന്നതും, ഉപഭോഗസംസ്കാരത്തിന്റെ സംഭാവനയായ ഉല്പന്നങ്ങളുടെയും കണ്ണും കരളും വികാരങ്ങളും കവർന്നെടുക്കുന്ന ആകർഷകമായ വാഗ്ദാനങ്ങളുടേയും പ്രദർശനങ്ങളുടേയും മാസ്മരികതയിൽ മയങ്ങി വിലപ്പെട്ട പലതിന്റേയും നഷ്ടം സഹിക്കേണ്ടിവരുന്നതും ആരാണ് എന്നീ ചോദ്യങ്ങൾ അനുബന്ധമായി നല്കിക്കൊണ്ട് വലന്റൈയിൻസ് ഡേ കടന്നുപോകും. ആഘോഷത്തിമിർപ്പു കഴി യുമ്പോൾ അല്പം ശാന്തതകൈവരുന്ന നേരത്ത് വായിച്ചറിയു വാൻ ഈ ദിനം ഉണർത്തുന്ന ചില ചിതറിയ ചിന്തകൾ, സ്വജീവിത കാലത്തെ മാത്രമല്ല, വരുംകാലത്തെയും ഉൾക്കണ്ണാൽ ദർശിച്ച് ആ ദർശനധാര വാക്കുകളിൽ ആലേഖനം ചെയ്ത വിശുദ്ധ ചാവറ കുര്യാ

ക്ലോസ് എന്ന ദാർശനികന്റെ ഉൾക്കാഴ്ചകളുടെ ചുവടുപിടിച്ച് മൂല്യ ങ്ങളുടെ ശ്രുതിതാളം ചിട്ടപ്പെടുത്തി മുദ്രണം ചെയ്യുന്ന ഈ കടലാ സുദളങ്ങളിൽ കോറിയിടുകയാണ്.

ഫെബ്രുവരി 14 യഥാർത്ഥത്തിൽ കത്തോലിക്കാസഭയിലെ രക്ത സാക്ഷിയായ ഒരു വിശുദ്ധന്റെ ഓർമ്മ ദിനമാണ്. ക്ലോഡിയൂസ് രണ്ടാ മൻ ചക്രവർത്തിയുടെ മതപീഢനകാലത്ത് എ.ഡി. 270–ൽ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി വീരചരമംവരിച്ച വലെന്റയിൻ എന്ന രക്തസാക്ഷിയുടെ ഓർമ്മദിനം! ലൗകികനേട്ടങ്ങളേക്കാൾ സ്വർഗ്ഗീയജീവിതം അഭികാമ്യമായികണ്ട് പീഡനങ്ങൾക്കുവിധേയ നായി മൃത്യുപുല്കിയ ഈ രക്തസാക്ഷിയുടെ ജീവിതവുമായി കാര്യ മായ ബന്ധമോ സാദൃശ്യമോ ഇല്ലാത്ത ഒരു ദിനാചരണമാണ് അദ്ദേ ഹത്തിന്റെ പേരിൽ ആധുനികതലമുറ ഇന്നാചരിക്കുന്നത് എന്നതൊരു പരമാർത്ഥം. "സ്നേഹിതനുവേണ്ടി ജീവൻബലികഴിക്കുന്നതിനേ ക്കാൾ വലിയ സ്നേഹമില്ല" എന്നരുളിച്ചെയ്യുകയും മനുഷ്യവർഗ്ഗ ത്തോടുള്ള സ്നേഹത്തെപ്രതി സ്വയം ജീവൻസമർപ്പിക്കുകയും ചെയ്ത ദൈവപുത്രനായ ക്രിസ്തുവിന്റെ പാതപിൻതുടർന്ന് ക്രിസ്തു വിനോടുള്ള സ്നേഹത്തെപ്രതി സ്വജീവൻസമർപ്പിച്ച - ആത്മത്യാ ഗത്തിലൂടെയുള്ള സ്നേഹത്തിന്റെ മാതൃകകാട്ടിയ - ഒരു ക്രിസ്തു സ്നേഹിതന്റെ ഓർമ്മ ആചരണമായി ഈ ദിനത്തെ കാണാനാവും. യാഥാർത്ഥ്യം അതാണെങ്കിൽപ്പോലും ആധുനികകാലത്ത് വലെന്റ യിൻസ് ഡേ ആചരണത്തിന്റെ നിറവും മണവും അതല്ല എന്നത് മറ്റൊരു പരമാർത്ഥം. ഈ പരമാർത്ഥത്തെ അതിന്റെ മുഖവില യ്ക്കെടുത്തുകൊണ്ടാണ് തുടർവരികൾ കുറിക്കുന്നത്.

കൂട്ടുകൂടാനും കൂട്ടിനിരിക്കാനും കൂടെ നടക്കാനും ഒരു കൂട്ടു കാരനെ അഥവാ കൂട്ടുകാരിയെ ആഗ്രഹിക്കാത്ത മനസ്സുകളില്ല. അങ്ങനെ അല്ലാതിരിക്കുവാൻ മനുഷ്യനു സാദ്ധ്യവുമല്ല. എന്തെ ന്നാൽ ഇത് മനുഷ്യന്റെ അസ്തിത്വപരമായ ആവശ്യമാണ്. *മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല* എന്നുതന്നെയാണ് സ്രഷ്ടാവ് മനു ഷ്യനെ സൃഷ്ടിച്ച ശേഷം വിലയിരുത്തിയതും പ്രസ്താവിച്ചതും. ഏകനായ മനുഷ്യനു ഇണയും തുണയുമായി സ്ത്രീയെ സൃഷ്ടിച്ച് അവരെ സംയോജിപ്പിച്ച ദൈവം വിവാഹമെന്ന സംവിധാനത്തിന്

അടിസ്ഥാനമിടുകയും ചെയ്തു. വിവാഹത്തിൽ സഖിത്വമുണ്ട്, സൗഹൃദമുണ്ട്, ഐക്യമുണ്ട്. അതു വേണംതാനും. എന്നാൽ എല്ലാ സഖിത്വങ്ങളും വിവാഹത്തിലേക്കു നയിക്കുന്നതല്ല. വിവാഹേതര സഖിത്വങ്ങളുണ്ട്, സൗഹൃദങ്ങളുമുണ്ട്. എന്തെന്നാൽ സൗഹൃദവും സഖിത്വവും സ്ത്രീപുരുഷബന്ധത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല; സമപ്രായക്കാരുടെ ഇടയിലും കൗമാരക്കാരുടെ ഇടയിലും യുവജനങ്ങളുടെ ഇടയിലും മാത്രം കണ്ടുവരുന്ന ആഗ്രഹവും ആവശ്യവുമല്ല അത്. ഏതു പ്രായത്തിലും ജാതിയിലും മതത്തിലും നാട്ടിലും ഭാഷയിലും സംസ്കാരത്തിലും ഉള്ളവർക്കും ഇതാവശ്യമാണ്. ആരിലും ഈ ആഗ്രഹത്തിന് കുറവുമില്ല. അന്യരായ രണ്ടു പേർ തമ്മിൽ മാത്രമുള്ള ഒന്നല്ല സൗഹൃദം. വിവിധതലങ്ങളിൽ ഇതു ദൃശ്യമാണ്. ദാമ്പത്യജീവിതവും കുടുംബജീവിതവും നിയതമായ സംവിധാനങ്ങളാണ്; ബന്ധങ്ങളാണ്. എന്നുവരികിലും ഈ ജീവിത വേദികളിൽ, പ്രത്യേകിച്ചും, ഭാര്യാഭർത്തൃബന്ധത്തിൽ സൗഹൃദം കൂടി തളിരിടുമ്പോൾ അത് വളരെ ഊഷ്മളമാകുന്നു. സൗഹൃദഭാവം കൂടി കലരുമ്പോൾ ഹൃദ്യമായും, കാര്യക്ഷമമായും, വിജയകരമായും മാറുന്ന ബന്ധങ്ങളാണ് അധികാര-അധീനബന്ധം, അദ്ധ്യാപക-വിദ്യാർത്ഥിബന്ധം, മുതലാളി-തൊഴിലാളിബന്ധം, പുരോഹിതരും ദൈവജനവും തമ്മിലുള്ള ബന്ധം തുടങ്ങിയവ. ഔദ്യോഗികതയുടേയും ഔപചാരികതയുടേയും സംവിധാനങ്ങളുടേയും നിയമങ്ങളുടേയും കെട്ടുപാടിൽ, മനുഷ്യർ തരംതിരിക്കപ്പെടുന്ന സാമൂഹിക പശ്ചാത്തലത്തിൽ, മനുഷ്യനെ മനുഷ്യനായി കാണാനും സ്വീകരിക്കാനും, ഉൾക്കൊള്ളാനും, തരംതിരിവുകൂടാതെ മനുഷ്യബന്ധങ്ങളെ ഊഷ്മളമാക്കി നിലനിർത്താനും സൗഹൃദത്തിനുള്ളതുപോലൊരു ശക്തി മറ്റൊന്നിനുമില്ല. ജീവൻപോലും ബലികഴിക്കുവാൻ ഒരുവനെ സന്നദ്ധനാക്കുന്നതാണ് യഥാർത്ഥസൗഹൃദം.

സൗഹൃദങ്ങൾ ആരംഭിക്കാൻ എളുപ്പമാണ്. ചില ഇഷ്ടങ്ങളിലാണ് മിക്കവാറും സൗഹൃദങ്ങൾ ആരംഭിക്കുന്നത്. യാത്ര, താമസസ്ഥലം, പഠനം, ജോലി, തൊഴിൽ, ചുറ്റുപാടുകൾ എന്നിവയോടൊക്കെ ബന്ധപ്പെട്ട് സൗഹൃദങ്ങൾ ഉണ്ടാകും, ഉണ്ടാകാം. എങ്കിലും അവയിൽ ഒട്ടുമുക്കാലും സൗഹൃദങ്ങളും താല്കാലികവും ആഴമില്ലാത്തതുമാണ്. ചിലതൊക്കെ സന്തോഷം നല്കുന്നു. ചിലവ

സന്തോഷത്തിലാരംഭിച്ച് നീറുന്ന ചില ഓർമ്മകൾ സമ്മാനിച്ച് കടന്നുപോകുന്നു. പുറംമോടികളിലും, സൗന്ദര്യാരാധനയിലും, പേരിലും, കീർത്തിയിലും, കാര്യലാഭത്തിലും, നേട്ടങ്ങളിലുമൊക്കെ കണ്ണുറപ്പിച്ച് സമാരംഭിക്കുന്ന ചില വൈകാരികപ്രകടനങ്ങൾ സൗഹൃദത്തിന്റെ ഭാവം പ്രകടമാക്കുന്നെങ്കിലും അവയെല്ലാം നീർക്കുമിളകൾപോലെ നൈമിഷികങ്ങളാണ്. പലസൗഹൃദങ്ങളും വയലിലെ പുല്ലുപോലെ പെട്ടെന്നു വാടിക്കരിഞ്ഞുപോകുന്നു. കാരണം, സൗഹൃദം ആരംഭിക്കുന്നത് ഇഷ്ടങ്ങളിലാണങ്കിലും അവ നിലനിർത്താൻ ഏറെ കാര്യങ്ങൾ ആവശ്യമാണ്. പല സൗഹൃദങ്ങൾക്കും ഏറെ നാളത്തെ ആയുസ്സില്ല. അതിനു കാരണം സൗഹൃദങ്ങൾ അതിന്റെ അടിസ്ഥാനം വൈകാരികമായ ചില ഇഷ്ടങ്ങളിലും താല്പര്യങ്ങളിലും മാത്രം നിലനിർത്തുന്നതിനാലാണ്. ഇഷ്ടമേറുമ്പോൾ സൗഹൃദവും ശക്തമാകുന്നു. എന്നാൽ ഇഷ്ടത്തിൽമാത്രം അടിസ്ഥാനമിട്ടാൽ സൗഹൃദത്തിന് അധികം ആയുസ്സുണ്ടാകില്ല. ഇഷ്ടപ്പെടലുകൾപോലെ അനിഷ്ടങ്ങളും ജീവിതത്തിൽ, ബന്ധങ്ങളിൽ ഉണ്ടാകുമ്പോൾ സൗഹൃദം തകരാനും ഇടയാകും. ഇഷ്ടത്തേക്കാൾ സ്നേഹിക്കാനുള്ള തീരുമാനവും സ്ഥിരതയും മൂല്യബോധവും സൗഹൃത്തിന്റെ നിലനില്പിനാവശ്യമാണ്. ലാഭേച്ഛയേക്കാൾ നഷ്ടം വരിക്കാൻ, സ്വന്തഗുണത്തേക്കാൾ അപരന്റെ ഗുണം, നന്മ, വളർച്ച എന്നിവയിൽ സന്തോഷിക്കാനുള്ള ഹൃദയവിശാലത, ഔദാര്യം സഹിഷ്ണത, സ്വന്തഇഷ്ടത്തേക്കാളുപരി സ്നേഹിതന്റെ പരിമിതികളെ അംഗീകരിച്ചുകൊണ്ടു സ്നേഹിക്കാനുള്ള തീരുമാനം, ക്ഷമിക്കുവാനും, മറക്കുവാനും പൊറുക്കുവാനും വിട്ടുവീഴ്ചചെയ്യുവാനും സഹിക്കുവാനും തക്ക ഉദാത്തമായ മനസ്സ്, ആപത്തുവേളയിലും ആവശ്യനേരത്തും സ്വയം മറന്നു താങ്ങുവാനുള്ള സന്നദ്ധത തുടങ്ങിയ അനേകം മാനുഷികവും ദൈവികവുമായ ഗുണവിശേഷങ്ങളുണ്ടെങ്കിലേ സൗഹൃദം സ്ഥായിയായി നിലകൊള്ളുകയുള്ളു. "ഉത്തമനായ സ്നേഹിതൻ ബലിഷ്ഠമായ കോട്ടപോലെയാണ്" എന്നു തിരുവചനം പറയുന്നത് അതിനാലാണ്. മേല്പറഞ്ഞപ്രകാരമുള്ള സൗഹൃദത്തിനു പറ്റിയ സ്നേഹിതരെ കിട്ടുക അത്ര എളുപ്പമില്ല. അങ്ങനെയുള്ള സ്നേഹിതരാകുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി.

സൗഹൃദം തേടാത്ത മനസ്സോ, അതു കൊതിക്കാത്ത ഹൃദയമോ ഇല്ല. ദൈവം പോലും ഇതിനൊരു അപവാദമല്ല. "സ്നേഹിതനോടെന്നപോലെ മുഖാമുഖം" മോശയോട് ദൈവമായ കർത്താവ് സംസാരിച്ചു എന്നാണ് തിരുവചനം പറയുന്നത്. "ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല, പ്രത്യുത നിങ്ങൾ എന്റെ സ്നേഹിതന്മാരാണ്" എന്നാണ് ദൈവപുത്രനായ ഈശോ തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. ദൈവമനുഷ്യബന്ധം ഭയത്തിന്റേത് എന്നതിനേക്കാൾ സൗഹൃദത്തിന്റേതാണെന്നും സ്നേഹിതർതമ്മിലുള്ള ബന്ധം പോലെ ഊഷ്മളവും സുദൃഢവുമാണ് അതെന്നുമുള്ള വസ്തുതയാണല്ലോ ഇതെല്ലാം വെളിപ്പെടുത്തുന്നത്. ഈ വസ്തുത വ്യക്തമായി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഒരു മനുഷ്യനായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിന്റെ ദൈവാനുഭവം സുതരാം വ്യക്തമാക്കുന്ന *ധ്യാനസല്ലാപം* എന്നകൃതിയിൽ ധ്യാനത്തേയും പ്രാർത്ഥനയേയും ദൈവത്തോടുള്ള സ്നേഹസംഭാഷണമായും ഈ സംഭാഷണം രണ്ടു ഉറ്റസ്നേഹിതർ തമ്മിലുള്ള സംഭാഷണംപോലെയാണെന്നും സൗഹൃദത്തിന്റെ അടിസ്ഥാനം സ്നേഹമാണെന്നും അദ്ദേഹം അടിവരയിട്ടു പ്രസ്താവിക്കുന്നുണ്ട്: 'ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്ന് വരുമ്പോൾ സ്നേഹിതനോടുള്ള സംസാരം പോലെയാകുന്നു.'[1] സ്നേഹിതർതമ്മിലുള്ള ബന്ധത്തിന്റെ ഹൃദ്യതയും ആഴവും പരപ്പും അദ്ദേഹം വിശദമാക്കുന്നത് ഇപ്രകാരമാണ്: "സ്നേഹിതന്മാരുതമ്മിൽ ഒന്നിച്ചിരുന്നാൽ വേർപിരിയുംവരെയും നാവ് അടങ്ങാതെ സംസാരിക്കും. അതു കണ്ടുവരുന്ന കാര്യമാണ്. ഇതിനിടയിൽ അവർക്ക് സംസാരത്തിന് വകയില്ലാഞ്ഞിട്ടു മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കുകയും വേണ്ട. പേച്ചറിയാത്തവരും (ഭാഷയറിയാത്തവരും) തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ച് അറിയുന്ന മറ്റവനോടു സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനത്രെയിഷ്ടം. ഒന്നും ഉരിയാടാതെ (സംസാരിക്കാതെ) ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരെ (അടുത്ത്) ഇരിക്കുന്നതു

തന്നെ തൃപ്തിയാവുകയും ചെയ്യും... സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ...[2]

ഏതൊരു മനുഷ്യ വ്യക്തിയുടേയും വളർച്ചയിൽ മേല്പറഞ്ഞ വിധം സുദൃഢമായ സൗഹൃദബന്ധങ്ങൾക്കുള്ള സ്വാധീനം വാക്കുകൾക്കതീതമാണ്. എന്നാൽ വ്യക്തിത്വത്തിന്റെ വികസന ത്തിനുമാത്രമല്ല, വികലതയ്ക്കും അതുകാരണമാകാമെന്നതും ഒരു യാഥാർത്ഥ്യം. അതുകൊണ്ടാണ് വിശുദ്ധ ചാവറ പിതാവ് *നീ ആരോടുകൂടി ഇടയുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം*[3] എന്ന പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ട് സൗഹൃദബന്ധത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തിയെത്തന്നെ വിലയിരുത്താമെന്ന സത്യത്തിലേയ്ക്കു വിരൽ ചൂണ്ടിയത്. അതു കൊണ്ട് ദീർഘവീക്ഷണത്തോടെ അദ്ദേഹം ഇപ്രകാരം നിർദ്ദേശി ക്കുന്നു: "നിനക്കു സ്നേഹിതന്മാർ അധികം വേണ്ട, പിന്നെയോ ആയിരം പേരിൽ നിന്നു സൂക്ഷിച്ചു ഒരുത്തനെ തെരഞ്ഞെടുക്കുക, തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കുകയില്ല."[4]

യഥാർത്ഥമായ സൗഹൃദവും, സ്നേഹവും ദൈവസ്നേഹത്തിൽ അധിഷ്ഠിതമാണ്. അന്യന്റെ നന്മയെ ആഗ്രഹിക്കാനും അപരന്റെ ആവശ്യങ്ങളിൽ സഹായിക്കാനും വേദനകളിൽ ആശ്വസിപ്പിക്കാനും തെറ്റുകാണുമ്പോൾ തിരുത്തുവാനും ബലഹീനതയിൽ ശക്തിപ്പെടുത്താനും വളർച്ചയിൽ അസൂയപ്പെടാതിരിക്കാനും ഏതെങ്കിലും വിധത്തിൽ അറിയാതെയോ അറിഞ്ഞോ ഒരു ദ്രോഹം ചെയ്യാനിടയായാൽ അത് ക്ഷമിക്കാനും മറക്കാനും വീണ്ടും സ്നേഹിക്കാനും ദൈവിക സ്നേഹത്തിന്റെ പരിമാണങ്ങൾ സ്വാംശീകരിച്ചിട്ടുള്ള ഉത്തമനായ ഒരു സ്നേഹിതനുമാത്രമേ സാധിക്കുകയുള്ളൂ. ഇത്തരം സ്നേഹിതരെ കണ്ടെത്തുക വളരെ അപൂർവ്വവുമാണ്. തിരുവചനവും ഇതു സാക്ഷിക്കുന്നു: വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു. വിശ്വസ്ത സ്നേഹിതനെപ്പോലെ അമൂല്യമായി ഒന്നുമില്ല. അവന്റെ മാഹാത്മ്യം അളവറ്റതാണ്. വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ് (പ്രഭാ 6:14-16).

ഉത്തമസ്നേഹിതന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഈ തിരുവചനഭാഗം മറ്റൊരു തിരുവചനത്തിലേയ്ക്കാണ് നയിക്കുന്നത്. 'സ്വർഗ്ഗരാജ്യത്തെ വയലിൽ മറഞ്ഞുകിടക്കുന്ന നിധിയോടു സാദൃശപ്പെടുത്തുകയും നിധി കണ്ടെത്തിയ മനുഷ്യൻ അത് ഒളിച്ചുവയ്ക്കുകയും തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു' (മത്തായി 13:44) എന്നു പറയുന്ന വചനം. ഉത്തമനായ സ്നേഹിതനുമൊത്തുള്ള സഹവാസം ദൈവരാജ്യത്തിന്റെ അനുഭവമായിത്തീരാമെന്നതാണ് ഇതിന്റെ പിന്നിലെ സത്യം. താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരെ സ്നേഹിതരെന്നു വിളിച്ചപ്പോൾ ദൈവരാജ്യം തന്നെയായ മിശിഹാ സ്വയം ഒരു സ്നേഹിതനായി അവരുടെ മുമ്പിൽ മാറുകയാണല്ലോ ചെയ്തത്. ഒരു സ്നേഹിതനോടെന്നപോലെ മോശയോടു മുഖാമുഖം സംസാരിച്ച ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിവരണവും മേല്പറഞ്ഞ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു. സൗഹൃദം തേടാത്ത മനസ്സില്ല. ഉത്തമ സ്നേഹിതന്റെ/സ്നേഹിതയുടെ സഹവാസത്തിൽ ആനന്ദിക്കാത്തവരായും ആരുമില്ല. മനസ്സിനിണങ്ങിയ വിശ്വസ്തരായ സ്നേഹിതരെ ലഭിക്കാൻ ആഗ്രഹിക്കാത്തവരുമില്ല. എന്നാൽ ഇവിടെ ചാവറയച്ചനുയർത്തുന്ന ചോദ്യം എത്ര പേർക്ക് അമൂല്യനിധിപോലെയുള്ള ഉത്തമ സ്നേഹിതരാകാൻ സാധിക്കുമെന്നുള്ളതാണ്.

ഉത്തമ സ്നേഹിതർക്ക് ഉദാഹരണമായി ചാവറപിതാവ് ചൂണ്ടിക്കാണിക്കുന്നത് പഴയനിയമത്തിൽ സാമുവലിന്റെ പുസ്തകത്തിൽ വിവരിക്കുന്ന ദാവീദും സാവൂൾരാജാവിന്റെ പുത്രനായ യോനാഥനും തമ്മിലുള്ള സ്നേഹമാണ്. "ദാവീദും യോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സുള്ളവരായി തമ്മിൽ തമ്മിൽ പട്ടാങ്ങയായി സ്നേഹിച്ചു. ഒടുക്കംവരേയും അവർ തമ്മിൽ പട്ടാങ്ങയായി സ്നേഹിക്കുകയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പ കാരണങ്ങളാൽ കുറഞ്ഞുപോകാതെ ആപത്തുകളിലും ദിഷ്ടതികളിലും വർദ്ധിച്ചു വരികയും ചെയ്തു."[5] യഥാർത്ഥ സ്നേഹിതരുടെ സ്വഭാവമാണ് ഈ വാക്കുകളിലൂടെ ചാവറയച്ചൻ വ്യക്തമാക്കിയിരിക്കുന്നത്. മറ്റുവാക്കിൽ, "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക"

എന്ന ദൈവികകല്പന പ്രായോഗികമാക്കുന്നതിനുള്ള വിളിയും വെല്ലുവിളിയും ഇതു നല്കുന്നു.

സൗഹൃദം യഥാർത്ഥത്തിൽ ദൈവീകഭാവമാണ്. കൗമാരക്കാരുടെയോ, യുവജനങ്ങളുടെയിടയിലോ കടന്നുകൂടാവുന്ന അഥവാ കടന്നുകൂടുന്ന ലൈംഗികതയുടെ പങ്കുവെയ്ക്കലിന് സൗഹൃദത്തിൽ സ്ഥാനമില്ല; അതാവശ്യവുമില്ല. വിവാഹബന്ധത്തിലൊഴികെ ഒരുബന്ധത്തിലും, സൗഹൃദത്തിലും ഇതിനു ഇടമില്ല. സൗഹൃദത്തിന്റെ പേരിലുള്ള ലൈംഗികമായ വേഴ്ചകൾ സൗഹൃദത്തെ അധ;പതിപ്പിക്കുകയും നശിപ്പിക്കുകയും സ്വാർത്ഥതയുടെയും, ഭോഗാസക്തിയുടെയും തലത്തിലേയ്ക്ക് അധ:പതിപ്പിക്കുകയും ചെയ്യും. കൊടുത്തും സ്വീകരിച്ചും, പങ്കുവെച്ചും ഒരുമയിലായിരിക്കുന്നതിന്റെ ആനന്ദം അനുഭവിക്കുന്ന ഒന്നാണിത്. സ്നേഹത്തിന്റെ പേരിൽ, സൗഹൃദത്തിന്റെ പേരിൽ വഞ്ചനയും ചൂഷണവും, ലൈംഗികഅരാജകത്വവും, സ്വവർഗ്ഗഭോഗവും, വ്യഭിചാരവുംമൊക്കെ നടമാടുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധമായ സൗഹൃദത്തിന്റെ മാതൃക ക്രിസ്തുതന്നെ കാണിച്ചുതന്നു. അപരന്റെ നന്മ, വ്യക്തിബഹുമാനം, ആദരവ് തുടങ്ങിയവപുലർത്താനും, തളർത്താതെ വളർത്തിയുയർത്താനും, സ്വന്തലാഭവും നേട്ടവും തേടാതെ സ്വയം നഷ്ടംവരിച്ചും അപരനെ ഉയർത്താനും കഴിയുന്നതാണത്.

സ്നേഹത്തിന്റെ പങ്കുവെയ്ക്കൽ, അതിന്റെ ആഘോഷം ഒരു ദിവസത്തിൽ പരിമിതപ്പെടുത്തേണ്ടതല്ല. അത് എന്നും നിലനില്ക്കണം. അതിന് സ്നേഹവും സൗഹൃദവും തേടുന്നവരും സ്നേഹിതരെ കണ്ടെത്തുന്നവരും സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെന്തെന്ന് തിരുവചനം വ്യക്തമാക്കുന്നു. താഴെ ഉദ്ധരിക്കപ്പെടുന്ന തിരുവചനം കറയറ്റ സൗഹൃദത്തിന്റെ അടിസ്ഥാനവും എന്നേയ്ക്കുമുള്ള മാർഗ്ഗരേഖയും മാനദണ്ഡവുമായിരിക്കട്ടെ:

മധുരമൊഴി സ്നേഹിതൻമാരെ ആകർഷിക്കുന്നു;
മധുരഭാഷണം സൗഹൃദത്തെ ഉത്തേജിപ്പിക്കുന്നു.
എല്ലാവരിലുംനിന്നു സൗഹൃദം സ്വീകരിച്ചുകൊള്ളുക.
എന്നാൽ, ആയിരത്തിൽ ഒരുവനിൽനിന്നേ
ഉപദേശം സ്വീകരിക്കാവൂ.

പരീക്ഷിച്ചറിഞ്ഞേ സ്നേഹിതനെ സ്വീകരിക്കാവൂ;
വേഗം അവനെ വിശ്വസിക്കയുമരുത്.
സൗകര്യം നോക്കി സൗഹൃദം നടിക്കുന്നവരുണ്ട്;
കഷ്ടദിനത്തിൽ അവരെ കാണുകയില്ല.
സ്നേഹിതൻ ശത്രുവായി മാറാം;
കലഹം പരസ്യമാക്കി നിന്നെ അപമാനിച്ചേക്കാം.
തീൻമേശക്കൂട്ടുകാരൻ കഷ്ടദിനത്തിൽ
നിന്നോടുകൂടെ കാണുകയില്ല.
ഐശ്വര്യത്തിൽ അവൻ നിന്നോട് ഒട്ടിനിൽക്കുകയും
നിന്റെ ദാസന്മാരോട് സ്വതന്ത്രരായി ഇടപെടുകയും ചെയ്യും.
നിന്റെ തകർച്ചയിൽ അവൻ നിനക്കെതിരേ തിരിയുകയും
നിന്നെ ഒഴിഞ്ഞു നടക്കുകയും ചെയ്യും.
ശത്രുക്കളിൽനിന്ന് അകന്നിരിക്കുകയും
സ്നേഹിതരോട് സൂക്ഷിച്ചു പെരുമാറുകയും ചെയ്യുക.
വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്;
അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു.
വിശ്വസ്തനായ സ്നേഹിതനെപ്പോലെ അമൂല്യമായി ഒന്നുമില്ല;
അവന്റെ മാഹാത്മ്യം അളവറ്റതാണ്.
വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്;
കർത്താവിനെ ഭയപ്പെടുന്നവൻ അവനെ കണ്ടെത്തും.
ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്;
അവന്റെ സ്നേഹിതനും അവനെപ്പോലെതന്നെ.[6]
സഹോദരനെ ചതിക്കാൻ ശ്രമിക്കരുത്;
സ്നേഹിതനോടും അങ്ങനെതന്നെ.[7]
സ്നേഹിതനെ പണത്തിനുവേണ്ടിയോ
സഹോദരനെ ഓഫീർപൊന്നിനുവേണ്ടിയോ കൈമാറരുത്.[8]
സ്നേഹിതനെ നിന്ദിച്ചാൽ സൗഹൃദം അവസാനിക്കും.
സ്നേഹിതനെതിരേ വാളെടുത്തുപോയാലും നിരാശനാകേണ്ടാ;
സൗഹൃദം വീണ്ടെടുക്കാൻ സാധിക്കും

സ്നേഹിതനെതിരേ നീ സംസാരിച്ചാലും
അസ്വസ്ഥനാകേണ്ട;
അനുരഞ്ജനസാദ്ധ്യതയുണ്ട്.
എന്നാൽ നിന്ദ, ധിക്കാരം,
രഹസ്യം വെളിപ്പെടുത്തൽ, ചതി എന്നിവ
സ്നേഹിതരെ ഓടിച്ചുകളയുന്നു.[9]

സൗഹൃദം തേടാത്ത മനസ്സില്ല. ഉത്തമ സ്നേഹിതന്റെ അഥവാ സ്നേഹിതയുടെ സഹവാസത്തിൽ ആനന്ദിക്കാത്തവരായും ആരുമില്ല. മനസ്സിനിണങ്ങിയ വിശ്വസ്തരായ സ്നേഹിതരെ ലഭിക്കാൻ ആഗ്രഹിക്കാത്തവരുമില്ല. എന്നാൽ ഇവിടെ വി. ചാവറയച്ചനുയർത്തുന്ന ചോദ്യം നമ്മിൽ എത്ര പേർക്ക് അമൂല്യ നിധിപോലെയുള്ള ഉത്തമ സ്നേഹിതരാകാൻ സാധിക്കു മെന്നുള്ളതാണ്. ഉത്തമമായ സ്നേഹിതരില്ലെന്നു പരിതപിക്കുന്ന തിനേക്കാൾ സ്വയം ഉത്തമരായ സ്നേഹിതരാവുകയാണ് കരണീയം. ഉപരിപ്ലവയവും സ്വാർത്ഥപൂരിതവുമായ സൗഹൃദങ്ങളേക്കാൾ ആത്മാർത്ഥതയും വിശ്വസ്തതയും നിറഞ്ഞ ബന്ധങ്ങളാകട്ടെ വലൈന്റയിൻ ദിനം നല്കുന്ന ഉപഹാരം!

## പരാമർശസൂചിക

1. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 3, ധ്യാനസല്ലാപ ങ്ങൾ, പേജ് 14.
2. ധ്യാനസല്ലാപങ്ങൾ, പേജ് 13-14.
3. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 9.
4. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 16.
5. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 16.
6. പ്രഭാ 6:5-17.
7. പ്രഭാ 7:12.
8. പ്രഭാ 7:18.
9. പ്രഭാ 22:20-22.

# 9

# കർത്തൃദിനാഘോഷം ചാവറദർശനത്തിൽ

സുകൃതദീപ്തമായ പ്രഭാവലയങ്ങളാൽ ഒരു കാലഘട്ടത്തെ ആപാദ ചൂഡം പ്രകാശമാനമാക്കി ആ അനശ്വരതേജസ്സിനാൽ കാലദേശാ ദിസീമകളെ ഉല്ലംഘിച്ച ഒരു മഹാവ്യക്തിയാണല്ലോ വിശുദ്ധ ചാവറ യച്ചൻ. തൃണസമാനമായ ജീവിതത്തെ ഈശ്വരോപാസനയാൽ അന ശ്വരമാക്കി ആ അനശ്വരതയുടെ ചിനപ്പുകൾ സ്വകർമ്മത്താൽ മാന വഹൃദയങ്ങളിൽ തെളിയിച്ച് ജ്ഞാനത്തെ ഭക്തികൊണ്ടും ഭക്തിയെ കർമ്മംകൊണ്ടും കർമ്മത്തെ നിഷ്കാമചൈതന്യംകൊണ്ടും ധന്യ മാക്കി താൻ ഉൾപ്പെട്ട ലോകത്തിന് ആദ്ധ്യാത്മിക പ്രഭാപൂരം വർഷിച്ച മഹാവ്യക്തിത്വങ്ങളിൽ അദ്വിതീയനാണ് അദ്ദേഹം. ഈ വന്ദ്യതാപ സികന്റെ ജീവിതത്തിലും ചിന്തയിലും നിറഞ്ഞുനിന്ന അനന്യമായ ദർശനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഹ്രസ്വമെങ്കിലും തികച്ചും പ്രായോഗികവും ദൈവവചനാധിഷ്ഠിതവും സ്ഥലകാലപരിമിതി കൾക്കതീതവുമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ ചാവരുൾ. 19-ാം നൂറ്റാണ്ടിന്റെ സാമൂഹിക സാംസ്കാരിക പശ്ചാ ത്തലത്തിൽ എഴുതപ്പെട്ടതെങ്കിലും "എന്നും പുരാതനവും എന്നും നൂതനവുമായ" തിരുവചനത്തിന്റെയും കാലാകാലങ്ങളിൽ കത്തോ ലിക്കാസഭ നല്കുന്ന പ്രബോധനങ്ങളുടേയും വെളിച്ചത്തിൽ വില യിരുത്തുമ്പോൾ ഈ ചെറുകൃതി പ്രദാനം ചെയ്യുന്ന ഉൾക്കാഴ്ച കളും മൂല്യങ്ങളും സാഹചര്യങ്ങൾക്കും കാലത്തിനും മാറ്റി മറി ക്കാനാവാത്തതാണെന്നു വ്യക്തമാക്കാനാവും. ചാവരുൾ വായി ച്ചാൽ മനസ്സിലാകുന്ന ഒരു സംഗതി നൂറ്റാണ്ടുകൾക്കു മുമ്പ് മോശ വഴി ദൈവം നല്കിയ ദൈവപ്രമാണങ്ങളെ പ്രായോഗികമായി ഒരു കുടുംബം എങ്ങനെ അനുവർത്തിക്കണമെന്ന നിർദ്ദേശങ്ങളും അനു ശാസനങ്ങളുമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നത് എന്നാണ്. മറ്റു വാക്കിൽ ദൈവകല്പനകൾക്കൊരു പ്രായോഗികവ്യാഖ്യാനമാണ് ചാവരുൾ. ചാവരുളിൽ കാണുന്നതും അധികമാരും ശ്രദ്ധിക്കാ ത്തതും എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ സകല

ക്രൈസ്തവരുടേയും ശ്രദ്ധയ്ക്ക് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ വിഷയമാക്കിയ കർത്താവിന്റെ ദിവസത്തിന്റെ ആചരണമാണ് ഇവിടെ പരാമർശവിഷയമാക്കുന്നത്. 1998-ലെ പന്തക്കുസ്താദിനത്തിൽ (മേയ് 31) നല്കപ്പെട്ട ശ്ലൈഹികപ്രബോധനമാണ് *ദേവൂസ് ദൊമിനി* (കർത്താവിന്റെ ദിവസം). പരിശുദ്ധ പിതാവിന്റെ തന്നെ വാക്കുകളിൽ: "രണ്ടായിരാമാണ്ടിന്റെ മഹാജൂബിലിയുടെ പടിവാതിലിൽ വന്നെത്തിനില്ക്കുന്ന വിശ്വാസസമൂഹത്തിന് ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്ന ഞായറാഴ്ചയെ വീണ്ടും കണ്ടെത്താൻ ശക്തിയുക്തം പ്രചോദിപ്പിക്കുക, പ്രേരിപ്പിക്കുക" എന്നതായിരുന്നു മഹാജൂബിലിക്കും മൂന്നാം സഹസ്രാബ്ദപ്രവേശനത്തിനുമുള്ള ഏറ്റവും അടുത്ത ഒരുക്കമെന്ന നിലയിൽ ആ പ്രബോധനത്തിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യത്തിനും ഒരുക്കത്തിനും പിന്നിൽ മറ്റൊരു ലക്ഷ്യം കൂടി പരിശുദ്ധ പിതാവിനുണ്ടായിരുന്നു. മഹാജൂബിലിയുടെ ആസന്നത ആദ്ധ്യാത്മികവും അജപാലനപരവുമായ കൂടുതൽ ആഴത്തിലുള്ള സമർപ്പണത്തിനു വിശ്വാസികളെ ക്ഷണിക്കുന്നു. വാസ്തവത്തിൽ അതാണ് അതിന്റെ യഥാർത്ഥ ലക്ഷ്യം. മൂന്നാം സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുന്ന സഭയെ, ദൈവവചനം മനുഷ്യവതാരം ചെയ്തതിന്റെ 2000-ാമാണ്ട് മഹാജൂബിലി ആഘോഷത്തിലൂടെ കടത്തിവിടുന്നതിന്റെ ലക്ഷ്യവും അതിന്റെ പ്രായോഗികതയുമാണ് മേല്പറഞ്ഞതിലൂടെ വ്യക്തമായത്. ഈ ശ്ലൈഹികപ്രബോധനത്തിന്റെ വെളിച്ചത്തിൽ വിശുദ്ധ ചാവറയച്ചന്റെ ചാവരുളിലെ ഞായറാഴ്ച ആചരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വാക്കുകൾക്കതീതമായ അദ്ദേഹത്തിന്റെ പ്രവാചകപരവും പ്രഘോഷണപരവും പ്രചോദനകരവുമായ ഉൾക്കാഴ്ചകൾ വ്യക്തമാകും.

കർത്താവിന്റെ ദിവസത്തെ വിശുദ്ധമായി ആചരിക്കണമെന്നം മറ്റൊന്നുകൊണ്ടും വെച്ചുമാറാൻ പറ്റാത്തവിധം സംപൂജ്യമായി അതിനെ കരുതി ആഘോഷിക്കണമെന്നും പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ: "അടുത്ത കാലം വരെ പരമ്പരാഗത ക്രൈസ്തവരാജ്യങ്ങളിൽ ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുക വളരെ എളുപ്പമായിരുന്നു... എന്നാൽ ഇന്ന് ... രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളിലു

ണ്ടായ പരിവർത്തനങ്ങൾ മിക്കപ്പോഴും സാമൂഹികാചാരങ്ങളിലും തത്ഫലമായി ഞായറാഴ്ചയുടെ സ്വഭാവത്തിലും അഗാധമായ മാറ്റങ്ങൾ ഉളവാക്കിയിട്ടുണ്ട്. "വാരാന്ത്യാചരണം" കൂടുതൽ വ്യാപകമായിരിക്കുന്നു ... നിർഭാഗ്യവശാൽ ഞായറാഴ്ചയ്ക്കു അതിന്റെ മൗലികമമായ അർത്ഥം നഷ്ടപ്പെടുകയും വാരാന്ത്യത്തിന്റെ ഒരു ഭാഗം മാത്രമായിത്തീരുകയും ചെയ്യുന്നു ... അതിനാൽ കർത്താവിന്റെ ദിനത്തെ വിശുദ്ധമായി ആചരിക്കുന്നതിനുള്ള മാർഗ്ഗമായിരിക്കേണ്ട ഞായറാഴ്ചയാഘോഷത്തേയും കേവലം ഒഴിവിന്റെയും വിശ്രമത്തിന്റെയും സമയമായി മനസ്സിലാക്കപ്പെടുന്ന വാരാന്ത്യത്തേയും പരസ്പരം കൂട്ടിക്കുഴയ്ക്കരുത്."[1]

ഇരുപതാം നൂറ്റാണ്ടിന്റെ സാമൂഹികസാംസ്കാരികസാമ്പത്തികപശ്ചാത്തലത്തിൽ പരിശുദ്ധ പിതാവ് ഇതു പറയുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചാവറയച്ചൻ എഴുതുന്നതെന്തെന്നു കാണുക: "ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായത് കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇതു കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു. ഇതുകൂടാതെ വീട്ടിൽ വല്ലവരും മരിച്ചാൽ ശേഷമുള്ളവർ സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ച് കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നത് ദൈവത്താലും വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമാര്യാദയാകുന്നു."[2] ഇവിടെ ഒരു കാര്യം വ്യക്തമാണ്: ഞായറാഴ്ച കർത്താവിന്റെ ദിവസമാ ണെന്നും അതു വിശുദ്ധമായി ആചരിക്കണമെന്നുമുള്ള ദൈവികകല്പനയുടെ സാരാംശം അദ്ദേഹം നന്നേ ഗ്രഹിച്ചിരുന്നു. കർത്താവിന്റെ ദിവസത്തിന്റെ സവിശേഷത എന്തെന്നത് വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായും ദൈവശാസ്ത്രപരമായും വിശകലനം ചെയ്ത് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ അവതരിപ്പിക്കുമ്പോൾ, ഉദാത്തമായ ആ ദർശനങ്ങളെ ദൈവികമായി ഉൾക്കൊണ്ട ചാവറപ്പിതാവ് എത്രയോ ശക്തമായ ഭാഷയിൽ ഒന്നര നൂറ്റാണ്ടുമുമ്പ് അത് എഴുതിവെച്ചു എന്നു ചിന്തിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളുടെ ആഴവും പരപ്പും വ്യക്തമാകുന്നത്. ചാവറയച്ചനെ ഇതിനു പ്രേരിപ്പിച്ചത് മനുഷ്യൻ ദൈവത്തിനു

നല്കേണ്ട പരമോന്നതസ്ഥാനം ജീവിതത്തിൽ നല്കണമെന്ന ഉദാത്തമായ ബോദ്ധ്യമാണ്. അതുകൊണ്ടുതന്നെയാണ് "ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവപേടിയും ഭക്തിയുമാണെന്നും ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്‌വിൻഫലം അനുഭവിക്കുമെന്നും"[3] ചാവറയച്ചൻ എഴുതുന്നത്. ഇപ്രകാരമുള്ള കുടുംബമാണ് ആകാശമോക്ഷത്തിന്റെ സദൃശ്യമാകുക. ദൈവത്തിന് പരമസ്ഥാനം കൊടുക്കുന്ന ഇടമാണല്ലോ സ്വർഗ്ഗം. ദൈവഭയമില്ലാതെ ദൈവത്തിന് നല്കപ്പെടേണ്ടതായ ഒന്നാം സ്ഥാനം നല്കപ്പെടാതെ പോയതാണല്ലോ ആദ്യപാപം തന്നെ. അത് പിശാചിന്റെ പ്രലോഭനമായിരുന്നു. മരണവീട്ടിലുള്ളവർപോലും വളരെ അത്യാവശ്യമില്ലാതെ ഈ ദൈവികനിയമം ലംഘിക്കരുതെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നതും അതിനാലാണ്. ചുരുക്കത്തിൽ, ചാവറപ്പിതാവും ജോൺ പോൾ രണ്ടാമൻ പിതാവും - രണ്ടു വിശുദ്ധാത്മാക്കളും - പറയുന്നത് സാരാംശത്തിൽ ഒന്നുതന്നെയാണ്: എന്തൊക്കെ ആയാലും പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ കഴിയത്തക്കവിധം ഞായറാഴ്ച വിശ്രമം ക്രമപ്പെടുത്താൻ ക്രിസ്ത്യാനികൾ മനഃസാക്ഷിപ്രകാരം കടപ്പെട്ടിരിക്കുന്നു. കർത്തൃദിനത്തിന്റെ പവിത്രതയ്ക്കു ചേരാത്ത തൊഴിലിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും പിന്മാറി ആ ദിനത്തിന്റെ സഹജമായ സന്തോഷത്തോടും ആത്മാവിനും, ശരീരത്തിനും ആവശ്യമായ വിശ്രമത്തോടും കൂടെ അതിൽ പങ്കെടുക്കാൻ കഴിയുംവിധം അതു ക്രമപ്പെടുത്തുവാൻ ക്രിസ്ത്യാനികൾ കടപ്പെട്ടിരിക്കുന്നു. ഭൗതികതയുടെ അതിപ്രസരതയിൽ മുങ്ങിത്താഴുന്ന, ദൈവത്തേയും ദൈവികകല്പനകളേയും, ദൈവികമൂല്യങ്ങളേയും ഭൗതികനേട്ടങ്ങൾക്കുവേണ്ടി സൗകര്യപൂർവ്വം മാറ്റിവയ്ക്കുന്ന ആധുനികലോകത്തിന്റെ വിശ്വാസശിഥിലീകരണപ്രവണതയ്ക്കുമുമ്പിൽ വേണം മേല്പറഞ്ഞ വാക്കുകളുടെ പ്രസക്തിയും വെല്ലുവിളിയും നാം ദർശിക്കേണ്ടത്.

ഞായറാഴ്ച ആചരണത്തിന് മറ്റൊരു വശം കൂടിയുണ്ട്. പരിശുദ്ധ പിതാവിന്റെ വാക്കുകൾ കേൾക്കുക: വിശുദ്ധ കുർബാനയിലുള്ള പങ്കുചേരൽ ഞായറാഴ്ചയുടെ മർമ്മമാണ്. എന്നാൽ ഞായറാഴ്ച വിശുദ്ധമായി ആചരിക്കുക എന്നത് അതിൽമാത്രം ഒതുക്കി നിറുത്താവുന്നതല്ല. ആ ദിവസത്തിന്റെ മറ്റുനിമിഷങ്ങളും ലിറ്റർജിക്കു

പുറമേയുള്ള സാഹചര്യങ്ങളും, അതായത്, കുടുംബജീവിതം, സാമൂഹികബന്ധങ്ങൾ, വിശ്രമ നിമിഷങ്ങൾ മുതലായവ - ഉത്ഥിതനായ മിശിഹായുടെ സമാധാനവും സന്തോഷവും ജീവിതത്തിന്റെ സാധാരണസംഭവങ്ങളിലും ഉണ്ടാകത്തക്കവിധത്തിൽ ക്രമപ്പെടുത്താൻ അത് ഓരോ ക്രിസ്തുശിഷ്യനോടും ആവശ്യപ്പെടുന്നു. ഉദാഹരണമായി, വിശ്രമത്തിന്റേതായ അന്തരീക്ഷത്തിലുള്ള മാതാപിതാക്കളുടെയും കുട്ടികളുടേയും ഒരുമിച്ചുകൂടലിനെ പരസ്പരം ശ്രവിക്കാനുള്ള ഒരു അവസരമാക്കി മാത്രം മാറ്റാതെ വിശ്വാസപരിശീലനത്തിന്റേയും വിചിന്തനത്തിന്റെയുമായി കുറച്ചുസമയം പങ്കിടുന്നതിനുള്ള സന്ദർഭമായി ഉപയോഗിക്കാവുന്നതാണ്.[4] പരിശുദ്ധ പിതാവ് ചോദിക്കുന്നു: അൽമായരുടെ ജീവിതത്തിൽപോലും കഴിയുമെങ്കിൽ പ്രാർത്ഥനയ്ക്കുള്ള പ്രത്യേകസമയം അന്നു കണ്ടെത്തിക്കൂടേ? അല്ലെങ്കിൽ മതബോധനത്തിനുള്ള സമയം അന്നു കണ്ടെത്തിക്കൂടേ?[5] ദൈവവചനവായനയും പഠനവും ഞായറാഴ്ച ആചരണത്തിന്റെ അവശ്യഭാഗമായി മാറ്റുക മഹത്തരമായ കാര്യമാണ്.

ഞായറാഴ്ചയാചരണത്തിന്റെ മറ്റൊരു മാനം സാഹോദര്യത്തിന്റേതാണെന്നുള്ളതാണ് പാപ്പായുടെ അഭിമതം. ഞായറാഴ്ചക്കുർബാനയിൽനിന്ന് സ്നേഹത്തിന്റെ തരംഗം ഒഴുകുന്നു - വിശ്വാസികളുടെ ജീവിതത്തിലാകെ വ്യാപരിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള തരംഗം. ഞായറാഴ്ച സന്തോഷത്തിന്റെ ദിവസമാണെങ്കിൽ "തനിച്ചു" സന്തോഷിക്കാൻ കഴിയുകയില്ലെന്ന് ക്രിസ്ത്യാനികൾ തങ്ങളുടെ യഥാർത്ഥ പെരുമാറ്റംവഴി പ്രഖ്യാപിക്കണം. തങ്ങളുടെ സഹായം ആവശ്യമുള്ളവരുണ്ടോ എന്ന് അവർ ചുറ്റും നോക്കുന്നു. അവരുടെ അയൽപക്കത്തോ അവർ അറിയുന്നവരുടെ ഇടയിലോ രോഗികളോ, വൃദ്ധന്മാരോ, കുട്ടികളോ, പരദേശികളോ ഉണ്ടായിരിക്കും. അവർ പ്രത്യേകിച്ച്, ഞായറാഴ്ചകളിൽ തീവ്രമായ ഏകാന്തതയും ആവശ്യങ്ങളും ദുരിതവും അനുഭവിക്കുന്നവരായിരിക്കും പരിശുദ്ധ പിതാവ് വീണ്ടും ചോദിക്കുന്നു: സമർപ്പണത്തിന്റെ കൂടുതൽ വിശാലമായ അർത്ഥം സ്വീകരിച്ചുകൊണ്ടുതന്നെ കർത്തൃദിനത്തെ കൂടുതൽ തീവ്രമായ പങ്കുവയ്ക്കലിന്റെ ദിവസമാക്കിക്കൂടേ? ക്രൈസ്തവസ്നേഹത്തിനു സാധ്യമായ സർഗ്ഗാത്മക വൈഭവത്തെയാകെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യരുതോ? ഒറ്റയ്ക്കു കഴി

യുന്നവരെ ഭക്ഷണത്തിനു ക്ഷണിക്കുക, രോഗികളെ സന്ദർശിക്കുക, ദരിദ്രകുടുംബങ്ങൾക്ക് ഭക്ഷണം നല്കുക, സ്വയം പ്രേരിതജോലികളിലും ദൃഢൈക്യത്തിന്റെ പ്രവർത്തികളിലും കുറച്ചുസമയം ചെലവിടുക എന്നിവ അൾത്താരയിൽനിന്നു സ്വീകരിച്ച ക്രിസ്തുവിന്റെ സ്നേഹത്തെ തീർച്ചയായും ജനങ്ങളുടെ ജീവിതത്തിലേയ്ക്ക് എത്തിക്കാനുള്ള വഴികളാണ്. ഇപ്രകാരം ജീവിച്ചാൽ ഞായറാഴ്ച ക്കുർബാന മാത്രമല്ല, ഞായറാഴ്ചദിവസം മുഴുവനും സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ഒരു മഹാപാഠശാലയായിത്തീരും.[6] വളരെ വിശദമായി പരിശുദ്ധ പിതാവ് പറയുന്നവ ചുരുക്കം വാക്കുകളിൽ ചാവറപ്പിതാവ് അവതരിപ്പിക്കുന്നതിങ്ങനെയാണ്: "കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടുമാത്രം മതിയാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക, നല്ല പുസ്തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചിലവഴിക്ക."[7]

ഒന്നരനൂറ്റാണ്ടുമുമ്പ് ചാവറപ്പിതാവു കുറിച്ചുവെച്ച ഈ ചുരുങ്ങിയ വാക്കുകളുടെ ഒരു വിപുലീകരണമല്ലേ വാസ്തവത്തിൽ തന്റെ ശ്ലൈഹികപ്രബോധനത്തിലൂടെ പരിശുദ്ധ പിതാവ് നല്കുന്നത്? ചാവറപ്പിതാവിന്റെ വീക്ഷണത്തിൽ കർത്താവിന്റെ ദിനാഘോഷം ദൈവഹിതമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പരിശുദ്ധ പിതാവ് കർത്താവിന്റെ ദിനാഘോഷത്തിന്റെ മഹത്വം ഉയർത്തിക്കാണിച്ച് ഒരു പുനർസമർപ്പണത്തിന് വിശ്വാസികളെ ആഹ്വാനം ചെയ്യുകയാണ്. ദൈവോന്മുഖ-പരോന്മുഖജീവിതത്തിനുള്ള ആഹ്വാനവുമാണത്. ചാവറപ്പിതാവിന്റെ ചാവരുളിലും, പരി.പിതാവിന്റെ ശ്ലൈഹികപ്രബോധനത്തിലും പൊതുവായി കാണുന്നതിതാണ്; ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും, സഹവാസത്തിലും ജീവിക്കുവാൻ, ദൈവികസാന്നിദ്ധ്യത്തിന്റെ മുമ്പിൽ സ്വയം വിലയിരുത്തുവാൻ, ദൈവികചൈതന്യത്താൽ നിറഞ്ഞവരായി അന്യർക്കു നന്മ ചെയ്യുവാൻ, എല്ലാറ്റിലുമുപരി, ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നല്കാൻ ദൈവം ദാനമായി നല്കിയ വിശുദ്ധ ദിനമാണ് ഞായറാഴ്ച. ശിഥിലമായിക്കൊണ്ടിരിക്കുന്ന മാനുഷികബന്ധങ്ങളെ ഊട്ടിയുറപ്പിക്കുവാൻ കരുത്തേകുന്ന, ദൈവവുമായുള്ള ബന്ധത്തിന്റെ ഊട്ടിയുറപ്പിക്കലിന്

അവസരം നല്കുന്ന മോഹനദിനമാണിത്. കൂട്ടായ്മയുടെ അനുഭവം പങ്കുവെയ്ക്കുന്ന ദൈവികസാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ദൈവാലയാങ്കണത്തിൽ കൃതജ്ഞതാബലിയർപ്പിക്കുന്ന ദൈവജനം മുഴുവനോടുംകൂടി ദൈവികമഹിമാവിനെ വാഴ്ത്തിപ്പാടുന്ന സുന്ദരദിനമാണിത്. കണ്ണീരില്ലാത്ത വേദനയില്ലാത്ത സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം മുൻകൂട്ടി ആസ്വദിക്കുന്ന സ്വർഗ്ഗീയദിനമാണിത്. തിരക്കേറിയ കർമ്മമണ്ഡലങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ച് പരസ്പരം കണ്ടുമുട്ടുന്ന, ഒന്നിച്ച് ഭക്ഷിക്കുന്ന ഒന്നിച്ചാശയവിനിമയം നടത്തുന്ന, ഒന്നിച്ചു സന്തോഷിക്കുന്ന, പ്രാർത്ഥിക്കുന്ന ഒരു കുടുംബത്തിന്റെ സ്നേഹവും പരസ്പരാലംബവും പ്രകടമാകുന്ന മനോജ്ഞദിനമാണിത്. ഈ വിധം ചെലവഴിക്കപ്പെടുന്ന കർത്താവിന്റെ ദിനം കർത്താവിന്റേതുമാത്രമല്ല, മനുഷ്യകൂട്ടായ്മയുടെ ദിനവും കൂടിയാണ്. മനുഷ്യനെ കൂട്ടായ്മയിൽ നിലനിർത്താൻ ദൈവം ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗം. ഈ വിശുദ്ധദിനത്തിന്റെ സമ്പന്നത ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പരി.പിതാവ് ഉയർത്തിക്കാണിച്ച് ഒരു പുനർസമർപ്പണത്തിന് വിശ്വാസികളെ ആഹ്വാനം ചെയ്യുന്നെങ്കിൽ 19-ാം നൂറ്റാണ്ടിൽത്തന്നെ ഇത് ചാവറപ്പിതാവിലൂടെ കേരളമണ്ണിൽ സമാഹ്വാനം ചെയ്യപ്പെട്ടുകഴിഞ്ഞു. കേരളത്തിലെ കത്തോലിക്കാ-അകത്തോലിക്കാ ദൈവാലയങ്ങളിൽ വിശ്വാസികൾ നിറഞ്ഞുകവിയുന്നതും സ്തുതിഗീതങ്ങൾ ഉയർത്തുന്നതിനും പിന്നിൽ ഈ ദൈവീകമനുഷ്യന്റെ സ്വാധീനം നമുക്കു കാണാനാവും. എന്നുവരികിലും ഞായറാഴ്ചയാചരണത്തിന്റെ അർത്ഥം അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളാനോ, തദനുസാരം പ്രചോദിപ്പിക്കാനോ പ്രബോധിപ്പിക്കാനോ വേണ്ടത്ര പിന്നീട് കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ചും, ഏറ്റമൊടുവിൽ പറഞ്ഞ സാഹോദര്യത്തിന്റെ മാനം. മേല്പറഞ്ഞ ദൈവോന്മുഖ-പരോന്മുഖമാനങ്ങൾ വിശ്വാസികളെ ബോധ്യപ്പെടുത്തുവാനുള്ള അവസരവും അതിനുള്ള വിഷയവും ഞായറാഴ്ചതന്നെയാണ്. അതുകൊണ്ടാണ് പരിശുദ്ധ പിതാവ് പറയുന്നത് "വാസ്തവത്തിൽ ഞായറാഴ്ച യഥാർത്ഥ വിദ്യാലയമാണ്; സഭയുടെ ശിക്ഷണശാസ്ത്രത്തിന്റെ ശാശ്വതപദ്ധതിയാണ്; പ്രത്യേകിച്ച്, തങ്ങളുടെ വിശ്വാസത്തിന്റെ പ്രായോഗികാവശ്യങ്ങളോട് ക്രൈസ്തവ വ്യക്തികൾക്കുള്ള വിശ്വസ്തതയെ നിരന്തരം പരീക്ഷിക്കുന്ന ശിഥിലതയാലും

സാംസ്കാരികബഹുത്വത്താലും ഇന്നു കൂടുതൽ മുദ്രിതമായ സാമൂഹികസാഹചര്യങ്ങളിൽ പകരം മറ്റൊന്നില്ലാത്ത ശിക്ഷണവിദ്യയാണിത്."[8]

ചുരുക്കത്തിൽ, സഭയുടെ 2000 വർഷക്കാലത്തെ ചരിത്രം രൂപപ്പെടുത്തുന്നതിൽ നിർണ്ണായകപങ്കുവഹിച്ച ഞായറാഴ്ചയാചരണത്തെ അതിന്റെ തനതായ അർത്ഥത്തിലും സമഗ്രതയിലും കണ്ടെത്തുന്നതിനും മാറി മാറിവരുന്ന സാമൂഹികസാംസ്കാരിക-സാമ്പത്തികപശ്ചാത്തലത്തിലും അവികലമായും അർത്ഥപൂർണ്ണമായും അത് ആചരിക്കുന്നതിനും ആചരിപ്പിക്കുന്നതിനും ദൈവജനത്തെ സജ്ജമാക്കാനുള്ള ഉത്തരവാദിത്വമാണ് വിശുദ്ധ ചാവറപിതാവും, സഭയുടെ പരമാദ്ധ്യക്ഷനും നമ്മിൽനിന്നാവശ്യപ്പെടുന്നത്. ആധുനികലോകത്തിന് ഉദാത്തമായ ഈ ദർശനം നല്കാൻ നമുക്കാവുമോ? 19-ാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമായി രണ്ടു വിശുദ്ധാത്മാക്കൾ പങ്കുവെച്ചത് 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്നവർക്കും പ്രസക്തമാണെന്നതിന് രണ്ടു പക്ഷമില്ല. അതുതന്നെയാണ് ചാവറകൃതിയുടെ ശ്രേഷ്ഠതയും അതിന്റെ ഉൾക്കാഴ്ചകളുടെ പ്രവാചകസ്വഭാവവും.

**പരാമർശസൂചിക**


1. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം* (വത്തിക്കാൻ: 1998), നമ്പർ 4.
2. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 3.
3. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 18.
4. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം*, നമ്പർ 52.
5. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം*, നമ്പർ 52.
6. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം*, നമ്പർ 72-73.
7. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 22.
8. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം*, നമ്പർ 83.

# 10

# സ്ത്രീ ദർശനം ചാവറദൃഷ്ടിയിൽ

പരിശുദ്ധ പിതാവ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ *സ്ത്രീത്വ ത്തിന്റെ മഹനീയത* എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: സ്ത്രീയെ സംബന്ധിച്ചുള്ള രഹസ്യത്തെ പ്രതിയും അവളുടെ സ്ത്രൈണാന്തസ്സിന്റെ നിത്യമായ പരിമാണം കരുപ്പിടിക്കുന്നതിനെ പ്രതിയും, ഓരോ സ്ത്രീയിലും, സ്ത്രീയിലൂടെയും മനുഷ്യചരിത്രത്തിലെക്കാലത്തും പൂർത്തിയാക്കപ്പെടുന്ന ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾക്കുവേണ്ടിയും സഭ പരമപരിശുദ്ധ ത്രിത്വത്തിനു കൃതജ്ഞത അർപ്പിക്കാൻ ആഗ്രഹിക്കുന്നു.[1]

ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയായ പരിശുദ്ധ ത്രിത്വരഹസ്യത്തിൽ നിന്നുൽഭൂതമാകുന്ന ഒരു വലിയ രഹസ്യമാണ് ത്രിത്വമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയിക്കപ്പെട്ട മനുഷ്യൻ. വിശുദ്ധ ഗ്രന്ഥം പറയുന്നു: ദൈവം അരു ളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. ... അങ്ങനെ ദൈവം മനുഷ്യനെ തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. അവിടുന്നവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു.[2] ദൈവ-മനുഷ്യ ബന്ധത്തിന്റെയും സ്ത്രീ-പുരുഷ ബന്ധത്തിന്റെയും ആധാരമായി നിലകൊള്ളുന്ന ഈ തിരുവചനത്തിന്റെ പശ്ചാത്തലത്തിലാണ് ആദ്യകുടുംബത്തിന്റെ നിറവാർന്ന ചിത്രം വിശുദ്ധ ഗ്രന്ഥം വരച്ചുകാട്ടുന്നത്. പുരുഷനും സ്ത്രീയുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവം രൂപകല്പന ചെയ്ത ആദ്യകുടുംബം മുതൽ ഇന്നോളം തലമുറ തലമുറകളായി മാറ്റമില്ലാതെ ഒരു സത്യം തുടരുന്നുണ്ട്. കുടുംബമെന്നത് സ്ത്രീ-പുരുഷ സംഗമ ത്തിന്റെ ഫലമായി ഉരുവാകുന്ന പ്രകൃതിദത്തമായ ഒരു സ്ഥിര യാഥാർത്ഥ്യമാണ്. ഇതൊരു വലിയ രഹസ്യമാണ്[3] എന്നു വിശുദ്ധ പൗലോസ് വിശേഷിപ്പിക്കുന്ന ദൈവീകവും ദൈവനിശ്ചിതവുമായ ഒരു യാഥാർത്ഥ്യം തന്നെയാണ്. ഇപ്രകാരം രൂപമെടുക്കുന്ന കുടുംബത്തെ ആകാശമോക്ഷത്തിന്റെ സാദൃശ്യമായി[4] കണ്ട ചാവറപിതാവിന്റെ

*ചാവരുളിൽ* ഉരുത്തിരിയുന്ന സ്ത്രീദർശനവും ദൗത്യവുമാണ് ഇവിടെ അപഗ്രഥനം ചെയ്യപ്പെടുന്നത്.

ചാവറയച്ചന്റെ സ്ത്രീ ദർശനത്തിനു പിന്നിൽ അതിന്റെ പ്രഥമ പ്രചോദനമായി നിലകൊള്ളുന്നത് തന്റെ അമ്മയായ സ്ത്രീയുടെ സ്വാധീനം തന്നെയാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ ഈറ്റില്ലമായി തന്റെ കുടുംബത്തെ രൂപപ്പെടുത്തിയെടുത്ത, ദൈവത്തിനു പ്രിയംകരനായി താൻ വളർന്നുവരുവാൻ തന്നെ പ്രചോദിപ്പിച്ച, പ്രാർത്ഥിക്കാനും, തിരുനാമങ്ങൾ ഉച്ചരിക്കാനും, തന്നെ ശീലിപ്പിച്ച, ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും വിശ്വാസ പ്രമാണങ്ങളും ധാർമ്മിക നിർദ്ദേശങ്ങളും തന്നെ പഠിപ്പിക്കുകയും അതിൻപ്രകാരം ജീവിച്ചു കാണിക്കുകയും ചെയ്ത, തന്റെ അമ്മയായിരുന്നു അദ്ദേഹത്തിന് സ്ത്രീത്വത്തിന്റെ മഹനീയതയും ദൗത്യവും കണ്ടറിയാനും അനുഭവിച്ചറിയാനും പ്രഥമ മാതൃകയും പ്രഭവസ്രോതസ്സും. ഈവിധമുള്ള കുടുംബപശ്ചാത്തലവും പിന്നീട് പൗരോഹിത്യം വരിച്ചശേഷം അജപാലകനെന്ന നിലയിലുള്ള അനുഭവവും അദ്ദേഹത്തിന്റെ ദർശനങ്ങൾക്കും സ്ത്രീ സങ്കൽപ്പങ്ങൾക്കും ഉൾക്കാഴ്ചകൾക്കും മിഴിവേകി.

*ചാവരുളിൽ* സ്ത്രീയെ സംബന്ധിച്ചു പ്രത്യേകമായി അദ്ദേഹം വളരെ കുറച്ചുമാത്രമേ എടുത്തു പറഞ്ഞിട്ടുള്ളൂ. കൂടുതലും കാരണവന്മാരെയും അവരുടെ ദൗത്യത്തെയും സംബന്ധിച്ചുള്ള പ്രതിപാദനങ്ങളാണ്. എന്നാൽ അതു പ്രത്യക്ഷത്തിലെ മാത്രം കാര്യമാണ്. സൂക്ഷ്മാംശങ്ങളിലൂടെയുള്ള പുനർവായനയിൽ പരോക്ഷമായി സ്ത്രീയുടെ ദൗത്യം പ്രതിഫലിപ്പിക്കുന്നവയാണ് ഇതര പരാമർശങ്ങളും എന്നു നമുക്കു വ്യക്തമാകുന്നു. അവ കൂടി ചേർത്തു പരിഗണിച്ചാൽ ചാവരുളിൽ തെളിയുന്ന ചാവറയച്ചന്റെ സ്ത്രീസങ്കല്പം ഏറ്റം ഉന്നതമാണ് എന്ന് കാണാം. അതു വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമാണ്; സഭയുടെ പ്രബോധനങ്ങൾക്കും, പാരമ്പര്യങ്ങൾക്കും അനുസൃതമായിട്ടുള്ളതുമാണ്. ആധുനിക ഫെമിനിസ്റ്റു പ്രസ്ഥാനങ്ങളുടെ പക്ഷച്ചായ്‌വോടെയുള്ള സ്ത്രീ സങ്കല്പത്തിൽ ഒരുപക്ഷേ അവയിൽ പലതിനും പ്രസക്തി കാണാൻ കഴിയാതെ വന്നേക്കാം. പക്ഷേ സത്യസന്ധമായ അപഗ്രഥനത്തിൽ, വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ, ചാവരുളിലെ സ്ത്രീ സങ്കല്പത്തിലേയ്ക്കു കടന്നു ചെല്ലുമ്പോൾ സങ്കുചിതത്വത്തിന്റെ പേരിൽ

നിരാകരിക്കപ്പെടാൻ സാദ്ധ്യതയുള്ള വാക്കുകളിൽപ്പോലും സ്ത്രീയെ ആദരപൂർവ്വം പ്രതിഷ്ഠിച്ചുകൊണ്ടും അവളുടെ ആത്മീയവും ഭൗതികവുമായ സാന്നിദ്ധ്യത്തിലെ ശാക്തീകരണത്തിൽ പ്രതിബദ്ധിത മായിക്കൊണ്ടുമുള്ള ഒട്ടേറെ അനർഘസന്ദേശങ്ങൾ ഒളിഞ്ഞിരിപ്പു ണ്ടെന്നു വ്യക്തമാകുന്നു.

ചാവരുളിൽ സ്ത്രീയെസംബന്ധിച്ച് ചാവറപിതാവ് എഴുതുന്നതിലെ ഏറ്റവും ശ്രദ്ധേയവും സ്പഷ്ടവുമായ വാചകമിതാണ്: ‘‘ഒരു പെൺപൈതലിന്റെ ആഭരണം എത്രയും വലിയഅടക്കവും, ഭക്തിയും, മിണ്ടടക്കവും, കണ്ണടക്കവും ആകുന്നു.’’[5] അപ്പസ്തോല പ്രമുഖനായ വിശുദ്ധ പത്രോസ് പറഞ്ഞിട്ടുണ്ട്: ‘‘മുടി പിന്നുന്നതോ, സ്വർണ്ണം അണിയുന്നതോ, മോടിയായി വസ്ത്രം ധരിക്കുന്നതോപോലെ ബാഹ്യമായിരിക്കരുത് നിങ്ങളുടെ ഭൂഷണം. പ്രത്യുത സൗമ്യവും, ശാന്തവുമായ ആത്മാവ് എന്ന അക്ഷയ ഭൂഷണത്തോടുകൂടിയ ഹൃദയത്തിന്റെ നിഗൂഢമനുഷ്യൻ ആയിരിക്കണം നിങ്ങളുടെ അലങ്കാരം. ഇതാകുന്നു ദൈവസന്നിധിയിൽ ഏറ്റവും വിലയുള്ളത്.’’[6] വിശുദ്ധ അപ്പസ്തോലനായ പൗലോസ് പറഞ്ഞിരിക്കുന്നു: “സ്ത്രീകൾ വസ്ത്രം ധരിക്കുന്നത് വിനയത്തോടും വിവേകത്തോടും ഉചിതമായ വിധത്തിലും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവഭക്തിയുള്ള സ്ത്രീകൾക്കു യോജിച്ച വിധം സൽപ്രവർത്തികൾകൊണ്ട് അവർ സമലംകൃതരാകട്ടെ.’’[7]

ചാവറയച്ചന്റെ വാക്കുകൾ മേൽ പ്രസ്താവിച്ച ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്താൽ സ്ത്രീയുടെ ഭൂഷണം ബാഹ്യമോടിയിലല്ലെന്നും അവളുടെ സൗന്ദര്യം ആന്തരികമാണെ ന്നുമാണ് ചാവറയച്ചൻ ചൂണ്ടിക്കാട്ടുന്നത്. അത് അവളുടെ ആത്മീയ ശോഭയെ ആദരപൂർവ്വം അംഗീകരിച്ചുകൊണ്ടും തിരുവെഴുത്തുകളിൽ അധിഷ്ഠിതമായി നിന്നുകൊണ്ടുമാണ്. എങ്കിലും മേലുദ്ധരിച്ച ചാവറയ ച്ചന്റെ വാക്കുകളിലേയ്ക്കു ശ്രദ്ധതിരിക്കുമ്പോൾ മിണ്ടാതെ, നോക്കാതെ, അടങ്ങിയൊതുങ്ങി ഭക്തിയ്ക്കടുത്ത നമസ്ക്കാരങ്ങളും ചൊല്ലി വീടിനുള്ളിൽ ഒതുങ്ങി കൂടേണ്ട ഒരു സ്ത്രീയുടെ ചിത്രമാണ് ആദ്യമായി തെളിഞ്ഞുവരുന്നത്. ഏകദേശം ഒന്നര നൂറ്റാണ്ടുമുൻപ് വിരചിതമായ ഈ കൃതിയുടേയും അതിന്റെ കർത്താവിന്റേയും സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ മേല്പറഞ്ഞത് ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചേ മതിയാവൂ. ഈ അംഗീകാരത്തി

നുമുമ്പിൽ ചാവറയച്ചന്റെ വാക്കുകളുടെ അർത്ഥവും പ്രസക്തിയും കാല ഹരണപ്പെട്ടതായും തോന്നുവാൻ ഇടയുണ്ട്. എന്നാൽ കാലഘട്ടത്തെ അതിലംഘിച്ച ഈ ദൈവിക മനുഷ്യന്റെ വാക്കുകൾക്ക് താല്ക്കാലിക മായ പ്രസക്തി മാത്രമേയുള്ളോ എന്നും ഉറക്കെ ചിന്തിക്കേണ്ടിയിരിക്കു ന്നു. ഈ വസ്തുതയുടെ പൊരുളറിയാൻ ചാവരുളിലെ ഇതര ഭാഗങ്ങ ളുംകൂടി കണക്കിലെടുത്തു ചിന്തിക്കേണ്ടതുണ്ട്.

സ്ത്രീ എന്ന നിലയിൽ ഒരുവളുടെ ദൗത്യം വളർച്ചയുടെ പാതയിൽ ഓരോ ഘട്ടത്തിലും തികച്ചും വ്യതിരിക്തമാണ്. ഒരു ശിശുവെന്ന നിലയിൽ, വളർന്ന മകളെന്ന നിലയിൽ, ഭാര്യയെന്ന നിലയിൽ, അമ്മയെന്ന നിലയിൽ, അമ്മൂമ്മ എന്ന നിലയിൽ എല്ലാം അതു വ്യത്യാസപ്പെട്ടി രിക്കുന്നു. ഏതു തലത്തിലായാലും സ്ത്രൈണതയുടേതായ എല്ലാ സമ്പത്തോടും സൗന്ദര്യത്തോടുംകൂടി ദൈവഹൃദയത്തിൽ നിന്നും പുറപ്പെടുന്നവരാണ് അവരെല്ലാവരും. അവിടുത്തെ നിത്യസ്നേഹ ത്തിന്റെ ആലിംഗനം അനുഭവിച്ചവരാണവർ[8] എന്നത്രേ ജോൺ പോൺ രണ്ടാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളത്. പ്രധാനമായും ഭാര്യയും അമ്മയുമെന്ന നിലയിലുള്ള സ്ത്രീ ദൗത്യമാണ് ചാവരുളിൽ പരാമർശി ക്കപ്പെട്ടിട്ടുള്ളത്. നിഷേധാത്മകമായ രീതിയെന്നു പുറംനോട്ടത്തിൽ തെറ്റിദ്ധരിയ്ക്കാമെങ്കിലും ആത്യന്തികമായ വിശകലനത്തിൽ ക്രിയാ ത്മകമായ സത്യങ്ങൾ തന്നെയാണ് അതിൽ ഒളിഞ്ഞിരിക്കുന്നതെന്ന് അവയിലെ പൊരുളുകൾ ബോദ്ധ്യപ്പെടുത്തുന്നു.

സമാധാനത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ മനുഷ്യനിൽ അന്തർ ലീനമാണ്. അതേസമയം അവൻതന്നെയാണ് അശാന്തിയും അസമാധാനവും ഭൂമിയിൽ വിതയ്ക്കുന്നതും. സഭാചരിത്രത്തിലെ ഏറ്റം നിർണ്ണായക സംഭവമായി വിശേഷിപ്പിക്കപ്പെടുന്ന 2-ാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പോൾ ആറാമൻ പാപ്പാ സ്ത്രീകളെ ഇപ്രകാരം ഉദ്ബോധിപ്പിച്ചിരിക്കുന്നു. "നമ്മുടെ സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ ലോകം മനുഷ്യോചിതമല്ലാത്ത ഒരു സ്ഥിതിയിലേയ്ക്ക ധഃപ്പതിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ നിങ്ങൾ മനുഷ്യരെ ജീവിതവുമായി രമ്യപ്പെടുത്തുക. എല്ലാറ്റിനുമുപരിയായി ഞങ്ങൾ നിങ്ങളോടഭ്യ ർത്ഥിക്കുന്നതിതാണ്: നമ്മുടെ വംശത്തിന്റെ ഭാവിയെപ്പറ്റി ശ്രദ്ധാപൂർവ്വം പരിഗണിക്കുക. പുരുഷൻ അവന്റെ അജ്ഞതയുടെ ഒരു നിമിഷത്തിൽ മനുഷ്യ സംസ്ക്കാരത്തെമുഴുവൻ നശിപ്പിക്കുവാൻ ഉദ്യമിക്കുന്നെങ്കിൽ നിങ്ങൾ

അവന്റെ കൈയ്ക്കു കടന്നുപിടിക്കുക: അവനെ തടയുക."[9]

വ്യാപകവും പരമവുമായ അർത്ഥത്തിൽ, സമാധാനവും, മാനവ രാശിയുടെ ഭദ്രതയും നിലനിർത്തുവാൻ സ്വധർമ്മം നിറവേറ്റിക്കൊണ്ടു ഒരു പടികൂടി കടന്ന് മനുഷ്യനെ (പുരുഷനെ) അതിനു വിരുദ്ധമായ നിലപാടുകളിൽ നിന്നു പിന്തിരിപ്പിക്കുവാൻ സ്ത്രീകളോടാണ്, മാർപാപ്പാ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. "ശാലീനയായ ഒരു സ്ത്രീ മറ്റുള്ളവരുടെ മുമ്പിൽ ആദരവു നേടുന്ന വളാണ്."[10] അവൾക്ക് ഈ ദൈവികദൗത്യം നിറവേറ്റാനാവും. സമാധാന മെന്നത് രക്ഷയുടെ ഫലമാണ്. രക്ഷാകര കർമ്മത്തിൽ ഏറ്റവുമധികം സഹകരിച്ചവൾ ഒരു സ്ത്രീ ആയിരുന്നുവല്ലോ.

ചാവറപിതാവിന്റെ കാഴ്ചപ്പാടിൽ സമാധാനപാലനം സ്ത്രീ ദൗത്യമാണ്. ഈ സമാധാനദൗത്യം സ്ത്രീ ആരംഭിക്കേണ്ടത് സ്വകുടുംബ ത്തിൽ നിന്നുതന്നെയാണ്. കുടുംബത്തിൽ സമാധാനം സൃഷ്ടിക്കു വാനും, കലഹങ്ങൾ സൃഷ്ടിക്കുവാനും സ്ത്രീക്കു കഴിയും. സമാധാന ക്കേടിനു കാരണമായിത്തീർന്ന, കുടുംബത്തിൽ കലഹങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരുന്ന ഒരു സ്ത്രീയേയും, അവളുടെ പ്രവർത്തികൾക്കുള്ള പ്രതിഫലമായി പിശാച് അവളെ തന്റെ ആലോചനക്കാരിയായി സ്വീകരിച്ച് അവൾക്കു സമ്മാനങ്ങൾ നല്കി പ്രലോഭിപ്പിച്ചു വശീകരിച്ചെടുത്ത തിനേയും കുറിച്ചുള്ള നാടകീയമായ വിവരണങ്ങൾ ചാവറയച്ചൻ കൃത്യതയോടെ നൽകിയിട്ടുണ്ട്.[11]

അതോടൊപ്പം നീരസങ്ങളെ കാര്യമാക്കാതെ ക്ഷമിക്കുവാനും വിട്ടുവീഴ്ച ചെയ്യുവാനും കഴിയുക എന്നത് മഹാശക്തിയും വിവേകവു മുള്ളവർക്കുമാത്രം സാധിക്കുന്ന കാര്യമാണെന്ന്[12] അദ്ദേഹം എടുത്തു പറയുന്നുമുണ്ട്. ഇവിടെയാണ് പെൺപൈതലിന്റെ ആഭരണമായ മിണ്ടടക്കത്തിന്റെ[13] പ്രസക്തി വെളിവാകുന്നത്. ചാവറയച്ചന്റെ വാക്കുക ളിൽ മറ്റുള്ളവരുടെ അറ്റകുറ്റങ്ങളും മോശങ്ങളും ക്ഷമിക്കുവാനും[14] ഇങ്ങോട്ടു സ്നേഹിക്കാത്തവരെ അങ്ങോട്ടു സ്നേഹിക്കുവാനും[15] മറ്റുള്ളവരുടെ കെല്പക്ഷയങ്ങളെ സാരം വയ്ക്കാതെ, നല്ല ബന്ധം പുലർത്തി മുന്നോട്ടു പോകാനും ഏറെ ആത്മസംയമനം ആവശ്യമുണ്ട്. അന്യൂനമായ ആത്മസംയമനമാണ് ക്ഷമിക്കുന്നതിനു പിന്നിലെ ശക്തി. ഈവിധം ക്ഷമിക്കുന്നവർ മറ്റുള്ളവരുടെ മുമ്പിൽ ആദരവു നേടും. ഇത്തരം സമാധാനപാലനം കുടുംബാംഗങ്ങൾ പരസ്പരവും, ഭാര്യയും, ഭർത്താവും തമ്മിലും, അമ്മയും മക്കളും തമ്മിലുമെല്ലാം ആവശ്യമുണ്ട്.

തിരുവചനം പഠിപ്പിക്കുന്നു: "ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽ മഴപോലെയാണ്.''[16] ''കലഹക്കാരിയും കോപശീലയുമായ ഭാര്യയോടൊത്തു കഴിയുന്നതിനേക്കാൾ നല്ലത് മരുഭൂമിയിൽ ജീവിക്കുന്നതാണ്."[17] "കർത്താവു വെറുക്കുന്ന ആറുകാര്യങ്ങളിൽ ഒന്നാണ് സഹോദരർക്കിടയിൽ ഭിന്നത വിതയ്ക്കുന്നത്.''[18] മേല്പറഞ്ഞവയിലൂടെയെല്ലാം സ്ത്രീയുടെ വിരുദ്ധ നിലപാടുകൾ തീർക്കുന്ന ദുഃസ്ഥിതികൾ ചൂണ്ടിക്കാട്ടുക വഴി വിരൽചൂണ്ടുന്നതും സ്ഥാപിക്കുന്നതും കുടുംബത്തിന് സ്നേഹവും സമാധാനവും നിലനിർത്താൻ ഒരു സ്ത്രീക്കുള്ള കടമയിലേയ്ക്കും അതിനുള്ള അവളുടെ വൈഭവത്തിലേയ്ക്കും തന്നെയാണ്.

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിലും മക്കളുടെ നല്ല വളർത്തലിലും സ്ത്രീക്കുള്ള പങ്ക് അതുല്യമാണ്. ഈ സത്യത്തെ സാധൂകരിക്കുവാൻ തികച്ചും പ്രായോഗികമായ നിർദ്ദേശങ്ങളാണു ചാവറയച്ചൻ നൽകുന്നത്. സൂക്ഷ്മതയോടെ അവ പാലിക്കുന്നവർക്ക് ഈ ലോകത്തിലെന്നല്ല പരലോകത്തിലും ദുഃഖിക്കേണ്ടിവരില്ല എന്ന സത്യം ചാവരുൾ വ്യക്തമാക്കുന്നു. വരവറിഞ്ഞു ചെലവു ചെയ്യുന്ന ഒരു കുടുംബത്തിന്റെ സന്തുഷ്ടി അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.[19] കഴിവുള്ളിടത്തോളം വായ്പ വാങ്ങാതെയും കടം ഉണ്ടാക്കാതെയും കഴിയണമെങ്കിൽ വരവുചിലവുകൾക്കിടയിലെ സന്തുലിത നിഷ്ഠയോടെ പാലിച്ചേമതിയാകൂ. ഇല്ലാത്തതു ഉണ്ടെന്നു ഭാവിച്ചുനടക്കുന്നത് മനോതാഴ്മ ഇല്ലാത്തതിന്റെ ലക്ഷണമായിട്ടാണ് അദ്ദേഹം കാണുന്നത്.[20] "മനുഷ്യരിൽ ഏറ്റം മുഖ്യതയുള്ളവൻ ഏറ്റം കുറഞ്ഞ ഭാവം കാണിക്കുന്നവനാണെന്ന്"[21] ദെമോക്രെസ്തോസ് എന്ന ശാസ്ത്രിയെ ഉദ്ധരിച്ചുകൊണ്ട് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുന്നു. "പകൽ വിളക്കു കത്തിക്കാതിരുന്നാൽ രാവിൽ കത്തിക്കാം"[22] എന്ന പ്രയോഗിക ജ്ഞാനദർശനം അന്നെന്നല്ല ഇന്നും എന്നും പ്രസക്തമാണ്. മാറിമാറി വരുന്ന ഫാഷനുകളിലും, അയൽപക്കങ്ങളിലെ ആഡംബര ചർച്ചകളിലും അലങ്കാരങ്ങളിലും കണ്ണുംനട്ട് ചാറ്റൽമഴപോലെ ഭർത്താവിനോടു കലഹമുണ്ടാക്കി കടം വാങ്ങിയാണെങ്കിലും ആവശ്യമില്ലാത്തതു പലതും നിർബന്ധിച്ചു വാങ്ങിച്ചുകൂട്ടി പൊള്ളയായ സ്റ്റാറ്റസു നിലനിർത്താൻ തത്രപ്പെടുന്ന ഏതൊരു സ്ത്രീക്കും ചാവറയച്ചന്റെ ഈ മുന്നറിയിപ്പ് ബാധകമാണ്, പ്രസക്തമാണ്.

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിൽ കുടുംബിനിയുടെ

ജീവിതശൈലിക്ക് ഏറെ പ്രസക്തിയുണ്ട് എന്ന് ചാവറയച്ചൻ ചൂണ്ടിക്കാട്ടുന്നു. ശേഷംപേരുടെ വീടുകളിൽ കയറിയിറങ്ങി വർത്തമാനങ്ങൾ അന്വേഷിച്ചു നടക്കുന്ന രീതി പാടേ ഉപേക്ഷിക്കേണ്ട താണെന്ന്[23] അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. അന്യരുടെ കാര്യമില്ലാത്ത കാര്യങ്ങളിൽ ക്ഷണിയ്ക്കാതെ ചെന്നു ഇടപെടുവാൻ തത്രപ്പെടാതെ സ്വന്തം കുടുംബകാര്യങ്ങൾ ക്രമമായി നോക്കേണ്ടവിധം പാലിക്കുന്ന സ്ത്രീക്ക് തീർച്ചയായും മഹിമയും മഹത്വവും ഉണ്ടാകും. അനാവശ്യവും അസംഗതവും ആയ അത്തരംഇടപെടലുകൾ പലപ്പോഴും മറ്റുള്ളവരുടെ ഏറ്റക്കുറച്ചിലുകൾ കാണാനും പറയാനും[24] അങ്ങനെ ഉപവിയെ തടസ്സപ്പെടുത്താനും കാരണമായിത്തീരുകയും ചെയ്യും എന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു.

അദ്ധ്വാനത്തെ സ്നേഹിക്കുവാനും ഉള്ളതു സംതൃപ്തിയോടെയും സത്യസന്ധതയോടെയും കൈകാര്യം ചെയ്യുവാനും സാധിച്ചാൽ അഭിവൃദ്ധിയുണ്ടാകുമെന്നതിനു പക്ഷാന്തരമില്ല.[25] ആത്മസംയമന ത്തോടെ സ്വന്തം കുടുംബദൗത്യത്തിൽ വ്യാപൃതയാകുന്ന ഉത്തമയും ശാലീനയുമായ സ്ത്രീയാണ് ഏവരുടേയും ആദരവുനേടുക. ഇപ്രകാരമുള്ള ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടമാണ്;[26] രത്നത്തേക്കാൾ അമൂല്യയാണ്,[27] അവളെ കണ്ടെത്തുന്നവൻ ഭാഗ്യവാനും.[28]

അതിധാരാളിത്തവും, അഹംഭാവവും മാത്രമല്ല ലുബ്ധും അതേപോലെ വർജ്ജിക്കേണ്ട തിന്മയാണ്.[29] കഴിവുള്ളിടത്തോളം മറ്റുള്ളവർക്കു ഉപകാരം ചെയ്യാൻ സാധിക്കുകയും അതിനായി ശ്രമിക്കുകയും വേണം. അന്യർക്ക് ഉപകാരം ചെയ്യാത്ത ദിവസം ആയുസ്സിൽ നിന്നു നഷ്ടപ്പെട്ടു പോകുമെന്നാണ്[30] ചാവറയച്ചൻ പറഞ്ഞിട്ടുള്ളത്. ഉപവിയോടെ വർത്തിക്കുവാൻ അവസരങ്ങൾ ഏറെ ലഭ്യമാകുന്നുണ്ട് ഒരു കുടുംബിനിയ്ക്ക്. ഉപവി പ്രവർത്തിക്കാനും, പ്രവർത്തിപ്പിക്കുവാനും ഒരു സ്ത്രീക്കു സാധിക്കും. അതുപോലെതന്നെ മറിച്ചും എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നീതിപൂർവ്വമല്ലാതെ സമ്പത്തുണ്ടാക്കിയ ഒരു ഗൃഹസ്ഥൻ മരണ നാഴികയിൽ പറയുന്ന വാക്കുകൾ ദുഷ്ടാന്തമായി ഉദ്ധരിക്കുമ്പോൾ മറ്റൊരു സത്യമാണ് അതിലൂടെ നമ്മുടെ മുമ്പിൽ ചാവറ പിതാവ് പ്രഘോഷിക്കുന്നത്. അന്യായമായി സമ്പന്നനായിത്തീർന്ന അയാൾ മരണമൊഴിയിൽ അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ തന്നെ ഉത്സാഹിപ്പിച്ച തന്റെ

ഭാര്യയുടെ ആത്മത്തേയും പിശാചിനു കൊടുക്കുന്നു എന്നു പറഞ്ഞതായാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. നീതിനിഷ്ഠവും മൂല്യാധിഷ്ഠിതവുമായ ജീവിതം നയിക്കുവാനും ആ വിധം കുടുംബാംഗങ്ങളെ ഒപ്പം നയിക്കുവാനുമുള്ള സ്ത്രീയുടെ ദൗത്യത്തിലേയ്ക്കാണല്ലോ ഇതു പരോക്ഷമായി വിരൽ ചൂണ്ടുന്നത്. പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ മക്കളെ പഠിപ്പിക്കണം[31] എന്നുള്ള ചാവറയച്ചന്റെ ഉദ്ബോധനം ഓരോ അമ്മമാർക്കും എക്കാലത്തും പ്രസക്ത പ്രമുഖമായിരിക്കുന്നു. മാതൃകാപരമായ ജീവിതത്തിന്റെ നിദർശനമായി ഒരമ്മ മാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. അമ്മ കാണിച്ചു കൊടുത്തുകൊണ്ട് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. കാരണവൻമാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.[32] മക്കൾ അനുസരണമില്ലാത്തവരാണെന്നു പരിദേവനം ചെയ്യുന്നവരും, മക്കളുടെ തെറ്റായ നീക്കങ്ങളിൽ വേദനിക്കുന്നവരുമായ മാതാപിതാക്കളും നിസ്സാരകാര്യങ്ങളിൽ പോലും വിട്ടുവീഴ്ചാ മനോഭാവമില്ലാതെ പരസ്പരം കുറ്റപ്പെടുത്തിയും വഴക്കുപിടിച്ചും തന്നിഷ്ടം നോക്കി ജീവിക്കുന്ന ഭാര്യാഭർത്താക്കൻമാരും നിർബന്ധമായും ഈ നിർദ്ദേശങ്ങൾ ജീവിതനിഷ്ഠകളായി സ്വീകരിയ്ക്കേണ്ടത് എത്രയോ ആവശ്യമായിരിക്കുന്നു.

ദൈവിക ചൈതന്യത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിൽ ഒരമ്മയ്ക്കുള്ള പങ്ക് എത്രയോ വലുതാണ്. മനോദൃഢത കൈവരാൻ തുടങ്ങുമ്പോൾ മുതൽ കുട്ടിയുടെ അധരങ്ങളിൽ ഈശോ മറിയം യൗസേപ്പെന്ന നാമം ചൊല്ലികൊടുത്ത് ദൈവോന്മുഖരാക്കി അവരെ വളർത്തുന്നതിൽ ഒരു സ്ത്രീയുടെ, അമ്മയുടെ പങ്ക് അതുല്യമാണ്. സ്വന്ത അനുഭവത്തിന്റെ വെളിച്ചത്തിൽത്തന്നെയാണ് അദ്ദേഹം അത് ചൂണ്ടിക്കാട്ടിയതും. ശരീരത്തിനടുത്ത യാവന നല്കുന്ന അമ്മതന്നെ ആത്മത്തിനടുത്ത യാവനയും മക്കൾക്കു നല്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിക്കുന്നു. ഉൽകൃഷ്ടമായ ഈ ഉത്ബോധനത്തിന് എന്നത്തേക്കാളുപരി ഇന്നു പ്രസക്തിയുണ്ട്. സൗകര്യങ്ങളുടെയും ലാഭങ്ങളുടെയും ഭൗതിക നേട്ടങ്ങളുടെയും പുറകേ പരക്കം പായുന്നതിനിടയിൽ സ്വന്തം കുഞ്ഞിനെ വേണ്ടവിധം ശ്രദ്ധിയ്ക്കാതെ നാളുകൾ നീക്കുന്ന അമ്മമാർക്ക് അദ്ദേഹം നൽകുന്ന മുന്നറിയിപ്പാണിത്.

നിങ്ങൾ നഷ്ടപ്പെടുത്തുന്നതിന്റെ വില നിങ്ങൾ സമ്പാദിക്കുവാൻ തത്രപ്പെടുന്നതിന്റെ വിലയേക്കാളും എത്രയോ അധികമാണ്!

അമിതസ്നേഹത്താൽ പ്രേരിതരായി മക്കളെ അണിയിച്ചൊരുക്കി പ്രദർശനവസ്തുക്കളാക്കി വലിയഭാവം കാണിക്കുന്ന അമ്മമാരും വികലമായ വഴിയെയത്രെ ചരിക്കുന്നത്. സൗന്ദര്യം പ്രദർശിപ്പിക്കുവാനുള്ള വ്യഗ്രതയിൽ സ്വശരീരത്തെ ഒരു ഉപഭോഗവസ്തുവിന്റെ തലത്തിലേക്കു വലിച്ചിഴയ്ക്കുന്ന പതിതസംസ്ക്കാരത്തിന്റെ വാഹകരാകുവാൻ ഈ പ്രവണത വഴി തെളിയ്ക്കുമെന്നു മുൻകൂട്ടികണ്ട് ചാവറയച്ചൻ ശക്തിയുക്തം ഉത്ബോധിപ്പിച്ചിട്ടുണ്ട്: "ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ, എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ചു നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരക തീ കത്തിക്കുന്നു."[33] ദൈവികദാനമായ സ്ത്രീത്വത്തേയും അതിന്റെ ശാരീരിക മാനസിക കഴിവുകളേയും സൗന്ദര്യത്തേയും തരം താഴ്ത്തി അവമതിക്കുവാൻ വെമ്പുന്ന ആധുനിക സംസ്കാരത്തിന്റെ രതിശീലങ്ങൾക്കെതിരെ പൊരുതുവാനുള്ള തന്റേടം സ്ത്രീ നേടേണ്ടത് സ്വന്തം ശിക്ഷണത്തിൽ നിന്നും അതിനു ഉറവിടമാകേണ്ട ആത്മീയ ഉണർവ്വിൽ നിന്നുമാണെന്ന് ചാവറവചസ്സുകൾ വ്യക്തമാക്കിതരുന്നു.

സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക്. ഈ വിളക്കണഞ്ഞാൽ കുടുംബത്തിലെ പ്രകാശം ഇല്ലാതാകും. ചെറുപ്പത്തിൽ തന്റെ അമ്മയിൽ നിന്നും തനിക്കു ലഭിച്ച നല്ല ശിക്ഷണമാണ് ചാവറയച്ചനെ ഈ ബോദ്ധ്യത്തിലേക്കു നയിച്ചത്. ഭാര്യയും അമ്മയുമെന്ന നിലയിൽ ഒരു സ്ത്രീയുടെ മഹിമയും ദൗത്യവും വ്യത്യസ്തങ്ങളായ പശ്ചാത്തലത്തിലൂടെ ആലേഖനം ചെയ്ത ചാവറയച്ചൻ തീർച്ചയായും വരുംതലമുറയിലെ സ്ത്രീകളും ആദർശപരമായ ഒരു ജീവിതത്തിലൂടെ കുടുംബത്തിന് വിളക്കാകണമെന്നും ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിൽ കുടുംബത്തെ കരുപ്പിടിപ്പിക്കണമെന്നും ആഗ്രഹിച്ച ക്രാന്തദർശിയാണ്. കാലഘട്ടത്തെ ഉല്ലംഘിക്കുന്ന ദർശനധാര പകർന്ന അദ്ദേഹത്തിന്റെ വാക്കുകളും ആ വിശുദ്ധ ദാർശനികനെ വളർത്തിയ ചോതിരകുന്നേൽ മറിയം എന്ന ധന്യമാതാവിന്റെ മാതൃക എന്നും പ്രേരണയും പ്രചോദനവുമാകട്ടെ!

**പരാമർശസൂചിക**


1. Pope John Paul II, *Mulieris Dignitatem,* 1988 *സ്ത്രീത്വത്തിന്റെ മഹനീയത,* പരിഭാഷ: ജോസഫ് മാടപ്പള്ളി), No. 31.
2. ഉല്പത്തി 1:27.
3. എഫേ 5:25-32.
4. കത്തുകൾ, IX/6 പ്രസ്താവന.
5. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 12.
6. 1 പത്രോസ് 3:3-5.
7. 1 തിമോ 2:9-11.
8. *സ്ത്രീത്വത്തിന്റെ മഹനീയത,* നമ്പർ 31.
9. പോൾ ആറാമൻ മാർപാപ്പാ, "സമാപന സന്ദേശം" (8 ഡിസംബർ 1985), *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ* (നാലാം പതിപ്പ്, ധർമ്മാരാം ബാംഗ്ലൂർ: 1977), പേജ് 550.
10. സുഭാ 11:10.
11. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 1.
12. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 1.
13. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 12.
14. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 1.
15. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 1.
16. സുഭാ 19:13.
17. സുഭാ 21:19.
18. സുഭാ 6:19.
19. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 4.
20. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 5.
21. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 6.
22. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 6.
23. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 7.

24. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 10.
25. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 11, 12.
26. സുഭാ 12:4.
27. സുഭാ 31:10.
28. സുഭാ 18:22.
29. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 15.
30. കത്തുകൾ, IX/6 ചാവരുൾ, "കുടുംബചട്ടം," നമ്പർ 13.
31. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 10.
32. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 9.
33. കത്തുകൾ, IX/6 ചാവരുൾ, "മക്കളുടെ വളർത്തൽ," നമ്പർ 12.

# 11

# സ്ത്രീശാക്തീകരണവും സ്ത്രീസമുദ്ധാരണവും

അടുത്ത കാലത്ത് കൂനമ്മാവ് സെന്റ്ഫിലോമിനാസ് ഇടവകയുടെ 150-ാം വാർഷിക സ്മരണിക കാണാനിടയായി. അതിലെ 68-83 വരെ പേജുകളിൽ വിവരിക്കുന്ന 'ഇടവകയിലെ വിവിധ സംഘടന കളും പ്രസ്ഥാനങ്ങളും' എന്ന ലേഖനത്തിൽ മൂന്നാമതായി കൊടു ത്തിരിക്കുന്ന ശീർഷകം എന്നെ ഹഠാദാകർഷിച്ചു: "വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് വനിതാ കോൺഫറൻസ്." സ്ത്രീയായ ഒരു വിശുദ്ധയുടെ പേരിലുള്ള പള്ളിയിൽ പുരുഷനായ ഒരു വിശുദ്ധന്റെ പേരിൽ വനിതാ കോൺഫറൻസ്! സ്ത്രീകളുടെ സമുദ്ധാരണത്തിനും വളർച്ചയ്ക്കുവേണ്ടി ഈ ധന്യാത്മാവ് ചെയ്ത കാലാദേശാദികൾക്കും റീത്തു വ്യത്യാസങ്ങൾക്കുമതീതമായ സ്തുത്യർഹമായ സേവനങ്ങൾക്ക് അതിന്റെ ഫലം അനുഭവിച്ച ആദ്യ ഭൂമികയായ കൂനമ്മാവ് ഇടവകജനം അദ്ദേഹത്തിനു നല്കിയ അംഗീ കാരത്തിന്റെ, കൃതജ്ഞതയുടെ മായാത്ത മുദ്രണം! തലമുറകളുടെ സ്പന്ദനങ്ങൾ, ആലേഖനം ചെയ്തിരിക്കുന്ന സ്മരണികയിൽ വനി തകളുടെ കോൺഫറൻസിന് ചാവറയച്ചന്റെ നാമം കൊടുത്തിരി ക്കുന്നതിന് ഏറെ അർത്ഥമുണ്ട്; പ്രസക്തിയുണ്ട്. കാലത്തിനു മായ്ച്ചു കളയാനാവാത്ത ആ പിന്നാപ്പുറങ്ങളെ നോക്കിക്കാണാനാണ് ഇവിടെ ശ്രമിക്കുന്നത്.

സ്ത്രീകൾക്കു സമൂഹത്തിന്റെ മുൻനിരയിൽ സ്ഥാനമില്ലാതിരു ന്ന, പുരുഷനോടൊപ്പം സ്ത്രീയെ തുല്യയായി കാണാൻ സാധി ക്കാതിരുന്ന 19-ാം നൂറ്റാണ്ടിന്റെ മത-സാമൂഹിക-സാംസ്കാരികപ ശ്ചാത്തലത്തിൽ ഒരു പുരുഷൻ, ഒരു കത്തോലിക്കാപുരോഹിതൻ, ഒരു സന്ന്യാസി, സ്ത്രീസമുദ്ധാരണത്തിനായി തുനിഞ്ഞിറങ്ങുക എന്നത് അചിന്തനീയമാണ്. എന്നാൽ അതുതന്നെയാണ് ചാവറപ്പി താവിന്റെ ചിന്തയുടെയും പ്രവർത്തനങ്ങളുടെയും പിന്നിലെ ക്രാന്ത

ദർശിത്വവും പ്രവാചകത്വവും. "സ്ത്രീശാക്തീകരണം" എന്ന പദം കേട്ടുകേൾവിപോലുമില്ലാത്ത ഒരു കാലഘട്ടത്തിൽ 'സമർപ്പിതരായ സ്ത്രീകളിലൂടെ സ്ത്രീവിദ്യാഭ്യാസവും തദ്വാരാ സ്ത്രീശാക്തീകരണവും സമുദ്ധാരണവും' സാദ്ധ്യമാക്കിത്തീർത്ത യുഗപുരുഷനാണദ്ദേഹം. വിശ്വാസരൂപീകരണം, വിദ്യാഭ്യാസം, തൊഴിലഭ്യസനം എന്നിവയിലൂടെ ആദ്ധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ സ്ത്രീസമുദ്ധാരണ-ശാക്തീകരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പദ്ധതിയൊരുക്കി. അതിനു വേദിയായി തീർന്നത് സ്ത്രീകൾക്കായ് 1866-ൽ കൂനമ്മാവിലാരംഭിച്ച കന്യാസ്ത്രീമഠവും അതോടനുബന്ധിച്ച എദുക്കുന്താത്തും (ബോർഡിംഗ്) സ്കൂളുമാണ്.

ഏതൊരുപദ്ധതിയുടെയും വിജയത്തിനാവശ്യം വ്യക്തമായ ലക്ഷ്യബോധവും ലക്ഷ്യം സാധിക്കുന്നതിനാവശ്യമായ സുചിന്തിതമായ പദ്ധതികളും, അതു ആവഷ്കരിച്ചു നടപ്പിലാക്കാൻ തക്ക സമർപ്പണചൈതന്യവും ആത്മീയശക്തിയും പ്രബുദ്ധതയുമുള്ള ഒരുകൂട്ടം വ്യക്തികളാണ്. സ്വന്തനാടിനെക്കുറിച്ചു വിലയിരുത്തുന്ന ചാവറപ്പിതാവിന് ഇവിടെ "വീഴ്ചവരുന്ന ഏറിയനന്മകളെക്കുറിച്ചുള്ള" അവബോധമുണ്ടായിരുന്നു. അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കർത്തൃസന്നിധിയിലിരുന്ന് ആരാഞ്ഞപ്പോൾ ലഭിച്ച ഉൾക്കാഴ്ചയാണ് "മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപ്പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണം"[1] എന്നത്. ആ യത്നം പൂവണിഞ്ഞത്, ഇറ്റാലിയൻ മിഷനറിയായിരുന്ന ലെയോപ്പോൾദ് ബക്കാറൊ എന്ന കർമ്മലീത്താവൈദികന്റെ സഹകരണത്തോടെ 1866 ഫെബ്രുവരി 13ന് സ്ത്രീകൾക്കായുള്ള ആദ്യസന്യാസിനീഭവനം കൂനമ്മാവിൽ സ്ഥാപിച്ചപ്പോഴാണ്. വൈധവ്യത്തെ ശാപമായി കരുതിയിരുന്ന ഒരു കാലഘട്ടത്തിൽ, ദൈവോന്മുഖരായി ശിഷ്ടകാലം കന്യകാത്വം കാത്ത് ജീവിക്കാൻ ആഗ്രഹിച്ചിരുന്ന വിധവകളായിരുന്ന കൂനമ്മാവ് വാകയിൽ ഏലീശ്വാ, വൈക്കം പുത്തനങ്ങാടി ഏലീശ്വാ എന്നീ സ്ത്രീകളേയും, കന്യകാത്വം കാത്ത് ആജീവനാന്തം ജീവിക്കാൻ ആഗ്രഹിച്ചിരുന്ന കൂനമ്മാവ് വാകയിൽ അന്ന, വൈപ്പിശ്ശേരി ത്രേസ്യാ എന്നീ യുവതികളേയും ചേർത്ത് ആദ്യകന്യാസ്ത്രിമഠത്തിന് ആരംഭമിട്ടപ്പോൾ സ്ത്രീവിമോചനത്തിന്റെ കാഹളം അവിടെ മുഴങ്ങുകയായി.

കന്യാസ്ത്രീമഠസ്ഥാപനത്തെത്തുടർന്ന് ആത്മീയമായി മാത്രമല്ല, ബൗദ്ധികമായും, സാംസ്കാരികമായും സാമ്പത്തികമായും സമ്പന്നമായ ഒരു സ്ത്രീസമൂഹത്തെ രുപപ്പെടുത്തിയെടുക്കാൻ, പെൺകുട്ടികൾക്ക് സമഗ്രമായ പരിശീലനം നല്കാൻ, ഗുരുകുലവിദ്യാഭ്യാസംപോലെ പെൺകുട്ടികളെ മഠത്തിന്റെ പശ്ചാത്തലത്തിൽത്തന്നെ താമസിപ്പിച്ചു പരിശീലനം നല്കാൻ ബോർഡിങ്ങിനാണ് പിന്നീട് രൂപം കൊടുത്തത്. സ്ത്രീശാക്തീകരണത്തിന്റെ ആദ്യപ്രേഷിതപ്രവർത്തനരംഗമായ ബോർഡിംഗിന്റെ ആദ്യ മിസ്ട്രസ് വൈക്കം പുത്തനങ്ങാടി ഏലീശ്വാ (ക്ലാര) യായിരുന്നു. കന്യാസ്ത്രീകളാകുന്നവരുടെ ആത്മീയകാര്യങ്ങൾ ഭംഗിയായിട്ടു നടത്തുക എന്നതുമാത്രമായിരുന്നില്ല ചാവറയച്ചന്റെ ലക്ഷ്യം. മഠസ്ഥാപനത്തിന് ഒരു നൂറ്റാണ്ടിനുശേഷം നടന്ന രണ്ടാം വത്തിക്കാൻ സൂനഹദോസ്, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം "മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് അവന്റെ വ്യക്തിത്വത്തിനു രൂപം കൊടുക്കുകയാണ്"[2] എന്നു പറഞ്ഞത് മുൻകൂട്ടി ദർശിച്ചാലെന്നപോലെ "നമസ്കാരം മുതലായ പുണ്യങ്ങളും കുസ്തൂരമുതലായ കൈവേലകളും പഠിപ്പിക്കണം"[3] എന്ന് തീരുമാനിച്ച് അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുതകുന്ന പരിശീലനം അവിടെ നല്കപ്പെട്ടു.

മഠസ്ഥാപനവേളയിൽത്തന്നെ പിതാക്കന്മാർ ഒരുക്കിവയ്ക്കുന്ന സാധനങ്ങളുടെ ലിസ്റ്റു പരിശോധിച്ചാൽ തയ്യൽപ്പണി, കൊന്തകെട്ട് തുടങ്ങിയവയാക്കാവശ്യമായ വസ്തുക്കൾ അവയിലുണ്ടായിരുന്നതായി കാണാം. കൈവേലകളായ തയ്യൽപ്പണി, റേന്തപ്പണി, കൊന്തകെട്ട് അലങ്കാരപണികൾ, തോട്ടപ്പണികൾ തുടങ്ങിയ വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ പഠനങ്ങളും പരിശീലനങ്ങളും അവർക്കു നല്കി. അതിനായി കൈവേലകൾ അറിയാവുന്ന സ്ത്രീകളെ കണ്ടെത്തി മഠത്തിൽ പാർപ്പിച്ച് പഠിപ്പിക്കുന്നതും കൊന്ത കെട്ടേണ്ടതെങ്ങനെയെന്ന് ആദ്യഅംഗങ്ങളെ ചാവറയച്ചനും ലെയോപ്പോൾദച്ചനും കൂടി പഠിപ്പിക്കുന്നതും അവർ ഉണ്ടാക്കുന്നതിനെ നോക്കി പോരായ്മകൾ പരിഹരിക്കുന്നതും നാളാഗമത്തിന്റെ ആരംഭത്തിൽത്തന്നെ കാണാം.[4] ക്രിസ്തീയവിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും, എഴുത്തും വായനയും പഠിപ്പിക്കുന്നതിനും മലയാളം കൂടാതെ തമിഴ്, സുറിയാനി, ലത്തീൻ എന്നീ ഭാഷകൾ പഠിപ്പിക്കുന്നതിനും അദ്ദേഹം ഔത്സുക്യം പ്രദർശിപ്പിച്ചു.

1868 ജനുവരി 2ന് തുടങ്ങിവെച്ച ബോർഡിങ് സ്ത്രീസമുദ്ധാരണവഴിയിലെ മറ്റൊരു നാഴികക്കല്ലാണ്. സ്വന്തകുടുംബത്തിനു പുറത്തിറങ്ങാത്ത, ഇറക്കാത്ത പെൺകുട്ടികളെ കൂനമ്മാവിലെ ബോർഡിങ്ങിലേയ്ക്കയച്ച് പരിശീലനം നേടാൻ ഇടവന്നതിന്റെ പിന്നിൽ സുറിയാനിസഭയുടെ വികാരിജനറാളും കൊവേന്തകളുടെ പ്രിയോരായിരുന്ന ചാവറയച്ചന്റെ ജനസമ്മതിയും സ്വാധീനവും എടുത്തുപറയത്തക്കതുതന്നെയാണ്. കൂനമ്മാവിൽ നിന്നകലെ കിടക്കുന്ന കുട്ടനാട്ടിലെ പുളിംകുന്നിൽ നിന്നുപോലും പെൺകുട്ടികൾ ബോർഡിങ്ങിൽ എത്തിയിരുന്നുവെന്ന് നാളാഗമം സാക്ഷിക്കുമ്പോൾ കൂനമ്മാവിലെ ബോർഡിങ്ങിന്റെ പ്രശസ്തിയും അതു സമൂഹത്തിലുളവാക്കിയ സ്വാധീനവും വ്യക്തമാകും. ക്രിസ്തീയരൂപീകരണത്തിന്റെ ഭാഗമായി വിശ്വാസപരമായ കാര്യങ്ങളും അവർക്ക് പഠിപ്പിച്ചുകൊടുത്തിരുന്നു.

കന്യാസ്ത്രീകളാകാൻ വന്നവരെ പഠിപ്പിച്ചിരുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവുമായ കാര്യങ്ങൾ ബോർഡിംഗിലെ കുട്ടികളെയും പഠിപ്പിക്കാനും പിതാക്കന്മാർ നിഷ്ക്കർഷിച്ചിരുന്നു. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഈ 21-ാം നൂറ്റാണ്ടിലും വേണ്ടത്രയാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു മനസ്സിലാകുമ്പോഴാണ് ചാവറയച്ചന്റെ ദീർഘവീക്ഷണവും ഉൾക്കാഴ്ചയും വ്യക്തമാകുന്നത്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഒരു ജനവിഭാഗത്തെ സ്വയം പര്യാപ്തതയിലെത്തിക്കാൻ, അലസരായി വീടുകളിൽ കഴിഞ്ഞിരുന്നവരെ അദ്ധ്വാനശീലരാക്കാൻ, അതിലുപരി സ്വന്തം വീടിന്റെ നാലുഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകളെ പൊതുരംഗത്തേയ്ക്കാനയിക്കാൻ തക്കവിധം അവരെ സംഘടിപ്പിക്കാൻ, നല്ല കുടുംബിനികളെ വാർത്തെടുക്കാൻ, വിവരവും വിദ്യാഭ്യാസവും നല്കി അവരുടെ ആത്മാഭിമാനം വളർത്താൻ, സ്വന്തകാലിൽ നില്ക്കാൻ പഠിപ്പിക്കാൻ കന്യാസ്ത്രീകൾതന്നെ അതിന് ആദ്യം പ്രാപ്തരാകണമെന്നും പെൺകുട്ടികളെ അതിനവർ പ്രാപ്തരാക്കണമെന്നും അദ്ദേഹം ഉദർശനം ചെയ്തിരുന്നു. പരിശീലനം സ്വീകരിക്കുകയും സ്വീകരിച്ചവ ഉടൻതന്നെ പങ്കുവയ്ക്കുകയും ചെയ്തുകൊണ്ട് സിസ്റ്റേഴ്സ് സന്ന്യാസപരിശീലനവും പ്രേഷിതപരിശീലനവും ഒന്നിച്ചു നേടുകയായിരുന്നു. അങ്ങനെ സമർപ്പിതരായ കന്യാസ്ത്രീകളിലൂടെ സാധാരണസ്ത്രീകളുടെ സമുദ്ധാരണവും ശാക്തീകരണവും എന്ന അദ്ദേഹത്തിന്റെ ദർശനം യാഥാർത്ഥ്യമായി.

എല്ലാവരേയും കന്യാസ്ത്രീകളാക്കുക എന്നതായിരുന്നില്ല ബോർഡിങ്ങിലെ പരിശീലനത്തിന്റെ ലക്ഷ്യം. പ്രത്യുത നല്ലവിശ്വാസചൈതന്യമുള്ള, സമഗ്രവ്യക്തിത്വമുള്ള കുടുംബിനികളെ രൂപപ്പെടുത്തുക എന്നതുകൂടിയായിരുന്നു. കുടുംബത്തിൽ സ്ത്രീ എന്തായിരിക്കണം എങ്ങനെയായിരിക്കണം എന്നതിനെസംബന്ധിച്ച ഉദാത്തമായ ദർശനങ്ങളുൾക്കൊള്ളുന്നതാണ് കുടുംബങ്ങൾക്ക് അദ്ദേഹം എഴുതിയ കുടുംബചട്ടം അഥവാ ഒരു നല്ല അപ്പന്റെ ചാവരുൾ. കുടുംബത്തെ അഭിസംബോധന ചെയ്ത് അന്നോളം തിരുസ്സഭയുടെ ഒരു കൗൺസിലോ മാർപാപ്പായോ യാതൊരു ഔദ്യോഗികപ്രബോധനരേഖയും നല്കിയിട്ടില്ലാഞ്ഞ ആ കാലഘട്ടത്തിൽ ഏറെ ദീർഘവീക്ഷണത്തോടെ ഒരു കുടുംബം പുലർത്തേണ്ട ക്രമ ചട്ടങ്ങൾ, മര്യാദകൾ ഉപദേശരൂപേണ നല്കുന്ന ആ കൃതിയിൽ കുടുംബത്തിന്റെ സുസ്ഥിതിയിൽ സ്ത്രീയ്ക്കുള്ള പങ്ക് ഒരു ആത്മീയമനുഷ്യന്റെ ഉൾക്കാഴ്ചയോടും നലം തികഞ്ഞ അദ്ധ്യാപകന്റെ പാടവത്തോടും മനഃശാസ്ത്രജ്ഞന്റെ അനുഭവസമ്പന്നതകളോടും കൂടെ അദ്ദേഹം സുതരാം വ്യക്തമാക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരമുള്ള ബന്ധങ്ങളിൽ, കുട്ടികളെ വളർത്തുന്നതിൽ, പരസ്പരം സ്നേഹിക്കുന്നതിൽ, ക്ഷമിക്കുന്നതിൽ, ആശ്വസിപ്പിക്കുന്നതിൽ, ലളിതമായി ജീവിക്കുന്നതിൽ, പ്രാർത്ഥനാരൂപി നിലനിർത്തുന്നതിൽ തുടങ്ങിയവയിലെല്ലാം സ്ത്രീ പുലർത്തേണ്ടുന്ന നിലപാടുകളും മനോഭാവങ്ങളും ജീവിതശൈലിയും അതിൽ വ്യക്തമാക്കിയിട്ടുണ്ട്. സമുദ്ധരിക്കപ്പെട്ട ഒരു സ്ത്രീയുടെ ശക്തി പ്രകടമാകുന്നത് സ്നേഹംകൊണ്ടു ഹൃദയങ്ങളെ കീഴടക്കുന്നതിലാണ്. സ്ത്രീയെ ദേവിയാക്കുന്നത് ഈ സ്നേഹമാണ്. സ്ത്രീയിലെ ദേവീഭാവത്തെ പൂർണ്ണതയിലേയ്ക്കു വളർത്തുന്ന പ്രവർത്തനമായിരുന്നു ചാവറപിതാവിന്റേത്. അതു തന്നെയാണ് അദ്ദേഹത്തിന്റെ ശാക്തീകരണപ്രവർത്തനങ്ങൾക്കും അതിന്റെ ഫലങ്ങൾക്കും നൂറ്റാണ്ടു പിന്നിട്ടിട്ടും ആയുസ്സും പ്രസക്തിയും ഉള്ളത്.

മലയാളനാട് ജന്മം കൊടുത്ത മഹത്തുക്കളിൽ, ആത്മീയശില്പികളിൽ, സാമൂഹികപരിഷ്കർത്താക്കളിൽ അഗ്രഗണ്യനും സ്ത്രീവിമോചനത്തിന് തനതായ സംഭാവന നല്കിയ സമുദ്ധാരകനുമായ ചാവറയച്ചൻ, കേരളം കണ്ടിട്ടുള്ള ഏറ്റവും മഹത്തായ ജീവിതങ്ങളിലൊന്നാണ്. ഒരു ശാപമായോ, ഭാരമായോ, ബാദ്ധ്യതയായോ,

ശല്യമായോ, ദുഃഖമായോ കണ്ടിരുന്ന സ്ത്രീജന്മത്തിന് മഹത്വവും ദൗത്യവും ഉണ്ടെന്നും പരിഗണനയും പരിശീലനവും നല്കിയാൽ ശക്തിയും മുക്തിയും പ്രാപിക്കുമെന്നും മാനവരാശിയുടെ തന്നെ സമ്പന്നതയ്ക്കും സാഫല്യത്തിനും അവൾ ഹേതുവാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ഒരു നാടിന്റെ സംസ്കാരസമ്പന്നത വ്യക്തമാക്കുന്ന ഏറ്റവും പ്രകടമായ അടയാളം സ്ത്രീകൾക്കും, സമൂഹത്തിലെ പാവപ്പെട്ടവർക്കും പരിത്യജിക്കപ്പെട്ടവർക്കും അതു നല്കുന്ന പരിഗണനയും ആദരവും മഹത്വവുമാണ്. ആ വിധത്തിൽ നോക്കിയാൽ ചാവറപ്പിതാവിന്റെ ജീവിതം കാഴ്ചവെച്ച സാംസ്ാരികസമ്പന്നത അനന്യമാണ്; ശാക്തീകരണപ്രവർത്തങ്ങൾ ഉദാത്തമാണ്. കാലഘട്ടങ്ങളെ അതിലംഘിക്കുന്നതാണ്.

**പരാമർശസൂചിക**


1. ചാവറപിതാവിന്റെ ആത്മീയപിതാവായ ലെയോപ്പോൾദച്ചന്റെ വാക്കുകൾ.
2. രണ്ടാം വത്തിക്കാൻ സൂനഹദോസ്, വിദ്യാഭ്യാസം സംബന്ധിച്ച ഡിക്രി, നമ്പർ 1.
3. കൂനമ്മാവ് മഠം നാളാഗമം, വാല്യം 1, പേജ് 4.
4. കൂനമ്മാവ് മഠം നാളാഗമം, വാല്യം 1, പേജ് 15, 64.

# 12

# ഭാരതത്തിലെ പ്രഥമ ഉപവിശാലയും വിശുദ്ധ ചാവറപിതാവും

2014 നവംബർ 23ന് ആഗോളകത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ മാർ ഫ്രാൻസിസ് പാപ്പാ ലക്ഷകണക്കിന് വിശ്വാസികളെ സാക്ഷിയാക്കി കൈനകരിക്കാരനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വിശുദ്ധനെന്നു നാമകരണംചെയ്തു. ഭാരതസഭയ്ക്ക്, പ്രത്യേകിച്ച്, സീറോമലബാർ സഭയ്ക്ക് വളരെ പ്രത്യേകിച്ച് കൈനകരി ഇടവകക്കാർക്ക് ആമോദവും അഭിമാനവും പകർന്ന സുദിനം! ജന്മംകൊണ്ട് കൈനകരിക്കാരനെങ്കിലും കർമ്മംകൊണ്ട് മാന്നാനവും കൂനമ്മാവും ആ പുണ്യചരിതന്റെ നാമധേയത്താൽ പ്രകീർത്തിതമായി. കേരളസഭയിൽ അദ്ദേഹം തുടക്കംകുറിച്ച നവം നവങ്ങളായ പല സംരംഭങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഭൂമികയായി തീർന്നത് മേല്പറഞ്ഞസ്ഥലങ്ങളാണ്. എങ്കിലും ജന്മനാടിനേയും നാട്ടുകാരേയും അദ്ദേഹം മറന്നില്ല. ചരിത്രത്തിന് മറക്കാനാവാത്തതും തലമുറകൾക്കു വെളിച്ചവുമായി തീർന്ന വിശിഷ്ടമായ സംഭാവനകളും സ്മരണകളും ജന്മനാട്ടിലും അവശേഷിപ്പിച്ചുകൊണ്ടാണ് ചാവറപിതാവ് കടന്നുപോയത്. അതിലൊന്ന് *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന് ഇന്ന് അറിയപ്പെടുന്നതും കുടുംബങ്ങൾക്കായി അദ്ദേഹം എഴുതി നല്കിയതുമായ കുടുംബക്രമം അഥവാ ചട്ടം ആണ്. ഒരു ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമായി മാറാൻ തലമുറകളുടെ രൂപീകരണത്തിനുവേണ്ടി നല്കിയ പ്രബോധനങ്ങളുടെ സമാഹാരമായൊരു കത്താണത്. മറ്റൊന്ന് നിത്യരക്ഷയ്ക്കുവേണ്ടി പ്രായോഗികമായി ചെയ്യേണ്ടുന്ന കർമ്മനിരതമായ ഒരു ജീവിതത്തിനുള്ള രൂപരേഖയാണ്. അതിന്റെ പ്രായോഗിക ആവിഷ്കാരമായിരുന്നു ഭാരതത്തിലെ പ്രഥമ ഉപവിശാലയുടെ സ്ഥാപനം. ചരിത്രപ്രധാനമായ ആ സംഭവവും അതിനു നിമിത്തമായ വ്യക്തിയും വിസ്മരിക്കപ്പെട്ടും അവഗണിക്കപ്പെട്ടും പൊയ്ക്കൊണ്ടി

രിക്കുന്ന പശ്ചാത്തലത്തിൽ ആ അവശേഷിപ്പുകളെയും ദീർഘദൃഷ്ടിയോടെ, പ്രവാചകധീരതയോടെ ഒരു നവസംരംഭത്തിനു അടിസ്ഥാനമിട്ട കർമ്മയോഗിയേയും ആധുനികതലമുറയ്ക്കു പരിചയപ്പെടുത്തുകയും അതിന്റെ പൊരുൾ അനാവരണം ചെയ്യുകയുമാണിവിടെ.

1869 ഒക്ടോബർ 15ന് ചാവറപിതാവ് സ്വന്തം ഇടവകക്കാരായ കൈനകരി കുരിശുപള്ളിക്കാർക്ക് നല്കിയ ഒരു കത്താണ് ഉപവിശാലയുടെ ആരംഭം സംബന്ധിച്ച വിവരങ്ങൾ നമുക്കു നല്കുന്ന പ്രഥമചരിത്രരേഖ. മലയാളനാട്ടിൽ കേട്ടു കേൾവിപോലുമില്ലാതിരുന്ന ഒരു പ്രസ്ഥാനത്തിന്റെ തുടക്കത്തിന് നിമിത്തമായ ചരിത്രപ്രാധാന്യമുള്ള ഒരു കത്താണത്. അതിൽ ഇപ്രകാരം കുറിച്ചുവെച്ചിരിക്കുന്നു: “ഉപവിശാല എന്ന പേരോടുകൂടി നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തു സ്ഥാപിച്ച് അതിൽ ആരുപോരുമില്ലാത്ത ഒന്നുരണ്ടു ദീനക്കാരെ എങ്കിലും താമസിപ്പിച്ചു ഈ പ്രവർത്തിയുടെ നിഴലെങ്കിലും നിങ്ങൾ കാട്ടിയാൽ ഈ പുണ്യവും മലയാളത്തിൽ നടപ്പാൻ ഇടവരും.” ഈ സഭയിൽനിന്ന് എന്നല്ല, ഭാരതത്തിൽ തന്നെ ആദ്യമായിട്ടാണ് ആരോരും സഹായമില്ലാത്ത ദീനക്കാരേയും അഗതികളേയും സംരക്ഷിക്കാൻ ഒരു ഉപവിശാല സ്ഥാപിതമാകുന്നത്. ഇടവകജനത്തിന്റെ സഹായസഹകരണത്തോടെ നടത്തിക്കൊണ്ടുപോകാൻ ചാവറപിതാവ് ആവശ്യപ്പെട്ട ഉപവിശാല ക്രിസ്തീയസ്നേഹത്തിന്റെ സാക്ഷ്യംവഹിക്കലിനും പരോപകാരപ്രവർത്തനത്തിനും വേദിയായി മാറി. ഇന്ന് കേരളത്തിലെന്നല്ല, ഭാരതത്തിലങ്ങോളമിങ്ങോളം അഗതികളുടെ, അനാഥരുടെ, അവഗണിക്കപ്പെടുന്നവരുടെ, ശാരീരിക-മാനസികവൈകല്യങ്ങളുള്ളവരുടെ സംരക്ഷണത്തിനായി അനേകം ആശ്രിതകേന്ദ്രങ്ങൾ സഭയുടേതായിട്ട്, പ്രത്യേകിച്ച്, സന്യാസമൂഹങ്ങളുടേതായിട്ട് ഉണ്ട്. അവയുടെയെല്ലാം മുത്തശ്ശിയായി നിലകൊള്ളുന്ന കൈനകരിയിലെ ഉപവിശാലയുടെ ഉത്ഭവം, ലക്ഷ്യം, നടത്തിപ്പ് തുടങ്ങിയവ സംബന്ധിച്ച് പ്രസ്തുത മാർഗ്ഗനിർദ്ദേശ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നവ വെളിച്ചത്തു കൊണ്ടുവരാനാണ് തുടർന്ന് ശ്രമിക്കുന്നത്. ജീവകാരുണ്യപ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് എന്നും മാർഗ്ഗരേഖയാണ് ചരിത്രപ്രധാനമായ ഈ കത്ത്.

ഉപവിശാലയുടെ ആരംഭത്തിനായി ചാവറപിതാവ് എഴുതിയ കത്താണിതെങ്കിലും ഈ മാർഗ്ഗനിർദ്ദേശകത്തിൽ മൂന്നു പ്രധാനകാര്യങ്ങളാണ് പരസ്പരം ബന്ധിതമായി പ്രസ്താവിക്കുന്നത്: നന്മരണസഭ, രോഗീശുശ്രൂഷ, ഉപവിശാല.

**1. നന്മരണസഭ**

ഉപവിശാലസ്ഥാപനത്തിനുമുമ്പായി "നന്മരണസഭ" എന്ന ഒരുസഖ്യം മുമ്പിനാലേ അദ്ദേഹം വിഭാവനം ചെയ്തതായും ചെറുതായി ആരംഭിച്ചിരുന്നതായും 1869-ൽ എഴുതിയ കത്തിൽനിന്നു വ്യക്തമാണ്. തത്സംബന്ധമായ ആദ്യരേഖ 1843-ൽ അദ്ദേഹമെഴുതിയ ഒരു സർക്കുലറാണ്. എന്നാൽ അതിന്റെ പ്രവർത്തനശൈലിയേയും ലക്ഷ്യത്തേയും സദ്ഫലത്തേയും സംബന്ധിച്ച യഥാർത്ഥ അറിവു ലഭിക്കുന്നത് ഉപവിശാലയ്ക്കുവേണ്ടി 1869-ൽ എഴുതിയ കത്തിൽ നിന്നാണ്. 'ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചതും താൻ 33 വർഷം ജീവിച്ച് തന്റെ പ്രാണനെ ബലികൊടുത്തതും മനുഷ്യരായ നമ്മെ രക്ഷിപ്പാനാണ്. ഈ രക്ഷ എല്ലാമനുഷ്യരും അനുഭവിക്കണം'. ഇതായിരുന്നു അദ്ദേഹത്തിന്റെ ഭാഷ്യം. നന്മരണത്തിന് ഒരുങ്ങാനും ഒരുക്കാനും പ്രചോദനവും സഹായവും നല്കുന്ന ഒരു പ്രസ്ഥാനമാണ് നന്മരണസഭ. അദ്ദേഹം ഇപ്രകാരം എഴുതി: "മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഒക്കയും വലിയ സഹായം മരണനേരത്തു ചെയ്യുന്ന സഹായമത്രേ. എല്ലാറ്റിലും വലിയ മനോഗുണപ്രവർത്തിയും ഇതുതന്നെ. ഏറ്റവും വലിയ ഉപവിയും ഇതുതന്നെ."[1] ഇതിന്റെ മധ്യസ്ഥൻ വിശുദ്ധ യൗസേപ്പിതാവാണ്.

**2.രോഗീശുശ്രൂഷ**

നന്മരണസഭയിൽ ചേരുന്നവർ സ്വന്തആത്മകാര്യത്തിൽ ശ്രദ്ധിക്കുന്നതുകൂടാതെ ആരെങ്കിലും മരണാസന്നനായിരിക്കുന്നു എന്നറിഞ്ഞാൽ തനിച്ചോ, നന്മരണസഭയിൽ ഉൽപ്പെട്ടവർ ഏതാനും പേരൊരുമിച്ചോ ആ ദീനക്കാരനെ ചെന്നു കാണുകയും മരണം അടുത്തു എന്നു കണ്ടാൽ കൂദാശകളൊക്കെയും കൊടുപ്പിക്കുകയും ഇതു കഴിഞ്ഞാൽ ആ രോഗിയുടെ ശുശ്രൂഷ സമയംവെച്ച് ഏറ്റെടുത്തു നിർവ്വഹിക്കുകയും വേണം. ഈ മനോഗുണപ്രവർത്തി ചെയ്യുന്നതാണ് സഭക്കാരുടെ കാതലായ തൊഴിൽ എന്നും ചാവറപിതാവ്

വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.[2] രോഗീശുശ്രൂഷ എന്ന മനോഗുണപ്രവർത്തി ചെയ്യുന്നതിലേയ്ക്കു വിരൽചൂണ്ടുന്നതാണ് മേല്പറഞ്ഞ ശുശ്രൂഷാക്രമീകരണം. തുടർന്നു പ്രസ്താവിക്കുന്ന വാക്കുകൾ ഇത് സുതരാം വ്യക്തമാക്കുന്നു: "രോഗികളെ ശുശ്രൂഷിക്കുന്ന പ്രവർത്തിയാലത്രേ സർവ്വേശ്വരൻ പുണ്യവാളന്മാരൊക്കയും പുണ്യപ്പെട്ടവരാക്കിയത്..." "ഈ ചെറിയവർക്കു ചെയ്തതു എനിക്കുതന്നെ നിങ്ങൾ ചെയ്തു" (മത്താ 25:40) എന്ന തിരുവചനത്തിൻ തക്കവണ്ണം വിശ്വാസമുള്ള ഉപവിയോടുകൂടെ ചെയ്യുമ്പോൾ കർത്താവുതന്നെ ദീനക്കാരുടെ വേഷത്തിൽ ചിലർക്കു കാണുകയും (പ്രത്യക്ഷപ്പെടുകയും) ഇവരുടെ കയ്യിലുള്ള ശുശ്രൂഷകൾ അപേക്ഷിക്കുകയും ചെയ്യും. ഇതു പലർക്കും സംഭവിച്ചിട്ടുള്ളതാണ്" എന്നു പറഞ്ഞ് ഈ ശുശ്രൂഷ ദൈവസന്നിധിയിൽ എത്ര സ്വീകാര്യവും വിലപ്പെട്ടതും ആണെന്നും അദ്ദേഹം വ്യക്തമാക്കി.

**3. ഉപവിശാല**

ദീനക്കാരെ ശുശ്രൂഷിക്കുക എന്ന കർത്താവിനു പ്രീതികരമായ പ്രവർത്തിയോടും ആത്മാക്കളുടെ രക്ഷ പ്രഥമപരിഗണനയായി കാണുന്ന ദർശനത്തോടും ചേർന്നുപോകുന്ന അഥവാ ഇതിനുരണ്ടിനും വേദിയായിപരിണമിക്കുന്ന ഒരു പ്രസ്ഥാനമായിട്ടാണ് ഉപവിശാലയെ ചാവറപിതാവ് വിഭാവനം ചെയ്തത്. "നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബംഗ്ലാവുപോലെ ഇരുവശവും രണ്ടുമുറിയും ഒരു ശാലയുമായി... മുളകൊണ്ടെങ്കിലും ഒരു കൂട്ടുംവെച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ചു ആരുപോരുമില്ലാത്തവരെയോ കിളവൻമാരെയോ വഴിപ്പിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൻകാലങ്ങളിൽ ഇത് മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടവരും. എന്റെ വചനം കേട്ട് കർത്താവിനെപ്രതി നാണമില്ലാത്തവരാകുവിൻ. തുടക്കത്തിൽ ഇതു ഭ്രാന്താണെന്നും മറ്റും പറഞ്ഞ് പലരും പരിഹസിക്കും. നിങ്ങൾ ഇതു തുടങ്ങിയാൽ പ്രയാസം കൂടാതെ നടക്കും. നിങ്ങളുടെ കുരിശുപള്ളി കെട്ടുതെങ്ങും വരിയും കൊണ്ടു നടത്തുന്നതല്ലാതെ പുറമേയുള്ളവരോടു ചോദിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അവർക്കും ഇതു ആവശ്യം തന്നെ... മനുഷ്യൻ മനസ്സു

വെയ്ക്കുന്ന കാര്യം മുക്കാലും നടക്കും. ശേഷം ദൈവവും നിറവേറ്റും."[3] ചാവറപിതാവിന്റെ മേലുദ്ധരിച്ച വാക്കുകളിലൂടെ എങ്ങനെയാണ് ഉപവിശാല എന്ന ആശയം രൂപപ്പെട്ടതെന്നും അതിന്റെ രൂപഭാവങ്ങൾ എന്താണെന്നും ആരെയൊക്കെയാണ് അവിടെ പാർപ്പിക്കേണ്ടതെന്നും അവരുടെ ചെലവുകൾ എങ്ങനെയാണ് വഹിക്കേണ്ടതെന്നുമുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ട്. ചുരുക്കത്തിൽ ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ, സഹകരണാടിസ്ഥാനത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരും ആരുപോരുമില്ലാത്തവരുമായ മരണാസന്നരായ രോഗികളെ സ്വീകരിച്ച് ശുശ്രൂഷിച്ച് അവരെ നല്ല മരണത്തിനൊരുക്കി അവരുടെ ആത്മാവിന്റെ രക്ഷ ഉറപ്പുവരുത്തുന്ന ഒരു പ്രസ്ഥാനമായിരുന്നു ഉപവിശാല.

ഉപവിശാലയുടെ ഉത്തരവാദിത്വം വഹിക്കാൻ നിയോഗിക്കപ്പെട്ടിരുന്നവർ ഇടവകക്കാരായിരുന്നു. ഇടവകക്കാർ, പ്രത്യേകിച്ച്, അയൽക്കാർ മാറിമാറി ഭക്ഷണം, വസ്ത്രം എണ്ണ മുതലായവ ധർമ്മശാലയിൽ കൊണ്ടുചെന്നു കൊടുത്തിരുന്നു. ഈ കാലയാളവിൽ നാട്ടുകാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ധർമ്മശാലയിൽവെച്ച് മണ്ണംപള്ളി മത്തായി ആശാൻ നാട്ടുനടപ്പുള്ള കളരിപഠനം നല്കിയിരുന്നു. വേദപാഠം, തമിഴ്, അമരകോശം, നീതിസാരം മുതലായവയും പഠിപ്പിച്ചിരുന്നു. ദൈവഭക്തിയിൽ വളർത്തുന്നതിനും അച്ചടക്കവും ക്രമവും പരിശീലിപ്പിക്കുന്നതിനും ആശാനു വളരെ നിഷ്ഠയുണ്ടായിരുന്നു. കൈനകരിയിൽ കർമ്മലമഠവും സ്കൂളും വരുന്നതിനുമുമ്പ് പള്ളിയിൽനിന്നും പെൺകുട്ടികൾക്കായി സ്കൂൾ ആദ്യമായി ആരംഭിച്ചത് ധർമ്മശാലയിലായിരുന്നു. 1956-ൽ കൈനകരിയിൽ കൊവേന്ത സ്ഥാപിച്ചതോടെ ധർമ്മശാലയുടെ നടത്തിപ്പ് സി.എം.ഐ. സന്യാസസമൂഹം ഏറ്റെടുത്തു.

ഭൂപ്രദേശത്തിന്റെ പ്രത്യേകതകൊണ്ട് വളർത്തി വലുതാക്കാൻ കഴിയാതെ പോയതായ ഒരു സംരംഭമാണ് കൈനകരിയിലാരംഭിച്ച ആദ്യ ഉപവിശാല. ഉപവിശാലയുടെ ആദിമരൂപം അത് പണിതുയർത്തിയ സാധനസാമഗ്രികളുടെ നിലവാരംകൊണ്ടോ അധികം ആരാലും ശ്രദ്ധിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യാതെ പോയതുകൊണ്ടോ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എങ്കിലും ദൈവപരിപാലന ആ പാവനസ്മരണയും ചൈതന്യവും നിലനിർത്തുന്നതിന് ഇടവരുത്തി. അതിന്റെ ഭാഗമായിട്ടാണ് ചാവറപിതാവി

നാൽ സ്ഥാപിതമായ സി.എം.സി. സമൂഹത്തിലെ സിസ്റ്റേഴസ് ആ പുണ്യഭൂമിയിൽ വാസം ആരംഭിക്കുകയും ഏതാനും സ്ത്രീകളെ 1977-മുതൽ തങ്ങളോടൊപ്പം താമസിപ്പിച്ചുകൊണ്ട് ശുശ്രൂഷനല്കി പോരുകയും ചെയ്തത്. യാത്രാക്ലേശവും സാധനസാമഗ്രികൾ എത്തിക്കാനുള്ള പ്രയാസവും സ്ഥലപരിമിതിയും മൂലം ഈ ഭവന ത്തിന്റെ പ്രവർത്തനം വിപുലമായി വികസിപ്പിച്ചെടുക്കാൻ സാധി ച്ചില്ലെങ്കിലും ചാവറപിതാവ് പകർന്നുതന്ന അഗതിസംരക്ഷണം എന്ന ദൗത്യവും ചൈതന്യവും സി.എം.ഐ.-സി.എം.സി. മക്കൾ ഇന്നും ഇവിടേയും ഭാരതത്തിന്റെ വിവിധപ്രദേശങ്ങളിലും മാത്രമല്ല,ലോക ത്തിന്റെ തന്നെ വിവിധഭാഗങ്ങളിൽ കുട്ടികൾ മുതൽ മരണാസന്ന രായ വൃദ്ധർവരെയുള്ളവരുടെ ശുശ്രൂഷയിലൂടെ തുടരുന്നു.

വിശുദ്ധനായ ചാവറപിതാവ് ഉദർശനം ചെയ്ത ഉപവിശാലയു ടേയും അത് പ്രതിനിധാനം ചെയ്യുന്ന ക്രിസ്തീയസ്നേഹത്തിന്റേയും ശുശ്രൂഷയുടേയും ചൈതന്യവും ആത്മാക്കളുടെ രക്ഷമേലുള്ള അദ്ദേഹത്തിന്റെ ഔത്സുക്യവും ദൈവജനത്തിന്, പ്രത്യേകിച്ച്, സ്വന്ത ഇടവകക്കാരുടെ മനസ്സിൽ പുനരുജ്ജീവിപ്പിക്കുക കാലഘട്ടത്തിന്റെ ആവശ്യമാണ്. കാലപ്പഴക്കത്തിൽ ഉപയോഗശൂന്യമായ ഉപവിശാല യുടെ മാതൃക പുനഃരാവിഷ്കരിച്ച് ആ സ്മരണ വീണ്ടും ദീപ്തമാ ക്കിയത് 2015-ലാണ്. ഈ സ്മരണദീപ്തി ഒരു നാളമായി, ജ്വാല യായി പ്രകാശഗോപുരമായ് ദിഗന്തങ്ങളിൽ സ്നേഹത്തിന്റെ ശുശ്രൂ ഷയുടെ കാരുണ്യത്തിന്റെ ആത്മരക്ഷാ ഔത്സുക്യത്തിന്റെ പ്രഭയായി തലമുറകളിലേയ്ക്ക് ചൊരിയട്ടെ!

**പരാമർശസൂചിക**

1. ചാവറയച്ചന്റെ കത്തുകൾ IX/7.
2. ചാവറയച്ചന്റെ കത്തുകൾ IX/7.
3. ചാവറയച്ചന്റെ കത്തുകൾ IX/7.

# 13

# നിത്യായുസ്സ് പ്രാപിക്കാൻ...

ജീവിതത്തിന് അർത്ഥം തേടുന്നവരാണ് എല്ലാ മനുഷ്യരും. അർത്ഥ ത്തികവായി പലരും കണ്ടെത്തുന്നത് പല കാര്യങ്ങളാണെന്നു മാത്രം. ഒരിക്കൽ ഈശോയെ അന്വേഷിച്ചു നടന്ന ജനതതിയോട് അവി ടുന്നു പറഞ്ഞു: 'നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ നല്കുന്ന അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാ നിക്കുവിൻ'. ലോകത്തിൽ എക്കാലവും സംഭവിക്കുന്ന ഒരു ശൈ ലിയാണിത്: അനശ്വരമായതിനെ അവഗണിച്ച് നശ്വരമായതിനെ തേടുക. സ്വന്തം പേരും പെരുമയും നിലനിർത്താൻ, ദൈവത്തേ ക്കാൾ ശ്രേഷ്ഠരായി സ്വയം കാണപ്പെടാൻ ബാബേൽ ഗോപുര ങ്ങൾ പണിതുയർത്താനുള്ള പ്രലോഭനത്തിന് മനുഷ്യാസ്തിത്വ ത്തോളം തന്നെ പഴക്കമുണ്ട്. ദൈവത്തെപ്പോലെയാകാൻ വിലക്ക പ്പെട്ട കനി തിന്ന ആദിമാതാപിതാക്കൾ മുതൽ അത് ആരംഭിച്ചുകഴി ഞ്ഞു. കാണാൻ കൗതുകമുള്ളതും ആസ്വാദ്യകരവുമെന്നു ബോ ദ്ധ്യപ്പെടുത്തുന്ന, മോഹമുണർത്തിക്കുന്ന സുന്ദരവാഗ്ദാനങ്ങളുമായി കൗശലക്കാരൻ സമീപിക്കുന്നത് സൗഹൃദത്തിന്റേയും സ്നേഹത്തി ന്റേയും നൂതനമായ ആശയങ്ങളുടേയും, നേട്ടങ്ങൾക്കുള്ള പദ്ധതി കളുടേയുമൊക്കെ രൂപത്തിലാണ്. അഗ്നിജ്വാലയുടെ പ്രഭയിൽ ആകൃ ഷ്ടരായി പറന്നടുക്കുന്ന ഈയ്യലുകൾ ചിറകറ്റു വീഴുംപോലെ ലോകം തരുന്ന നേട്ടങ്ങളിൽ, സമൃദ്ധിയിൽ, ആഡംബരങ്ങളിൽ, ശാസ്ത്രസാങ്കേതികസംവിധാനങ്ങളിൽ, സുഖസന്തോഷങ്ങളിൽ ആമഗ്നരായി ഭൂമിയിൽ സൗഭാഗ്യവും ആനന്ദവും കണ്ടെത്താൻ നെട്ടോട്ടമോടുന്ന ആധുനികമനുഷ്യർ നിരാശരും അസ്വസ്ഥരും അർത്ഥം കണ്ടെത്താൻ കഴിയാത്തവരായി, നഷ്ടധൈര്യരായി മാ റുന്നു. എല്ലാം സ്വന്തമാക്കാനും അടിച്ചുപൊളിച്ചു ജീവിക്കാനും നെട്ടോട്ടമോടുന്ന മനുഷ്യന് കീറാമുട്ടിയായി നില്ക്കുന്നതാണ് സഹ നവും മരണവും.

അതിജീവിക്കലിനെക്കാൾ ആസ്വാദനത്തിനും, ലാളിത്യത്തേക്കാൾ ആഡംബരങ്ങൾക്കും മുൻഗണനകൊടുക്കുന്ന ആധുനികമനുഷ്യന് ജീവിതം സുഖിക്കാനുള്ളതാണ്. ഭൗതികസുഖഭോഗങ്ങളിൽ മുഴുകാനും അതിനു വിഘ്നം നേരിടുമ്പോൾ പ്രതികൂലാനുഭവങ്ങളെ തരണംചെയ്യാൻ കെല്പില്ലാതെ മദ്യത്തിലും മയക്കുമരുന്നിലും ആത്മഹത്യയിലും പരിഹാരം കണ്ടെത്താനും തുനിയുന്നവരുടെ എണ്ണം ഇന്ന് ഏറെ വർദ്ധിച്ചുവരുന്നു. ഈ ഭൂമിയിൽ സ്വർഗ്ഗം പണിത് ജീവിതസാഫല്യം നേടാൻ വെമ്പൽകൊള്ളുന്ന ആധുനികമനുഷ്യന്റെ പ്രത്യയശാസ്ത്രം വിസ്മരിക്കുന്ന ഒരു സത്യമുണ്ട്: മരണാനന്തരമുള്ള നിത്യജീവിതം. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഈ ഭൂമിയിൽ നിറഞ്ഞ് എല്ലാം ആസ്വദിച്ച് ജീവിക്കാൻ മാത്രമല്ല, തന്നെ അറിഞ്ഞു സ്നേഹിച്ച് തനിക്ക് ശുശ്രൂഷ ചെയ്ത് ഒടുവിൽ അവിടുത്തോടൊത്തു നിത്യമായി ആനന്ദിക്കുവാൻ വേണ്ടിയാണ്. എന്നാൽ ആധുനികലോകം ആനന്ദം തേടുന്നു; ദൈവത്തിലല്ലെന്നുമാത്രം. അതിനാൽ അവന്റെ അസ്തിത്വത്തിന്റെ ഉൾക്കാമ്പ് രോഗാതുരമാണ്. ശാരീരികമെന്നതിനേക്കാൾ ആത്മീയമായ രോഗത്തിന്റെ തിക്തത മാരകമായിത്തന്നെ അതിനെ ബാധിച്ചിരിക്കുന്നു. ഈ വലിയ വിപത്തിനുള്ള മൂലകാരണങ്ങൾ പാപബോധമില്ലായ്മയും, നിത്യജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ ഇല്ലായ്മയുമാണ്. നിത്യതയെ വിസ്മരിച്ചുകൊണ്ട് ഈ ലോകത്തിനുവേണ്ടി മാത്രം ജീവിക്കുന്നവരുടെ അവസ്ഥ നിർഭാഗ്യകരമെന്നേ പറയേണ്ടതുള്ളു. "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാമനുഷ്യരേയുംകാൾ നിർഭാഗ്യരാണ്" (1 കോറി 15:19) എന്ന വിശുദ്ധ ശ്ലീഹായുടെ വാക്കുകൾ എത്രയോ സത്യവും ശക്തവുമാണ്!

സ്വജീവിതത്തിലൂടെയും പ്രബോധനങ്ങളിലൂടെയും 19-ാം നൂറ്റാണ്ടിനെ ആത്മീയനവോത്ഥാനത്തിലേയ്ക്കും നവീകരണത്തിലേക്കും നയിച്ച ഒരു പുണ്യാത്മാവാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. 1805 ഫെബ്രുവരി 10ന് കൈനകരിയിൽ ജനിച്ച് 1829 നവംബർ 29ന് പൗരോഹിത്യം സ്വീകരിച്ച് 1855 ഡിസംബർ 8ന് കേരളസഭയിൽ നിന്ന് ആദ്യമായി സന്യാസവ്രതവാഗ്ദാനംചെയ്ത് ജീവിതം സഭയ്ക്കും സമൂഹത്തിനുമായി ഉഴിഞ്ഞുവെച്ച മഹാത്മാവാണ് ചാവറപ്പിതാവ്. ശുദ്ധ മാർതോമാശ്ലീഹായിൽനിന്നും സത്യവിശ്വാസം

കൈക്കൊണ്ടിട്ട് 19 നൂറ്റാണ്ടായിട്ടും പേരുവിളിക്കപ്പെട്ട വിശുദ്ധരി ല്ലാതെ മച്ചിയായിരിക്കുന്ന കേരളസഭയെ വിശുദ്ധരാൽ പുഷ്പിണി യാക്കാൻ ദൈവജനത്തിനായി മതബോധനകേന്ദ്രങ്ങളും സെമിനാ രികളും, ദർശനഗേഹങ്ങളായി കൊവേന്തകളും നല്ല പുണ്യകണ്ടുപ ഠനത്തിനുതകുന്ന പുണ്യസങ്കേതങ്ങളായി കന്യാസ്ത്രിമഠങ്ങളും, ജ്ഞാനകുരുടത്വം മാറി ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയുമു ണ്ടാകാൻ വിദ്യാലയങ്ങളും, ദൈവവചനം പങ്കുവയ്ക്കാനും ജീവി തനവീകരണം കൈവരുത്താനും ഇടവകകൾതോറും ധ്യാനപ്ര സംഗങ്ങളും സദ്ഗ്രന്ഥങ്ങളുടെ പാരായണത്തിനു സഹായിക്കുവാൻ അച്ചടിശാലയും അഗതികൾക്കും മരണാസന്നർക്കുമായി ഉപവിശാലയും സമാരംഭിച്ച ഈ ധന്യാത്മാവ് ആത്മീയോൽക്കർഷം ജനിപ്പിക്കത്തക്ക കൃതികൾ രചിച്ചും സഭാഗാത്രത്തെ ധന്യമാക്കി. ദൈവത്തെ "എന്റെ അപ്പാ" എന്നു വിളിച്ചു സ്നേഹസംഭാഷണം ചെയ്തും സമൂഹം അവഗണിച്ച് പുറംതള്ളിയ എളിയവരായ ദളി തസഹോദരങ്ങൾ മുതൽ തിരുവതാംകൂർ മാഹാരാജാവും ഒൻപതാം പീയൂസ് മാർപാപ്പായുംവരെയുള്ള സമൂഹത്തിന്റെ എല്ലാതലങ്ങളി ലുമുള്ള ആളുകളുമായി സംവദിച്ചും, ഇടപഴകിയും ശുശ്രൂഷചെ യ്തും ജീവിച്ച ആ ധന്യജീവിതം 1871 ജനുവരി 3 രാവിലെ 7.30-ന് സ്വർല്ലോകം പൂകി. നറുമണവും നൈർമ്മല്യവുംനിറഞ്ഞ ഒരു മുല്ല പ്പൂ സായാഹ്നത്തിൽ തന്റെ ജന്മസാഫല്യംനേടി ഭൂമിയിൽ അടർന്നു വീഴുംപോലെ, മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം നഷ്ടപ്പെടു ത്താതെ ഏറ്റവും പരിശുദ്ധവും നിർമ്മലുവായി തന്റെ ജീവനെ ദൈവ തൃക്കരങ്ങളിൽ അദ്ദേഹം ഭരമേല്പിച്ചു. ആ ധന്യാത്മാവിന്റെ തൂലി കയിൽ നിന്നുതിർന്നുവീണ കാവ്യസമ്പത്തുക്കളിൽ അനർഘമായ ഒന്നാണ് *മരണവീട്ടിൽ പാടുന്നതിനുള്ള പർവം* എന്ന് അദ്ദേഹംതന്നെ പേരു നല്കിയ *മരണവീട്ടിൽ പാടുന്നതിനുള്ള പാന.*

സൃഷ്ടിയായ മനുഷ്യന് സ്വാഭാവികമായി സംഭവിക്കുന്ന മരണ മെന്ന യാഥാർത്ഥ്യത്തെ ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാ നശിലയായ മരണാനന്തരജീവിതമെന്ന ദിവ്യരഹസ്യത്തോടു ബന്ധ പ്പെടുത്തി തികച്ചും അജപാലനപരമായ ലക്ഷ്യത്തോടെ ലളിതമനോ ഹരമായി, ആസ്വാദ്യകരമായി അവതരിപ്പിക്കുകയാണ് *മരണവീട്ടിൽ പാടുന്നതിനുള്ള പർവത്തിൽ* ചാവറപ്പിതാവ്. ജീവിതവ്യഗ്രതയിൽ ലക്ഷ്യം മറന്ന് നെട്ടോട്ടമോടുന്ന മനുഷ്യന് ഒരു നിമിഷം നിശ്ചലമാ

യിരുന്ന് സ്വജീവിതത്തെ ഒന്ന് അവലോകനം ചെയ്ത് നശ്വരമായതിനെയല്ല, അനശ്വരമായതിനെ മുറുകെ പിടിച്ചുകൊണ്ട് മുന്നോട്ടുനീങ്ങുവാൻ പ്രേരണയും പ്രചോദനവും നല്കുന്ന ഈ കാവ്യത്തിൽ നിന്നും ആശയങ്ങളാണ് ഈ കാവത്തിൽ സമാഹരിച്ചിട്ടുള്ളത്. അബ്രാഹത്തിന്റെ മടിയിലിരിക്കുന്ന ലാസറിനെ തന്റെ സഹോദരന്മാരുടെ അടുക്കലേയ്ക്കയക്കുവാനും അവരും പീഡനത്തിന്റെ സ്ഥലത്ത് എത്തിച്ചേരാതിരിക്കുവാൻ മരണാനന്താനുഭവങ്ങളെക്കുറിച്ച് അവരെ അറിയിക്കുവാനും ധനവാനായ മനുഷ്യൻ ആഗ്രഹിച്ച് നീതിമാനായ ദൈവത്തോടു ചോദിച്ചപ്പോൾ ദൈവം പറഞ്ഞതെന്തന്നോ? അവർക്കു മോശയും പ്രവാചകരുമുണ്ടല്ലോ. അവർ അവരെ കേൾക്കട്ടെ. ആധുനികകാലഘട്ടത്തിൽ കേരളസഭയിൽ ഉദയം ചെയ്ത പ്രവാചകനാണ് പഴയനിയമത്തിലെ ഏലിയാപ്രവാചകന്റെ തീക്ഷ്ണത സ്വന്തമാക്കിയ കുരിയാക്കോസ് ഏലിയാസ് എന്ന പ്രവാചകൻ. ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാലും ആത്മാക്കളുടെ രക്ഷമേലുള്ള തീവ്രമായ താല്പര്യത്താലും ജ്വലിക്കുന്ന ഈ ആധുനികപ്രവാചകന്റെ വാക്കുകൾക്കു കാതോർക്കാം.

**ഉത്തമസ്നേഹിതനാര്?**

മനുഷ്യൻ ജനിച്ചാൽ ഒരിക്കൽ മരിക്കണം. വളരെ സുനിശ്ചിതമായ കാര്യമാണത്. എന്നാൽ അത് എപ്പോൾ എവിടെ എങ്ങനെ സംഭവിക്കും എന്നത് വളരെ അനിശ്ചിതമായ കാര്യമാണ്. ലോകം എത്ര പുരോഗമിച്ചാലും ശാസ്ത്രം എത്ര വളർന്നാലും മനുഷ്യൻ എത്ര സമ്പന്നനായാലും മരണത്തെ ഇല്ലാതാക്കാൻ മനുഷ്യനോ, ശാസ്ത്രത്തിനോ സാദ്ധ്യമല്ല. പ്രായഭേദമെന്യേ, കുബേര-കുചേല, പണ്ഡിത-പാമരഭേദമെന്യേ എല്ലാവരേയും മരണം പിടികൂടുന്നു. മരണവക്രത്തിൽപ്പെട്ട ഒരുവൻ അനുഭവിക്കുന്ന സംഘർഷത്തിന്റെ അവസ്ഥ അനിർവചനീയമാണ്. ഇത്തൊരമൊരവസ്ഥയിൽ മനുഷ്യനു തുണയായിട്ടുള്ളവൻ ആരാണ്? ആരെയാണ് മനുഷ്യൻ ഇതിനായി ആശ്രയിക്കേണ്ടത്?

ഈ ലോകജീവിതത്തിനുശേഷം മനുഷ്യന് നിത്യമായ ഒരു ജീവിതമുണ്ട്. മരണാനന്തരജീവിതത്തിലേക്ക് മനുഷ്യൻ പ്രവേശിക്കുന്നത് ദൈവത്തിന്റെ നീതിവിധിക്ക് അനുസരിച്ചാണ്. അതിനാൽ മരണം പോലെതന്നെ മനുഷ്യൻ അഭിമുഖീകരിക്കേണ്ട മറ്റൊരു യാഥാർത്ഥ്യ

മാണ് മരണശേഷമുള്ള വിധി. ഏതൊരു മനുഷ്യനും ഏറ്റവുമധികം നിസ്സാഹയനാകുന്ന സമയമാണ് വിധിയുടെ നിമിഷം. അനുകൂലമായ ഒരു വിധി ദൈവത്തിന്റെ ന്യായാസനത്തിനുമുമ്പിൽ നിന്നു ലഭിക്കുവാൻ അവനെന്തുചെയ്യണം? ദൈവത്തിന്റെ നീതിപീഠത്തിനുമുമ്പിൽ ആര് അവനെ തുണയ്ക്കും?

"വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധ്യമല്ല" (ഹെബ്രാ 12:14) എന്നത് ദൈവവചനമാണ്. ഹൃദയശുദ്ധിയുള്ളവർക്കാണ് ദൈവദർശനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത് (മത്താ 5:8). എങ്കിൽ പാപത്തിൽ നിന്നും പരിപൂർണ്ണമോചനം നേടാതെ മരണമടയുന്നവരുടെ സ്ഥിതിയെന്താണ്? ആർക്ക്, എങ്ങനെ, അവരെ സഹായിക്കാനാവും? ജീവതത്തെ ഗൗരവമായിട്ടെടുക്കുന്ന, ദൈവികപദ്ധതിക്കനുസരിച്ച് ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ഏവരേയും ചിന്തിപ്പിക്കുന്ന ചില ചോദ്യങ്ങളും യാഥാർത്ഥ്യങ്ങളുമാണിവ. സ്വജീവിതത്താലും പ്രബോധനങ്ങളാലും ഒരു കാലഘട്ടത്തെ പ്രകാശമാനമാക്കിയ, ദൈവദൂതസദൃശമായ പരിശുദ്ധജീവിതം നയിച്ച ചാവറ കുര്യാക്കോസ് എന്ന പുണ്യാത്മാവ് ദൈവികജ്ഞാനത്താൽ നിറഞ്ഞ് സ്വതൂലിക ചലിപ്പിച്ച് എഴുതിനല്കിയ *മരണവീട്ടിൽ പാടുന്നതിനുള്ള പർവ്വം* എന്ന പദ്യകൃതി ഈ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായ ഒന്നാണ്. മരണവീട്ടിൽ സന്നിഹിതരായ ബന്ധുമിത്രാദികളോടും അയൽക്കാരോടും ശരീരം വേർപെട്ട പരേതാത്മാവ് നടത്തുന്ന സ്വഗതാഖ്യാനമായിട്ടാണ് കവി ഈ കാവ്യം രചിച്ചിരിക്കുന്നത്. ഈ കാവ്യത്തിൽ പറയുന്ന ഉത്തേജകങ്ങളായ ആശയങ്ങളും കഥകളും ഉപാഖ്യാനങ്ങളും സ്വർഗ്ഗരാജ്യപ്രവേശനമെന്ന ലക്ഷ്യത്തിനുള്ള സാധനയാണ്. കാവ്യരൂപത്തിൽ വിരചിതമായതുകൊണ്ട് ഈ കൃതിയിലെ ആശയങ്ങൾക്ക് പൊതുജനമദ്ധ്യത്തിൽ വേണ്ടത്ര പ്രചുരപ്രചാരം ലഭിച്ചിട്ടില്ല എന്നതൊരു വാസ്തവം. എങ്കിലും അതു നല്കുന്ന ഉൾക്കാഴ്ചകൾ വളരെ ഉദാത്തമാണ്. ആയാസരഹിതമായ വായനയ്ക്കും ആശയസ്വാംശീകരണത്തിനുമായി കാവ്യത്തിന്റെ ആശയം ഗദ്യരൂപത്തിലാണിവിടെ അവതരിപ്പിക്കുന്നത്.

മനുഷ്യമനസ്സിൽ രണ്ടു പ്രധാനകാര്യങ്ങൾ ആഴപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് കവി ഈ കാവ്യം രചിച്ചത്: (1) മരണം, വിധി എന്നീ വേളകളിൽ മനുഷ്യൻ നിസ്സഹായനായിതീരുന്ന

അവസ്ഥയുള്ളതിനാൽ അവയെ മുമ്പിൽ കണ്ടുകൊണ്ട് അവൻ തന്റെ ഇഹലോകജീവിതം എങ്ങനെ സമ്പന്നമാക്കണം; (2) മരിച്ചു പോയവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത.

ചാവറപിതാവിന്റെ ഈ കൃതിയുടെ അടിസ്ഥാനം കത്തോലിക്കാ സഭയുടെ പരമ്പരാഗതവിശ്വാസം തന്നെയയാണ്: അതിൽ ഒന്നാമ ത്തത്, മനുഷ്യന്റെ അന്ത്യത്തെസംബന്ധിച്ചുള്ളത്. മരണം, വിധി, സ്വർഗ്ഗം, നരകം എന്നിവയാണവ. എല്ലാ മനുഷ്യരും മരണത്തിനുവി ധേയരാണ്. മരണശേഷം വിധിയുണ്ടാകും. വിധിക്കുന്നത് ദൈവമാ ണ്. ഓരോരുത്തനും തന്റെ പ്രവർത്തിക്കനുസരിച്ച് സ്വർഗ്ഗമോ നര കമോ പ്രതിഫലമായി നല്കുന്നതാണ് വിധിയുടെ ഫലം. സ്വർഗ്ഗരാ ജ്യത്തിൽ പ്രവേശിച്ച് നിത്യമായി ദൈവത്തോടൊത്ത് ആനന്ദിക്കു വാൻ തിന്മ ഉപേക്ഷിക്കണം, നന്മ ചെയ്യണം. ഏതൊരു മനുഷ്യനും, പ്രത്യേകിച്ച്, ക്രിസ്ത്യാനിയും അടിസ്ഥാനപരമായി മനസ്സിലാക്കുന്ന അഥവാ മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ് മരണത്തേയും മരണാന്തരജീവിതത്തേയും സംബന്ധിച്ച ഈ സത്യം.

ശുദ്ധീകരണസ്ഥലത്തെസംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ വിശ്വാസം. സ്വർഗ്ഗത്തിൽ, പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സന്നി ധിയിൽ അവിടുത്തോടൈക്യപ്പെട്ടു ജീവിക്കുവാൻ മനുഷ്യാത്മാവും പരിശുദ്ധമാക്കപ്പെടണം. കാരണം പൂർണ്ണമായും വിശുദ്ധീകരിക്ക പ്പെടാതെ ദൈവത്തെ പ്രാപിക്കുവാൻ, സ്വർഗ്ഗസൗഭാഗ്യം അനുഭവി ക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. ദൈവത്തെ ദർശിക്കുന്നതിന് ശുദ്ധീ കരണത്തിലൂടെ മനുഷ്യാത്മാവ് കടന്നുപോകണം. ഭൂമിയിൽവെച്ച് ഇത് സാധിതമാക്കാനുള്ള മുഖ്യമാർഗ്ഗമാണ് കൂദാശകൾ. അവയുടെ ഫലം എടുക്കാതെ പാപത്തിന്റെ കറകൾ പേറി മരിച്ചുപോയവരെ വിശുദ്ധീകരിച്ചുരക്ഷിച്ചെടുക്കാൻ ദൈവത്തിന്റെ കരുണനിറഞ്ഞ സ്നേഹവും വിശ്വസ്തതയും പരേതരായ മക്കൾക്കുനല്കുന്ന അവ സരമാണ് ശുദ്ധീകരണസ്ഥലം എന്നു പറയപ്പെടുന്ന വിശുദ്ധീകര ണാവസ്ഥ. മരണശേഷം സ്വന്തപാപങ്ങൾക്കുവേണ്ടി പരിഹാരമനു ഷ്ഠിക്കുവാൻ പരേതരായവരുടെ ആത്മാക്കൾക്കു സ്വയമേവ സാദ്ധ്യ മല്ല. അവർക്ക് സ്വയമായി സാധിക്കാത്ത ഈ ശുദ്ധീകരണപ്രക്രിയ യിൽ അവരെ സഹായിക്കാൻ പ്രാർത്ഥന, വിശുദ്ധ ബലിയർപ്പണം,

തപസ്സ്, ദാനധർമ്മം എന്നിവവഴി ജീവിച്ചിരിക്കുന്നവർക്കു സാധിക്കുമെന്ന കാര്യമാണ് ഉദാഹരണസഹിതം ചാവറപിതാവ് വ്യക്തമാക്കുന്നത്.

പുണ്യവാന്മാരുടെ ഐക്യത്തെക്കുറിച്ചുള്ള വിശ്വാസമാണ് മൂന്നാമത്തേത്. പുണ്യവാന്മാരുടെ ഐക്യം എന്ന സംഗതി ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. തിരുസഭാപ്രബോധനമനുസരിച്ച് ഭൂമിയിൽ ജീവിക്കുന്ന സമരസഭയിലെ അംഗങ്ങളും, ശുദ്ധീകരണസ്ഥലത്തു വേദനയനുഭവിക്കുന്ന സഹനസഭയിലെ അംഗങ്ങളും സ്വർഗ്ഗത്തിൽ ദൈവത്തെ നിരന്തരം സ്തുതിച്ചു മഹത്വപ്പെടുത്തുന്ന വിജയസഭയിലെ അംഗങ്ങളും ഒന്നുചേരുമ്പോഴാണ് മിശിഹായുടെ മൗതികശരീരമായ സഭ അതിന്റെ സമഗ്രതയിൽ വെളിവാക്കപ്പെടുന്നത്. അതിനാൽ വേദനയനുഭവിക്കുന്ന സഭാശരീരത്തിലെ അംഗങ്ങളെ ബലിയർപ്പണം, പ്രാർത്ഥന, ഉപവാസം, നോയമ്പ്, മറ്റ് പ്രായശ്ചിത്തങ്ങൾ, പരിത്യാഗപ്രവർത്തികൾ എന്നിവയിലൂടെ സഹായിക്കുക എന്നത് സമരസഭയിലെ അംഗങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്. ഈ യാഥാർത്ഥ്യമാണ് കാവ്യഭാഷയിലൂടെ ചാവറപിതാവ് വ്യക്തമാക്കുന്നത്.

ന്യായാധിപനായ ദൈവത്തിന്റെ തിരുമുമ്പിൽ നീതിവിധിക്കായ് ഒരുവൻ നില്ക്കുമ്പോൾ അവനുവേണ്ടി വാദിക്കുന്ന ഒരാൾ ഉണ്ടായിരിക്കുക ആവശ്യമാണ്. അപ്രകാരം ദൈവതിരുമുമ്പിൽ എനിക്കുവേണ്ടി നിലകൊള്ളാൻ സാധിക്കുന്ന വക്കീൽ അഥവാ സ്നേഹിതൻ ആരായിരിക്കണം? ആർക്കാണ് അപ്രകാരം നില്ക്കാനാവുക? പരേതനായ ഒരുവൻ നേരിട്ടു നമ്മോടു സംസാരിക്കുംപോലെ ചാവറയച്ചൻ തന്റെ *മരണവീട്ടിൽ പാടുന്നതിനുള്ള പാന*യിലൂടെ ഇതിനുത്തരം നമ്മോടു പറയുന്നതിപ്രകാരമാണ്: *ജന്മദിനത്തേക്കാൾ മരണദിനമാണ് നല്ലത്. ജനനാഘോഷത്തേക്കാൾ മരണാഘോഷമാണ് ശ്രേഷ്ഠം. കല്ല്യാണവിരുന്നിനായി പന്തലിൽ പ്രവേശിക്കുന്നതിനേക്കാൾ അഭികാമ്യം മരണവീട്ടിൽ പ്രവേശിക്കുന്നതാണ്.' ഈ അഭിപ്രായം ഇക്കാലത്ത് ആരും പറഞ്ഞതല്ല. പണ്ടു പണ്ടേ ബുദ്ധിമാനും ആദരണീയനുമായ സോളമൻ രാജാവ് പറഞ്ഞുവെച്ചതാണ്. ഇക്കാര്യം എന്റെ സുഹൃത്തുക്കൾ മനസ്സിലാക്കണം. നിങ്ങൾ അതനുസരിച്ച് എന്റെ ഭവനത്തിൽ വന്നത് നന്നായി.*

ഇത്രയും കാലം ഞാൻ നിങ്ങളോടൊന്നിച്ച് ആഹ്ലാദത്തോടെ കഴിഞ്ഞു. അങ്ങനെ നാമൊന്നായി സന്തോഷപുരസ്സരം വിഹരിച്ച വേളയിൽ യാതൊരു ബുദ്ധിമുട്ടും ഞാൻ നിങ്ങളെ അറിയിച്ചില്ല. ഇന്നു ഞാൻ വാസ്തവത്തിൽ നിങ്ങളിൽ നിന്നും വേർപെട്ടിരിക്കുന്നു. എന്റെ കാഴ്ചശക്തിയും ശ്രവണശക്തിയും അസ്തമിച്ചിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. എങ്കിലും എന്റെ മൃതശരീരത്തെ നോക്കിനില്ക്കുന്ന സുഹൃത്തേ, നിങ്ങളോടും ചില കാര്യങ്ങൾ പറയട്ടെ. നമ്മൾ ചിരിച്ചും കളിച്ചും സന്തോഷസമേതം നടന്നപ്പോൾ ദൈവത്തിന്റെ ശിക്ഷാവിധിയെക്കുറിച്ച് തെല്ലും ഞാൻ ഓർത്തില്ല.

ഇന്നലെ വരെ ഞാൻ നിങ്ങളിൽ ഒരുവനെപ്പോലെ ആയിരുന്നു. നാളെ നിങ്ങളും എന്നെപ്പോലെ ആയിത്തീരും. എനിക്കിപ്പോൾ വന്നുചേർന്ന ഈ ശിക്ഷാവിധിയെ അല്പമെങ്കിലും ലഘൂപ്പെടുത്തുവാൻ എനിക്ക് ആവുകയില്ല. ഇന്ന് എനിക്ക് നേരിട്ടുള്ള ഈ ശിക്ഷാവിധി നാളെ നിങ്ങൾക്കും വരാനിരിക്കുന്നു. ഇക്കാര്യം നല്ലവണ്ണം ഓർത്തു നടക്കുക.ജീവിതകാലത്ത് സ്നേഹിതന്മാർ പലരുണ്ടായിരിക്കും. പക്ഷേ, ജീവൻ പിരിയുമ്പോൾ അവരാരേയും കാണാനാവില്ല. കൂട്ടുകാരായി പലരും ഉണ്ടായിരുന്നു. എന്നാൽ എന്നോടുകൂടെ വരാൻ നിങ്ങളിൽ ഇപ്പോൾ ആരാണുള്ളത്?

വളരെയധികം ആത്മാർത്ഥതയോടെ ഞാൻ മൂന്നുപേരെ സ്നേഹിച്ചു. അവർക്ക് ശുശ്രൂഷചെയ്തു. ആ മൂന്നുപേരെയും സദാസമയം എന്റെ ആത്മമിത്രങ്ങളായി കരുതുകയും ചെയ്തു. എങ്കിലും ആ മൂന്നുപേരിൽ ഒന്നാമനെ എന്റെ ഹൃദയത്തിനുതുല്യം ഞാൻ സ്നേഹിച്ചു. എവിടെപ്പോയാലും ഏതു ജോലി ചെയ്യുകയാണെങ്കിലും ചിന്തയിലോ ധ്യാനത്തിലോ മുഴുകിയിരുന്നാലും എന്റെ മനസ്സ് ആ സ്നേഹിതനെ ഓർത്ത് വെന്തുരുകിക്കൊണ്ടിരുന്നു. എന്റെ ചെയ്തികളേയും ഗുണഗണങ്ങളേയും ഹൃദയാഭിലാഷങ്ങളേയും നിയന്ത്രിയ്ക്കുവാൻ കഴിയുന്ന സ്നേഹിതനായിരുന്നു അയാൾ. ആ മിത്രം എന്നോടു പറഞ്ഞു: "ജീവിതക്ലേശങ്ങളിൽ നിമഗ്നനാകുമ്പോൾ ഭയപ്പെടേണ്ട, എന്റെ സ്നേഹം മാത്രം നിനക്കു മതിയാകും. ആപത്തു കാലത്ത് നിനക്കു തുണനല്കാൻ എന്നെപ്പോലെ മറ്റാർക്കും സാധ്യമാവുകയില്ല. ഞാൻ ഇരിക്കുന്ന സ്ഥലത്ത് ജനങ്ങളെല്ലാം അംഗീകാരത്തിനുവേണ്ടി ഓടിയെത്തുന്നു." ഇങ്ങനെയെല്ലാം പറഞ്ഞ് എന്റെ മനസ്സിനെ പ്രഥമസ്നേഹിതൻ ആഹ്ലാദപൂർണ്ണമാക്കി. സനേഹിതന്റെ

വാക്കുകൾകേട്ട് ആനന്ദിച്ച ഞാൻ വേറൊന്നും കാണാൻ എന്റെ ഹൃദയനേത്രം തുറന്നില്ല. എന്റെ സ്നേഹം അവനിൽ അർപ്പിച്ചാൽ എല്ലാം ഭംഗിയായിക്കൊള്ളും എന്നായിരുന്നു എന്റെ വിചാരം. മേൽപ്പറഞ്ഞ സ്നേഹിതനിൽനിന്ന് അല്പം ഭേദമായി രണ്ടാമതൊരു സ്നേഹിതൻ എനിക്കുണ്ടായിരുന്നു. അവന്റെ സ്നേഹം സമ്പാദി ക്കാൻ ഞാൻ ഏറെ ക്ലേശവും കഷ്ടനഷ്ടങ്ങളും അനുഭവിച്ചു. അവൻ നീതിമാൻ തന്നെയെന്നു നിശ്ചയിച്ച് നീതിവെടിഞ്ഞുപോലും അവനോടുള്ള സ്നേഹബന്ധം പുലർത്തി. ആത്മാവിന്റെ കാര്യം പോലും ഓർക്കാതെ, ആ കൂറു പുലർത്തുന്നതിന് ശാരീരികമായി ഏറെ കഷ്ടപ്പാടുകൾ ഞാൻ സഹിച്ചു.

എന്റെ മൂന്നാമത്തെ സ്നേഹിതനെക്കുറിച്ചാണ് ഇനി പറയാനു ള്ളത്. സദാസമയവും അവൻ എന്നോടൊപ്പം ഉണ്ടായിരുന്നു. ഊണിലും ഉറക്കത്തിലും സന്തതസഹചാരിയായിരുന്ന അവനെവിട്ട് ഒരിടത്തും ഞാൻ ചരിച്ചില്ല. അവൻ നന്മയ്ക്കും തിന്മയ്ക്കും എന്റെ പങ്കുകാരാനായിരുന്നു. എങ്കിലും തിന്മയുടെ വഴിയിലൂടെയാണ് അവൻ സഞ്ചരിച്ചത്. ഈ കാര്യം എനിക്കു നേരത്തേ അറിയാമായി രുന്നു. പക്ഷേ ഞാൻ അതത്ര കാര്യമാക്കിയില്ല. ഇപ്പോൾ അത് വ്യക്തമായി അറിഞ്ഞു.

ആത്മസുഹൃത്തുക്കളായ ഈ മൂന്നുപേരെ കൂടാതെ നാലാമത് ഒരു സ്നേഹിതനും എനിക്കുണ്ടായിരുന്നു. അവനോട് അല്പം കൂറു പാട് ഞാൻ കാട്ടി. ആദ്യം പറഞ്ഞ മൂന്നുപേർക്കും ദാസ്യവേല വളരെ താല്പര്യത്തോടെ ഞാൻ നിർവഹിച്ചിരുന്നു. അതിനുശേഷം പരി ക്ഷീണിതനായി ഞാൻ നാലാമത്തെ സ്നേഹിതന്റെ സമീപത്തു ചെല്ലും. എങ്കിലും അദ്ദേഹം എന്നെ പരിത്യജിക്കുകയില്ല. ഹൃദയം ഗമമായ സ്നേഹത്തോടെ ഞങ്ങൾ ഒരുമിച്ച് അല്പം നടക്കും.

സ്നേഹിതന്മാരൊത്ത് ഇപ്രകാരം ഞാൻ ജീവിച്ചവേളയിൽ രാജ രാജനായ ചക്രവർത്തിതിരുമനസ്സ് തന്റെ നീതിക്കനുസൃതമായ ഒരു വിധി പ്രഖ്യപിച്ചു. എന്നെ ശിരച്ഛേദം വരുത്തണം എന്നതായിരുന്നു ആ വിധി. ചക്രവർത്തിയുടെ വിധിപ്രഖ്യാപനം നാട്ടിലെല്ലാം വിളം ബരം ചെയ്തു. എന്റെ ദുർവിധിയോർത്ത് ഞാൻ ക്ലേശപൂരിതനായി.

നീതിവിധി നടത്തിയ ചക്രവർത്തിയുടെ മുമ്പിൽ എന്റെ സങ്കടം ധൈര്യസമേതം ബോധിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ഈ ശിക്ഷാവിധി പിൻവലിക്കും. രാജസന്നിധിയിൽ സമ്മർദ്ദം ചെലു

ത്താൻ പ്രാപ്തിയുള്ള ഒരു സ്നേഹിതൻ ഉണ്ടെങ്കിൽ കാര്യം സാധിക്കാം. ഞാൻ ഇങ്ങനെ ചിന്തിച്ചു: "വൻപനും ശക്തനുമായ ആത്മസുഹൃത്ത് എനിക്കുണ്ട്. ആപത്ഘട്ടങ്ങളിൽ രക്ഷിക്കുവാനുള്ള ശക്തി അവനെപ്പോലെ മറ്റാർക്കുമില്ല. ഇക്കാര്യം അവൻതന്നെ എന്നോടു പറഞ്ഞിട്ടുള്ളതാണല്ലോ. അതുകൊണ്ട് എന്റെ പ്രഥമസ്നേഹിതന്റെ പക്കൽത്തന്നെ എത്താം." അങ്ങനെ കരുതി ശോകത്തിൽമുങ്ങി ഞാൻ ആ സ്നേഹിതന്റെ ഭവനത്തിലെത്തി. കാണുന്നതിനുമുമ്പുതന്നെ, പറഞ്ഞുകേട്ട് എല്ലാം മനസ്സിലാക്കിയിരുന്നു ആ സ്നേഹിതൻ. അവനെ കണ്ടപ്പോൾ, ഞാൻ എന്തെങ്കിലും ഉരിയാടുന്നതിനുമുമ്പുതന്നെ അതീവദുഃഖിതനെന്ന ഭാവത്തോടെ അവൻ പറഞ്ഞു: "സുഹൃത്തേ, പണ്ടുതന്നെ ഞാൻ നിന്റെ സ്നേഹിതനാണ് എന്ന കാര്യം അറിയിക്കുകയോ എന്റെ പേര് ഉച്ചരിക്കപോലുമോ ചെയ്യരുത്. നിനക്കിന്ന് സംഭവിച്ച നാശം തടഞ്ഞുനിർത്തുവാൻ ഞാൻ ആളല്ല. ഞാൻ നിന്റെ മിത്രമാണെന്നുള്ളത് ആർക്കും സംശയിക്കാൻ പോലും ഇടകൊടുക്കാതെ സൂക്ഷിക്കുക. അല്ലെങ്കിൽ നിന്റെ നാശത്തിന്റെ പങ്ക് അല്പമെങ്കിലും എനിക്ക് അനുഭവിക്കേണ്ടിവരും. അങ്ങനെ നീ എന്നെ കഷ്ടപ്പെടുത്തരുത്. ഒട്ടും താമസിക്കേണ്ട. ദയവുചെയ്ത് ആരുമറിയാതെ എത്രയും വേഗം ഇവിടെ നിന്നുപോവുക." ഇതുകേട്ട് എനിക്കേറെ ക്ലേശം ഉണ്ടായി. എങ്കിലും നന്ദിയില്ലാത്ത ആ മിത്രത്തിന്റെ പടികടന്ന് ഞാൻ യാത്രയായി. അവൻ ഒരു നല്ല വാക്ക് പറയുകയോ സ്നേഹിതനാണെന്നുള്ള അടയാളം കാണിക്കപോലുമോ ചെയ്തില്ലല്ലോ എന്ന് ഞാൻ ഓർത്തുപോയി.

രണ്ടാമത്തെ സ്നേഹിതന്റെ സമക്ഷത്തിൽ എന്റെ ദുഃഖവാർത്ത അറിയിക്കാം എന്നു വിചാരിച്ച് അവന്റെ വീട് ലക്ഷ്യമാക്കി ഞാൻ നടന്നു. ഞാൻ ചെല്ലുന്നതുകണ്ട് ഓടിവന്ന് അവൻ എന്നെ സ്വീകരിച്ചു. വളരെ ക്ലേശത്തോടെ എന്റെ ദുഃഖവാർത്തകൾ അവനെ ധരിപ്പിച്ച് അല്പമെങ്കിലും ആശ്വാസം പ്രാപിക്കുവാൻ ഞാൻ ആഗ്രഹിച്ചു. അവൻ പറഞ്ഞു: "നിന്റെ ഈ വിധിയിൽ നിന്ന് മോചനം നേടുവാൻ നിനക്ക് കഴിവില്ല എന്നു പറഞ്ഞതു ശരിതന്നെ. നിന്റെ ഈ ദുഃഖങ്ങൾക്കെല്ലാം ഞാനും പങ്കാളിയാണ്. പക്ഷേ ഈ സങ്കടങ്ങൾക്കു ശമനം നല്കുവാൻ എനിക്കും ശക്തിയില്ല. എന്നാലും നിന്നോടൊപ്പം നടക്കുന്നതിന് ഞാൻ തയ്യാറാണ്, സംശയം വേണ്ട."

എന്നെ ഈ കാര്യങ്ങൾ ധരിപ്പിച്ച് വീട്ടുപടിവരെ വന്ന് എന്നെ യാത്ര യാക്കി.

മൂന്നാമനായ സ്നേഹിതന്റെ പക്കൽ ഞാനെത്തി. അവന് എന്നോട് വളരെയധികം കൃതജ്ഞതയുണ്ട്. പക്ഷേ അവനും ശക്തിയില്ലാത്ത വനാണ്. എന്റെ ദുഃഖങ്ങളിൽ ഒരിക്കലും വേർപിരിയാത്തവനായി തൂക്കുമരത്തിന്റെ ചുവടുവരെ എന്റെ കൂടെ ഉണ്ടായിരിക്കും എന്ന് വാക്കുനല്കിമാത്രം അവനെന്നെ പറഞ്ഞുവിട്ടു.

ഞാൻ ദുഃഖിതനായി നിന്ന സമയത്ത് നാലാമത്തെ സ്നേഹിതൻ ആഹ്ലാദപൂർവ്വം ഓടിയെത്തി എന്നെ ആലിംഗനം ചെയ്തു. എന്റെ മുഖഭാവം ദർശിച്ചിട്ട് ഇങ്ങനെ ചോദിച്ചു: "അല്ലയോ സുഹൃത്തേ, എന്താണിത്? നിന്റെ മുഖത്തിൽ ഒരു വിഷാദഭാവം ഞാൻ ദർശി ക്കുന്നു. നിനക്ക് എത്രതന്നെ ദുഃഖം ഉണ്ടായിരുന്നാലും അത് എന്നേയ്ക്കും നിർമ്മാർജ്ജനം ചെയ്യാൻ എനിക്കു കരുത്തുണ്ട്. നീ കരഞ്ഞിട്ടു കാര്യമില്ല. ഏതു ക്ലേശവും തീർക്കുവാനുള്ള ശക്തി നിന്റെ സ്നേഹിതനായ എനിക്കുണ്ട് എന്ന് ഇതുവരെ നീ ഗ്രഹിച്ചിട്ടി ല്ല. മനുഷ്യർക്കു വിവിധങ്ങളായ ദുഃഖങ്ങൾ വന്നു ഭവിക്കാറുണ്ട്. എങ്കിലും മരണത്തിനു തുല്യമായ ദുഃഖം ഈ ലോകത്തു വേറെയി ല്ല. എന്റെ പേര് 'മൃത്യുവിനെ ജയിച്ചവൻ' എന്നാകുന്നു. ശത്രുക്കൾക്ക് എന്നെ തോല്പിക്കുക സാധ്യമല്ല. നിന്റെ എതിരാളികൾ രാജാവിന്റെ സന്നിധിയിൽ നിന്റെ ജീവാപായത്തിനുവേണ്ടി ശ്രമിച്ചുവെങ്കിൽ അതേ ക്കുറിച്ചു വ്യാകുലപ്പെടേണ്ട. നീ എന്റെ സ്നേഹിതനാണെന്ന് അറി യപ്പെട്ടാൽ മന്ത്രിമാർ, തന്ത്രികൾ, ബന്ധുക്കൾ, രാജഭൃത്യന്മാർ എന്നി വരെല്ലാം അവരുടെ മനോഭാവം മാറ്റും. അവരെല്ലാം നിന്റെ സ്നേഹിതന്മാരായി മാറും. നിന്റെ പ്രാണനാശത്തിനുള്ള ഈ വിധി സ്നേഹത്തിന്റെ വിധിയാക്കി മാറ്റാനും ഞാൻ ശക്തനാണ്. നീ സ്വസ്ഥമാവുക, ദുഃഖഭാവം വെടിയുക. രാജസന്നിധിയിലേക്ക് എന്നോ ടൊന്നിച്ച് പോരുക. ഞാൻ പറയുന്ന വാക്കുകൾ കേട്ട് നീ വിശ്വസി ച്ചാലും." നാലാമത്തെ സ്നേഹിതൻ പറഞ്ഞതുപോലെ എല്ലാം സംഭ വിച്ചു. കാര്യങ്ങളെല്ലാം ശുഭമായി. അവൻ എന്നെ അത്യധികം സന്തോഷിപ്പിച്ചു.

എനിക്ക് സംഭവിച്ചതുപോലെ നിങ്ങൾക്കും സംഭവിക്കുമെന്നത് മാറ്റമില്ലാത്ത സത്യമാണ്. ആദ്യം പറഞ്ഞ മൂന്നു സ്നേഹിതന്മാർ ആരൊക്കെയാണ് എന്നതും അവരുടെ കൃതഘ്നത എന്താണെന്നു

*ള്ളതും നാം അറിഞ്ഞിരിക്കണം. നാലാമത്തെ മിത്രം പറഞ്ഞതും പ്രവർത്തിച്ചതും ഒരിക്കലും മറന്നു കളയരുത്. ആരാണ് പ്രഥമ സ്നേഹിതനെന്നോ? അത് ഈ ലോകം തന്നെ. 'രണ്ട് യജമാനന്മാർക്ക് ഒരേസമയം വേലചെയ്യുക അസാധ്യമാണ്' എന്നത് കർത്താവു തന്നെ പറഞ്ഞ വാക്കുകളാണല്ലോ. ഇനി രണ്ടാമത്തെ സ്നേഹിതൻ ആരെന്നല്ലേ അറിയേണ്ടത്. സ്വന്തം ജനം ആണ് രണ്ടാമത്തെ മിത്രം. ആത്മാവിന്റെ കാര്യം പോലും മറന്ന് എപ്പോഴും ക്ലേശങ്ങൾ അവർക്കുവേണ്ടി നാം സഹിക്കുന്നുണ്ടല്ലോ. അങ്ങനെ നാം മാനിക്കുന്ന സ്നേഹിതനാണ് സ്വജനം. മൂന്നാമത്തെ സ്നേഹിതൻ നമ്മുടെ സ്വന്തം ശരീരം ആകുന്നു. സർവദാ എന്നല്ല ആഹാരാദി കാര്യങ്ങളിൽപ്പോലും ഈ സ്നേഹിതൻ നമ്മോടുകൂടെയുണ്ടല്ലോ. ഈ മൂന്നുപേരോടും ഞാൻ സ്നേഹം പ്രകടിപ്പിച്ചു. എന്നാൽ അതുകൂടാതെ നാലാമത്തെ സ്നേഹിതനായ പുണ്യത്തോടും അല്പം സ്നേഹം ഞാൻ കാണിച്ചു. പുണ്യമാകുന്ന സ്നേഹിതൻ എന്നെ തന്റെ സമീപം ഇരുത്തിക്കൊണ്ടു മനുഷ്യന്റെ നാല് അന്ത്യത്തെക്കുറിച്ച് (മരണം, വിധി, മോക്ഷം, സ്വർഗ്ഗം, നരകം എന്നീ നാല് അന്ത്യങ്ങൾ) എന്നെ ഓർമ്മപ്പെടുത്തി. 'വളരെ ശ്രേഷ്ഠമായ ഒരു ശ്ലോകം (തത്വം) ഞാൻ നിന്നെ കേൾപ്പിക്കാം. വേണ്ട പ്രാധാന്യത്തോടെ നീ ഇത് ദിനംതോറും യാതൊരു മാറ്റവും വരുത്താതെ ജപിക്കുകയാണെങ്കിൽ തീർച്ചയായും നിനക്കു മഹാഭാഗ്യംതന്നെ ഉണ്ടാകും. അങ്ങനെ ജീവിച്ചാൽ 'മരണത്തെ ജയിച്ചവൻ' എന്ന നാമം നിനക്കും സാർത്ഥകമാകും, തീർച്ച.' അവന്റെ വാക്കുകൾ ഞാൻ സ്വാഗതം ചെയ്തു. അവ ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. ഞാൻ അവയെക്കുറിച്ച് ധ്യാനിച്ചു. പുണ്യപ്രവർത്തികളെന്ന നാലാമനായ മിത്രം എന്നോടു പറഞ്ഞതനുസരിച്ചു ജീവിച്ച എനിക്ക് ഇന്നീ ഭാഗ്യമുണ്ടായി. എന്റെ മേൽ പതിച്ച വിധിയെ മാറ്റിയെടുക്കാനും ഈ വിശിഷ്ട തത്വം (ശ്ലോകം) എനിക്കവസരം നല്കി.*

*പ്രിയപ്പെട്ടവരേ, മരണം, വിധി, മോക്ഷം, നരകം എന്നിവ ബുദ്ധിയിലും ഓർമ്മയിലും സദാസമയം ഉണ്ടാകണം. ഇക്കാര്യം ഉരുവിട്ടുകൊണ്ട് ജീവിക്കുവാൻ എന്റെ (മൃത)മേനി നിങ്ങളെ ഓർമ്മിപ്പിക്കുന്നു.*

നിത്യജീവിതത്തിന് നമ്മെ യോഗ്യരാക്കുന്നത് ദൈവത്തിന്റെ രക്ഷാകരകർമ്മമാണെങ്കിലും ആ രക്ഷ അനുഭവിക്കുന്നവരാകുവാൻ ദൈവഹിതമനുസരിച്ചുള്ള പ്രവർത്തി നാം ചെയ്യുന്നവരുമാകണം.

'എല്ലാറ്റിലുമുപരി ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയയ്ക്കാരനേയും സ്നേഹിക്കുക' എന്നു കല്പിച്ച ദൈവം ശത്രുവിനാണെങ്കിൽ പോലും അവനു നന്മ ചെയ്യാൻ ആവശ്യപ്പെടുന്നുണ്ട്. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ അവിടുന്നു വ്യക്തമാക്കുന്നതതാണ്. മാത്രമല്ല, അന്ത്യവിധിയെക്കുറിച്ച് മത്തായി സുവിശേഷകനിലൂടെ അവിടുന്നു വ്യക്തമാക്കുന്നത് ആവശ്യത്തിലിരിക്കുന്ന സഹോദരനു ചെയ്യുന്ന ഏതൊരു നന്മയും മിശിഹായ്ക്കുതന്നെ ചെയ്യുന്ന ശുശ്രൂഷയാണെന്നാണ്. ദൈവം നമ്മോടു കാരുണ്യം കാണിച്ചതുപോലെ കരുണയുള്ളവരായി കാരുണ്യപ്രവർത്തികൾ ചെയ്യുന്നവരായി നാം മാറുമ്പോൾ "ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്താ 25:40) എന്ന അവിടുത്തെ വിധിവാചകം ശ്രവിച്ച് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാൻ നമുക്കിടയാകും." ഭൂമിയിൽ നിങ്ങൾ നിക്ഷേപം സൂക്ഷിക്കേണ്ട. കീടങ്ങൾ അതു നശിപ്പിച്ചുകളയും... ചിതലും പുഴുവും നശിപ്പിക്കാത്ത സ്വർഗ്ഗത്തിൽ നിങ്ങൾക്കായ് നിക്ഷേപം കരുതിവയ്ക്കുവിൻ' (മത്താ 6:19-20) എന്ന ക്രിസ്തുവചനത്തിന്റെ പൊരുളും ഇതുതന്നെ.

**നിത്യതയിലുള്ള പ്രത്യാശയോടെ**

മരിച്ചവർക്കായി പ്രാർത്ഥിക്കുക ഏറ്റവും ഉത്തമവും രക്ഷാകരവുമായ പ്രവർത്തിയാണ്. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള വിശ്വാസവും പ്രത്യാശയും ഉള്ളവർക്കേ ഇതു സാദ്ധ്യമാകൂ. ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറതന്നെ മിശിഹായുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. എങ്കിൽ ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനവും ഒരു യാഥാർത്ഥ്യമാണ്. പുതിയനിയമത്തിൽ മാത്രമല്ല, പഴയനിയമത്തിലും ഈ വിശ്വാസം പ്രകടമാകുന്നുണ്ട്. മക്കബായരുടെ രണ്ടാം പുസ്തകം 12-ാം അദ്ധ്യായത്തിൽ വിഗ്രഹങ്ങളെ പൂജിച്ച് ഇസ്രായേലിന്റെ ദൈവമായ കർത്താവിനെതിരായി പാപം ചെയ്തു മരിച്ചുപോയവർക്കുവേണ്ടി മക്കബായനായ യൂദാസ്, 'രണ്ടായിരത്തോളം ദ്രാക്മാ പിരിച്ചെടുത്ത് പാപപരിഹാരബലിക്കായി ജറുസലേമിലേക്ക് അയച്ചുകൊടുത്തു. പുനരുത്ഥാനം ഉണ്ടാകുമെന്ന് ഉറച്ച് യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ. മരിച്ചവർ ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കു

വേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്തവുമാകുമായിരുന്നു' (2 മക്ക 12:43-44) എന്നാണ് തിരുവചനം പറയുന്നത്. മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് മരിച്ചവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിക്കുക എന്നും ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യസമ്പത്തിനെക്കുറിച്ച് പ്രത്യാശപുലർത്തുന്നെങ്കിൽ അത് പാവനവും ഭക്തിപൂർണ്ണവുമായ ഒരു ചിന്തയാണ് എന്നും മക്കബായരുടെ ഗ്രന്ഥം തുടർന്നു പ്രസ്താവിക്കുന്നുണ്ട് (2 മക്ക 12:45). ഉത്ഥാനത്തിലുള്ള പ്രതീക്ഷ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രേരകമാകുന്നെങ്കിൽ ആ പ്രവർത്തി അതിനാൽത്തന്നെ വിശ്വാസത്തിന്റെ പ്രവർത്തിയാണ്. "പ്രാർത്ഥന, ശുദ്ധീകരണാത്മാക്കൾക്കായി സ്വർഗ്ഗകവാടം തുറന്നുകൊടുക്കുന്ന താക്കോലാണ്" എന്നാണ് വി. അഗസ്തീനോസ് പ്രസ്താവിക്കുന്നത്.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു വ്യക്തമാക്കുവാൻ ചാവറപ്പിതാവ് തന്റെ *മരണപർവ്വ*ത്തിൽ പല അനുഭവസാക്ഷ്യങ്ങളും സാരോപദേശകഥകളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊന്ന് മരിച്ചവർക്കുവേണ്ടി ജീവിതകാലത്ത് പ്രാർത്ഥിക്കാത്ത ഒരു വ്യക്തിക്കു സംഭവിക്കുന്നതെന്ത് എന്നു മോനിക്കാപുണ്യവതിയുടെ ചരിത്രത്തിൽനിന്നും പ്രസ്താവിക്കുന്ന ഒരു സാക്ഷ്യമാണ്.

*മോനിക്കാ പുണ്യവതിയ്ക്ക് ശുദ്ധീകരാത്മാക്കളെക്കുറിച്ച് അത്യധികമായ ശ്രദ്ധ ഉണ്ടായിരുന്നു. സദാസമയം ധ്യാനവും ജപങ്ങളും നടത്തി പരലോകവാസികളായ ഇവരുടെ ദുഃഖങ്ങൾ നിർമ്മാർജ്ജനം ചെയ്തിരുന്നു. പുണ്യവതി സർവ്വേശനു നല്കിയ കാഴ്ചകൊണ്ട് അനേകം ആത്മാക്കൾ ദിനംപ്രതി സ്വർഗ്ഗപ്രാപ്തരായി. ഇങ്ങനെ കഴിയുന്ന കാലത്ത് പുണ്യവതിയുടെ പിതാവിന്റെ ആത്മാവ് ദുഃഖപൂരിതനായി പ്രത്യക്ഷനായി. അഗ്നിയിൽനിന്നു വരുന്ന വിധത്തിൽ ദുഃഖശബ്ദത്തിൽ പറഞ്ഞുതുടങ്ങി: "സ്നേഹം നിറഞ്ഞ മകളേ, നീയെന്നെ മറക്കുവാൻ കാരണമെന്താണ്? എന്നെ മഹാദുഃഖം ഗ്രസിച്ചിരിക്കുന്നു. നീ വഴിയായി അന്യജനങ്ങൾക്കു ലഭിക്കുന്ന നന്മകൾ എല്ലാ ദിവസവും ഞാൻ കാണുന്നുണ്ട്. അതെനിക്ക് ദുഃഖത്തിനു കാരണമായിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി നീ നടത്തിയ സദ്കർമ്മങ്ങൾ അല്പംപോലും എനിക്കുവേണ്ടി ആയിരുന്നില്ലല്ലോ. നിന്നെ പരിപാലിച്ചു വളർത്തിയ കാര്യം ഓർത്താൽ എന്നെ*

*മറക്കുന്നതിന് എങ്ങനെ കഴിയും?"* തന്റെ പിതാവിന്റെ വാക്കുകൾ കേട്ടിട്ട് മോനിക്കാ പുണ്യവതി മറുപടി പറഞ്ഞു: *"എന്റെ പിതാവേ, ഇതു ശരിതന്നെ. എങ്കിലും ഇതിന്റെ കാരണം എന്താണെന്ന് സ്നേഹം നിറഞ്ഞ താതാ എനിക്കറിയില്ല. സത്യം. അങ്ങ് മരിച്ചതു മുതൽ അത്യന്തം ജാഗ്രതയോടെ ശുദ്ധീകരാഗ്നിയിൽ നിന്നു അങ്ങയുടെ മോചനത്തിനായി പ്രാർത്ഥിക്കാൻ ആഗ്രഹിച്ചു. അതിനുവേണ്ടി പ്രാർത്ഥനാമന്ദിരത്തിൽ പ്രവേശിക്കുന്ന ക്ഷണത്തിൽത്തന്നെ നിശ്ചയിച്ചിരുന്ന കാര്യങ്ങളെല്ലാം മറന്നുപോകും. മറ്റു കാര്യങ്ങൾ മനസ്സിൽ വന്നു നിറയും. ഇങ്ങനെ എല്ലാദിവസവും അങ്ങയുടെ കാര്യം മറക്കുവാൻ എന്താണ് കാര്യമെന്ന് അറിയില്ല."* ഇതു കേട്ട് മോനിക്കായുടെ പിതാവ് ഇങ്ങനെ പറഞ്ഞു: *"പ്രിയ മകളേ, ഇതെല്ലാം എന്റെ ജീവിതകാലത്തെ ഫലങ്ങൾ തന്നെയാണ്. ഞാൻ ജീവിച്ചിരിക്കെ ഭൂലോകത്തിൽനിന്ന് മരിച്ച് വേർപെടുന്ന ആത്മാക്കളെ സഹായിക്കാൻ താല്പര്യം കാണിച്ചിരുന്നില്ല. അതിന്റെ ഫലമായാണ് എനിക്കിതു സംഭവിച്ചത്. എങ്കിലും എന്റെ സ്നേഹം നിറഞ്ഞ മകളേ, നീ മറക്കാതെ എന്നെ സഹായിക്കണം."*[2] അതനുസരിച്ച് പുണ്യവതിയായ മോനിക്കാ താല്പര്യപൂർവ്വം തന്റെ പിതാവിന്റെ ആത്മാവിനെ സഹായിച്ചു.

സമാനമായ ഒരു സംഭവം ഫ്ളോറൻസിലെ വി.അന്റോണിയസ് രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം താമസിച്ചിരുന്ന *ഒരു ഡൊമിനിക്കൻ ആശ്രമത്തിന്റെ വലിയ ഗുണകാംക്ഷിയും ഭക്തനുമായ ഒരു മാന്യവ്യക്തി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി വളരെയധികം പരി.കുർബാനകളും മറ്റു പ്രാർത്ഥനകളും അർപ്പിക്കപ്പെട്ടു. വളരെ നാളുകൾക്കുശേഷം ഒരു ദിവസം മരിച്ച ആ വ്യക്തിയുടെ ആത്മാവ് കഠിനവേദനയാൽ പിടയുന്ന രൂപത്തിൽ പ്രത്യക്ഷപ്പെട്ടത് വിശുദ്ധനെ അസ്വസ്ഥനാക്കി. "ഓ എന്റെ സ്നേഹിതാ, വളരെയധികം ഭക്തിയോടും വിശുദ്ധിയോടും കൂടെ ജീവിച്ച അങ്ങ് ഇപ്പോഴും ശുദ്ധീകരണസ്ഥലത്തുതന്നെയാണോ?" വിശുദ്ധൻ അത്ഭുതത്തോടെ ചോദിച്ചു. "അതെ, ഞാൻ ശുദ്ധീകരണസ്ഥലത്തുതന്നെയാണ്. ഇനിയും കുറേക്കാലം കൂടി ഞാൻ അവിടെ ഉണ്ടാകും. കാരണം, ഈ ലോകത്ത് ജീവിച്ചിരുന്ന കാലത്ത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥനകളർപ്പിക്കാൻ ഞാൻ ശ്രദ്ധിച്ചില്ല. അതുകൊണ്ട് ഇപ്പോൾ എനിക്കായി അർപ്പിക്കപ്പെടുന്ന ബലികളും*

*പ്രാർത്ഥനകളും ഞാൻ ജീവിച്ചിരുന്നപ്പോൾ പ്രാർത്ഥിക്കേണ്ട ആത്മാക്കൾക്കായി നൽകാൻ നീതിമാനായ ദൈവം കല്പിച്ചു. ജീവിതകാലത്ത് ഞാൻ ചെയ്ത സൽപ്രവർത്തികളുടെയെല്ലാം ഫലം സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ദൈവം എനിക്കു തരും. പക്ഷേ, അതിനുമുമ്പ് ഞാൻ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളോടു കാണിച്ച അവഗണനയ്ക്ക് പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു. കർത്താവിന്റെ വചനങ്ങൾ എത്രയോ സത്യമാണ്! നീ അളക്കുന്ന അളവുകൊണ്ടുതന്നെ നിനക്കും അളന്നു കിട്ടും." വേദനയോടെ ആ പാവപ്പെട്ട ആത്മാവ് പറഞ്ഞു.*

ജീവിതകാലത്ത് മരിച്ചവരെ പ്രാർത്ഥനയാലും പരിത്യാഗത്താലും സഹായിക്കേണ്ടതിന്റെ ആവശ്യകതയാണ് മേല്പറഞ്ഞ രണ്ടു വിവരണങ്ങളും വ്യക്തമാക്കുന്നത്. "കൊടുക്കുവിൻ നിങ്ങൾക്കു ലഭിക്കും" എന്ന കർത്താവിന്റെ വചനങ്ങൾ എത്രയോ സത്യമെന്ന് ഇത് സ്പഷ്ടമാക്കുന്നു. മരിച്ചവർക്കുവേണ്ടി ആത്മീയസഹായം ചെയ്തു കൊടുക്കണമെന്നത് ദൈവവും ആഗ്രഹിക്കുന്ന സംഗതിയാണ്. ഇപ്രകാരം ചെയ്യുന്നവരുടെ മരണനേരത്തും അതിനുശേഷവും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ വന്ന് അവരെ സഹായിക്കുമെന്നും മറ്റൊരു കഥയിലൂടെ ചാവറപ്പിതാവ് അവതരിപ്പിക്കുന്നുണ്ട്. അതിപ്രകാരമാണ്: *ഒരിക്കൽ ശ്രേഷ്ഠനായ ഒരു വൈദികൻ ജാഗ്രതയോടെ ഒരു രോഗിയുടെ വീട്ടിൽ രോഗീലേപനം കൊടുക്കുന്നതിനായി പുറപ്പെട്ടു. സന്ധ്യാസമയത്ത് അദ്ദേഹം ശ്മശാനസ്ഥലത്തിനരികിൽകൂടി യാത്ര ചെയ്തപ്പോൾ എല്ലുകൾ തമ്മിൽ കിടുകിടെ തല്ലുന്നതുപോലെ ഒരു ശബ്ദം കേട്ടു. അതിന്റെ ശേഷം ആരുടേയോ സംസാരവും മുഴങ്ങി. "കൂട്ടുകാരേ, നമുക്ക് എത്രയും പെട്ടെന്നു പോകാം. നമ്മുടെ കൂട്ടുകാരന്റെ അത്യാവശ്യ സന്ദർഭം ഇതാണ്. നമ്മളെയെല്ലാം അവൻ സഹായിച്ചിരുന്നു. അതുകൊണ്ട് ഇപ്പോൾ നമുക്ക് അവനെ സഹായിക്കാം." ഈ വാക്കുകൾ കേട്ടിട്ട് വൈദികൻ പിന്തിരിഞ്ഞു നോക്കി. ആരെയും കണ്ടില്ല. പിന്നീട് രോഗിയുടെ ഭവനത്തിലെത്തി മംഗളം പറയുകയും ഹന്നാൻവെള്ളം തളിയ്ക്കുകയും ചെയ്തു. പരലോകയാത്രയ്ക്കായി അദ്ദേഹം രോഗിക്ക് തൃപ്പാഥേയം നൽകി. അപ്പോൾ ആ രോഗിയുടെ ചുറ്റും പ്രകാശവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പുണ്യാത്മാക്കൾ ബഹുമാനപുരസ്സരം കാവൽ നില്ക്കുന്നു. അകലെയായി കോപാ*

*ക്രാന്തരായി ദുഷ്ടാരൂപികളും നിലകൊള്ളുന്നു. ആ പിശാചുക്കൾ അടക്കാനാവാത്ത ക്രൂദ്ധതയോടെ വാലു വളച്ച് നാലുപാടും ഓടുന്നുമുണ്ട്. ഈ കാഴ്ചയുടെ സാരം ആ ശ്രേഷ്ഠവൈദികന് അപ്പോൾത്തന്നെ മനസ്സിലായി. മേല്പറഞ്ഞ രോഗി തന്റെ ജീവിതകാലത്ത് യഥാർത്ഥഭക്തിയോടെ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി കൂടെക്കൂടെ പ്രാർത്ഥിച്ചിരുന്നു. അതുകൊണ്ട് വളരെയധികം ആളുകൾക്ക് സ്വർഗപ്രാപ്തിയുണ്ടായി. ഈ നല്ല മനുഷ്യൻ രോഗിയായപ്പോൾ ഇയാളെ സഹായിക്കുന്നതിന് കൃതാർത്ഥതയോടെ ആ ആത്മാവുകൾ ആഗതരായതാണ്.*

ചാവറപ്പിതാവ് പ്രസ്തുതവിവരണം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഇതു ശ്രവിച്ച സ്നേഹസഹോദരന്മാരേ, നിങ്ങൾക്ക് ഇതുപോലെയുള്ള ഒരു സമയം ഉണ്ടാകും. മരണമെന്ന മഹാസാഗരം കടക്കുന്നതിന് എത്രയോ പ്രയാസമാണുള്ളത് എന്ന് നിങ്ങൾ ചിന്തിക്കണം. ഇതുപോലെയുള്ള ഒരു സഹായം ശുദ്ധീകരാത്മാക്കളിൽനിന്നു നേടിയാൽ മരണപാരവശ്യത്തിൽ നമുക്ക് സുഖവും സ്വച്ഛന്ദതയും ലഭിക്കും... മരണമെന്നത് ദുർഗ്ഗമമായ യാത്രയാണ്. ഈ യാത്രയിൽ സ്നേഹവും സഹായവും ലഭിക്കുവാൻവേണ്ടി ശുദ്ധീകരാത്മാക്കളുടെ സഹായം അന്വേഷിക്കുവിൻ. നിങ്ങളുടെ യാത്രയിലെ അപകടങ്ങളെല്ലാം നിർമ്മാർജ്ജനം ചെയ്യാൻ അവർക്കു കഴിയും. ഇന്നു നിങ്ങൾ ഈ ആത്മാക്കൾക്കുവേണ്ടി ചെയ്യുന്ന നന്മകളെല്ലാം കൃതജ്ഞതയോടെ അവർ സ്മരിക്കുന്നതാണ്."[3]

ചാവറപ്പിതാവിന്റെ ഈ വാക്കുകളെ സാധൂകരിക്കുന്നതാണ് ബൊളോഞ്ഞയിലെ വിശുദ്ധ കാതറൈന്റെയും വിശുദ്ധ അൽഫോൻസ് ലിഗോരിയുടേയും വാക്കുകൾ. വിശുദ്ധ കാതറിൻ പറയുന്നു: "എനിക്ക് വിശുദ്ധരിൽനിന്ന് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അതിലേറെ അനുഗ്രഹങ്ങൾ ശുദ്ധീകരിക്കപ്പെട്ട ആത്മാക്കളിൽ നിന്നുലഭിച്ചിട്ടുണ്ട്." വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ വാക്കുകൾ ഇപ്രകാരമാണ്: "തങ്ങൾക്കായി ഒന്നും നേടാൻ ശുദ്ധീകരാത്മാക്കൾക്കു കഴിവില്ലെങ്കിലും നമുക്കായി വലിയവരപ്രസാദങ്ങൾ നേടിത്തരാൻ അവർക്കു കഴിയും. വിശുദ്ധരെപ്പോലെ അവർ മാദ്ധ്യസ്ഥ്യം വഹിക്കുന്നവരല്ല. എങ്കിലും ദൈവത്തിന്റെ മാധുര്യമാർന്ന പരിപാലനയിൽ വലിയ അനുഗ്രഹങ്ങൾ നമുക്കായി നേടിയെടുത്തുകൊണ്ട് നമ്മെ എല്ലാവിധ അപകടങ്ങ

ളിൽനിന്നും രോഗങ്ങളിൽനിന്നും തിന്മയിൽ നിന്നും രക്ഷിക്കാൻ അവർക്കു കഴിയും.”

കർത്താവേ, അഗാധത്തിൽനിന്നു ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു;

കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ. പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ കർത്താവേ, ആർക്കു രക്ഷയുണ്ടാകും? 129-ാം സങ്കീർത്തനത്തിൽ ഉദീരണം ചെയ്യപ്പെടുന്ന ഈ വചനങ്ങൾ മരണത്തിന്റെ ചുഴിയിൽപ്പെട്ട ഒരാത്മാവിന്റെ പാപമോചനത്തിനും രക്ഷയ്ക്കുമായുള്ള ഉൽക്കടമായ നിലവിളിയാണ് പ്രകടമാക്കുന്നത്. തുടർന്നു വരുന്ന ഞാൻ കാത്തിരിക്കുന്നു, എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു; അവിടുന്ന് ഉദാരമായി രക്ഷ നല്കുന്നു അകൃത്യങ്ങളിൽനിന്ന് അവിടുന്നു മോചിപ്പിക്കുന്നു എന്ന വചനങ്ങൾ ദൈവകാരുണ്യം കാത്തിരിക്കുന്ന ആത്മാവിന്റെ പ്രത്യാശ പ്രകടമാക്കുന്നതാണ്. ഇപ്രകാരം പ്രതീക്ഷയോടെ കാത്തിരിക്കുന്ന ശുദ്ധീകരാത്മാക്കൾക്കുവേണ്ടി ഭൂമിയിലുള്ളവർ ദൈവസന്നിധിയിൽ വഹിക്കുന്ന മാദ്ധ്യസ്ഥ്യം അമൂല്യമാണ്; ദൈവസന്നിധിയിൽ വിലപ്പെട്ടതാണ്, ദൈവത്തിനു പ്രീതികരവുമാണ്. നിസ്സഹായരായ പരേതാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിത്യാഗവും പരമമായ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും നിദർശനവുമാണ്. ക്രൈസ്തവൻ ഏറ്റുപറയുന്ന നിത്യമായ ജീവിതത്തിലും, ‘പുണ്യവാന്മാരുടെ ഐക്യത്തിലും’ ഉള്ള വിശ്വാസം പ്രകടമാക്കുന്ന പ്രായോഗികമായ അവസരവുമാണ് പരേതർക്കും, ശുദ്ധീകരാത്മാക്കൾക്കും വേണ്ടിയുള്ള പ്രാർത്ഥന. നിത്യജീവിതത്തിനായി സമ്പത്തു കരുതാനുള്ള എറ്റവും ശ്രേഷ്ഠമായ മാർഗ്ഗവുമാണിത്.

**പരാമർശസൂചിക**


1. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, *മരണവീട്ടിൽ പാടുന്നതിനുള്ള പാന,* ഗദ്യാവിഷ്ക്കരണം, സെഡ്. എം. മൂഴൂർ (തേവര: 1990), 1-208.
2. മരണവീട്ടിൽ പാടുന്നതിനുള്ള പാന, 661-710.
3. മരണവീട്ടിൽ പാടുന്നതിനുള്ള പാന, 759-780.

# 14

## പുത്തനാണ്ടു പിറക്കുന്നു...

പുതുമ തേടുക എന്നത് എക്കാലവുമുള്ള മനുഷ്യന്റെ വലിയതൃഷ്ണയാണ്. പുതിയ പുതിയ കണ്ടു പിടുത്തങ്ങൾ, നൂതനവിദ്യകൾ, സംരഭംങ്ങൾ, കാറുകൾ, വീടുകൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ... ഇങ്ങനെ എവിടെയും എല്ലാക്കാര്യത്തിലും പുതുമ ഉളവാക്കാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. മനുഷ്യനിൽ നൈസർഗ്ഗികമായിത്തന്നെ സ്രഷ്ടാവായ ദൈവം നിക്ഷേപിച്ചിരിക്കുന്ന സർഗ്ഗാത്മകമായ ഒരു ശക്തിയാണ്, കഴിവാണ് അതെന്നു പറയാം. ഓരോ ദിവസവും നവം നവങ്ങളായ കാര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ദൈവം പ്രപഞ്ചസൃഷ്ടി കർമ്മം പൂർത്തിയാക്കിയത്. ഓരോ ദിവസത്തിന്റെയും അന്ത്യത്തിൽ തന്റെ നൂതനസൃഷ്ടികൾ കണ്ടാസ്വദിച്ച ദൈവം പറഞ്ഞു അവ നല്ലതാണെന്ന്. സൃഷ്ടിയിൽ എന്നും നന്മയും സൗന്ദര്യവും ദർശിച്ച ദൈവം അവയെ ആശീർവ്വദിച്ചു; അനുഗ്രഹിച്ചു. സന്ധ്യയായി പ്രഭാതമായി ഒന്നാം ദിവസം, രണ്ടാം ദിവസം ഇങ്ങനെ അഞ്ചു ദിവസങ്ങൾ മുമ്പോട്ടു നീങ്ങി. ചുറ്റുപാടുകളെല്ലാം മനോഹരമായി സൃഷ്ടിച്ചു ക്രമീകരിച്ചശേഷം ആറാം ദിവസം അവിടുന്ന് തന്റെ *മാസ്റ്റർ പീസ്* ആയ സൃഷ്ടി നടത്തി: തന്റെതന്നെ ഛായയിലും സാദൃശ്യത്തിലും അവിടുന്നു മെനഞ്ഞെടുത്ത ഏറ്റവും ഉൽകൃഷ്ടസൃഷ്ടിയായ മനുഷ്യൻ! അങ്ങനെ വിജയകരമായി സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം വിശ്രമത്തിലേക്കു കടന്നത് സർവ്വസൃഷ്ടികളുടേയുംമേൽ ആധിപത്യം പുലർത്തിക്കൊണ്ട് ദൈവത്തിനു വിധേയനായി അവിടുത്തെ സ്നേഹത്തിലും കൂട്ടായ്മയിലും മനുഷ്യൻ ജീവിക്കുവാനും പെരുകി വർദ്ധിച്ചുകൊണ്ട് ദൈവത്തിന്റെ സൃഷ്ടികർമ്മം തുടരാനുമുള്ള ദൗത്യം അവനെ ഏല്പിച്ചുകൊണ്ടാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെ ഏറ്റവും മഹത്തായ ഒരു പ്രകടനമായിരുന്നു സൃഷ്ടികർമ്മം. പ്രത്യേകിച്ചും, തന്റെ ജീവനിൽ പങ്കാളിയാക്കിക്കൊണ്ട് മനുഷ്യനെ അവിടുന്നു സൃഷ്ടിച്ച കർമ്മം. ഓരോ പുതിയ പ്രഭാതവും, ഓരോ പുതുജീവനും അതി

നാൽ "കർത്താവിന്റെ സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്" (വിലാപ 3:22) എന്നത് നമ്മെ അനുസ്മരിപ്പിക്കുകയാണ്.

ദൈവസ്നേഹത്തിന്റെ ഈ  നവീനത്വം ജീവിതത്തിൽ ആസ്വദിച്ചനുഭവിച്ച ഒരു പുണ്യപുരുഷനായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ആദിയും അന്ത്യവുമില്ലാത്തവനായ നിത്യനായ ദൈവം തന്റെ കാരുണ്യാതിരേകത്താൽ തനിക്കു തന്ന ജന്മത്തെക്കുറിച്ച് സ്നേഹപൂർവ്വം നന്ദിയുതിർക്കുന്നത് അദ്ദേഹത്തിന്റെ *ആത്മാനുതാപം* എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ.[1]

1805 ഫെബ്രുവരി 10ന് കുട്ടനാട്ടിലെ കൈനരികയിൽ ജനിച്ച് 1871 ജനുവരി 3ന്  പരലോകം പ്രാപിച്ച ആ പുണ്യാത്മാവിന്റെ  സുകൃതദീപ്തമായ ജീവിതം ഇഹത്തിൽ നിന്ന് സ്വർഗ്ഗീയഗേഹത്തിലേക്ക് ജീവന്റെ നാഥൻ മാറ്റി സ്ഥാപിച്ചിട്ട് 149 വർഷങ്ങൾ പിന്നിടുകയാണ്. അറുപത്തഞ്ചു വർഷത്തെ ഈലോക ജീവിതത്താൽ 19-ാം നൂറ്റാണ്ടിനെ ധന്യമാക്കിത്തീർത്ത അദ്ദേഹത്തിന്റെ  ഭൗമികജീവിതം അവശേഷിപ്പിച്ച ചൈതന്യധാര 20-ാം നൂറ്റാണ്ടിനേയും ചൈതന്യവത്താക്കിക്കൊണ്ട് 21-ാം നൂറ്റാണ്ടിലേക്ക് കടന്നിട്ട് രണ്ടു പതിറ്റാണ്ടുകൾ കൂടിയാകുന്നു. വർഷങ്ങൾ എത്ര കഴിഞ്ഞാലും, നൂറ്റാണ്ടുകൾ എത്രതന്നെ പിന്നിട്ടാലും ആ മഹത് വ്യക്തിത്വത്തിന്റെ ശോഭയ്ക്ക് മങ്ങലേല്ക്കുകയില്ല. താമര ചെളിയിലാണ്  ജനിച്ചുവളരുന്നതെങ്കിലും താമരപുഷ്പത്തിന്റെ മനോഹാരികതയ്ക്ക് യാതൊരു കുറവുമില്ല; കുറവു വരികയുമില്ല. കാരണം, സൂര്യനിലാണവൾ മിഴിയൂന്നി നില്ക്കുന്നത്. അവന്റെ കിരണങ്ങളേറ്റാണവൾ വിടരുന്നത്.  ചെളിക്കുണ്ടിലെ താമരപോലെ  ഈ ലോകത്തിന്റേതായ പാപത്തിന്റെയും അശുദ്ധിയുടെയും  ആസക്തികളുടെയും, ദുരാശകളുടെയും ചെളിക്കുണ്ടിന്റെ നടുവിലും മാലിന്യമേശാതെ നീതിസൂര്യനായ ദൈവത്തിൽ മാത്രം ജീവിതം കേന്ദ്രീകരിച്ച് മാന്നാനം കുന്നിൽ വിടർന്നു വിക

സിച്ച "മാന്നാനത്തെ പുഷ്പം"[2] ആയിരുന്നു ചാവറയച്ചൻ. "ഓ പരിശുദ്ധനും നിർമ്മലനുമായ ആത്മാവേ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ" എന്ന് ആത്മപിതാവായ ഇറ്റാലിയൻ കർമ്മലീത്താമിഷനറി ബ.ലെയോപ്പോൾദ് ബെക്കാറോ ചാവറയച്ചന്റെ മരണദിവസമായ 1871 ജനുവരി 3-ന് തന്റെ ഡയറിയിൽ എഴുതിവയ്ക്കാൻ തക്കവിധം വിശുദ്ധജീവിതം നയിച്ച ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. 'മാമ്മോദീസായിൽ എനിക്കു ലഭിച്ച പ്രസാദവരം ദൈവത്തിന്റെ കൃപയാൽ ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല'[3] എന്ന് മനോവിശ്വാസത്തോടെ തന്റെ സഹപ്രവർത്തകരും അധികാരികളും ആത്മീയമക്കളുമായവരുടെ സാന്നിദ്ധ്യത്തിൽ ശങ്ക കൂടാതെ പ്രസ്താവിക്കാനും ദൈവത്തിന്റെ കാരുണ്യത്തെ പുകഴ്ത്തുവാനും കഴിഞ്ഞ അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയുടെ രഹസ്യമെന്തെന്നറിയുകയാണ് ഇന്നിൽ ജീവിക്കുന്ന നമുക്കു ആവശ്യമായിട്ടുള്ളത്. വളരെ ലളിതവും എന്നാൽ ഏറെ നിശ്ചയദാർഢ്യവും സ്ഥിരമായ യജ്ഞവും ദൈവകൃപയോടുള്ള സഹകരണവും ആവശ്യപ്പെടുന്ന ഒന്നാണ് ആ വഴി. ജീവിതത്തിൽ താൻ പരിശീലിച്ച് വിജയം കണ്ടെത്തിയ ഒരു മാർഗ്ഗമാണതെന്ന് ആ ജീവിതരഹസ്യം വെളിപ്പെടുത്തിയ സന്ദർഭം വ്യക്തമാക്കുന്നു.

ചാവറപ്പിതാവിന്റെ മരണത്തിന്റെ രണ്ടുദിവസം മുമ്പായിരുന്നല്ലോ 1871 എന്ന പുതുവർഷം പിറന്നത്. തീർത്തും അവശനും മരണാസന്നനുമായിരുന്ന ചാവറയച്ചനോട് ഡിസംബർ 31-ന് ഇറ്റാലിയൻ കർമ്മലീത്താമിഷനറിയായ ജരാർദുമൂപ്പച്ചൻ (ബ. ലെയോപ്പോൾദ് മൂപ്പച്ചന്റെ അനുജൻ) പറഞ്ഞു: 'ഞാൻ മഠത്തിൽ കുർബാന ചൊല്ലുവാൻ പോകുന്നു'. തുടർന്ന് അദ്ദേഹം ചോദിച്ചു: 'കന്യാസ്ത്രീകളോട് എന്തെങ്കിലും പറയാനുണ്ടോ?' മറുപടി വളരെ ഹ്രസ്വം. എന്നാൽ അതിന്റെ സ്വാധീനശക്തി യുഗാന്ത്യത്തോളം നീണ്ടുനില്ക്കുന്നതാണ്: "പുത്തനാണ്ടു പിറക്കുന്നു. പുണ്യങ്ങളൊക്കെയും പുത്തനാക്കണെമെന്നും കർത്താവിന്റെ പുത്തൻ പിറവിയോടുകൂടെ അവരുടെ ജീവിതത്തേയും പുത്തനാക്കണമെന്നും ഞാൻ അവർക്ക് വാഴ്വ് കൊടുത്തിരിക്കുന്നു എന്നു പറയുവിൻ."[4] അതേ, 'മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപ്പൈതങ്ങളായി വളരുന്നതിനും വേണ്ടി

ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുകയും അതിനായി കഠിനപ്രയത്നം ചെയ്യുകയും ചെയ്ത'[5] ആ പുണ്യപുരുഷന് മരണവിനാഴികയിലും ഒരേ ഒരു ചിന്ത, ഒരേ ഒരു വാക്ക്, പുണ്യത്തിന്റെ - വിശുദ്ധിയുടെ - സംവാഹകരാകുക. ഓരോ പുതിയ വർഷവും അല്ല, ഓരോ പുതിയ പ്രഭാതവും അദ്ദേഹത്തിന് പുണ്യങ്ങൾ വർദ്ധിപ്പിക്കാൻ, പുത്തൻ പുണ്യങ്ങൾ അഭ്യസിക്കാൻ, വിശുദ്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള വേളയായിരുന്നു. എന്നും പുരാതനവും എന്നും നൂതനവും എന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണല്ലോ വിശുദ്ധിയിലേയ്ക്കുള്ള വിളി.

ജീവിതം എന്നും നവീകരിക്കപ്പെടേണ്ടതാണ്. 'കഴുകന്റേതുപോലെ നിന്റെ യൗവനം അവിടുന്നു നവീകരിക്കുമെന്നു' എന്നു തിരുവചനം പറയുമ്പോൾ കഴുകന്റെ യൗവനനവീകരണപ്രക്രിയയെക്കുറിച്ചു അറിയാവുന്ന ഏവർക്കും മനസ്സിലാകും അതെത്രയോ വേദനാജനകമായ പ്രക്രിയയാണെന്ന്. എന്നാൽ താല്കാലികമായ ആ വേദന, മരണപ്രായമായ ശരീരത്തിൽനിന്ന് നവജീവിതത്തിലേയ്ക്കുള്ള വീണ്ടെടുക്കലിനു കൊടുക്കേണ്ടിവരുന്ന വിലയാണ് എന്നത് വ്യക്തം. 'ദുരാശകളാലും ആസക്തികളാലും കലുഷിതമായ പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതം നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാനുള്ള' (എഫേ 4:22-24) ആഹ്വാനം വിശുദ്ധ പൗലോസ് ശ്ലീഹാ നല്കുന്നത് ഇതോടു ചേർത്തു വായിക്കാവുന്നതാണ്. അതേ പഴയവ കടന്നുപോയി. പുതിയവ വന്നു കഴിഞ്ഞു. അന്ധകാരത്തിന്റെ പ്രവർത്തികളെ ഉപേക്ഷിച്ച് പ്രകാശത്തിന്റെ മക്കളെപ്പോലെ വ്യാപരിക്കാം. അതിനാൽ 'ഇന്ന്' എന്നു വിളിക്കപ്പെടുന്ന ഒരോ ദിവസത്തിലും ഒരോ പുതിയ പ്രഭാതത്തിലും നമ്മുടെ ഇടയിൽ ജീവിച്ച് സൽകൃത്യങ്ങളാൽ ദൈവത്തെപ്രസാദിപ്പിച്ച്, ദൈവവചനങ്ങൾ നമ്മെ പഠിപ്പിച്ച് പൗരോഹിത്യശുശ്രൂഷയാൽ നമ്മെ വിശുദ്ധീകരിച്ച് വിദ്യാദാനകർമ്മങ്ങളാൽ നമ്മുടെ ഇടയിലെ ജ്ഞാനകുരുടത്വം നീക്കി, ജീവകാരുണ്യപരമായ കർമ്മങ്ങളാൽ നമ്മെ സമ്പന്നരാക്കി തപസ്സാലും പ്രാർത്ഥനയാലും ദൈവസന്നിധിയിൽ നമുക്കായി മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് സ്വജീവിതവിശുദ്ധികൊണ്ട് സഭാഗാത്രത്തെ പവിത്രമാക്കി കടന്നുപോയ നമ്മുടെ പൂർവ്വകാരണവർകൂടിയായ ആ നല്ല പിതാവിനെ

നമുക്ക് ഓർക്കാം. കാലമെത്രമാറിയാലും ചൈതന്യം ചോരാത്ത ദൈവനിവേശിതമായ ആ വാക്കുകൾ നെഞ്ചിലേറ്റാം, ഓർമ്മയിൽ സൂക്ഷിച്ച് നിവർത്തിക്കാം: "പുത്തനാണ്ടു പിറക്കുന്നു. പുണ്യങ്ങ ളൊക്കെയും പുത്തനാക്കുവിൻ!"

**പരാമർശസൂചിക**


1. *ആത്മാനുതാപം*, പാദം ഒന്ന്, 1-4.
2. മർസിലിനൂസ് മിഷനറി എഴുതിയ മലബാർസഭാ ചരിത്രത്തിൽ ചാവറയച്ചനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ഫാ. കനീസിയൂസ്, *വാഴ്ത്തപ്പെട്ട ചാവറ കേരളസമുദ്ധാരകൻ, പുസ്തകം* ഒന്ന് (കൊച്ചി: 1990), 20.
3. വലേരിയൻ, *മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം* (മാന്നാനം: 1939), 315.
4. കൂനമ്മാവ് മഠം നാളാഗമം, വാല്യം 2, പേജ് 18.
5. ആത്മപിതാവായ ബ. ലെയോപ്പോൾദ് മൂപ്പച്ചന്റെ വാക്കുകൾ. ചാവറപിതാവിന്റ ആത്മാനുതാപത്തിന്റെ ആദ്യത്തെ അഞ്ചു പാദ ങ്ങൾ അദ്ദേഹം മരിച്ച 1871-ൽ തന്നെ പ്രസിദ്ധം ചെയ്യുന്നതിന് ആമുഖമായി എഴുതിയ ചരിത്രത്തിൽ രേഖപ്പെടുത്തിയ വാക്കുക ളാണിവ.

# സഹായകഗ്രന്ഥങ്ങൾ

1. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 1 നാളാഗമങ്ങൾ* (കൊച്ചി: 1985).
2. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 2 സാഹിത്യകൃതികൾ, ആത്മാനുതാപം* (കൊച്ചി: 1981).
3. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 3, ധ്യാനസല്ലാപങ്ങൾ* (കൊച്ചി: 1981).
4. *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം 4, കത്തുകൾ* (കൊച്ചി: 1982).
5. *കൂനമ്മാവ് മഠം നാളാഗമം, വാല്യം ഒന്ന്* (മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ: 1988).
6. *കൂനമ്മാവ് മഠം നാളാഗമം, വാല്യം രണ്ട്* (മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ: 1988).
7. *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ* (നാലാം പതിപ്പ്, ധർമ്മാരാം, ബാംഗ്ലൂർ: 1977).
8. ജോൺ പോൾ 2, *സമർപ്പിതജീവിതം* (വത്തിക്കാൻ: 1996).
9. ജോൺ പോൾ 2, *കർത്താവിന്റെ ദിവസം* (വത്തിക്കാൻ: 1998).
10. *ക്രിസ്തുവിൽനിന്നു പുതുതായി തുടങ്ങുക* (വത്തിക്കാൻ: 2002).
11. വലേരിയൻ, *മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം* (മാന്നാനം: 1939).
12. ചാവറയച്ചൻ, *ആത്മാനുതാപം,* ഗദ്യാവിഷ്ക്കരണം, സെഡ്. എം. മൂഴൂർ, *മരണവീട്ടിൽ പാടുന്നതിനുള്ള പാന* (തേവര: 1990), 289 –390.
13. *കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവക 150–ാം വാർഷിക സ്മരണിക.*

# സി. സോഫി റോസിന്റെ കൃതികൾ

**എ. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനെ സംബന്ധിച്ചവ**

1. *ദൈവകല്പനകൾക്കൊരു ചാവറഭാഷ്യം,* ദീപിക പബ്ലിക്കേഷൻസ് (കോട്ടയം: 1996).
2. *ഇതാ ഈ വഴിയേ: ചാവറപിതാവിന്റെ കുടുംബചട്ടങ്ങൾ ഒരനുബന്ധ ധ്യാനവിചാരം (ദൈവകല്പനകൾക്കൊരു ചാവറഭാഷ്യം* – നവീകരിച്ച പതിപ്പ്), ഒരു ബേസ് റൗമ പ്രസിദ്ധീകരണം, ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് (കൊച്ചി: 2013).
3. *ദർശനം പുണ്യദർശനം ചാവറദർശനങ്ങൾക്കൊരു അനുധ്യാന വിചാരം,* ഒരു ബേസ് റൗമ പ്രസിദ്ധീകരണം, ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് (കൊച്ചി: 2013).
4. *വിശുദ്ധ സൂനങ്ങൾ ചാവറപിതാവിന്റെ സന്യാസദർശനവും എവുപ്രാസ്യമ്മയുടെ സന്യാസജീവിതശൈലിയും,* സി.എം.ഐ. സെന്റ് ജോസഫ്സ് പ്രോവിൻസ് തിരുവനന്തപുരം, സി.എം.സി. ഹോളി ക്വീൻസ് പ്രോവിൻസ് ചങ്ങനാശ്ശേരി പ്രസിദ്ധീകരണം: 2014.
5. *മരണം വരുമൊരുനാൾ...* (മരണവീട്ടിൽ പാടുന്നതിനുള്ള പാനയെ ആധാരമാക്കി മനുഷ്യന്റെ അന്ത്യത്തെ സംബന്ധിച്ച വിചിന്തനം) ഹോളി ക്വീൻസ്, ചങ്ങനാശ്ശേരി: 2014.

6 *വിശുദ്ധിയുടെ പൂങ്കനി പൊഴിച്ച സുകൃതിനി* (വിശുദ്ധ ചാവറപിതാവിന്റെ അമ്മയെക്കുറിച്ചുള്ള വിചിന്തനം സ്വപുത്രന്റെ കാഴ്ചപ്പാടിലൂടെ), ചോതിരക്കുന്നേൽ കുടുംബയോഗം പ്രസിദ്ധീകരണം, തോട്ടയ്ക്കാട്: 2014.

7 *ലോകത്തെ ഉണർത്തിയവർ (വിശുദ്ധ സൂനങ്ങൾ നവീകരിച്ച പതിപ്പ്)* സി.എം.സി. മൗണ്ട് കാർമ്മൽ ജനറലേറ്റ് (ആലുവ: 2015).

8. *വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ കേരളസഭയുടെ ആത്മീയ നവോത്ഥാന നായകൻ,* സി.എം.സി. മൗണ്ട് കാർമ്മൽ ജനറലേറ്റ് (ആലുവ: 2018).

9. *A Pillar and Guiding Light Kuriakose Elias Chavara a Theologian of the Church*, Dharmaram Publications (Bangalore: 2020).

## ബി. ഇതരകൃതികൾ

1. *ത്രിത്വവിശ്വാസം പുറജാതീയമോ?* (co-author) മാർത്തോമ്മാ വിദ്യാനികേതൻ HIRS Publications 1 (ചങ്ങനാശ്ശേരി: 1992).
2. ***ദൈവശാസ്ത്രത്തിനു ഒരു ആമുഖം*** (co-author), OIRSI 188 (Vadavathoor: 1996).
3. ***ദൈവശാസ്ത്ര നിഘണ്ടു*** (co-author & co-editor) OIRSI 207 (Vadavathoor: 1996).
4. *Church as Mystery and Communion,* OIRSI 207 (Vadavathoor: 1998).
5. *യേശുസാരൂപ്യം,* ഹോളിക്വീൻസ് പ്രോവിൻസ് പ്രസിദ്ധീകരണം (ചങ്ങനാശ്ശേരി: 2000).
6. *മനുഷ്യരെ പിടിക്കുന്നവർ നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാർ ഒരു പഠനം,* സന്ദേശനിലയം പ്രസിദ്ധീകരണം (ചങ്ങനാശ്ശേരി: 2001).
7. *വിശുദ്ധരാകൂ... പ്രേഷിതരാകൂ...* (co-author), അതിരൂപത ചെറുപുഷ്പ മിഷൻലീഗ് പ്രസിദ്ധീകരണം (ചങ്ങനാശ്ശേരി: 2002).
8. *ഭൂമിയുടെ അതിർത്തികൾവരെ: ശ്ലീഹന്മാരുടെ നടപടി ഒരു പഠനം* HIRS Publications 43 (Changanacherry: 2002).
9. *ഏകീകരണപാതയിലെ പൈതൃകശബ്ദം* (എഡിറ്റർ), മൗണ്ട് കാർമ്മൽ ജനറലേറ് പബ്ലിക്കേഷൻസ് (ആലുവ: 2003).
10. *മാതൃമൊഴികൾ ബ. സെലീനാമ്മയുടെ കത്തുകൾ* (എഡിറ്റർ), മൗണ്ട് കാർമ്മൽ ജനറലേറ്റ് പബ്ലിക്കേഷൻസ് (ആലുവ: 2003).
11. *ദിവ്യരഹസ്യത്തിന്റെ ശുശ്രൂഷകൻ വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള വി. ഗ്രന്ഥ-ദൈവശാസ്ത്ര-ആദ്ധ്യാത്മിക വിചിന്തനങ്ങൾ,* സന്ദേശനിലയം പ്രസിദ്ധീകരണം (ചങ്ങനാശ്ശേരി: 2004).
12. *An Unscientific Scientific Work!* (co-author) (Aluva: 2012).
13. *Women TOCD*: *Facts versus Fabrications* (co-author), CMC Publications (Aluva: 2013).